T 55/1152

# വിസ്മയമോ

# വിക്ഷയമോ

?

# വിചാരമോ വികാരമോ?

T 55/1152.

(ശ്രീ കുററിപ്പുഴ കൃഷ്ണപിള്ളയുടെ „വിചാരവിപ്ലവ"
ത്തിന്ന് ഒരു പ്രത്യാഖ്യാനം.)

DHARMARAM COLLEGE LIBRARY BANGALORE-29

LIBRARY 16965

രചയിതാക്കൾ:

കെ. ജി. റെയിനോൾഡ്സ്.

എം. വി. ദേവസ്യാ.

ററി. എം. മൈക്കൾ, ബി. എ.

വി. എം. ജോസഫ്.

(All rights reserved)

1948.

കോപ്പി 1000. വില 1 രൂ. 8 ണ.

Printed at the J. M. Press, Mangalapuzha, Alwaye.

M/208
RAY

# പ്രസ്താവന.

'ഈജിപ്തിലെ പ്രാചീന ദേവാലയം സന്ദൎശിച്ചു ഭഗ്നാശയനായി മടങ്ങിയ ഒരു സായ്പിന്റെ' കഥ "വിചാരവിപ്ലവ"ത്തിൽ മി. കുററിപ്പുഴ കൃഷ്ണപിള്ള ഉദ്ധരിച്ചിട്ടുണ്ടു്. (പുറം 31) "ദേവാലയത്തിലെ പുറമോടികൾ കണ്ടു ഭ്രമിച്ച സായ്പ് അകത്തിരിക്കുന്ന ആരാധ്യരൂപം ഇവയെക്കാൾ എത്രയോ മനോമോഹനമായിരിക്കുമെന്നു കരുതി ഉള്ളിൽ കടന്നുനോക്കിയപ്പോൾ കണ്ടതു് ഒരു ചീങ്കണ്ണിയുടെ വികൃതരൂപമായിരുന്നു." ഏതാണ്ടീ അനുഭവമാണു് 'വിചാരവിപ്ലവം' വായിച്ചുതീൎന്നപ്പോൾ ഞങ്ങൾക്കുണ്ടായതു്. ആകർഷകവും അഭികാമ്യവുമായ മുദ്രാവാക്യങ്ങൾക്കായിത്തന്നെ ഒന്നു രണ്ടു വശങ്ങൾ മാററിവച്ചിട്ടുള്ള 'വിചാരവിപ്ലവം' എന്തെങ്കിലും കുറച്ചു കഴമ്പുള്ളതായിരിക്കുമെന്നു ഞങ്ങൾ ഭ്രമിച്ചുപോയി. എന്നാൽ, അതിന്റെ ഉള്ളിൽ കടന്നുനോക്കിയപ്പോഴല്ലേ കാണുന്നതു് ചാൎവ്വാകപ്രഭൃതികളായ ലോകായതികന്മാരുടെ ഭൗതികവാദച്ചീങ്കണ്ണിയുടെ വികൃതരൂപം മാത്രമാണതിലുള്ളതെന്നു്.

'വിചാരവിപ്ലവ'ത്തെപ്പററി പൊതുവേ ഒന്നു രണ്ടു വാക്കുകൾ പറയേണ്ടതു് ആവശ്യകമായിരിക്കുന്നു. 'വിവാദവിഷയങ്ങളിൽ സ്വാഭിപ്രായസ്ഥാപനത്തിനായി തനിക്കഭിമതമായ ഏകപക്ഷംമാത്രം ഉന്നയിക്കുകയും അപരപക്ഷത്തിന്റെ പ്രാധാന്യം മനഃപൂൎവ്വം മറച്ചുവയ്ക്കുകയും ചെയ്യുന്നതു് 'വലിയ തെററുമാത്രമല്ല കുററവും

കൂടിയാണെന്നുള്ള കാര്യം ശ്രീ കുററിപ്പുഴയ്ക്കജ്ഞാതമല്ല ല്ലോ. (1)എന്നാൽ, "വിചാരവിപ്ലവ"ത്തിലേ "ചവ്വാക മത"മൊഴിച്ചാൽ മററൊരു ലേഖനത്തിലും ഇപ്രകാരം തൽകത്താവു പ്രവത്തിച്ചിട്ടില്ല.

സർ. ജെ. സി. ഫ്റേസരുടെ "The Golden Bough" എന്ന ഗ്രന്ഥത്തിലേ പല ആശയങ്ങളും 'വിചാരവിപ്ലവ'ത്തിൽ സ്ഥലം പിടിച്ചിട്ടുണ്ട്. "The Golden Bough"ലേ പ്രസ്താവങ്ങളിൽ 95 ശതമാനവും വെറും അഭ്യൂഹങ്ങൾ (Hypotheses) മാത്രമാണെന്നുള്ള കാര്യം— അടിസ്ഥാന രഹിതങ്ങളും അബദ്ധസമ്പൂണ്ണങ്ങളുമായ അഭ്യൂഹങ്ങളാ ണെന്നു യഥാത്ഥചിന്തകന്മാർ സമത്ഥിച്ചിട്ടുണ്ടെന്നുള്ള കാര്യം— പരിപൂണ്ണമായി അവഗണിച്ചുകൊണ്ടാണു 'വിചാരവിപ്ലവ'കത്താവു പല 'ദൃഢപ്രസ്താവ'ങ്ങൾക്കും തുനിഞ്ഞിട്ടുള്ളതു്; മാത്രമല്ല, അവയെല്ലാം അനിഷേധ്യ ചരിത്രസത്യങ്ങളും ശാസ്ത്രീയസിദ്ധാന്തങ്ങളുമാണെന്ന ഭാവേനയാണു പല സ്വതന്ത്രനിഗമനങ്ങളിലും അദ്ദേ ഹം എത്തിയിട്ടുള്ളതു്. അഭ്യൂഹങ്ങളെ, അഭ്യൂഹങ്ങളാ യിമാത്രം എടുത്തുകാണിച്ചിരുന്നെങ്കിൽ തരക്കേടില്ലായി രുന്നു. എന്നാൽ, ദേശസഞ്ചാരികളുടേയും പത്രലേഖക ന്മാരുടേയും റിപ്പോർട്ടിനെ ആധാരമാക്കി തങ്ങളുടെ "സിദ്ധാന്തങ്ങൾ" രൂപവൽകരിക്കുന്ന ഉപരിപ്ലവ ചിന്തകന്മാരുടെ ജല്പനങ്ങളെ ശാസ്ത്രത്തിൻെറ പേരി ലവതരിപ്പിക്കുന്നതു് ഏതുതരം സത്യസന്ധതയാണാ വോ?

---

(1) സാഹിത്യപരിഷദ് ത്രൈമാസികം (പുറം 126) കാണുക.

ശ്രീ കററിപ്പുഴയുടെ അഭിപ്രായസ്ഥാപനം വെറുമൊരു 'ഭസ്റ്ററമെൻറ്' എടുക്കലാണു്; ഇഷ്ടമുള്ള ചില അഭിപ്രായങ്ങൾ ഉന്നയിച്ചിട്ട്, അവയെല്ലാം 'സ്ഥാപിതമായിട്ടുണ്ട്' 'ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു' പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു' എന്നൊക്കെപ്പറഞ്ഞുകൊണ്ടാണു് അദ്ദേഹം അവയെല്ലാം "സ്ഥാപിക്കുന്നതു്;" യാതൊരു തെളിവും ഒരിടത്തും— മഡഗാസ്കർ ദ്വീപിലെ നിവാസികളെപ്പററി ഒരു പത്ര ലേഖകൻ ചെയ്തിട്ടുള്ള റിപ്പോർട്ടൊഴിച്ചാൽ—(പുറം 21) ഉന്നയിക്കപ്പെട്ടിട്ടില്ല. ആത്മാവിനെക്കുറിച്ചു മനുഷ്യനിൽ ദൃശ്യമാകുന്ന സാത്വികമായ ബോധം 'കിരാതമനുഷ്യമനസ്സിൻെറ അന്ധവിശ്വാസസന്താനമാണെന്നു' മി. പിള്ള പ്രസ്താവിക്കുന്നുണ്ടല്ലോ? (പുറം 30) അതിനെന്തെങ്കിലും തെളിവു് അദ്ദേഹം ഹാജരാക്കുന്നുണ്ടോ? "സർവ്വസൃഷ്ടിജാലങ്ങളേയും സൃഷ്ടിച്ച ഈശ്വരനെ മനുഷ്യൻ സൃഷ്ടിച്ചതാണെന്നു" കേരളീയരെ ധരിപ്പിക്കുവാൻ അദ്ദേഹം അതീവയത്നം ചെയ്യുന്നുണ്ടല്ലോ. (പുറം 39) ഈ "ഈ പരമാർത്ഥത്തിനു്" എന്താണു തെളിവു്? ഇങ്ങനെ നോക്കിയാൽ ഉദാഹരണങ്ങൾ പലതുമുണ്ടു്. 'തെളിവിനെക്കവിഞ്ഞുള്ള ദൃഢപ്രസ്താവം തെററുമാത്രമല്ല കുററവുംകൂടിയാണെന്നുള്ള" തൻെറ മുദ്രാവാക്യം 'വിചാരവിപ്ലവ'കത്താവു് വിസ്മരിക്കേണ്ടതല്ലായിരുന്നു.

ശ്രീ കററിപ്പുഴയ്ക്കു പിണഞ്ഞിട്ടുള്ള മറെറാരു അബദ്ധം എല്ലാ മതങ്ങളേയും ഒരേനിലയിൽ അദ്ദേഹം കണക്കാക്കുന്നു എന്നതാണു്. "ഈശ്വരനും ആത്മാവുമില്ലാത്ത ചാർവ്വാകമതം"മുതൽ സതൈത്ര്യകങ്ങളെവരെ

ആരാധിക്കുന്ന യഥാൎത്ഥമതംവരെയുള്ളവയെല്ലാം ഒരേ രീതിയിലാണദ്ദേഹം എണ്ണിയിട്ടുള്ളതു്. 'മതക്കാർ' എന്ന വാക്കിൽ ഇവയെല്ലാം അദ്ദേഹം ഉൾപ്പെടുത്തിയിട്ടുമുണ്ടു്. "എല്ലാ മതങ്ങളും ഒന്നാണെന്നുള്ള" ചിലരുടെ വാദം "സാമാന്യജനതയെ വഞ്ചിക്കുവാനുള്ള ഒരു ശബ്ദജാലംതന്നെ"യാണെന്ന് ആവേശത്തോടേ വാദിക്കുന്ന (പുറം 45-46) അദ്ദേഹം ഇങ്ങനെ എല്ലാ മതങ്ങളേയും ഒരേനിലയിൽ എണ്ണുവാൻ കാരണമെന്തായിരിക്കാം? അതിൻെറ പരിണതഫലമോ? 'ചില ക്ഷുദ്രമതങ്ങളിൽ അനൎത്ഥമായിക്കണ്ട ചില വിശേഷധൎമ്മങ്ങൾ സൎവ്വമതങ്ങളുടേയും സാമാന്യധൎമ്മങ്ങളാണെന്നോ, പ്രസ്തുത വിശേഷധൎമ്മങ്ങൾ മാത്രമേ എല്ലാ മതങ്ങളുടേയും ധൎമ്മസൎവ്വസ്വവുമായുള്ളുവെന്നോ' അദ്ദേഹം തെററിദ്ധരിച്ചുപോയി. തന്മൂലമാണു്, ചില മതാഭാസങ്ങളിൽ ദൃശ്യമാകുന്ന അന്ധവിശ്വാസങ്ങൾ ഒന്നുപോലെ എല്ലാ മതങ്ങളുടേയും തലയിൽ കെട്ടിവയ്ക്കുവാനും, ഏതെങ്കിലുമൊരു മതത്തിൻെറ അനുയായികൾ എന്തെങ്കിലും അക്രമം പ്രവൎത്തിച്ചിട്ടുണ്ടെങ്കിൽ, മതക്കാരെല്ലാം അക്രമികളെന്നു വിധിയെഴുതുവാനും മി. കൃഷ്ണപിള്ള പ്രേരിതനായതു്.

'വിചാരവിപ്ളവ'ത്തിലേ ഓരോ ലേഖനവും വിളിച്ചറിയിക്കുന്ന ഒരു വാസ്തവമുണ്ടു്: സോവ്യററുറഷ്യയ്ക്കു വേണ്ടി പ്രചരണവേല ചെയ്യുവാനുള്ള മി. പിള്ളയുടെ ബദ്ധപ്പാടു്. കമ്മ്യൂണിസം ലോകോത്തരമായ ഒരാദർശമാണു് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ. അതിൻെറ നേട്ടങ്ങളേയും വിജയങ്ങളേയും എത്രതന്നെ പ്രശംസിച്ചിട്ടും

അദ്ദേഹത്തിനു മതിവരുന്നില്ല. ഈശ്വരനും മതവും, സാന്മാൎഗ്ഗികനിയന്ത്രണങ്ങളൊന്നുമില്ലാതെ, പോരാ, ഇവയെ എല്ലാം നശിപ്പിച്ചതുനിമിത്തം, റഷ്യയിൽ ഇന്നു സമത്വവും സാഹോദൎയ്യവും നീതിയും സംതൃപ്തിയും സൎവ്വത്ര കളിയാടുന്നു, റഷ്യ ഒററയ്ക്കുനിന്നു ജർമ്മൻപടയെ തോല്പിച്ചിരിക്കുന്നു, എന്നിങ്ങനെ കമ്മ്യൂണിസത്തിൻെറ വിജയങ്ങൾ അനവധിയത്രേ!

മി. കുററിപ്പുഴ വിദഗ്ധമായ റഷ്യൻ പ്രചരണതന്ത്രത്താൽ വഞ്ചിതനായി,താൻതന്നെ അപലപിച്ചിരിക്കുന്ന 'മാനസികമായ അടിമത്ത'ത്തിന് വിധേയനായിരിക്കുകയാണ്. യാഥാൎത്ഥ്യങ്ങളുടെനേരെ കണ്ണുതുറക്കുവാൻ സന്നദ്ധനാകുന്നപക്ഷം റഷ്യയെപ്പററി പല "അന്ധവിശ്വാസങ്ങ"ളും തനിക്കുണ്ടെന്ന് അദ്ദേഹം കാണും. ഈ അന്ധവിശ്വാസങ്ങളാണ് അദ്ദേഹത്തിൻെറ പല വാദങ്ങൾക്കും അവലംബം. മുൻവിധിയുടേയും വികാരത്തിൻേറയും വലയത്തിൽനിന്നു വിമുക്തിനേടി, യാഥാൎത്ഥ്യം ഗ്രഹിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നപക്ഷം, തൻെറ മിക്ക ലേഖനങ്ങൾക്കും ഒരു 'പൊളിച്ചെഴുത്തു' നടത്തുവാൻ സത്യസന്ധത അദ്ദേഹത്തെ പ്രേരിപ്പിക്കാതിരിക്കുകയില്ല.

ആവൎത്തനംകൊണ്ടു വൃഥാസ്ഥൂലമാണ് 'വിചാരവിപ്ളവ'ത്തിലെ പല ഭാഗങ്ങളും ഒരേ ആശയങ്ങൾ ഏകദേശം ഒരേവാചകങ്ങളിൽത്തന്നെ ആവൎത്തിച്ചിരിക്കുന്നതും ചുരുക്കമല്ല. "എന്തബദ്ധമായാലും വേണ്ടില്ല, ഒരൻപതു പ്രാവശ്യം ഉച്ചത്തിൽ വിളിച്ചുപറഞ്ഞാൽ നാം അതു വിശ്വസിച്ചുപോകുമെന്ന് ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്" (പുറം 28) അതേപടി വിശ്വസിച്ചുപോയതുകൊണ്ടായിരിക്കാം ഈ വിദ്യയ്ക്കു മി. പിള്ള തുനിഞ്ഞതു്!

മതവിശ്വാസത്തിലും ആസ്തിക്യബോധത്തിലും നിന്നുളവാകുന്ന സന്മാർഗ്ഗനിയമങ്ങളുടെ ഭാരം അസഹ്യമായിത്തോന്നിയ ചിലർ പുറപ്പെടുവിച്ചിട്ടുള്ള അബദ്ധസങ്കല്പങ്ങൾ സുന്ദരമായ ഭാഷയിൽ പകർത്തിയെഴുതിയെന്നൊരു മേന്മയിൽക്കൂടുതൽ മറ്റൊന്നും "വിചാരവിപ്ലവ"ത്തിൽ ഞങ്ങൾ കാണുന്നില്ല. ആലോചനാശീലനും പക്വബുദ്ധിയുമായ യാതൊരുവനും "വിചാരവിപ്ലവ"കർത്താവിൻെറ മനംമയക്കുന്ന ശബ്ദജാലത്തിൻെറ മിരട്ടുവിദ്യയ്ക്കു് കൂടിപ്പെടുകയില്ല, നിശ്ചയം. എന്നാൽ, 'അവധാനഹീനങ്ങളും അഗാധചിന്തകൾക്കു വിമുഖങ്ങളുമായ ബുദ്ധികളെ' വഞ്ചിച്ചേക്കുമെന്നുള്ളതിനാലാണ് അതിലെ ചില ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ചില അബദ്ധങ്ങളെ വിശദമാക്കിക്കാണിക്കുവാൻ ഞങ്ങൾ പ്രേരിതരായതു്. ഏഴു ലേഖനങ്ങളേ ഞങ്ങളുടെ നിരൂപണത്തിനു വിഷയമായിട്ടുള്ളു—അവയിലെ ചില പ്രധാന ഭാഗങ്ങൾമാത്രം. ബാക്കിയുള്ളവ ഉപേക്ഷിച്ചതിനു പല കാരണങ്ങളുമുണ്ടു്. അവയിൽ പലതും പ്രത്യാഖ്യാനമർഹിക്കുന്നേയില്ല. അവയെ നിരൂപണം ചെയ്യുന്നെങ്കിൽ, അതുതന്നെ അനർഹമായ ഒരു ബഹുമാനം അവയോടു പ്രദർശിപ്പിക്കുകയായിരിക്കും.

ജീവചരിത്രങ്ങൾ നാലും ഞങ്ങൾ അപ്പാടേ വിട്ടുകളഞ്ഞിരിക്കുകയാണ്. അവയെക്കുറിച്ചു് അധികമൊന്നും പറയേണ്ട അവശ്യമില്ല. ഒരു കാര്യംമാത്രം. വാൾട്ടയറിനെപ്പററി. ശ്രീ. കുററിപ്പുഴ പറയുന്നു: "ആ 84 നീണ്ട വർഷങ്ങളിൽ അറുപതും പള്ളിമതത്തോടു പടവെട്ടാൻ വേണ്ടിത്തന്നെ വിനിയോഗിക്കപ്പെട്ടു." ശരിയാണതു്. പക്ഷേ, മരണവേളയിലെ അദ്ദേഹത്തിൻെറ മനോഭാവമെന്തായിരുന്നു? അന്നുവരെ താൻ പരിഹസിച്ചിരുന്ന പുരോഹിതന്മാരുടെ ശുശ്രൂഷയ്ക്കും സഹായ

ത്തിന്നമായി അദ്ദേഹം അത്യധികം ആഗ്രഹിച്ചു. അന്നു വരെ താൻ പടവെട്ടിയിരുന്ന പള്ളിമതത്തോടു രമ്യപ്പെടുവാൻ അതീവയത്നം ചെയ്തു. ഇക്കാര്യമൊന്നും അറിയാൻ പാടില്ലാത്തതുകൊണ്ടായിരിക്കുമോ ശ്രീ പിള്ള ഇതിനെക്കുറിച്ചെല്ലാം മൗനം കാക്കുന്നതു്? അതോ, അറിയാമായിരുന്നിട്ടും അറിഞ്ഞില്ലെന്നു നടിക്കുകയായിരിക്കുമോ?

ചുരുക്കത്തിൽ, വള്ളത്തോൾ പറഞ്ഞിട്ടുള്ളതായി മി. പിള്ള മറെറാരിടത്തു് (1) ഉദ്ധരിച്ചിട്ടുള്ള അഭിപ്രായം "വിചാരവിപ്ളവ"കർത്താവിനെപ്പററിയും തികച്ചും അന്വർത്ഥമാണ്: "കുറെയൊക്കെ വായിച്ചിട്ടുണ്ടദ്ദേഹം;"— യുക്തിവാദസംഘംവകയായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ചില ഗ്രന്ഥങ്ങൾ—"എന്നാൽ, ഒന്നും ദഹിച്ചിട്ടില്ല." ഈ ദഹിക്കാത്ത കഷണങ്ങളാണ് കേരളീയരെ അവരുടെ യാഥാസ്ഥിതികത്വത്തിൽനിന്നു സമുദ്ധരിച്ചു പ്രബുദ്ധരാക്കുന്നതിന് അദ്ദേഹം ഉന്നയിക്കുന്നതു്!

മുൻവിധികളെ മാററിവച്ചിട്ടു, "വിചാരവിപ്ളവം" വഴി പ്രകാശിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളെപ്പററി മി. കുററിപ്പുഴ ഒന്നുകൂടി ചിന്തിക്കുമെന്നും 'വിചാരത്തെ'ക്കാൾ 'വികാരമല്ലയോ' അതിൽക്കൂടുതൽ പ്രതിഫലിക്കുന്നതെന്നു് കൂലങ്കഷമായി പരിശോധിക്കുമെന്നുമുള്ള പ്രത്യാശയോടുകൂടി 'വിചാരമോ വികാരമോ?' എന്ന ഈ വിനീതഗ്രന്ഥം കേരളീയരുടെ മുമ്പിൽ സാദരം സമർപ്പിച്ചുകൊള്ളുന്നു.

ആലുവാ.
13-3-1948 } രചയിതാക്കൾ.

---

(1) സാഹിത്യപരിഷദ് ദ്വൈമാസികം (പുറം 125)

# BIBLIOGRAPHY


1. Christianity Vindicated. (Arulappa, D.D.)
2. Encyclopaedia Britannica.
3. Is there a God? (Fr. Zacharias, O.C.D.)
4. Red Spain. (G. M. Godden)
5. Now I see. (Arnold Lunn)
6. The Age of the Gods. (Christopher Dawson)
7. Morality and Class Standard.
8. The Great Retreat. (S. Timasheff)
9. The Heart of Hindustan. (Radhakrishnan)
10. Chambers' Encyclopaedia.
11. Elements of Physiological Psychology.
12. Reader's Digest. (July '42 and Jan. '45)
13. Freedom Under God. (Fulton Sheen)
14. Freedom of Science. (Donat)
15. Communism Means Slavery. (Henry William Chamberlin)
16. Riddle of the Universe. (Heckel)
17. I was a Soviet Worker. (Andrew Smith)
18. Russia Today and Yesterday.

ALWAYE ✦ ST. ANTONY'S ... S. I. RAILWAY STATION, ALWAYE ... TRAVANCORE ✦ ...STERY

19. യുക്തിയിൽനിന്നു വിശ്വാസത്തിലേയ്ക്കു്.

(മോൺ. ജേക്കബ് നടുവത്തുശ്ശേരി)

20. ഫബിയോള.

21. യുക്തിവാദിയുടെ യുക്തിവധം.

(മോൺ. ജേക്കബ് നടുവത്തുശ്ശേരി)

22. പുരോഗമന സാഹിത്യകോലാഹലം.

(എം. ആർ വേലുപ്പിള്ള ശാസ്ത്രി ബി. ഏ.)

23. വൈശേഷികസൂത്രം.

24. ഇന്നത്തെ ഇസ്സങ്ങൾ.

(ഫാദർ സിറിൽ ബെർനാർഡ്)

25. ഏകലോകം. (വെൻഡൽ വില്ക്കി)

26 മംഗളോദയം. മേടം—എടവം, 1120.

27. ആസ്തിക്യവാദം.

(എം. പി. പോൾ എം. ഏ.)

# വിഷയവിവരം

| | | |
|---|---|---|
| | പ്രസ്താവന | iii |
| | Biblography | x |
| 1. | യുക്തിവാദം. | 1 |
| 2. | മതവും സന്മാർഗ്ഗബോധവും | 52 |
| 3. | ചാർവാകമതം | 91 |
| 4. | ഭൂമിയിലെ സ്വർഗ്ഗരാജ്യം | 115 |
| 5. | മാനസികമായ അടിമത്തം | 152 |
| 6. | കാര്യകാരണബന്ധം | 179 |
| 7. | മന്ത്രവാദം—മതം—ശാസ്ത്രം | 194 |

# വിചാരമോ വികാരമോ?

## I. യുക്തിവാദം

മഹനീയങ്ങളായ ആദർശങ്ങളുടെ മറപിടിച്ചു കൊണ്ട്, മനം മയക്കുന്ന ശബ്ദജാലങ്ങളുടെ പുറംപൂച്ചണിഞ്ഞുകൊണ്ട്, ജുഗുപ്സാവഹങ്ങളും വിനാശകരങ്ങളുമായ പല പ്രസ്ഥാനങ്ങളും ഓരോരോ കാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നതായി ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. സംസ്കാരസമ്പന്നമായ ഒരു ജനസഞ്ചയത്തെ കിരാതത്വത്തിൻെറ അടിത്തട്ടിലേക്ക് അടിച്ചുതാഴ്ത്തിയ കുപ്രസിദ്ധമായ ഫ്റഞ്ചുവിപ്ലവത്തെപ്പററിത്തന്നെ ചിന്തിക്കുക. മനുഷ്യൻെറ മനുഷ്യത്വത്തിനു മുമ്പിൽ എന്നെന്നും ചോദ്യചിഹ്നമായി നിലകൊള്ളുന്ന ദാരുണമായ ആ കൂട്ടക്കൊല സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ വിശിഷ്ടാദർശങ്ങളുടെ പേരിലാണല്ലോ നടന്നത്! പ്രജകളുടെ രക്തത്തോടൊപ്പം രാജകുടുംബാംഗങ്ങളുടേതും ചിന്തപ്പെട്ടുവെന്നല്ലാതെ, ഭൃത്യന്മാരുടെ മൃതദേഹത്തോടൊന്നിച്ചു യജമാനന്മാരുടേതും കൂട്ടപ്പെട്ടുവെന്നല്ലാതെ മററെന്തു 'സമത്വ'മാണ് അന്നവിടെ കളിയാടിയിരുന്നത്? കണ്ണിൽ കണ്ടവരെയെല്ലാം, കയ്യിൽ കിട്ടിയവരെയെല്ലാം, യഥേഷ്ടം കൊന്നൊടുക്കി അവരുടെ ചുടുചോരകുടിച്ചു സംതൃപ്തിയടയുവാൻ ഓരോരു

ത്തർക്കമുണ്ടായിരുന്ന സൗകര്യമൊഴിച്ചാൽ മററെന്തു 'സ്വാതന്ത്ര്യ'മാണ് അന്നവിടെ ലബ്ധമായതു്? പൈശാചികമായ ക്രൂരകൃത്യങ്ങൾ ചെയ്യുവാൻ പരസ്പരം സഹായിക്കുക എന്നതിൽക്കൂടുതൽ എന്തു 'സാഹോദര്യ'മാണ് അന്നവിടെ ദൃശ്യമായിരുന്നതു്?

ഇന്നും സ്ഥിതിസമത്വത്തിൻെറ പേരിൽ എത്രയെത്ര രക്തച്ചൊരിച്ചിലുകൾ നടക്കുന്നില്ല! സ്വതന്ത്രചിന്തയുടെ പേരിൽ എത്രയെത്ര വഷളത്തങ്ങൾ നടമാടുന്നില്ല! 'വിചാരവിപ്ലവത്തി'ൻെറയും 'യുക്തിവാദ'ത്തിൻെറയും പേരിൽ എത്രയെത്ര അധർമ്മചിന്തകളും അബദ്ധസങ്കല്പങ്ങളും ആവിർഭവിക്കുന്നില്ല!

നമ്മുടെ നിരൂപണത്തിനു വിഷയമായിരിക്കുന്ന 'യുക്തിവാദ'വും താദൃശമായ ഒരു പ്രസ്ഥാനമാണ്. യുക്തിവാദം—യുക്തിയെ അവലംബിച്ചുകൊണ്ടുള്ള വാദം —അതെത്ര അഭികാമ്യമല്ല? പക്ഷേ യുക്തിവാദത്തിനു പകരം യുക്തിവധമാണ് ഇക്കൂട്ടർ നടത്തുന്നതു്; യുക്തിയുക്തതയുടെ പേരിൽ യുക്തിഹീനതയാണവർ പ്രകടിപ്പിക്കുന്നതു്. യുക്തിയുടെ മറയിൽനിന്നുകൊണ്ടു സകല സന്മാർഗ്ഗനിയമങ്ങളേയും അവഹേളിക്കുക, പ്രപഞ്ചസ്രഷ്ടാവിൻെറ അസ്തിത്വത്തേയും മനുഷ്യാത്മാവിൻെറ അനശ്വരതയേയുമെല്ലാം നിഷേധിക്കുക—ഇവയെല്ലാമാണ് അവർ ചെയ്യുന്നതു്. എന്നാൽ, ഇവരുടെ വാദങ്ങളിൽ യുക്തിയുടെ കണികപോലും കാണുവാനില്ലായിരിക്കും. ചുരുക്കത്തിൽ, വെള്ളിക്കോലിനു വെള്ളിയോടുള്ള സാമ്യം, കടലാടിയ്ക്കു കടലിനോടുള്ള അടുപ്പം, ആയിരിക്കും യുക്തിവാദികൾക്കു യുക്തി

യുമായുള്ളതു്. ഈ പ്രസ്താവം പ്രസ്പഷ്ടമാകുന്നതിന് അവരുടെ ഗ്രന്ഥങ്ങളിലോ ലേഖനങ്ങളിലോ ഒന്നു കണ്ണോടിച്ചാൽ മാത്രം മതി. 'വിചാരവിപ്ളവ'ത്തിലെ ഓരോ ലേഖനവും ഈ വസ്തുത വിളിച്ചറിയിക്കുന്നുണ്ട്.

"സ്വീയമായ ഏതെങ്കിലും കാരണത്താൽ ദൈവമില്ലായിരുന്നാൽ കൊള്ളമെന്നാഗ്രഹിച്ചിരുന്നവർ" എല്ലാക്കാലങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഉച്ശൃംഖലമായ ലൈംഗികജീവിതത്തിനുവേണ്ടി വെമ്പൽകൊള്ളുന്നവരുടെ മുമ്പിൽ വിലങ്ങടിച്ചു നില്ക്കുന്നതു് 'ആസ്തിക്യ'ബോധമാണല്ലോ. തന്മൂലം, അതിനെ നിസ്സന്ദേഹം നിഷേധിച്ചുകളയുവാൻ അവർ തയ്യാറാകുന്നു. അതിനുപകരിച്ചേക്കാവുന്ന ഏതൊരു മാർഗ്ഗവും വാദരീതിയും — അവ എത്ര ബാലിശവും ദുർബലവുമായിക്കൊള്ളട്ടെ— സ്വീകരിക്കുവാൻ അവർ സന്നദ്ധരാണ്.

"അത്ര ചത്വാരി ഭൂതാനി ഭൂമിവാര്യനലാനിലഃ
ചതുർഭ്യഃ ഖലു ഭൂതേഭ്യശ്ചൈതന്യമുപജായതേ
കിണ്വാദിഭ്യഃ സമേതേഭ്യോദ്രവ്യേഭ്യോമദശക്തിവത്"(1)

എന്ന ഭൗതികസിദ്ധാന്തം അവതരിപ്പിച്ച ചാർവ്വാകനും 'നാളെ മരിക്കുമെന്നുള്ളതിനാൽ ഇന്നു തിന്നുകുടിച്ചു മദിച്ചു ജീവിക്കാം' എന്ന മൃഗീയ തത്ത്വം ഉപദേശിച്ച

(1) ഇവിടെ (ഈലോകത്തിൽ) ഭൂമി, വെള്ളം, അഗ്നി, വായു ഇങ്ങനെ നാലുഭൂതങ്ങളുണ്ടു്. നാലു ഭൂതങ്ങളിൽനിന്നും ചൈതന്യം (ജീവൻ) ഉളവാകുന്നു, നിശ്ചയം. (എങ്ങനെയെന്നാൽ) ദ്രവ്യങ്ങൾ ഒരുമിച്ചു ചേർന്നുണ്ടാകുന്ന കിണ്വങ്ങളിൽ (പുളിച്ച ചാരായം ജനിപ്പിക്കുന്ന കൂട്ടുകൾ) നിന്നു മദശക്തിപോലെ.

എപ്പിക്യൂറസും ഇവരിൽ ചിലർ മാത്രമാണ് (ചാർവ്വാകനും എപ്പിക്യൂറസും തികഞ്ഞ യുക്തിവാദികളാണെന്നല്ലേ ശ്രീ കുററിപ്പുഴ പ്രസ്താവിക്കുന്നതു്?) ഓരോ തലമുറയിലും ഇത്തരം നാസ്തികർ തലപൊക്കിക്കൊണ്ടിരുന്നെങ്കിലും പതിനെട്ടാം നൂററാണ്ടിൽ ചില ശാസ്ത്രജ്ഞന്മാരുടെ പിന്തുണയോടുകൂടി അവർ സംഘടിച്ചു പ്രയത്നമാരംഭിച്ചു.

ഈശ്വരനും മതവുമെല്ലാം 'മൃഷണപ്രവീണരായ പുരോഹിതന്മാരുടെ കെട്ടുകഥകളാണെ'ന്നു്, 'മനംമയക്കുന്ന ശബ്ദജാലങ്ങളാണെ'ന്നു് 'കിരാത മനുഷ്യമനസ്സിൻെറ അന്ധവിശ്വാസസന്താനമാണെ'ന്നു് അവർ ജല്പിക്കുവാൻ തുടങ്ങി. ഭൗതികവാദസിദ്ധാന്തങ്ങൾ മൂലപ്രമാണമായി അവർ സ്വീകരിച്ചു. പ്രകൃതിനിയമങ്ങൾക്കതീതമായ യാതൊന്നിനും സ്ഥിതിയില്ലെന്നും ഉണ്ടാകുവാൻ പാടില്ലെന്നും മനുഷ്യബുദ്ധിയ്ക്കു് അഗ്രാഹ്യമായ യാതൊന്നും വിശ്വാസയോഗ്യമല്ലെന്നുമുള്ള 'നാച്ച്വറലിസ'ത്തിൻെറ തത്ത്വങ്ങളിന്മേൽ തങ്ങളുടെ 'ഫിലോസഫി' അവർ കെട്ടിപ്പടുത്തു. ഒരുപടികൂടി അവർ മുന്നോട്ടുപോയി—തങ്ങളുടെ സിദ്ധാന്തത്തെ പ്രായോഗികമാക്കിനോക്കുവാൻ അവർ തീർച്ചയാക്കി. "ദൈവാലയങ്ങൾ പൂട്ടിയിട്ടതിനുശേഷം, മതത്തേയും ദൈവത്തേയും കുഴിച്ചുമൂടിയതിനുശേഷം, യുക്തിയെ ദേവതയായി അവർ പ്രതിഷ്ഠിച്ചു; ആരാച്ചാരന്മാരെ അവളുടെ പുരോഹിതന്മാരാക്കി; തൂക്കുമരം ബലിപീഠമാക്കി; നിരപരാധരെ ബലിവസ്തുക്കളാക്കി; വിഷയലമ്പടത്വവും അപഹര

ണവും ക്രൂരക്കൊലയുംകൊണ്ട് ആരാധനയും നടത്തി." (1) വളരെയധികം 'ലോകസേവനമനുഷ്ഠിക്കുന്ന' യുക്തിവാദികളുടെ വെളിച്ചപ്പാടന്മാരായിരുന്നു അവർ. അവർ ആരംഭിച്ച 'മഹനീയസേവന'മാണ് റസ്സൽ, വെൽസു തുടങ്ങിയ 'ആധുനിക ചിന്തകന്മാർ' തുടർന്നുകൊണ്ടുപോകുന്നത്. ഇപ്രകാരം പരിഹാസ്യമായ ഒരു പ്രസ്ഥാനത്തിന്റെ പാരമ്പര്യപ്പലകയുമായാണ് ശ്രീ കുററിപ്പുഴ രംഗപ്രവേശം ചെയ്തിരിക്കുന്നത്!

'യുക്തിവാദം എന്ന പദത്തിന്റെ വ്യാകരണവും വ്യുൽപത്തിയുംമററും ശരിയോ തെറേറാ എന്നന്വേഷിക്കുന്നതിന്' ഒരു മലയാളഭാഷാപണ്ഡിതനായ മി. കൃഷ്ണപിള്ള ശ്രമിച്ചിരുന്നെങ്കിൽ ഇത്രമാത്രം അബദ്ധപ്രസ്താവങ്ങൾക്കു സാക്ഷി നില്ക്കേണ്ട ഭാരം അദ്ദേഹത്തിന്റെ തൂലികയ്ക്കുണ്ടാവുകയില്ലായിരുന്നു; സുബോധമുള്ളവരുടെ ഇടയിൽ അദ്ദേഹത്തിന്റെ ചിന്താഗതിയ്ക്ക് ഇത്രമാത്രം അപകർഷം സംഭവിക്കുകയില്ലായിരുന്നു; ആര്യചരിതരുടെ ഇടയിൽ അദ്ദേഹം ഇത്രമാത്രം അപഹാസ്യനായിത്തീരുകയുമില്ലായിരുന്നു. എന്നാൽ, ദൗർഭാഗ്യമെന്നല്ലാതെ എന്തു പറയട്ടെ "ആ വക കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചു സമയം കളയാതെ" താത്ത്വികമായ ഒരു പരിചിന്തനത്തിനാണ് — 'യുക്തിവാദത്തിനെതിരായി കൊണ്ടുവരാറുള്ള ആരോപണങ്ങളുടെ അത്ഥശൂന്യതയെയും അടിസ്ഥാനരാഹിത്യത്തേയും ചൂണ്ടിക്കാണിക്കുന്നതിനാണ്' (പുറം 19)—അദ്ദേഹം ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്.

---

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക് (പുറം 51).

"യുക്തിയെ അഥവാ ന്യായത്തെ അവലംബിച്ചുള്ള വാദമാണ് യുക്തിവാദം" (പുറം 2.) — മി. കൃഷ്ണപിള്ള യുക്തിവാദത്തിനു നല്കുന്ന നിർവചനമാണിതു്. യുക്തിയെ അവലംബിച്ചുകൊണ്ടുള്ള, ന്യായത്തെ ആധാരമാക്കിയുള്ള, വാദം—എത്ര വിശിഷ്ടമായ ഒരു വാദരീതിയാണിതു്! അതിനെ അപലപിക്കുവാൻ മുതിരുന്നവർ അപഹാസ്യരായിത്തീരും; സംശയമില്ല. എന്നാൽ പ്രചരണത്തിനുവേണ്ടിയുള്ള ഒരു നിർവ്വചനമാണിവിടെ മി പിള്ള നല്കുന്നതെന്നു നാം പ്രത്യേകം സ്മരിക്കണം ഈ ഉപന്യാസത്തിൽത്തന്നെ ഈശ്വരനെപ്പററി മി. കൃഷ്ണപിള്ള പ്രസ്താവിക്കുന്നിടത്തു് "ഒന്നാംതരം" "രണ്ടാംതരം" (പുറം 9) എന്നൊരു തരംതിരിവ് ചെയ്യുന്നുണ്ടല്ലോ. ഈ വിഭജനം യുക്തിവാദത്തെസ്സംബന്ധിച്ചിടത്തോളം ഏററം സമുചിതമായിരിക്കുന്നു. ഒന്നാംതരം ഈശ്വരനെപ്പററി മി. പിള്ള ഉപയോഗിച്ചിരിക്കുന്ന ചില വാചകങ്ങൾ അല്പസ്വല്പ ഭേദഗതികളോടുകൂടി 'ഒന്നാംതരം' യുക്തിവാദത്തെക്കുറിച്ചു് ഇവിടെ ഉദ്ധരിക്കാവുന്നതാണ്: അതു് ഏതാനും ചിലരുടെ അഭിപ്രായങ്ങളിലോ ചില ലേഖനങ്ങളിലോ മാത്രം സ്ഥിതിചെയ്യുന്നതാണ്. എന്നാൽ യുക്തിവാദികളെന്ന നാട്യത്തിൽ രംഗപ്രവേശം ചെയ്തിട്ടുള്ളവരുടെ വാദത്തിൽ ദൃശ്യമാകുന്നതെന്താണ്? ഈ ഒന്നാംതരത്തോടു യാതൊരു അടുപ്പവുമില്ലാത്ത "രണ്ടാംതരം" യക്തിവാദം! "ഒന്നാംതര"വും നമ്മുടെ യുക്തിവാദികളും തമ്മിൽ വല്ല ബന്ധവും ഇന്നുവരെ ഉണ്ടായിട്ടുണ്ടോ എന്നു് ഇനി കണ്ടുപിടിക്കേണ്ടതായിട്ടാണിരിക്കുന്നതു്". ഈ രണ്ടുതരം യുക്തിവാദങ്ങളും 'വി

ചാരവിപ്ളവത്തിൽ' പ്രത്യക്ഷപ്പെടുന്നുണ്ട്. — 'യുക്തിവാദ'മെന്ന ഉപന്യാസത്തിൽ ദൃശ്യമാകുന്നതു പൂർവ്വപണ്ഡിതന്മാരോടുകൂടിയ ഒന്നാംതരമാണ്; മററുള്ളവയിൽ ഗ്രന്ഥകർത്താവു പ്രായോഗികമാക്കിക്കാണിച്ചിട്ടുള്ളതു് രണ്ടാംതരവും. അവയിലും യുക്തിവാദികളെന്നഭിമാനിക്കുന്ന മററുചില "പണ്ഡിതന്മാ"രുടെ ലേഖനങ്ങളിലും കാണപ്പെടുന്ന വാദരീതിയിൽനിന്ന് 'ഈ രണ്ടാംതരം' യുക്തിവാദത്തിൻെറ ഏകദേശരൂപം നമുക്കു ഗ്രഹിക്കാം.

ചാർവാകൻ (പുറം 69) എപ്പിക്യൂറസ് (പുറം 51) സോക്രട്ടീസ് (പുറം 6) ക്രിസ്തു (പുറം 150, (1) തുടങ്ങിയവരെ യുക്തിവാദികളായി മി. പിള്ള പ്രത്യേകം എടുത്തുകാണിച്ചിട്ടുണ്ട്. പരസ്പരവിരുദ്ധങ്ങളായ സിദ്ധാന്തങ്ങൾ പഠിപ്പിച്ചിട്ടുള്ള ഇവരെല്ലാം എങ്ങനെ യുക്തിവാദികൾ—ന്യായത്തെ അവലംബിച്ചു വാദിക്കുന്നവർ—ആയി? ഏക ദൈവത്തിൻെറ അസ്തിത്വത്തെ പഠിപ്പിച്ച സോക്രട്ടീസും ഈശ്വരാസ്തിത്വത്തെ നിഷേധിച്ച ചാർവാകനും, 'ലോകം മുഴുവനും നേടിയാലും ആത്മാവു

(1) 'യുക്തിവാദി' 'സ്വതന്ത്രചിന്തകൻ' എന്നീ പദങ്ങൾ മിക്കവാറും ഒരേ അർത്ഥത്തിലാണ് 'വിചാരവിപ്ളവ'ത്തിൽ മി. പിള്ള ഉപയോഗിച്ചിരിക്കുന്നതു്. "ഓരോ കാലഘട്ടത്തിലും ജ്ഞാനാഭിവൃദ്ധി ഉണ്ടായിട്ടുള്ളതു യുക്തിവാദികളായ സ്വതന്ത്രചിന്തകന്മാർ വഴിയായിട്ടാകുന്നു. ചരിത്രം പരിശോധിച്ചാൽ സ്വതന്ത്രചിന്തയുടെ ആരംഭം സോക്രട്ടീസ്സിൻെറ കാലത്താണെന്നു കാണും . . . . അന്നുമുതൽ ഇന്നുവരെ വിജ്ഞാനമണ്ഡലത്തിൽ വന്നിട്ടുള്ള പരിവർത്തനങ്ങൾക്കെല്ലാം കാരണഭൂതർ യുക്തിവാദികളാകുന്നു." (പുറം 5–6) എന്നീ വാക്യങ്ങൾ മാത്രം മതിയല്ലോ ഞങ്ങളുടെ പ്രസ്താവത്തെ തെളിയിക്കുവാൻ.

നശിച്ചാൽ എന്തു ഫലം?' എന്ന ദിവ്യപ്രബോധനം ലോകത്തിനു പ്രദാനം ചെയ്ത ക്രിസ്തുവും 'നാളെ നാം മരിക്കും, അതിനാൽ ഇന്നു തിന്നു കുടിച്ചു മദിച്ചു ജീവിക്കാം' എന്നുപദേശിച്ച എപ്പിക്യൂറസും എല്ലാം യുക്തിവാദികളാണു്, മി. കൃഷ്ണപിള്ളയുടെ ദൃഷ്ടിയിൽ—ഒരേ നിലയിലുള്ള യുക്തിവാദികൾ! യുക്തിയെ അവലംബിച്ചു് ഒരാൾ ഈശ്വരാസ്തിത്വം സ്ഥാപിക്കുന്നു; അതേ യുക്തിതന്നെയുപയോഗിച്ചു് അപരൻ ദൈവാസ്തിത്വത്തെ നിഷേധിക്കുന്നു; ഒരാൾ ന്യായത്തെ അവലംബിച്ചു് ആത്മാവിൻെറ അനശ്വരതയെ പ്രഘോഷിക്കുന്നു; മറെറാരാളാകട്ടെ യുക്തിയുക്തമായി ആത്മാവിനെത്തന്നെ നിഷേധിക്കുന്നു!! ഇവരിൽ ഒരാളുടെ അഭിപ്രായം ശരിയാണെങ്കിൽ അതിനു വിരുദ്ധമായി അപരൻ ഉന്നയിക്കുന്ന സിദ്ധാന്തം അബദ്ധസമ്പൂർണ്ണമായിരിക്കണം; ഒരുവൻേറതു യുക്തിയുക്തമാണെങ്കിൽ അപരൻേറതു് യുക്തിഹീനമായിരിക്കണം. പരസ്പരവിരുദ്ധങ്ങളായ രണ്ടഭിപ്രായങ്ങൾ ഒരേ സമയം യുക്തിയുക്തമായിരിക്കാൻ പാടില്ലല്ലോ. തന്മൂലം, ശരിയായ തത്ത്വം പഠിപ്പിച്ചയാളെപ്പോലെതന്നെ യുക്തിവാദിയാണു് അബദ്ധപ്രസ്താവത്തിൻെറ കർത്താവുമെന്നു പറയുന്നതിൻെറ യുക്തിയാണു ഞങ്ങൾക്കു മനസ്സിലാകാത്തതു്!

ഇപ്രകാരം പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചവർ, മി. പിള്ളയുടെ ദൃഷ്ടിയിൽ യുക്തിവാദികളായതിനു് ഒരു കാരണമേ ഞങ്ങൾ കാണുന്നുള്ളു: അതതു കാലത്തു പ്രചാരത്തിലിരുന്ന അഭിപ്രായങ്ങളോടു വിയോജിച്ചുകൊണ്ടു നൂതനമായ സിദ്ധാന്തം

അവർ അവതരിപ്പിച്ചു. അങ്ങനെ, പല ദൈവങ്ങളിൽ ജനങ്ങൾ വിശ്വസിച്ചിരുന്ന കാലത്ത് ഏകദൈവത്തിന്റെ മാത്രം അസ്തിത്വത്തെ സമർത്ഥിച്ച സോക്രട്ടീസും ഈശ്വരവിശ്വാസം പ്രചാരത്തിലിരുന്നപ്പോൾ നാസ്തികത്വവുമായി മുമ്പോട്ടു വന്ന ചാർവാകപ്രഭൃതികളുമെല്ലാം യുക്തിവാദികളായി. ചുരുക്കത്തിൽ 'വിപ്ളവകരമായി ചിന്തിച്ചവരാണ്, ചിന്തിക്കുന്നവരാണ് യുക്തിവാദികൾ! 'വിപ്ളവോദ്ദീപകമായ ചിന്തകളുടെ' കർത്താവാണ് യുക്തിവാദി—സ്വതന്ത്രചിന്തകൻ!! മി. പിള്ള ഇക്കാര്യം തെളിച്ചു സമ്മതിക്കുന്നില്ലെങ്കിലും (1) "യുക്തിവാദി"പത്രാധിപരായ മി. എം. സി. ജോസഫ് 'വിചാരവിപ്ലവ'ത്തിന്റെ അവതാരികയിൽ ഇതു സ്പഷ്ടമായി തുറന്നു പറഞ്ഞിട്ടുണ്ട്: "വിപ്ളവകരമായി ചിന്തിക്കാൻപോലും സാധിക്കാത്ത യാഥാസ്ഥിതികന്മാരെക്കൊണ്ടു ലോകത്തിന് എന്തൊരു പ്രയോജനം? . . . . മരിച്ചു മണ്ണായിപ്പോയ പുരാതനർ നിർമ്മിച്ചു വച്ചിട്ടുള്ള വിശ്വാസപ്രമാണങ്ങളും ആചാരനിയമങ്ങളു"മായ ചങ്ങലയാൽ ബന്ധിതരാണ് അവർ . . . "ശീലിച്ചതു തന്നെ കണ്ണടച്ചു പാലിച്ചുകൊണ്ടുപോകാതെ ആ ശീലത്തെപ്പററി സംശയിക്കുക, ചോദ്യം ചെയ്യുക എന്നതാ

---

(1) "അന്ധതയോടു പടപൊരുതി ജനസമുദായത്തെ പ്രബുദ്ധരാക്കിയിട്ടുള്ള ചിന്തകന്മാരൊക്കെയും അതുവരെ പ്രചരിച്ചിരുന്ന വിശ്വാസങ്ങളേയും വിചാരങ്ങളേയും യുക്തിവാദഖഡ്ഗംകൊണ്ടു ഖണ്ഡിച്ചവരാണ്" (പുറം 6)എന്നു പ്രസ്താവിക്കുന്നിടത്ത് ഈ ആശയമല്ലയോ മി. പിള്ള സൂചിപ്പിക്കുന്നത്?

ണു ചിന്തിക്കുന്ന മനസ്സിന്റെ ലക്ഷണം . . . പണ്ഡിതനായ മി. കുററിപ്പുഴയുടെ ഉൽപതിഷ്ണുത്വവും സ്വതന്ത്രചിന്തയും അദ്ദേഹത്തിന്റെ ഏതു ലേഖനത്തിലും തെളിഞ്ഞുകാണാം. വിപ്ളവോദ്ദീപകമായ ചിന്തകൾകൊണ്ടു നിറഞ്ഞ അദ്ദേഹത്തിന്റെ ലേഖനങ്ങൾക്കു സ്വാഗതമരുളാത്ത പത്രമാസികകൾ കേരളത്തിലധികമില്ല . . . ” (പുറം 2-3).

വിപ്ളവകരമായി ചിന്തിക്കുക, നിലവിലിരിക്കുന്ന അഭിപ്രായങ്ങളെയെല്ലാം — അവ യുക്തിയുക്തമോ അനിഷേധ്യമോ ആയിക്കൊള്ളട്ടെ — എതിർക്കുക, 'മരിച്ചു മണ്ണായിപ്പോയ പുരാതനർ' നിർമ്മിച്ചിട്ടുള്ള വിശ്വാസങ്ങളും ആചാരങ്ങളും ദൂരെത്യജിക്കുക — ഇതാണത്രേ യുക്തിവാദം — ലക്ഷണം തികഞ്ഞ യുക്തിവാദം! ഇതുതന്നെയാണ് 'വിചാരവിപ്ളവത്തി'ലെ ഓരോ ഉപന്യാസത്തിലും പ്രയോഗിച്ചിരിക്കുന്ന 'യുക്തിവാദ'ത്തിന്റെ തനിനിറം. മി. കൃഷ്ണപിള്ള പറയുന്നതുപോലെ 'മതാദിവിഷയങ്ങളിൽ യുക്തിവാദമാർഗ്ഗേണ അവരിൽ (യുക്തിവാദികളിൽ) പലരും ഏകാഭിപ്രായത്തിൽ ചെന്നുചേർന്നിട്ടുള്ള'തിന്റെ കാരണം ഗ്രഹിക്കുവാൻ ഇപ്പോൾ യാതൊരു വൈഷമ്യവുമില്ല. ഈശ്വരാസ്തിത്വത്തെ, ആത്മാവിന്റെ അനശ്വരതയെ, സനാതനജീവിതത്തിന്റെ സംഭവ്യതയെ നിഷേധിക്കുവാൻ യുക്തിവാദികളെ പ്രേരിപ്പിച്ചതെന്താണെന്ന് ഇപ്പോൾ സ്പഷ്ടമാണ്: മരിച്ചുമണ്ണായിപ്പോയ പുരാതനരുടെ വിശ്വാസങ്ങളാണവയെല്ലാം; തന്മൂലം യഥാർത്ഥ 'യുക്തിവാദി' അവയെല്ലാം ധിക്കരിക്കണം. യുക്തിവാദികളുടെ ദൃഷ്ടിയിൽ ചാ

രിത്രശുദ്ധി 'വൈവാഹികജീവിതത്തിലേ കൃത്രിമ നിരോധനങ്ങളാ'യതും പാതിവ്രത്യം 'പുരുഷന്റെ അസൂയാസന്താന'മായതുമെല്ലാം ഈ യുക്തിവഴിയായിട്ടുതന്നെയാണ്! മരിച്ചു മണ്ണായിപ്പോയ പുരാതനരുടെ ഇടയിൽ ചാരിത്രശുദ്ധിയും പാതിവ്രത്യവുമെല്ലാം സുകൃതങ്ങളായിരുന്നല്ലോ. എത്ര യുക്തിയുക്തമായ വാദരീതി! എത്ര പ്രശംസാർഹമായ ഉൽപത്തിഷ്ണുത്വം! ഇത്തരം യുക്തിവാദമാണ്, വിചാരവിപ്ളവത്തിന്റെ ഓരോ പേജിലും ഓളം വെട്ടുന്നതു്; ഓരോ ലേഖനത്തിലും തിങ്ങിത്തുളുമ്പുന്നതു്.

ഇങ്ങനെ 'ഒന്നാംതരം' കാണിച്ചു 'രണ്ടാംതരം' പ്രയോഗിക്കുന്നവരുടെ "ബുദ്ധിപരമായ സത്യസന്ധത" യെപ്പററി എന്തുപറയട്ടെ! 'ഏട്ടിലപ്പടി, പയററിലിപ്പടി' എന്നു പണ്ടു ബ്രാഹ്മണൻ പറഞ്ഞതു മി. കുററിപ്പുഴയേയും കൂട്ടരേയും കുറിച്ചായിരിക്കുമോ ആവോ?

**'മതക്കാരെപ്പോലെ യുക്തിവാദികൾക്കു ചില സ്ഥിരമായ പ്രത്യേകവിശ്വാസങ്ങളും അഭിപ്രായങ്ങളുമില്ല'. (പുറം 7)**

'മതക്കാർക്കു' ചില പ്രത്യേകവിശ്വാസങ്ങളും അഭിപ്രായങ്ങളുമുണ്ടു്; അവ സ്ഥിരങ്ങളുമാണു്; ശരിതന്നെ. സുബോധമുള്ളവക്കെല്ലാം അവ ഉണ്ടായിരിക്കുകയും ചെയ്യും. വസ്തുസ്ഥിതമായ (Objective) സത്യം എന്നും 'മതക്കാ'രുടെ ദൃഷ്ടിയിൽ സത്യമായിത്തന്നെ സ്ഥിതിചെയ്യും; അതു സ്ഥിരമായിത്തന്നെ നിലനില്ക്കുകയും ചെയ്യും. ധർമ്മം എന്നും ധർമ്മമായിരിക്കും—അധർമ്മം എന്നും അധർമ്മവും. വ്യഭിചാരം അധർമ്മമാണെന്നു്, വഞ്ചനയും കാപട്യവും ഗർഹണീയമാണെന്നു്, സാധുജനസംര

ക്ഷണവും ചാരിത്രശുദ്ധിയും സുകൃതങ്ങളാണെന്ന 'മതക്കാർ' എന്നെന്നും വിശ്വസിക്കുന്നു. കാര്യം കാരണത്തെ ആവശ്യപ്പെടുന്നു; ഒരു വസ്തു അതിന്റെ അംശത്തേക്കാൾ വലുതായിരിക്കണം, '(The whole is bigger than its part) എന്നിങ്ങനെയുള്ള തത്വങ്ങൾ അവർക്ക് എന്നും സ്ഥിരങ്ങളായിരിക്കും.

യുക്തിവാദികൾക്കു സ്ഥിരമായ അഭിപ്രായങ്ങളും വിശ്വാസങ്ങളുമില്ല—ഒരുവിധത്തിൽ അതു ശരിയാണ്. കാരണം, അവരുടെ "സത്യവും മതവും ആചാരങ്ങളും... എല്ലാം മാറിക്കൊണ്ടേയിരിക്കുന്നു. സനാതനമായി യാതൊന്നുമില്ല. ശാശ്വതമെന്നു നാം കരുതുന്നതെല്ലാം മാറ്റത്തിന്റെ വകഭേദങ്ങളോ അവയുടെ അദൃശ്യരൂപങ്ങളോ ആണ്." (പുറം 1) മരിച്ചു മണ്ണായിപ്പോയ പുരാതനർക്ക് വ്യഭിചാരം അധർമ്മമായിരുന്നെങ്കിൽ, നരവധവും അപഹരണവുമൊക്കെ അപലപനീയങ്ങളായിരുന്നെങ്കിൽ, ഇന്നത്തെ യുക്തിവാദികൾക്ക് അവയെല്ലാം സ്വീകാര്യങ്ങളായിരിക്കും; പ്രശംസാർഹങ്ങളുമായിരിക്കും! 'കാര്യകാരണബന്ധത്തിന്റെ അംഗീകാരം' പണ്ടു യുക്തിയുക്തമായിരുന്നെങ്കിൽ, ഇന്ന് അതു യുക്തിഹീനമായിരിക്കണം. ഇന്നു കാലുകൾ ഉപയോഗിച്ചു നടക്കുന്നെങ്കിൽ, അടുത്തതലമുറയിലെ യുക്തിവാദി തലകുത്തിയായിരിക്കും നടക്കുന്നത്! കാരണം, 'സനാതനമായി' യാതൊന്നുമില്ലല്ലോ.

'ഒന്നിലും ഒരു പ്രത്യേകാഭിപ്രായം സ്ഥാപിക്കണമെന്നു യുക്തിവാദികൾക്കു ശാഠ്യമില്ല.' (പുറം 7)

'ഒന്നാംതരക്കാരായ യുക്തിവാദികളെക്കുറിച്ചായിതി

ക്കാം ഇവിടെ മി. പിള്ള പ്രസ്താവിക്കുന്നതു്. എന്നാൽ, യുക്തിവാദികളെന്ന പേരും പേറിക്കൊണ്ടു് രംഗപ്രവേശം ചെയ്തിട്ടുള്ളവക്കെല്ലാം— അവരെല്ലാംതന്നെ രണ്ടാം തരക്കാരാണെന്നു നാം കണ്ടുവല്ലോ—ഏതോ ചില അഭിപ്രായങ്ങൾ സ്ഥാപിക്കണമെന്നു ശാഠ്യമുള്ളതായിട്ടാണു നിഷ്പക്ഷബുദ്ധികൾക്കു മനസ്സിലാകുന്നതു്. അവരുടെ ലേഖനങ്ങൾ വായിച്ചുനോക്കുക, നിഷ്പ്രയാസം ഈ യാഥാത്ഥ്യം ഗ്രഹിക്കുവാൻ കഴിയും. 'വിചാരവിപ്ലവ'ത്തിലേ ഓരോ ഉപന്യാസവും പരിശോധിച്ചുനോക്കുക — തൽകത്താവിനു് ചില പ്രത്യേകാഭിപ്രായങ്ങൾ സ്ഥാപിക്കണമെന്നു ശാഠ്യമുള്ളതായി ആർക്കും സ്പഷ്ടമാകും. ഒന്നു രണ്ടുദാഹരണങ്ങൾമാത്രം: കാര്യകാരണങ്ങളുടെ അവശ്യബന്ധത്തെപ്പററി പ്രതിപാദിച്ചതിനുശേഷം ആദികാരണംമാത്രം നിഷേധിക്കുവാൻ—ഒരു വൃത്തത്തെ ആധാരമാക്കി വാദിക്കുവാൻ (പുറം 39) — മി. കൃഷ്ണപിള്ളയെ പ്രേരിപ്പിച്ചതു്, ആസ്തിക്യബോധത്തെ ധ്വംസിക്കണമെന്നുള്ള അദ്ദേഹത്തിൻെറ ശാഠ്യമല്ലേ? ആത്മാവിൻെറ അവശ്യാസ്തിത്വത്തെക്കുറിച്ചുള്ള ആത്മവാദികളുടെ അനിഷേധ്യങ്ങളായ വാദമുഖങ്ങളെ അവതരിപ്പിച്ചിട്ടു വാക്കു മുട്ടിയപ്പോൾ അവയെല്ലാം 'സാങ്കേതികശബ്ദഢക്കാമുഴക്കാണെ'ന്ന (പുറം 76) ബാലിശവും അന്തസ്സാരവിഹീനവുമായ പ്രസ്താവത്തിനു് അദ്ദേഹത്തിനു പ്രേരകമായിരുന്നതു് ആത്മാവിൻെറ അസ്തിത്വത്തെ എങ്ങനെയെങ്കിലും നിഷേധിക്കണമെന്നുള്ള അദ്ദേഹത്തിൻെറ ശാഠ്യമല്ലേ? ആത്മാവിനെക്കുറിച്ചു മനുഷ്യനുണ്ടായ ധാരണ 'സ്വപ്നം'മൂലമായിരിക്കണമെന്നുള്ള

ഏതോ 'ശാസ്ത്രജ്ഞ'ൻെറ പരിഹാസ്യമായ സിദ്ധാന്തം അതേപടി പകർത്തിയെഴുതി (പുറം 30) 'കേരളീയരെ പ്രബുദ്ധരാക്കുവാൻ' അദ്ദേഹത്തിനു പ്രേരണ നല്കിയതു്, ആത്മാവിൻെറ അസ്തിത്വത്തിലുള്ള സാർവ്വത്രികവും സാർവ്വജനീനവുമായ ബോധം അന്ധവിശ്വാസമാണെന്നു സ്ഥാപിക്കണമെന്നുള്ള അദ്ദേഹത്തിൻെറ ശാഠ്യമല്ലേ? യാഥാർത്ഥ്യത്തെ മറച്ചുവച്ചുകൊണ്ടു റഷ്യയെ ഭൗമികപറുദീസായായി ചിത്രിക്കുവാൻ, (പുറം 94-101) സാർവ്വരാഷ്ട്രികനിയമങ്ങളെ (International laws) യെല്ലാം തൃണവൽഗണിച്ചുകൊണ്ടു പാവപ്പെട്ട പോളണ്ടിനെ ചീന്തിക്കീറിയ റഷ്യ — ഒരു തൃതീയ ലോകമഹാസമരത്തിനായി ഇന്നും വെമ്പൽകൊള്ളുന്ന റഷ്യ — മാത്രമേ "സമാധാനസ്ഥാപനത്തിനായി ശ്രമിച്ചിട്ടുള്ളു" (പുറം 137) എന്ന ക്രൂസലെന്നിയേ എഴുതിത്തള്ളുവാൻ അദ്ദേഹത്തിനു പ്രേരകമായിരുന്നതു് കമ്മ്യൂണിസത്തെ എങ്ങനെയെങ്കിലും വെള്ളയടിച്ചു കാണിക്കണമെന്നുള്ള ശാഠ്യമല്ലേ?

ഇപ്രകാരം യുക്തിഹീനങ്ങളെന്നു ബാലന്മാർക്കുപോലും നിഷ്പ്രയാസം ഗ്രഹിക്കാവുന്ന അനുമാനങ്ങളിൽ എത്തിച്ചേരുന്നതിനു്, സുസ്പഷ്ടങ്ങളായ ചരിത്രയാഥാർത്ഥ്യങ്ങളെ മറച്ചുവച്ചുകൊണ്ടു പച്ചക്കള്ളങ്ങൾ തട്ടിവിടുന്നതിനു്, മററുള്ളവരുടെ മടയത്തരങ്ങൾ അതേപടിസ്വീകരിച്ചു് അപലപനീയമായ അടിമത്തമനഃസ്ഥിതി പ്രദർശിപ്പിക്കുന്നതിനു്, ശ്രീ കുററിപ്പുഴയ്ക്കു പ്രേരകമായിരുന്നതു ചില പ്രത്യേകാഭിപ്രായങ്ങൾ സ്ഥാപിക്കണമെന്നുള്ള ദുശ്ശാഠ്യമല്ലേ? എങ്കിലും യുക്തിവാദി

കൾക്ക് 'ഒന്നിലും ഒരു പ്രത്യേകാഭിപ്രായം സ്ഥാപിക്കണമെന്നുള്ള ശാഠ്യമില്ലെന്ന്' മി. പിള്ള ശഠിക്കുകയും ചെയ്യുന്നു! ഇതായിരിക്കുമോ യുക്തിവാദികളുടെ 'പുരോഗമനോന്മുഖമായ' സത്യസന്ധത? ഇതായിരിക്കുമോ അവരുടെ 'വിപ്ളവകരമായ' സന്മാർഗ്ഗനിയമം?

"യുക്തിവാദികളെ പൊതുവേ ബന്ധിക്കുന്ന ഒരു പ്രത്യേക അഭിപ്രായമോ വിശ്വാസമോ ഒരിക്കലും ഉണ്ടായിട്ടില്ല." (പുറം 7)

ശ്രീ പിള്ളയുടെ ആരാധ്യപുരുഷന്മാരും അദ്ദേഹവും അവലംബിക്കുന്ന യുക്തിവാദവിഭാഗത്തെ—രണ്ടാംതരം യുക്തിവാദത്തെ — പൊതുവേ ബന്ധിക്കുന്ന പല അഭിപ്രായങ്ങളും വിശ്വാസങ്ങളുമുണ്ടെന്നുള്ള വസ്തുത ഋജുബുദ്ധിയുടെ കണികപോലുമുള്ളവർക്കു നിഷേധിക്കുവാൻ സാധിക്കുകയില്ല. ഉദാഹരണാർത്ഥം ചിലതുമാത്രം ഇവിടെ എടുത്തു കാണിക്കാം:

1. മനുഷ്യബുദ്ധിക്കതീതമായിട്ടുള്ളതൊന്നും സ്വീകാര്യമല്ല. റാഷനലിസ്ററു പ്രസ്സ് അസോസിയേഷൻെറ മെമ്മോറാണ്ഡത്തിലെ വാക്കുകളിൽ "ബുദ്ധിയുടെ പരിപൂർണ്ണമായ ആധിപത്യത്തെ സമ്മതിച്ചു പറയുവാൻ" ഏവനും സന്നദ്ധനായിരിക്കണം.(1) ഒന്നുകൂടി സ്പഷ്ടമായിപ്പറഞ്ഞാൽ മനുഷ്യബുദ്ധിയ്ക്കു് അഗ്രാഹ്യമായിട്ടുള്ളതെല്ലാം നിരുപാധികമായി നിഷേധിച്ചുകളയുകതന്നെ വേണം. 'ചിന്തിക്കുന്ന ഞാൻ' (reasoning ego) ആണ് സത്യത്തിൻേറയും അസത്യത്തിൻേറയും ധർമ്മത്തിൻേറയും അധർമ്മത്തിൻേറയും മാനദണ്ഡം. തന്മൂ

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക് (പുറം 206).

ലം മനുഷ്യബുദ്ധികൊണ്ടോ ശാസ്ത്രീയഗവേഷണംകൊ ണ്ടോ തെളിയിക്കാൻപാടില്ലാത്തവയെല്ലാം അസ്വീകാര്യങ്ങളാണ് (1)

2. "അവധിരഹിതമായ അറിവിൻെറ കലവറയാണ് മനുഷ്യമനസ്സ്; അറിവൊന്നും പുറമേ നിന്നു വരുന്നതല്ല; അവയെല്ലാം മനുഷ്യനിൽ നിന്നുതന്നെയാണുണ്ടായിട്ടുള്ളത്".(2)

3. "സനാതനമായി യാതൊന്നും ഇല്ല. മാററം അഥവാ പരിണാമം ആകുന്ന പ്രപഞ്ചത്തിൻെറ അഭേദ്യനിയമം . . . സത്യവും ധർമ്മവും മതവും . . . എല്ലാം മാറിക്കൊണ്ടിരിക്കും".(3)

4. "മനുഷ്യൻ സർവ്വതന്ത്രസ്വതന്ത്രനാണ്; യാതൊരു ബാഹ്യനിയന്ത്രണത്തിനും അവൻ വിധേയനല്ല. വസ്തുസ്ഥിതമായ (objective) സത്യത്തോടോ ദൈവനിയമങ്ങളോടോ വിധേയത്വം പ്രകടിപ്പിക്കുന്നത്, പരസാക്ഷ്യവും പ്രാമാണികത്വവും (testimony and authority) സ്വീകരിക്കുന്നത് – ദൈവവെളിപാടിൻേറതായാലും – സ്വതന്ത്രചിന്തയ്ക്കു വിഘാതമാണ്".(4) റാഷണലിസ്ററ് പ്രസ്സ് അസോസിയേഷൻെറ മെമ്മോറാണ്ഡത്തിൻെറ വാക്കുകളിൽ ഇവയെല്ലാം "അകാരണങ്ങളും അധികാരപ്രോക്തങ്ങളുമായ സങ്കല്പ"ങ്ങളാണ്.

5. "സ്വഭാവാതീതമായി യാതൊന്നുമില്ല. അത്ഭു

---

(1) Christianity Vindicated. (p. 67) (2) Encyclopedia Brittanica: vol. 18. p. 991. വി. വിപ്ളവം (അവതാരിക പുറം 2) (3) വി. വിപ്ളവം. (അവതാരിക പുറം 1–2) 4) International Congress of Free thinkers at Rome 1904.

ങ്ങൾ അസംഭവ്യങ്ങളാണ്. അപ്രകാരമുള്ള എന്തിലെങ്കിലും വിശ്വസിക്കുന്നത് അന്ധവിശ്വാസവും ആത്മവഞ്ചനയുമാണ്.(1)

ഇപ്രകാരം യുക്തിഹീനങ്ങളും അടിസ്ഥാനരഹിതങ്ങളുമായ അനേകമുൻവിധികളിലാണ് നമ്മുടെ യുക്തിവാദികൾ തങ്ങളുടെ ദുർബലങ്ങളായ യുക്തിവാദസൗധങ്ങൾ കെട്ടിപ്പൊക്കുന്നത്.

**"മതവിശ്വാസികൾ പറയുന്നതുപോലെ വൈപരീതിയല്ല സംശയമാണ് ജ്ഞാനത്തിന്റെ ആരംഭം എന്നായിരിക്കും യുക്തിവാദികൾ സിദ്ധാന്തിക്കുക" (പുറം 5).**

"സംശയം ചോദ്യത്തിലേക്കും, ചോദ്യം അന്വേഷണത്തിലേക്കും അന്വേഷണം സത്യത്തിലേക്കും നമ്മെ ആനയിക്കുമെന്നു പറഞ്ഞിരിക്കുന്ന പണ്ഡിതന്റെ" (പുറം 5) അഭിപ്രായത്തോടു ഞങ്ങളും യോജിക്കുന്നു. എന്നാൽ, ആ അഭിപ്രായത്തെ ആധാരമാക്കിക്കൊണ്ട് എല്ലാക്കാര്യത്തിലും എപ്പോഴും സംശയിക്കുകയും ചോദ്യം ചെയ്യുകയും ചെയ്താലേ നാം സത്യത്തിലേക്ക് ആനീതരാവുകയുള്ളു എന്നോ, സകല വിജ്ഞാനത്തിന്റേയും ആരംഭം സംശയമാണെന്നോ പറയുന്നത് വെറും മൗഢ്യമാണ്. സംശയിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യാതെതന്നെ എത്രയെത്ര സംഗതികളെക്കുറിച്ചു നാം അന്വേഷിക്കുകയും പഠിക്കുകയും ചെയ്യുന്നു? ഒരന്വേഷണവുംകൂടാതെ എത്രയെത്ര സത്യങ്ങളിലേക്കു നാം ആനീ

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക് (പുറം 219) വിചാരവിപ്ലവം (പുറം 126).

തരാവുന്നു? യാതൊരു അന്വേഷണവുംകൂടാതെ ആർജ്ജിക്കാവുന്ന അറിവിൻേറയും, യാതൊരു ചിന്തയുംകൂടാതെ സമ്പാദിക്കാവുന്ന ജ്ഞാനത്തിൻേറയും ആരംഭവും സംശയമാണെന്നു യുക്തിവാദികൾ സിദ്ധാന്തിക്കുമോ ആവോ? ചിന്തിക്കുവാൻവേണ്ടിമാത്രം ചിന്തിക്കുന്ന ഒരു കൂട്ടരുണ്ട്. ചിന്തിച്ചാലും ഗ്രഹിക്കുവാൻ പാടില്ലാത്തപ്പോഴും ചിന്തിക്കാതെതന്നെ ഗ്രഹിക്കുവാൻ പാടുള്ളപ്പോഴും ചിന്തിച്ചു തലകളയണമെന്നുള്ളതായിരിക്കാം "യുക്തിവാദികളുടെ സിദ്ധാന്തം!" ചിന്തയെക്കാൾ അറിവിനെ കാര്യമായിക്കരുതുന്നവർ ഈ "സിദ്ധാന്തത്തെ" 'തലക്കാച്ചിലാ'യിട്ടേ പരിഗണിക്കുകയുള്ളു.

"ദൈവഭയമാകുന്നു ജ്ഞാനത്തിൻെറ ആരംഭം" എന്ന വേദപുസ്തകവാക്യം യുക്തിവാദികൾക്കു തീരെ സ്വീകാര്യമല്ലപോലും! ഭൗതികശാസ്ത്രങ്ങളെക്കുറിച്ചാണു വേദപുസ്തകം ഇവിടെ സൂചിപ്പിക്കുന്നതു് എന്നോ മററോ ആയിരിക്കാം യുക്തിവാദികൾ ധരിച്ചു വശായിരിക്കുന്നതു്! പാവങ്ങൾ! ചാർവാകപ്രഭൃതികളായ യുക്തിവാദികളുടെ ചിന്താഗതി ഭൗതികലോകത്തിനപ്പുറത്തേക്കു കടക്കുന്നില്ലെങ്കിൽ നാമെന്തിനു വിസ്മയിക്കണം? ദൈവികവും ആധ്യാത്മികവുമായ ജ്ഞാനത്തെപ്പററിയാണു് വേദപുസ്തകം പ്രതിപാദിക്കുന്നതു്. ഭൗതികശാസ്ത്രങ്ങളെക്കുറിച്ചു് എന്തെങ്കിലും ജ്ഞാനം ലോകത്തിനു നല്കണമെന്നുള്ള ഉദ്ദേശ്യം വേദപുസ്തകകർത്താക്കൾക്ക് ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. ഈ വസ്തുത മനസ്സിലാക്കിയതിനുശേഷം പ്രസ്തുത വാക്യത്തെ തെററായി വ്യാഖ്യാ

നിക്കുവാൻ യുക്തിവാദികൾ തുനിയുകയില്ലെന്നു പ്രത്യാശിക്കാം.

"യുക്തിവാദസംഘംവകയായി പ്രസിദ്ധീകരിച്ചു ലോകമൊട്ടുക്കു പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഉൽകൃഷ്ടഗ്രന്ഥങ്ങൾ നോക്കിയാലറിയാം അവയുടെ കർത്താക്കന്മാർ എത്രത്തോളം ബഹുമാന്യരായ പണ്ഡിതന്മാരും ചിന്തകന്മാരും ആണെന്ന്" (പുറം 6).

മി. പിള്ളയുടെ ഈ പ്രസ്താവത്തെപ്പററി അധികമൊന്നും പറയേണ്ട ആവശ്യമില്ല. ഒന്നു രണ്ടു വാക്കുകൾ മാത്രം: "മതത്തിൻെറ മസ്തകം പിളക്കുന്ന വിശിഷ്ട ഗ്രന്ഥമെന്ന" (പുറം 85) പ്രശംസാപത്രം മി. കുററിപ്പുഴയിൽനിന്നു സമ്പാദിച്ചിട്ടുള്ള Riddle of the Universe (by Haeckel) എന്ന ഗ്രന്ഥംതന്നെ ശ്രീ പിള്ളയുടെ സമർത്ഥനത്തിനു പിന്തുണയായി നിലകൊള്ളുന്നില്ലയോ? പ്രസിദ്ധ ശാസ്ത്രജ്ഞന്മാർ "ചവററുപുസ്തക"മെന്ന പേരാണ് അതിനു നല്കിയിട്ടുള്ളത്! എന്തിന്? തൻെറ പ്രസ്താവങ്ങൾക്ക് ഉപോൽബലകമായിരിക്കുന്നതിനുവേണ്ടി എട്ടുശതമാനത്തോളം തെളിവുകൾ വ്യാജമായും കൃത്രിമമായും താൻ നിർമ്മിച്ചിട്ടുണ്ടെന്നു (it contains six to eight percent of forged embryo-diagrams) തൽഗ്രന്ഥകർത്താവുതന്നെ സമ്മതിച്ചിട്ടുമുണ്ട്. (1) യുക്തിവാദഗ്രന്ഥകർത്താക്കന്മാരുടെ "ബഹുമാന്യതയ്ക്കും പാണ്ഡിത്യത്തിനും" ഇതിൽക്കൂടുതൽ എന്തു തെളിവുവേണം? "ഒന്നുകൊണ്ടറിയണം രണ്ടിൻെറ ഗുണാഗുണം" എന്നുണ്ടല്ലോ.

സർ സി. പി. എഴുതിയ "The World Religions"

(1) Christianity Vindicated (page 71)

എന്ന ലഘുലേഖയിൽ ക്രിസ്തുമതത്തെപ്പററി ചെയ്തിട്ടുള്ള അബദ്ധപ്രസ്താവങ്ങളെ 'Christanity Vindicated' എന്ന ഉത്തമഗ്രന്ഥം വഴി സയുക്തികം ഖണ്ഡിച്ചു വിഖ്യാതനായിത്തീർന്നിട്ടുള്ള ഡോക്ടർ അരുളപ്പാ യുക്തിവാദസംഘം വകയായി പ്രസിദ്ധീകരിച്ചിട്ടുള്ള "ഉൽകൃഷ്ടഗ്രന്ഥ"ങ്ങളെക്കുറിച്ചു ചെയ്ത പ്രസ്താവനയെ ഇവിടെ ഉദ്ധരിക്കാം: "ചിന്തകൻെറ ഗ്രന്ഥാലയത്തി"ലേക്കുവേണ്ടി (Thinkers' Library) യുക്തിവാദപ്രസിദ്ധീകരണസമിതിക്കാർ പ്രസാധനം ചെയ്തിട്ടുള്ള പല ഗ്രന്ഥങ്ങളും ഞങ്ങൾക്കു പാരായണം ചെയ്യേണ്ടിവന്നു. ആ ഗ്രന്ഥങ്ങളുടെ കർത്താക്കന്മാരുടെ പാണ്ഡിത്യത്തെക്കാൾ വസ്തുതകളും സങ്കല്പങ്ങളും, സത്യവും അസത്യവും കൂട്ടിക്കുഴച്ചു പ്രയോഗിക്കുന്നതിലുള്ള അവരുടെ ചാതുര്യമാണ് ഞങ്ങളെ സവിശേഷം ആകർഷിച്ചതു്. ഈ പുസ്തകങ്ങൾ തൽകർത്താക്കളുടെ വിപുലമായ വിജ്ഞാനത്തേയും പരന്ന വായനയേയും പ്രത്യക്ഷപ്പെടുത്തുവാൻ പോരുന്നാവയാണ്; എന്നാൽ, ഉത്തമമായ വിചാരണാശീലവും അവഗാഢമായ നിരീക്ഷണപാടവവും അവക്കില്ലെന്നും അവ വിളിച്ചറിയിക്കുന്നുണ്ടു്. തന്മൂലം, ഉപരിപ്ളവമായ പാണ്ഡിത്യപ്രകടനംകൊണ്ടു വശീകൃതരാകുന്നാ സാമാന്യജനങ്ങൾക്കു പററിയ ഗ്രന്ഥങ്ങൾതന്നെയാണവ. പക്ഷേ, സൂസൂക്ഷ്മവും സുനിശ്ചിതവുമായ പാണ്ഡിത്യത്തെ തേടുന്ന യഥാത്ഥചിന്തകന്മാരായ പകബുദ്ധികളെ അവ നിരാശരാക്കുകമാത്രമേ ചെയ്യുകയുള്ളൂ. ഗ്രാൻറ് അല്ലൻ (Grant Allen), വീവിയൻ ഫിലിപ്സ് (Vivian Phelips), ഫ്റേസർ (Frazer), റേ

യിനാക് (Reinach) എന്നിവരുടെ ഗ്രന്ഥങ്ങളെസ്സംബന്ധിച്ചു് വിശേഷിച്ചും ഇതാണു യാഥാർത്ഥ്യം (Christianity Vindicated page 72)

യുക്തിവാദികളെപ്പററി ഇത്രയും പൊതുവേ പറഞ്ഞതിനുശേഷം കേരളത്തിലേ യുക്തിവാദികൾക്കെതിരായി കൊണ്ടുവരപ്പെടാറുള്ള ആരോപണങ്ങൾക്കു സമാധാനം നല്കുവാൻ മി. പിള്ള ശ്രമിക്കുന്നു:

"ഈശ്വരൻെറയും മതത്തിൻെറയും നേരേ അവർ (യുക്തിവാദികൾ) ബഹളം കൂട്ടുന്നുവത്രേ; പക്ഷേ, ഇതിനൊരു പ്രത്യേകകാരണമുണ്ടെന്നുള്ളതു നാം ഓർക്കേണ്ടതാണ്...... അന്ധവിശ്വാസത്തിൻെറ ആക്രമണം മതകാര്യങ്ങളിലേപ്പോലെ മറെറന്തിലെങ്കിലും നാം കാണുന്നുണ്ടോ?..." (പുറം 8). അങ്ങനെയെങ്കിൽ അന്ധവിശ്വാസങ്ങളെ മാത്രമല്ലേ അവർ നിരൂപണം ചെയ്യേണ്ടു? ഇക്കാണുന്ന പ്രപഞ്ചത്തിൻെറയെല്ലാം ആദികാരണമായ ഒരധീശശക്തിയുടെ അസ്തിത്വം, (പുറം. 39) ആ അധീശശക്തിയോട്, സൃഷ്ടിയായ മനുഷ്യനുള്ള അവശ്യബന്ധം (പുറം 40) തുടങ്ങിയവയെയെല്ലാം അവർ പരിഹസിക്കുന്നതു് അവ അന്ധവിശ്വാസങ്ങളായതുകൊണ്ടാണോ? ശാസ്ത്രീയസാക്ഷ്യങ്ങളാൽ മനുഷ്യശക്ത്യതീതങ്ങളെന്ന് അനിഷേധ്യമായി തെളിഞ്ഞിട്ടുള്ള അത്ഭുതങ്ങൾ — ചരിത്രസംഭവങ്ങൾ — അസംഭവ്യങ്ങളെന്നു ജല്പിക്കുന്നതെന്തുകൊണ്ടു്? (പുറം 126) അവയും അന്ധവിശ്വാസമായതുകൊണ്ടായിരിക്കാം!

യുക്തിവാദികൾ "രണ്ടാംതരക്കാരനായ ഈശ്വരനെ" മാത്രമേ വിമർശിക്കുന്നുള്ളു വെന്നാണ് മി. പിള്ള തുട

ന്നു പ്രസ്താവിക്കുന്നതു്; അഥവാ, "സ്വർഗ്ഗത്തിൽ ഉച്ച സ്ഥനായി സ്ഥിതിചെയ്തു പുണ്യപാപങ്ങൾ വീതിച്ചും സ്തുതിഗീതങ്ങൾകേട്ടു പ്രസാദിച്ചും യുദ്ധം മുതലായകാര്യങ്ങളിൽ ഇരുപക്ഷക്കാരുടേയും പ്രാർത്ഥനകൾകേട്ടു് അമ്പരന്നും ഭരണം നടത്തുന്ന ഒരു 'ആൾ ദൈവ'ത്തെ"മാത്രമാണുപോലും (പുറം. 11) യുക്തിവാദികൾ നിരൂപണം ചെയ്യുന്നതു്! ഇത്തരം ഒരീശ്വരനെ യുക്തിവാദികൾക്കു് എവിടെനിന്നു കിട്ടി? ഏതെങ്കിലും 'മതക്കാർ' ഇപ്രകാരമൊരു ഈശ്വരനെ വിഭാവനം ചെയ്തിട്ടുപോലുമുണ്ടോ എന്നു സംശയമാണു്. ഏതായാലും കത്തോലിക്കരുടെ ഈശ്വരൻ ഇത്തരത്തിലുള്ള ഒരു ജീവിയല്ലെന്നുള്ള കാര്യം ഞങ്ങളുടെ ബഹുമാന്യസ്നേഹിതനെ സാദരം അറിയിച്ചുകൊള്ളട്ടെ. "അവിടുന്നു് ഏകനും അഭേദ്യനും അവിഭാജ്യനും അവ്യയനും അപരിമേയനും സർവ്വവ്യാപിയും സർവ്വാന്തര്യാമിയുമാണു്; അവിടുന്നു് അനാദ്യനും അനന്തനുമാകുന്നു. അപരിമേയവും അനിയന്ത്രിതവുമായ ശക്തിയും ജ്ഞാനവും നന്മയും അവിടുത്തേയ്ക്കു സ്വഭാവസിദ്ധമാണു്. അവിടുന്നു മാത്രമാണു സൃഷ്ടിയ്ക്കും സ്ഥിതിയ്ക്കും സംഹാരത്തിനും കർത്താവായുള്ളതു്." (1) കത്തോലിക്കർ വിശ്വസിക്കുന്ന ഈശ്വരന്റെ ഏകദേശസ്വഭാവം മി. പിള്ളയ്ക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും സിദ്ധിച്ചുവെന്നു വിശ്വസിക്കട്ടെയോ? പുണ്യപാപങ്ങൾ ഓരോ മനുഷ്യന്റേയും സ്വതന്ത്രപ്രവൃത്തികളുടെ ഫലമാണു്; അവയുടെ സമസ്താവകാശവും ഉത്ത

(1) ഹബിഭയാള.

ര്വാദിത്വവും അവനുതന്നെയാണ്. തന്മൂലം, 'പുണ്യപാപങ്ങൾ വീതിക്കുക' ഈശ്വരന്റെ കർത്തവ്യമല്ലെന്നു സ്പഷ്ടമല്ലയോ? 'യുദ്ധം മുതലായ കാര്യങ്ങളിൽ ഇരുപക്ഷക്കാരുടേയും പ്രാർത്ഥന കേൾക്കുമ്പോൾ ഈശ്വരൻ അവശ്യം അമ്പരന്നുപോകണ'മെന്നുള്ള യുക്തിയുക്തമായ അനുമാനത്തിൽ യുക്തിവാദിയായ മി. പിള്ളയെ എത്തിച്ചതു്, ഈശ്വരനും തന്നെപ്പോലെയുള്ള ഒരാൾ ആരിക്കണമെന്നുള്ള വിചാരമായിരിക്കാം! (1)

'രണ്ടാംതരത്തിലുള്ള ഈശ്വരനാണു" യുക്തിവാദികളുടെ നിരൂപണവിഷയമെന്നു പ്രസ്താവിച്ചതിനുശേഷം യുക്തിവാദിയായ മി. കൃഷ്ണപിള്ള ചെയ്യുന്നതെന്താണ്? 'കാര്യകാരണബന്ധ'മെന്ന ഉപന്യാസത്തിൽ അദ്ദേഹം നിഷേധിക്കുന്നതു് (പുറം 39) ഈ രണ്ടാംതരക്കാരൻ ഈശ്വരനെയാണോ? അതോ പ്രപഞ്ചത്തിന്റെയെല്ലാം ആദികാരണമായ ഈശ്വരനെയോ?

'യുക്തിവാദി' എന്ന മാസികയിൽ മററൊരു യുക്തിവാദി എഴുതിയിരുന്ന ഒരു ലേഖനത്തിന്റെ ഒരു ഭാഗമാണു താഴെ ഉദ്ധരിക്കുന്നതു്:

"ഇദ്ദേഹം (ദൈവം) അനേകകോടി കാലമായി യാതൊരു ജോലിയും ചെയ്യാതെയിരുന്നു. അങ്ങനെയിരിക്കെ ഒന്നു സൃഷ്ടിച്ചുകളയാമെന്നു തീർച്ചയാക്കി. എന്തിന്? അദ്ദേഹത്തിനു ഗുണസിദ്ധിക്കായിട്ടോ? അല്ല. അദ്ദേഹം പരിപൂർണ്ണഭാഗ്യവാനാണ്. കുറേ മനുഷ്യരെ സൃ

(1) 'കാര്യകാരണബന്ധം' എന്ന അദ്ധ്യായം കാണുക.

ഷ്ടിച്ച് അവക്ക് തൻെറ പ്രതാപം ഒന്നു കാണിച്ചുകൊടുക്കുവാനായിരിക്കുമോ? അതല്ല. അഹങ്കാരമായ ആ നികൃഷ്ടോദ്ദേശ്യം അദ്ദേഹത്തെ തീണ്ടുകയില്ല. തൻെറ ഭാഗ്യത്തിൽ ഒരംശം, യാതൊരു ശ്രമവുമെന്യേ തനിക്കു സ്വയമേവ കൈവന്ന ആ പരമഭാഗ്യത്തിൻെറ ഒരു നിഴൽ ഒരു പരീക്ഷയിൽ വിജയികളായിരിക്കുന്ന ചിലർക്കുകൂടി കൊടുക്കാമെന്നുള്ള ഉദാരബുദ്ധിയായിരുന്നുവോ അദ്ദേഹത്തെ സൃഷ്ടിക്കു പ്രേരിപ്പിച്ചതു്? അതുമാകയില്ല. അങ്ങനെയാണെങ്കിൽ ഈ പരോപകാരതൃഷ്ണ അദ്ദേഹത്തിന് അനേകകോടികാലം ഉണ്ടായിരുന്നിട്ടും അതു പ്രായോഗികപഥത്തിൽ കൊണ്ടുവരാതിരുന്നതു് ഒന്നുകിൽ അസൂയകൊണ്ടാകണം; അല്ലെങ്കിൽ വിജയപ്രാപ്തിയിലുള്ള ആശങ്കകൊണ്ടായിരിക്കണം. ഇതു രണ്ടും ചിന്ത്യമല്ല. പോകട്ടെ, 'നിശയാൽ ശശിയെന്നോണം' പ്രപഞ്ചാരിഷ്ടതകളാൽ തൻെറ പ്രതാപത്തെ പൂർവ്വാധികം പ്രശോഭിപ്പിക്കുവാനോ അദ്ദേഹം സൃഷ്ടികർമ്മം നിർവ്വഹിച്ചതു്? ഒരിക്കലുമല്ല. അത്ര വലിയ ഒരു നികൃഷ്ടകർമ്മം അദ്ദേഹത്തിൽ ആരോപിക്കുന്നതു് ഏററവും അനുചിതമത്രേ. . . . ഇതൊന്നും ഞാൻ ആലോചിക്കാതെ എല്ലാം യുക്തിയുക്തമെന്നു താനെന്നു വിശ്വസിക്കണം. . . . എന്നിട്ട് ആകാശവും ഭൂമിയും സൃഷ്ടിച്ചുപരിപാലിക്കുന്ന പിതാവായ ദൈവത്തിൽ വിശ്വസിക്കണം." (1) ഈ യുക്തിവാദിയുടെ നിരൂപണത്തിനു വിഷയമായിരിക്കുന്ന ഈശ്വരൻ—പ്രപഞ്ചത്തി

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു (പുറം, 211-12.)

ൻെറ സ്രഷ്ടാവും പരിപാലകനുമായ ദൈവം—ഏതിന ത്തിൽ ഉൾപ്പെടുന്നു?— ഒന്നാംതരത്തിലോ രണ്ടാംതര ത്തിലോ?

ഈശ്വരാസ്തിത്വത്തെ നിഷേധിക്കുന്നവരുടെ യു ക്തിഹീനതയെ അനുകൂലിക്കുവാൻ സുബോധമുള്ളവരാ രും തയ്യാറാവുകയില്ലെന്നു ശരിയായി മനസ്സിലാക്കി ക്കൊണ്ടായിരിക്കണം ഇങ്ങനെയൊരു അടവു പ്രയോഗി ക്കുവാൻ മി. കൃഷ്ണപിള്ള ശ്രമിക്കുന്നതു്.

## ശാസ്ത്രജ്ഞന്മാരും ആസ്തിക്യവാദവും

ഈ വിഷയത്തെപ്പററി പ്രതിപാദിക്കുന്നിടത്തു മി. കൃഷ്ണപിള്ള വാസ്തവവും അവാസ്തവുമായ പ്രസ്താ വങ്ങൾ കൂട്ടിക്കുഴച്ചു പ്രയോഗിച്ചിരിക്കുന്നതിനാൽ സാ ധാരണക്കാർ വഞ്ചിതരായിത്തീരുന്നതിനു വളരെ എളു പ്പമുണ്ടു്. തന്മൂലം, മി. പിള്ളയുടെ വാദമുഖങ്ങളെപ്പററി ചർച്ചചെയ്യുന്നതിനുമുമ്പായി ചില സംഗതികൾ വ്യ ക്തമാക്കേണ്ടിയിരിക്കുന്നു.

മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, പതി നെട്ടാം നൂററാണ്ടുമുതല്ക്കാണു് ആസ്തിക്യവാദത്തെ സു സംഘടിതമായി നിഷേധിക്കുവാൻ ഭൗതികവാദികൾ തുടങ്ങിയതു്. തങ്ങളുടെ യുക്തിഹീനങ്ങളായ സിദ്ധാന്ത ങ്ങൾക്കു പൊതുജനസമ്മതി ലഭിക്കുവാനായി അവർ ചില ശാസ്ത്രജ്ഞന്മാരുടെ സഹായം തേടി. നിർ ഭാഗ്യവശാൽ ഉപരിപ്ലവബുദ്ധികളായ ചില ശാസ്ത്ര ജ്ഞന്മാർ അന്നു നിരീശ്വരവാദികളായുണ്ടായിരുന്നു താ നും. "സ്വാർത്ഥപരമായ ഏതെങ്കിലും കാരണത്താൽ

ഈശ്വരൻ ഇല്ലാതിരുന്നാൽ കൊള്ളാമെന്ന് ആഗ്രഹിക്കുന്നവർ" എക്കാലത്തും ഉണ്ടായിരിക്കുമല്ലോ. അവരുടെ പേരും പറഞ്ഞുകൊണ്ട്, 'ശാസ്ത്രജ്ഞന്മാരെല്ലാം നാസ്തിക്യവാദികളാണെന്നും ശാസ്ത്രവും മതവും തമ്മിൽ വിരുദ്ധതയുണ്ടെന്നും' നിരീശ്വരവാദികൾ പെരുമ്പറയടിക്കുവാൻ തുടങ്ങി. കഴിഞ്ഞ രണ്ടു ശതവർഷക്കാലത്തിലെ ശാസ്ത്രജ്ഞന്മാരെല്ലാം നിരീശ്വരന്മാരായിരുന്നു എന്നവാദം അങ്ങനെയാണ് ആവിർഭവിച്ചത്. അപക്വ ബുദ്ധികളും ആലോചനാരഹിതരുമായ സാമാന്യജനങ്ങളെ വഴിതെററിക്കുവാനുള്ള നാസ്തിക്യവാദികളുടെ ഈ ചെപ്പടിവിദ്യയുടെ കള്ളി തെളിയിക്കുവാനായി സത്യപ്രേമികൾ മുമ്പോട്ടുവന്നു. യഥാർത്ഥശാസ്ത്രജ്ഞന്മാർ നിരീശ്വരന്മാരല്ലെന്നു മാത്രമല്ല, ഉറച്ച മതവിശ്വാസികൾകൂടിയാണെന്നുള്ള പരമാർത്ഥം ചരിത്രസാക്ഷ്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് അവർ ലോകത്തിനു പ്രത്യക്ഷപ്പെടുത്തി. ആസ്തിക്യവാദികൾ ഇത്രമാത്രമേ ചെയ്തിട്ടുള്ളു; ചെയ്യുന്നുമുള്ളു. ഇതാണു യാഥാർത്ഥ്യം—ചരിത്രയാഥാർത്ഥ്യം. ഇങ്ങനെ തങ്ങളുടെ ചെമ്പു തെളിഞ്ഞുവെന്നു കണ്ടപ്പോൾ നാസ്തിക്യവാദികൾ വിചിത്രമായ മറെറാരു വാദവുംകൊണ്ടു പുറപ്പെട്ടു. ആസ്തിക്യവാദികൾ "ശാസ്ത്രജ്ഞന്മാരെ കൂട്ടുപിടിച്ചുകൊണ്ട് ആസ്തിക്യവാദഡിണ്ഡിമം മുഴക്കുന്നു"വെന്ന് (പുറം 16). ഇത്തരം യുക്തിവാദികളോട് എങ്ങനെ വാദിക്കുവാൻ സാധിക്കും? ചരിത്രസത്യങ്ങളെ മറച്ചുവച്ചുകൊണ്ടു സാധാരണജനങ്ങളെ വഞ്ചിക്കുവാൻതന്നെ കച്ചകെട്ടിപ്പുറപ്പെട്ടിരിക്കുന്ന ഈ 'പൊതുജനസേവകരുടെ' ബുദ്ധിപരമായ സത്യസന്ധത

യെപ്പററി എന്തുപറയട്ടെ!

പ്രകൃതിശാസ്ത്രങ്ങളുടെ (Natural sciences) പ്രവത്തനമണ്ഡലം ഭൗതികവസ്തുക്കളും ഭൗതികലോകവും മാത്രമാണ്. ഭൗതികവസ്തുക്കളെ നിരീക്ഷണപരീക്ഷണങ്ങൾകൊണ്ടു വിശകലനംചെയ്ത് അവയുടെ പ്രകൃതങ്ങ (Nature)ളേയും പ്രവത്തനരീതിയേയും അവയെസ്സംബന്ധിക്കുന്ന നിയമങ്ങളേയും മററും പററി പഠിക്കുക— ഇത്രമാത്രമേ പ്രകൃതിശാസ്ത്രങ്ങളുടെ അധികാരസീമയിൽപ്പെടുന്നുള്ളൂ. ഈ പരിധിയെ അതിലംഘിച്ചു വിദഗ്ധാഭിപ്രായം പുറപ്പെടുവിക്കുവാൻ ഭൗതികശാസ്ത്രങ്ങളിലുള്ള പരിജ്ഞാനം ഒരുവനേയും പ്രാപ്തനാക്കുന്നില്ല. ഈശ്വരാസ്തിത്വം, ആത്മാവിൻെറ അമത്ത്യത, മരണാനന്തരജീവിതം തുടങ്ങിയവ പ്രകൃതിശാസ്ത്രങ്ങളുടെ അധികാരസീമയ്ക്കതീതമാകയാൽ അവയെക്കുറിച്ച് ഈ ശാസ്ത്രജ്ഞന്മാർക്കു വിദഗ്ധാഭിപ്രായം പുറപ്പെടുവിക്കുവാൻ അവകാശമോ അധികാരമോ ഇല്ല. ഒരു ഭിഷഗ്വരൻ തൻെറ വൈദ്യശാസ്ത്രപ്രാവീണ്യത്തെ ആധാരമാക്കി നിയമശാസ്ത്രത്തെപ്പററിയോ ഒരു മലയാളം മുൻഷി വ്യാകരണനിയമങ്ങളിലുള്ള തൻെറ വ്യുൽപത്തിയെ ആശ്രയിച്ചുകൊണ്ടു തത്വശാസ്ത്രത്തെക്കുറിച്ചോ എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിച്ചാൽ അതു് എത്രമാത്രം സ്വീകാര്യമായിരിക്കും? പ്രകൃതിശാസ്ത്രങ്ങളെക്കുറിച്ചു തങ്ങൾക്കുള്ള വിജ്ഞാനത്തെ ആധാരമാക്കി തത്വശാസ്ത്രത്തെയോ ദൈവശാസ്ത്രത്തെയോ പററി ആരെങ്കിലും പുറപ്പെടുവിക്കുന്ന വിദഗ്ധാഭിപ്രായത്തിന് അത്രയും വിലയേ കല്പിക്കുവാൻ പാടുള്ളൂ. ഇക്കാര്യം ശ

രിയായി ഗ്രഹിച്ചുകൊണ്ടായിരിക്കണം "താനൊരു ശാസ്ത്രജ്ഞന്റെ നിലയിലല്ല ദൈവാസ്തിത്വത്തെപ്പററി പറയുന്നതെന്ന് എടിങ്ങ്ടൺ മുന്നറിവുകൊടുത്തിട്ടുള്ളതു്" (If I say anything positive on this side of the question it is not as a scientist that I claim to speak). "ശാസ്ത്രത്തിൽ വിദഗ്ധരായതുകൊണ്ട് അവർ പറയുന്നതു ശരിയായിക്കൊള്ളണമെന്നും ഇല്ല. എന്തെന്നാൽ ഈശ്വരവാദത്തിനും ശാസ്ത്രത്തിനും തമ്മിൽ ഒരു ബന്ധമുണ്ടെന്നു പറഞ്ഞുകൂടാ" (പുറം 15) എന്നു പ്രസ്താവിക്കുന്നിടത്തു് ഏകദേശം ഈ അഭിപ്രായംതന്നെയാണെന്നു തോന്നുന്ന മി. പിള്ളയും സൂചിപ്പിക്കുന്നതു്. പക്ഷേ, അതിന് അദ്ദേഹം കൊണ്ടുവരുന്ന കാരണം പരമാബദ്ധമാണെന്നേയുള്ളു: ശാസ്ത്രത്തിനും ഈശ്വരവാദത്തിനും തമ്മിൽ ബന്ധമില്ലാത്തതു്, നമ്മുടെ ഈശ്വരൻ വിശ്വാസത്തേയും വികാരത്തേയും അവലംബിച്ചു ജീവിക്കുന്നതുകൊണ്ടാണത്രേ. എന്നാൽ, പ്രകൃതിശാസ്ത്രങ്ങളുടെ പരിധിയിൽപ്പെടുന്ന വിഷയമല്ല ഈശ്വരാസ്തിത്വം എന്നുള്ളതുകൊണ്ടാണ് അവയ്ക്കു തമ്മിൽ ബന്ധമില്ലാത്തതെന്ന് അദ്ദേഹം ഗ്രഹിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇത്രയും പ്രസ്താവിച്ചതുകൊണ്ട്, ശാസ്ത്രജ്ഞന്മാരുടെ വിദഗ്ധാഭിപ്രായങ്ങളെ ഞങ്ങൾ അവഗണിക്കുന്നെന്ന് ആരും തെററിദ്ധരിക്കരുതു്. തങ്ങൾക്കു പ്രാവീണ്യമുള്ള ശാസ്ത്രങ്ങളുടെ പരിധിയിൽപ്പെടുന്ന വിഷയങ്ങളെക്കുറിച്ച് അവർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ ആദരപൂർവ്വം സ്വീകരിക്കുകതന്നെ വേണം. പ്രകൃതിശാസ്ത്രങ്ങളിലെന്നതുപോലെ തത്വശാസ്ത്രത്തിലും ദൈവശാസ്ത്ര

ത്തിലുംകൂടി വിജ്ഞാനികളായിരിക്കുന്ന ശാസ്ത്രജ്ഞന്മാർ ഈശ്വരാസ്തിത്വത്തെക്കുറിച്ചു പ്രകടിപ്പിക്കുന്ന അഭിപ്രായത്തിനു കൂടുതൽ വില കല്പിക്കാൻ സാധിക്കും എന്നുള്ള കാര്യവും പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു.

ആകയാൽ, ശാസ്ത്രജ്ഞന്മാരിൽ ചിലരെന്നല്ല,എല്ലാവരുംതന്നെ നിരീശ്വരവാദികളായാൽ ആസ്തിക്യവാദികൾ ഭയപ്പെടുകയോ, അവരെല്ലാം ഈശ്വരവാദികളായതുകൊണ്ട് അമിതമായി ആനന്ദിക്കുകയോ ചെയ്യുകയില്ല. ആ ശാസ്ത്രജ്ഞന്മാരുടെ മറപിടിച്ചുകൊണ്ട് 'ആസ്തിക്യവാദഡിണ്ഡിമം മുഴക്കുവാൻ' സുബോധമുള്ളവരാരും മുതിരുകയുമില്ല. അവരുടെ അഭിപ്രായങ്ങളെ ആധാരമാക്കി ദൈവാസ്തിത്വം സ്ഥാപിക്കുവാൻ ഞങ്ങളും തുനിയുന്നില്ല.

ഇനിയും നമുക്കു 'വിചാരവിപ്ലവ'കർത്താവിൻെറ വാദമുഖങ്ങളെ പരിശോധിക്കാം. അദ്ദേഹം ഇങ്ങനെ ആരംഭിക്കുന്നു:

"പത്തൊൻപതാം നൂററാണ്ടിലെ ശാസ്ത്രജ്ഞന്മാരിൽ പലരും നിരീശ്വരവാദികളായിരുന്നുവെങ്കിലും ഇരുപതാംനൂററാണ്ടിലുള്ളവർ ആസ്തിക്യത്തിലേയ്ക്കു മടങ്ങിവന്നിരിക്കുന്നുവത്രേ. യുക്തിവാദികളെ തോല്പിക്കുവാൻ ഇങ്ങനെയൊരു പുതിയ ആസ്തിക്യവാദം പുറപ്പെടുവിക്കുക ഇപ്പോൾ സാധാരണമായിട്ടുണ്ട്" (പുറം 11). (കീഴ്വര ഞങ്ങളുടേത്),

പത്തൊൻപതാംനൂററാണ്ടിലേ ശാസ്ത്രജ്ഞന്മാരിൽ പലരും നിരീശ്വരന്മാരായിരുന്നുവെന്ന് ആസ്തിക്യവാദികളും സമ്മതിക്കുന്നുണ്ടെന്ന് ഈ പ്രസ്താവം കേട്ടാൽ തോന്നിപ്പോകും. സാധുക്കളെ ദൂഷണം ചെയ്യു

വാനുള്ള ഒരു ചെപ്പടിവിദ്യയാണിവിടെ പ്രയോഗിക്കപ്പെട്ടിരിക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല. പത്തൊൻപതാം നൂററാണ്ടിലേ ശാസ്ത്രജ്ഞന്മാരിൽ പലരും നിരീശ്വരവാദികളായിരുന്നൊന്നു്! മാത്രമല്ല, അതു് ആസ്തിക്യവാദികളും സമ്മതിക്കുന്നുണ്ടെന്നു്!! ആസ്തിക്യവാദികളുടെ കാര്യം പോകട്ടെ, ചരിത്രത്തിൽ അല്പമെങ്കിലും ജ്ഞാനമോ ബുദ്ധിപരമായ സത്യസന്ധതയുടെ കണികയെങ്കിലുമോ ഉള്ള ഒരു നാസ്തിക്യവാദിക്കുപോലും പുറപ്പെടുവിക്കുവാൻ കഴിയാത്ത ഒരു പ്രസ്താവമാണിതു്. പത്തൊൻപതാംനൂററാണ്ടിലേ ചുരുക്കംചില ശാസ്ത്രജ്ഞന്മാർ നിരീശ്വരവാദികളായുണ്ടായിരുന്നൊന്നുള്ളതു പരമാർത്ഥമാണു്; എന്നാൽ, അതുകൊണ്ടു പല ശാസ്ത്രജ്ഞന്മാരും നിരീശ്വരന്മാരായിരുന്നെന്നു വാദിക്കുന്നതു സത്യത്തിനോ മര്യാദയ്ക്കോ യോജിച്ച ഒരു പ്രവൃത്തിയാണോ?

പത്തൊൻപതാംനൂററാണ്ടിൽ ശാസ്ത്രീയമായ പര്യന്വേഷണങ്ങളാലും കണ്ടുപിടിത്തങ്ങളാലും സുപ്രസിദ്ധന്മാരായിത്തീർന്ന പണ്ഡിതന്മാരിൽ ചിലരുടെ പേരുകൾ താഴെച്ചേർക്കുന്നു:- Count von Rumford; J. R. Mayer; J. P. Joule; G. A. Hirn; W. Rankine; H. Von Helmholtz; Sir William Thomson (later Lord Kelvin); K. F. Gauss; J, F. Pfaff; A. L. Cauchy; V. A. Puiseux; C. Hermite; P. S. Laplac; G. Piazzi; A.Secchi; F. Cecchi; F. de Vico; Sir John Herschel; U. J. Leverrier; L. Respighi; K. Kreil; J. F. Encke; A. Volta; A. M. Ampere; M. Faraday; G. S. Ohm; J. C. Maxwell; W. Weber; A.

Fresnel; J. Fraunhofer; A. Fizeau; Sir George Stokes; Lord Raylegh; J. B. Biot; V. Regnault; Sir Humphry Davy; L. Vauquelin; L. Thenard; J. B. Dumas; J. von Fuchs; E. Mallard; G. Cuvier; C. Deville; L. de Beaumont; J. Barrando; G. Daubree; B. d'Omalius; A. Dumont; J. D. Dana; Sir William Dawson; K. Bischof; F. Quenstedt; Oswald Heer; B. Studer; K. Lossen; W. Waagen; J. Muller; T. Schwann; D. Eschricht; A. Volkmann; C. Bernard; Sir Charles Bell; L. Pastuer; J. B. Carnoy; R. Laennee; C. Ehrenperg; L. Agassiz; P. J. Beneden; A. David; K. uon Martius; Asa Gray; Karl Bear; G. J. Romanes; J. B. de Lamarck; E. Saint-Hilaire; Sir Charles Lyell (1).

W. Rontgen; G. Marconi; G. Mendel; I. Niepese; G. Zamboni; J. Babinet; J. B. L. Foucault; W. Bullock; M. Monturiol; J. O'Dwyer; E. Branly; I. Cierva (2).

കൗച്ചി (Cauchy) എന്ന സുപ്രസിദ്ധ ഗണിതശാസ്ത്രജ്ഞന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്: "ഞാൻ ഒരു ക്രിസ്ത്യാനിയാകുന്നു. അതിന്റെ അർത്ഥമെന്തെന്നാൽ, ടൈക്കോ ബ്രാഹി (Tycho Brahi), കൊപ്പർണിക്കസ് (Copernicus), ഡെക്കാർട്ട (Descrates), ന്യൂട്ടൺ (Newton), ഫെർമൽ (Fermal), ലെബ്നിററ്സ് (Labei nitz). പാസ്കൽ (Pascal), ഗ്രിമാൾഡി (Grimaldi), എവുളർ (Euler), ഗുഡ്ലിൻ (Gudlin), ബോസ്കോവിച്ച് (Boscovitch) ജർഡിൽ (Gerdil) എന്നിവരോടുകൂടി- ശ്ര

(1) യുക്തിവാദിയുടെ യുക്തിവധം (പുറം 48)

(2) Is there a God? (p. 322-24).

തകാലത്തിലെ അഗ്രഗണ്യന്മാരായ സകല ജ്യോതിശ്ശാസ്ത്രജ്ഞന്മാരോടും പ്രകൃതിശാസ്ത്രജ്ഞന്മാരോടും ക്ഷേത്രഗണിതശാസ്ത്രജ്ഞന്മാരോടുംകൂടി, ഞാൻ യേശുക്രിസ്തുവിൻെറ ദൈവത്വം വിശ്വസിക്കുന്നു . . . . കോർണെയിൽ (Corneille), റേസിൻ (Recine), ലബ്രൂയേർ (La Bruyere), ബോസ്വേ (Bossuet), ബൂർദലൂ (Bourdaloue) ഫെനലൺ (Fenelon) എന്നിവരോടും, പ്രകൃതിശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും സാഹിത്യത്തിലും ഏററമധികം പ്രവത്തിച്ചിട്ടുള്ളവരോടും നമ്മുടെ വിദ്വൽസ്ഥാപനങ്ങളുടെ ഏററവും പ്രസിദ്ധന്മാരായ അംഗങ്ങളോടുംകൂടി ഞാൻ നിഷ്കപടനായ ഒരു കത്തോലിക്കനായിരിക്കുന്നു. റൂഫിനി (Ruffini), ഹെയ് (Hauy), ലേനെക് (Laennec) ആംപേർ (Ampere), പെല്ലെററിയെ (Pelletier), ഫ്റേസിനെ (Freycinet), കൊരിയോളിസ് (Corriolis), എന്നിങ്ങനെയുള്ള നമ്മുടെ ഏററം വലിയ പണ്ഡിതന്മാരുടെവാക്കുകളിലും പ്രവൃത്തികളിലും ഗ്രന്ഥങ്ങളിലും പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്ന അഗാധങ്ങളായ മതബോധ്യങ്ങളിൽ ഞാൻ ഭാഗഭാക്കായിരിക്കുന്നു." (1)

ഇത്രയധികം ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ഈശ്വരവിശ്വാസികളായിരിക്കെ പത്തൊൻപതാം നൂററാണ്ടിലെ ശാസ്ത്രജ്ഞന്മാരിൽ പലരും നിരീശ്വരവാദികളായിരുന്നുവെന്നു പറയുവാൻ മുതിരുന്നവരുടെ 'ബുദ്ധിപരമായ സത്യസന്ധത'യെപ്പററി വിസ്മയിക്കാതിരി

---

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക് (പുറം 197-98)

ക്കാൻ നിവൃത്തിയില്ല. ഇങ്ങനെ ആസ്തിക്യവാദികളായ ചില ശാസ്ത്രജ്ഞന്മാരുടെ പേരുകളും അവരിലൊരാളുടെ അഭിപ്രായവും ഉദ്ധരിച്ചതു്, ആസ്തിക്യവാദത്തിന്ന് ഉപോൽബലകങ്ങളായ തെളിവുകളായല്ല; പ്രത്യുത, മി. കൃഷ്ണപിള്ളയുടേയും കൂട്ടരുടേയും വൃഥാജല്പനത്തിന്റെ കഥയില്ലായ്മയെക്കാണിക്കുവാൻ വേണ്ടിമാത്രമാണു്.

ഈശ്വരനെക്കുറിച്ചു് ആസ്തിക്യവാദികളായ ശാസ്ത്രജ്ഞന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ അന്യോന്യഭിന്നങ്ങളും അവ്യക്താർത്ഥങ്ങളുമാണെന്നാണു ശ്രീ കുററിപ്പുഴയുടെ മറെറാരാരോപണം. അദ്ദേഹം പറയുന്നു: "ജീൻസിന്റെ ഈശ്വരൻ ഒരു ഗണിതജ്ഞനാണെന്നു കണ്ടുവല്ലോ. മറെറാരു ശാസ്ത്രജ്ഞനു മനുഷ്യനിൽ മഹത്തായ ഒരു 'പെഷ്സണാലിററി' ഉണ്ടാക്കിത്തീക്കുന്നതെന്തെല്ലാമോ അതെല്ലാം ദൈവമാണു്. ചില കേവലതത്വങ്ങളിന്മേലുള്ള പുരുഷധർമ്മാരോപമാണു് ഈശ്വരനെന്നു് എഡിങ്ടൺ പറയുന്നു." (പുറം 13) ഇങ്ങനെ അന്യോന്യഭിന്നങ്ങളായ അഭിപ്രായങ്ങൾ ശാസ്ത്രജ്ഞന്മാർ പുറപ്പെടുവിച്ചിരിക്കുന്നതിനാൽ, മി. കൃഷ്ണപിള്ളയുടെ ദൃഷ്ടിയിൽ അവയ്ക്കൊന്നിനും വിലയില്ല.

ഈ അഭിപ്രായങ്ങളെല്ലാം അന്യോന്യഭിന്നങ്ങളെന്നു കരുതുക. എന്നാൽ, അതുകൊണ്ടുമാത്രം അവയെല്ലാം അസ്വീകാര്യങ്ങളോ അവയ്ക്കാധാരഭൂതമായ ഈശ്വരാസ്തിത്വം തിരസ്കാര്യമോ ആകണമെന്നുണ്ടോ? ഒരു ഉദാഹരണംകൊണ്ടു് ഈ വസ്തുത കൂടുതൽ സ്പഷ്ടമാക്കാം: ശ്രീ കുററിപ്പുഴ ഒരു സാഹിത്യകാരനും ഒരു അധ്യാപകനും ഒരു വാഗ്മിയുമാണെന്നിരിക്കട്ടെ. അദ്ദേഹം 'ന

ലംതികഞ്ഞ ഒരു സാഹിത്യകാരനാണു്" എന്നു് ഒരു സ
ഹൃദയനും 'സമർത്ഥനായ ഒരദ്ധ്യാപകനാണു്" എന്നു്
ഒരു വിദ്യാർത്ഥിയും 'വശ്യവചസ്സായ ഒരു വാഗ്മിയാ
ണു്" എന്നു് ഒരു ശ്രോതാവും പറയുന്നെന്നിരിക്കട്ടെ.
ഈ മൂന്നഭിപ്രായങ്ങളും അന്യോന്യഭിന്നങ്ങളാകയാൽ
അവയെല്ലാം അയഥാർത്ഥങ്ങളാണെന്നുതന്നെയല്ല, അ
വയ്ക്കാധാരഭൂതനായ മി. കുററിപ്പുഴയെന്ന ഒരാൾ ഇല്ലാ
യിരിക്കണം എന്നുകൂടി 'യുക്തിയെ അവലംബിച്ചുകൊ
ണ്ടു്" ഒരു യുക്തിവാദി വാദിച്ചുതുടങ്ങിയാൽ എന്തു സ
മാധാനം പറയും! ഏതാദൃശമായ ഒരു വാദരീതിയല്ല
യോ മി. പിള്ള ഇവിടെ അവലംബിച്ചിരിക്കുന്നതു്?

അപരിമേയനായ ഈശ്വരനെക്കുറിച്ചു സമഗ്രമാ
യ ഒരു ജ്ഞാനം, പൂർണ്ണമായ ഒരു നിർവ്വചനം, നല്കുവാൻ
പരിമിതബുദ്ധിയായ മനുഷ്യനു സാദ്ധ്യമല്ലല്ലോ. തന്മൂലം,
സർവ്വഗുണസമ്പൂർണ്ണനായ ഈശ്വരനെക്കുറിച്ചു മനുഷ്യൻ
നല്കിയിട്ടുള്ള ആശയങ്ങൾ അപൂർണ്ണങ്ങളോ അവ്യക്ത
ങ്ങൾതന്നെയോ ആയിരിക്കുന്നതിൽ വിസ്മയിക്കേണ്ടതി
ല്ല. ഈശ്വരനെ, വിവിധവീക്ഷണകോണങ്ങളിൽനിന്നു
(different aspects) കൊണ്ടു നിരൂപിക്കുന്ന ശാസ്ത്രജ്ഞ
ന്മാർ അവിടുത്തേയ്ക്കു നല്കുന്ന നിർവ്വചനങ്ങൾ അന്യോ
ന്യഭിന്നങ്ങളായതുകൊണ്ടു് അവയെല്ലാം പരസ്പരവിരുദ്ധ
ങ്ങളോ അബദ്ധജടിലങ്ങളോ ആകണമെന്നില്ല.

'സർവ്വത്തിൻേറയും അടിയിൽ സർവ്വത്തിനും ആധാ
രമായി എന്തെങ്കിലും ഉണ്ടു്" എന്നു ശാസ്ത്രജ്ഞന്മാർ സ
മ്മതിക്കുന്നുണ്ടെങ്കിൽത്തന്നെ 'ദുഷ്ടശിക്ഷണം, ശിഷ്ടപ
രിപാലനം, പരമകാരുണികത്വം, സൃഷ്ടിസ്ഥിതിസം

ഹാരം തുടങ്ങിയ 'ജോലി'കളുള്ള ഒരീശ്വരനെപ്പററി അവരാരും ഒന്നും പറഞ്ഞിട്ടില്ല എന്നതാണു നാസ്തിക്യ വാദത്തിനു പിന്തുണയായി മി. കുററിപ്പുഴ ഉന്നയിക്കുന്ന മറെറാരു ശക്തിയേറിയ ന്യായം (പുറം 14). രോഗവിവരങ്ങളെക്കുറിച്ചു നിയമവകുപ്പിലൊന്നും കാണുന്നില്ലെന്നു പറയുന്നതുപോലെ അർത്ഥശൂന്യമായ ഒരു വാദമല്ലയോ ഇതു്? ശാസ്ത്രജ്ഞന്മാരുടെ പ്രവർത്തനമണ്ഡലം ഭൗതികലോകം മാത്രമാണെന്നും ഈശ്വരനെക്കുറിച്ച് എന്തെങ്കിലും വിദഗ്ദ്ധാഭിപ്രായം പുറപ്പെടുവിക്കുവാൻ ശാസ്ത്രജ്ഞന്മാരെന്ന നിലയിൽ അവർ തികച്ചും അനർഹരാണെന്നും നാം കണ്ടുകഴിഞ്ഞതാണ്. തന്മൂലം, ഈശ്വരന്റെ സ്വഭാവത്തെപ്പററിയോ കർത്തവ്യങ്ങളെക്കുറിച്ചോ ശാസ്ത്രജ്ഞന്മാർ മൗനം കാക്കുന്നു എന്നു പറഞ്ഞുകൊണ്ടു 'നാസ്തിക്യവാദഡിണ്ഡിമം' മുഴക്കാമെന്നു വിചാരിക്കുന്നതു പരിഹാസ്യമല്ലയോ?

"ശാസ്ത്രപ്രകാശത്തിൽ വെളിപ്പെട്ടാൽ ഈശ്വരൻ ഈശ്വരനല്ലാതായിപ്പോകും"(പുറം 15) എന്നതാണു മി. പിള്ളയുടെ മറെറാരു പ്രസ്താവം. ഒരുവിധത്തിൽ അതു ശരിയാണു്. 'ശാസ്ത്രപ്രകാശത്താൽ വെളിപ്പെടുത്തപ്പെടാവുന്ന ഒരീശ്വരൻ'— ഭൂതക്കണ്ണാടിയോ ദൂരദർശിനിയോവഴി ദൃശ്യനാകുന്ന ഒരു ഈശ്വരൻ—ശാസ്ത്രീയപരീക്ഷണശാലയിലെ (Laboratory)ഉപകരണങ്ങളുടെ സഹായത്താൽ വിശകലനത്തിനു വിധേയനാകുന്ന ഒരു ഈശ്വരൻ— ഈശ്വരനേ അല്ല; കാരണം താദൃശനായ ഒരീശ്വരൻ സപദാർത്ഥൻ (material) ആയിരിക്കും. എന്നാൽ, അത്തരത്തിലുള്ള ഒരീശ്വരനെ സൃബ്യ

ദ്ധിയുള്ളവക്ക് വിഭാവനം ചെയ്യുന്നതിനുപോലും സാധിക്കുമോ?

ശ്രീ കുററിപ്പുഴ തുടൻപറയുന്നു, യുക്തിവാദവും സന്മാഗ്ഗവും തമ്മിൽ പൊരുത്തമില്ലെന്നുള്ളതു് ഒരു മിഥ്യാബോധംമാത്രമാണെന്ന്. കാരണം, മതത്തിൻെറ സന്താനമല്ല സന്മാഗ്ഗം എന്നുള്ളതുതന്നെ. (പുറം 17) (യുക്തിവാദികൾക്കു മതമില്ലെന്ന് ഇവിടെ ശ്രീ പിള്ള സമ്മതിക്കുന്നുണ്ടല്ലോ!) സന്മാഗ്ഗത്തിൻെറ അവശ്യഘടകമാണു മതമെന്നു സമത്ഥിച്ചാൽ ('മതവും സന്മാഗ്ഗബോധവും' എന്ന അധ്യായത്തിൽ ഇതു തെളിയിച്ചിട്ടുണ്ട്) മി. കൃഷ്ണപിള്ളയുടെ ഈ വാദം താനേ പൊളിഞ്ഞുപൊയ്ക്കൊള്ളുമല്ലോ. "ചാരിത്രശുദ്ധി ലൈംഗികജീവിതത്തിലെ കൃത്രിമനിരോധനങ്ങളാണെന്നും" (പുറം 26) "പാതിവ്രത്യധമ്മം പുരുഷൻെറ അസൂയ കണ്ടുപിടിച്ച സൂത്രമാണെന്നും" (പുറം 104) യഥേഷ്ടം വ്യഭിചാരം ചെയ്യുവാനുള്ള സ്വാതന്ത്ര്യം അഥവാ അനുവാദം സ്ത്രീകൾക്കുണ്ടായിരിക്കണമെന്നും (പുറം 104) മററും വാദിക്കുന്ന മി. പിള്ളയെപ്പോലുള്ള യുക്തിവാദികളുടെ സന്മാഗ്ഗബോധത്തെപ്പററി എന്തു പറയട്ടെ!

മതമില്ലാത്ത യുക്തിവാദികളാണു മതക്കാരായ വിശ്വാസികളെക്കാൾ കൂടുതൽ ലോകസേവനം നടത്തിയിട്ടുള്ളതെന്നു മനുഷ്യചരിത്രം പരിശോധിച്ചാൽ കാണാമത്രേ! (പുറം 17) ഫ്റഞ്ചുവിപ്ലവം— മനുഷ്യൻെറ മഹനീയതയ്ക്കു് എന്നെന്നും തീരാക്കളങ്കമായി ചരിത്രപക്ഷങ്ങളിൽ ആലേഖിതമായിരിക്കുന്ന മൃഗീയമായ, ഘോരം, പൈശാചികമായ ആ സംഭവം-ആണ് അ

വർ അനുഷ്ഠിച്ച ആദ്യത്തെ "ലോകസേവനം"! യുക്തിവാദികളുടെ അത്തരം "സേവനം" ഇന്നും ലോകം ആസ്വദിച്ചുകൊണ്ടാണിരിക്കുന്നത്!

യഥാർത്ഥചിന്തകന്മാർക്കു സത്യം ഗ്രഹിക്കുന്നതിനു യുക്തിവാദികളുടെ കുയുക്തിവാദവും "മഹനീയസിദ്ധാന്തങ്ങളും" ഉപകരിക്കാറുണ്ട്; വാസ്തവത്തിൽ അഭിലഷണീയമായ ഒരു ലോകസേവനമാണിത്. അജ്ഞതയിലും അബദ്ധത്തിലും കിടന്നു നട്ടംതിരിഞ്ഞ പലരും യുക്തിവാദികളുടെ "സേവന"ത്തിൻെറ ഫലമായി സത്യവിശ്വാസത്തിലേയ്ക്കു— കത്തോലിക്കാസഭയുടെ മടിത്തട്ടിലേയ്ക്കു—ആനീതരായിട്ടുണ്ട്. സ്വന്തം അനുഭവങ്ങളെ ആധാരമാക്കി മി. അർനോൾഡ് ലൺ പ്രസ്താവിക്കുന്നതു കേൾക്കുക: ". . . . തങ്ങളുടെ കത്തോലിക്കമതസ്വീകരണത്തിന് (അവിശ്വാസികളായ) ഹെക്കൽ, ബ്രാഡ്‌ലാ എന്നിവരോടു കടപ്പെട്ടിരിക്കുന്നവർ, കത്തോലിക്കാസഭയുടെ വലിയ സഹായകന്മാരായിരിക്കുന്ന ഈ മാന്യന്മാരുടെ ശവകുടീരത്തിങ്കൽ പുഷ്പമഞ്ജരി ചാർത്തേണ്ട കാലം ആസന്നമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈ ആധുനികലോകഗുരുക്കന്മാരിൽനിന്നു കഴിയുന്നതു പഠിക്കാനുള്ള ശ്രമത്തിൽ ഞങ്ങൾ പലരും സത്യത്തിലേക്കു പിന്തിരിക്കപ്പെടുകയാണുണ്ടായിട്ടുള്ളതു്. ഈ മാന്യന്മാർ തുടങ്ങിയ നല്ല വേല മി. എച്ച്. ജി. വെത്സ്, പ്രൊഫസർ ജൂലിയൻ ഹക്സ്ലി എന്നിവർ തുടർന്നുകൊണ്ടിരിക്കുന്നു." (1)

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേയ്ക്കു (പുറം 202)

സ്പെയിൻ ലഹളക്കാലത്തു 'മതവും ഈശ്വരനും ധാരാളമുള്ള സന്മാർഗ്ഗികൾ വെടിമരുന്നു നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി തടവുകാരെ ശത്രുക്കണക്കായി കൈ രണ്ടും വെട്ടി ജീവനോടേ സമുദ്രത്തിൽ തള്ളിക്കളഞ്ഞു'വത്രേ. മതവിരോധികളായ കമ്മ്യൂണിസ്റ്റുകാർപോലും ചെയ്യാൻ മടിക്കുന്ന ഇത്തരം നിഷ്ഠൂരമായ ചണ്ഡാലത്വം 'മതവും ഈശ്വരനും ധാരാളമുള്ള' സന്മാർഗ്ഗികൾ പ്രദർശിപ്പിച്ചെങ്കിൽ മതവും സന്മാർഗ്ഗവും തമ്മിൽ യാതൊരു ബന്ധവുമുണ്ടായിരിക്കുവാൻ പാടില്ല എന്നു ശ്രീ. പിള്ള അനുമാനിക്കുന്നു. (പുറം 18) എത്ര യുക്തിയുക്തമായ നിഗമനം! എത്ര വിശിഷ്ടമായ വാഗ്രീതി! എത്ര അനുകരണാർഹമായ യുക്തിവാദം!

ആഭ്യന്തരസമരകാലത്തു സ്പെയിനിൽ നടന്ന സംഭവങ്ങൾ അവയുടെ തനിനിറത്തിൽ വളരെ ചുരുക്കമായേ മറ്റുള്ളവർ അറിഞ്ഞിരുന്നുള്ളു. രക്തവർണ്ണർ ദേശീയകക്ഷികളുടെ പ്രവർത്തനങ്ങളെ കഴിയുന്നത്ര താറടിച്ചാണു പ്രദർശിപ്പിച്ചുപോന്നതു്. കമ്മ്യൂണിസ്റ്റുകാരുടെ ഈ ദുഷ്പ്രചരണംമൂലം യാഥാർത്ഥ്യമറിയാതെ ഫ്റാങ്കോയേയും കൂട്ടരേയും അപലപിച്ചിരുന്നവരുടെ ആരോപണങ്ങളിലൊന്നാണു മി. കുറ്റിപ്പുഴ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ, ആഭ്യന്തരസമരകാലത്തു് അവിടെ നടന്ന സംഭവങ്ങളെക്കുറിച്ചു സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞ നിഷ്പക്ഷബുദ്ധികൾ ഓരോ സംഭവത്തേയും സ്ഥലകാലനിർണ്ണയംചെയ്തും ദൃക്സാക്ഷികളും അനുഭവസാക്ഷികളും നല്കുന്ന വിവരങ്ങൾ അടി

സ്ഥാനമാക്കിയും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. (1) യാഥാർത്ഥ്യം ഗ്രഹിക്കണമെന്നുള്ളവർ ആവക ഗ്രന്ഥങ്ങൾ പാരായണം ചെയ്യട്ടെ. അപ്പോഴറിയാം, 'വെടിമരുന്നു നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി മതക്കാർ തടവുകാരെ സമുദ്രത്തിൽ താഴ്ത്തിയിട്ടുണ്ടെന്നുള്ള' പ്രസ്താവം എത്രമാത്രം പരമാർത്ഥമാണെന്ന്! തുടൎന്നുവായിച്ചാൽ ഗ്രഹിക്കുവാൻ കഴിയും, കമ്മ്യൂണിസ്ററുകാരും നിർമ്മതക്കാരും അവിടെ കാട്ടിക്കൂട്ടിയ ചണ്ഡാലത്വം. നിരപരാധകളായ സന്ന്യാസിനികളെ നഗ്നരായി ചന്തത്തെരുവുകളിൽ കൂടിവലിച്ചിഴയ്ക്കുക, ശവകുടീരങ്ങളിൽനിന്നു മൃതദേഹങ്ങൾ മാന്തിയെടുത്ത് അവഹേളിക്കുക, ജീവനോടേ പലരേയും കുഴിച്ചിടുക തുടങ്ങിയവ കമ്മ്യൂണിസ്ററുകാർ പ്രവൎത്തിച്ച പൈശാചികകൃത്യങ്ങളിൽ ചിലതുമാത്രമാണ്. (2)

ഇനിയും മി. പിള്ള പ്രസ്താവിക്കുന്നതുപോലെ, സ്പെയിനിലേ മതക്കാർ പ്രവൎത്തിച്ചിട്ടുണ്ടെങ്കിൽത്തന്നെ അക്കാരണത്താൽ 'മതക്കാരെല്ലാം' ദുർമ്മാർഗ്ഗികളാണെന്നോ മതവും സന്മാർഗ്ഗവും തമ്മിൽ ബന്ധമില്ലെന്നോ വരുന്നുണ്ടോ? താദൃശപ്രവൃത്തികളെ മതം സാധൂകരിക്കു

---

(1) Red Spain (by G. M. Godden) Spain in Flames (by Fredrico De Echeverria) War time Mission in Spain (by Carlton J. H. Hayes; യുദ്ധം സ്പെയിനിലെ അമേരിക്കൻ പ്രതിനിധിയായിരുന്നു) The Flame of Hispanicim (by Dr. Angel Gonzalez Palencia) Surveying the Spanish war (by Dr. M. G. Maranon) എന്നീ ഗ്രന്ഥങ്ങൾ അവയിൽ ചിലവ മാത്രമാണ്.

(2) Red spain (p. 27)

കയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നുണ്ടോ? ഒരി ക്കലുമില്ല. മറിച്ച്, ഈശ്വരകോപത്തിനിടയാക്കുന്ന മ ഹാപാതകങ്ങളായാണ് അവയെ മതം പരിഗണിക്കു ന്നതു്; അപ്രകാരമാണു മതക്കാരെ പഠിപ്പിക്കുന്നതും. മതശാസകനകളെ അനുസരിക്കാതെ സ്വേച്ഛാനുസാ രം അധൎമ്മം പ്രവൎത്തിക്കുന്ന ഏതൊരുവനും— അ വൻ 'മതക്കാരൻ'നോ 'നിൎമ്മതക്കാരൻ'നോ ആയിക്കൊള്ള ട്ടെ— മതത്തിൻെറ ദൃഷ്ടിയിൽ ദുൎമ്മാൎഗ്ഗിയാണ്. അ വൻ അധൎമ്മം പ്രവൎത്തിക്കുന്നതു മതക്കാരനായതുകൊ ണ്ടല്ല, മറിച്ച്, മതത്തിൻെറ അനുശാസനങ്ങളെ അവ ഗണിക്കുന്നതുകൊണ്ടത്രേ. മനുഷ്യൻെറ സ്വാതന്ത്ര്യപ്രതി പത്തി വരുത്തിവയ്ക്കുന്ന ദോഷങ്ങളെ മതത്തിൻെറ ത ലയിൽ കെട്ടിവയ്ക്കുന്നതു മൎയ്യാദയല്ലെന്നുമാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

"യുക്തിയ്ക്കു വിഷയമാകാത്തതൊന്നും വിശ്വസിക്കുവാൻ പാടില്ലയോ? (പുറം 18) ഈ ചോദ്യത്തിനു മി. കൃഷ്ണപി ള്ള യുക്തിവാദികളെക്കൊണ്ടു് ഇങ്ങനെ ഉത്തരം പ റയിക്കുന്നു: "മതിയായ തെളിവുണ്ടെങ്കിലേ വിശ്വ സിക്കാവൂ; ഇല്ലെങ്കിൽ അതു് അജ്ഞാതാവസ്ഥയിൽ വച്ചുകൊണ്ടിരിക്കുന്നതാണു നല്ലതു്." (പുറം 18) ഇ വിടെ ഒന്നുകിൽ ശ്രീ. കുററിപ്പുഴ ഒരു സൂത്രം പ്രയോ ഗിച്ചിരിക്കുന്നു. കാരണം, ചോദ്യത്തിനുള്ള ഉത്തരമല്ല ഇവിടെ അദ്ദേഹം നല്കുന്നതു്. അല്ലെങ്കിൽ, അദ്ദേഹ ത്തിന്ന് ഒരമളി പിണഞ്ഞിട്ടുണ്ടു്; എന്തുകൊണ്ടെന്നാൽ, യുക്തിയ്ക്കു വിധേയമാകാത്തതിനൊന്നും തെളിവില്ലെ ന്നോ തെളിവുള്ളതെല്ലാം യുക്തിയ്ക്കു വിധേയമായിരിക്ക

ണമെന്നോ അദ്ദേഹം തെററിദ്ധരിച്ചുപോയി. യുക്ത്യതീതമായതെല്ലാം യുക്തിവിരുദ്ധമാണെന്നുള്ള യുക്തിവാദികളുടെ യുക്തിഹീനമായ ഒരു സിദ്ധാന്തത്തിൻെറ പ്രതിഫലനമാണു നാം ഇവിടെ കാണുന്നതു്. ഒരു വസ്തുത നമ്മുടെ യുക്തിയ്ക്കു വിധേയമാകുന്നില്ല, അഥവാ, അതിൻെറ ന്യായങ്ങൾ നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നില്ല എന്നതുകൊണ്ടു് അതിനു തെളിവേയില്ല എന്നു പറയുന്നതു ഭോഷത്തമല്ലയോ? സൂര്യൻ നിശ്ചലനായി നിലകൊള്ളുന്നുവെന്നും ഭൂമിയാണു് അതിനെ ചുററിക്കൊണ്ടിരിക്കുന്നതെന്നുമുള്ള ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം തൻെറ യുക്തിയ്ക്കതീതമാണെന്നുള്ള ഏകകാരണത്താൽ തെളിവില്ലാത്തതാണെന്നു പറഞ്ഞു തള്ളിക്കളയുവാൻ മുതിരുന്ന ഒരു വിദ്യാർത്ഥിയെപ്പററി നാമെന്തു വിചാരിക്കും?

യുക്തിവാദികളുടേയും ഉപരിവിമർശകന്മാരുടേയും (Higher critics) ആരാധകനായി നാല്പതിൽപ്പരം വർഷങ്ങൾ കഴിച്ചുകൂട്ടി, അവരുടെ സിദ്ധാന്തങ്ങളും പ്രബോധനങ്ങളുമെല്ലാം നന്നായി പഠിച്ചു്, അവയുടെ കഴമ്പില്ലായ്മയെ വേണ്ടുവിധം ഗ്രഹിച്ച ജോൺ. എൽ. സ്റ്റോഡാർട്ടി (John L. Stodart) ൻെറ വാക്കുകൾ പ്രകൃതത്തിൽ സ്മരണീയമാണു്: "മനുഷ്യൻെറ വിഡ്ഢിത്തത്തിൻേറയും അഹങ്കാരത്തിൻേറയും ഏററം വലിയ അടയാളം പ്രപഞ്ചത്തെ അളക്കേണ്ടതു തൻെറ ബുദ്ധികൊണ്ടാണെന്നോ താൻ അറിയുകയും മനസ്സിലാക്കുകയും ചെയ്യാത്തതൊന്നും സ്ഥിതിചെയ്യുന്നില്ലെന്നോ ഉ

ള്ള വിചാരമാകുന്നു." (1)

**യുക്തിക്കു വിധേയമാകാത്ത വസ്തുതക്കു തെളിവുണ്ടാകാമോ?**
സത്യത്തെ ഗ്രഹിച്ചു സ്വീകരിക്കത്തക്കവണ്ണം വസ്തുസ്ഥിതികളെ നിജസ്വഭാവമനുസരിച്ച്, മനുഷ്യബുദ്ധിയുടെ മുമ്പിൽ പ്രകാശിപ്പിക്കുന്ന മാർഗ്ഗമാണു തർക്കശാസ്ത്രത്തിൽ "തെളിവ്" എന്നറിയപ്പെടുന്നത്. തെളിവുകൾ പലതരമുണ്ട്: 1. ജ്ഞാനത്തിനു വിഷയമാകുന്ന വസ്തുവിൽത്തന്നെ അതിൻെറ തെളിവു ചിലപ്പോൾ അടങ്ങിയിരിക്കാം. ഉദാഹരണമായി "ഇതൊരു പുസ്തകമാകുന്നു" എന്നുള്ള പ്രസ്താവത്തിലേ "ഇതു്" എന്ന സർവ്വനാമത്താൽ നിർദ്ദേശിക്കപ്പെടുന്ന വസ്തുവിൽ പുസ്തകസഹജമായ ലക്ഷണങ്ങൾ ഉണ്ട്; അവ കാണികളുടെ നേത്രങ്ങൾക്കു നേരിട്ടു പ്രത്യക്ഷപ്പെടുന്നതിനാൽ ആ തെളിവ് ആ വസ്തുവിൽത്തന്നെ സ്ഥിതിചെയ്യുന്നുവെന്നു പറയുന്നു. ഇങ്ങനെയുള്ള ജ്ഞാനത്തിനു പ്രത്യക്ഷജ്ഞാനം (Direct knowledge)എന്ന സംജ്ഞ നല്കാം.

2. ജ്ഞാനവിഷയകമായ വസ്തുവിൽനിന്നല്ലാതെ പുറമേനിന്നും തെളിവു ലഭിച്ചെന്നു വരാം. ധൂമപടലം ഉയരുന്ന സ്ഥലത്ത് അഗ്നി ഉണ്ടായിരിക്കണമെന്നും, ചിന്തിക്കുന്ന മനുഷ്യനു ജീവനുണ്ടായിരിക്കണമെന്നും നിസ്സന്ദേഹം നാം മനസ്സിലാക്കുന്നു. അഗ്നിയും ജീവനും ഇവിടെ നമുക്കു നേരിട്ട് അനുഭവവേദ്യമാകുന്നില്ലെങ്കിലും 'പുക', 'ചിന്ത എന്നിവയിൽനിന്ന് അവയോടു അവശ്യബന്ധമുള്ള 'അഗ്നി', 'ജീവൻ' എന്നിവയുടെ സ്ഥിതിയെപ്പററി നാം അ

---

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു് (പുറം 336)

നമാനിക്കുകയാണു ചെയ്യുന്നതു്. ഇതിനു പരോക്ഷജ്ഞാനം (Indirect knowledge) എന്ന പേരു കൊടുക്കാം. യുക്തിപൂർവ്വകവും അബദ്ധരഹിതവുമായ അനുമാനം അസന്ദിഗ്ധമായ തെളിവുതന്നെയാണു്.

3. പരോക്ഷജ്ഞാനം ലഭിക്കുന്നതിനു മറെറാരു തരം തെളിവുകൂടിയുണ്ടു്. അലക്സാണ്ടർ, സിസറോ, സീസർ, നെപ്പോളിയൻ തുടങ്ങിയവർ ജീവിച്ചിരുന്നെന്നു്, മി. ആററ്ലിയാണു് ഇപ്പോൾ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയെന്നു് നാമെല്ലാവരും വിശ്വസിക്കുന്നുണ്ടല്ലോ. അവയൊന്നും നാം നേരിട്ടു കണ്ടവയല്ല; യുക്തിയുക്തമായി അനുമാനിച്ചതുമല്ല. പ്രത്യുത, പരസാക്ഷ്യത്തെ (testimony) ആശ്രയിച്ചാണു് അവയെല്ലാം നാം വിശ്വസിക്കുന്നതു്. ഇക്കാര്യങ്ങളെക്കുറിച്ചു സാക്ഷ്യം വഹിക്കുന്നവർ വഞ്ചകന്മാരല്ലെന്നു്, വഞ്ചിക്കപ്പെട്ടിട്ടില്ലെന്നു്, പൂർണ്ണനിശ്ചയമുണ്ടെങ്കിൽ അവരുടെ സാക്ഷ്യത്തെ യുക്തിയുക്തമായ തെളിവായി സ്വീകരിക്കുന്നതിൽ യാതൊരു യുക്തിഭംഗവുമില്ല. നമ്മുടെ അനുദിനജീവിതത്തിൽ ഇപ്രകാരം നാം പലപ്പോഴും ചെയ്യുന്നുമുണ്ടു്.

'പരസാക്ഷ്യം' എന്ന ഈ തെളിവു നമ്മുടെ യുക്തിയ്ക്കു വിധേയമാകാത്ത സംഗതികളിലും ഉണ്ടാകാം. ജ്ഞാനമാർഗ്ഗങ്ങളിലൊന്നായി അതിനെ സുബോധമുള്ളവരെല്ലാം സ്വീകരിക്കുകയും ചെയ്യും. ഈ തെളിവിനെ ആധാരമാക്കിയാണു രോഗത്തിൽ വൈദ്യനേയും വ്യവഹാരത്തിൽ വക്കീലിനേയും പഠനത്തിൽ അദ്ധ്യാപകനേയും നാം ആശ്രയിക്കുന്നതു്. ഇതു് അന്ധവിശ്വാസമോ യുക്തിഹീനതയോ ആണെന്നു് ആരെങ്കിലും പറ

യുമോ? ആകയാൽ യുക്തിയ്ക്കു വിധേയമാകാത്തതിനൊന്നിനും തെളിവില്ലെന്നു ശഠിക്കുന്നതു് അർത്ഥശൂന്യമല്ലയോ?

തുടൎന്നു്, "ഇവിടെ നാം നല്ലതുപോലെ മനസ്സിലാക്കേണ്ട ഒരു വ്യത്യാസം" ശ്രീ കുററിപ്പുഴ ചൂണ്ടിക്കാണിക്കുന്നു: "യുക്തിയ്ക്കു വിഷയമാകാത്തതൊന്നും വിശ്വസിക്കരുതെന്നതിലല്ല, വിശ്വസിക്കുന്ന കാര്യം കഴിയുന്നിടത്തോളം യുക്തിവിചാരത്തിൽ പരിശോധിക്കണമെന്നതിലാണു യുക്തിവാദികളുടെ മുഖ്യമായ നിർബന്ധം." (പുറം 18-19) കത്തോലിക്കരെസ്സംബന്ധിച്ചിടത്തോളം ഈ "ശ്രദ്ധേയമായ വ്യത്യാസം" പുത്തരിയല്ല. വേദപുസ്തകകർത്താക്കളും സഭാപിതാക്കന്മാരുമെല്ലാം ഇക്കാര്യം ശരിയായി അവരെ പഠിപ്പിച്ചിട്ടുണ്ടു്: "ദ്രുതവിശ്വാസി അല്പബുദ്ധിയാണു്" എന്നു് എക്ലെസിയാസ്റ്റിക്കസ് എന്ന ബൈബിൾവിഭാഗത്തിലും "എല്ലാ അരൂപിയേയും വിശ്വസിക്കരുതു്; പ്രത്യുത, അരൂപികൾ ദൈവത്തിൽനിന്നുള്ളതാണോ എന്നു പരിശോധിക്കുക; എന്തുകൊണ്ടെന്നാൽ, അനേകം വ്യാജപ്രവാചകന്മാർ ലോകത്തിലേക്കു പുറപ്പെട്ടിട്ടുണ്ടു്" എന്നു വിശുദ്ധ യോഹന്നാനും "പ്രവചനങ്ങളെ അവഹേളിക്കരുതു്; പ്രത്യുത, എല്ലാ കാര്യങ്ങളും പരിശോധിക്കുവിൻ; നല്ലതു മുറുകെപ്പിടിക്കുവിൻ" എന്നു വിശുദ്ധ പൗലോസും "നിങ്ങൾക്കുള്ള പ്രതീക്ഷയുടെ (വിശ്വാസത്തിന്റെ) ന്യായം ചോദിക്കുന്ന ഏവരേയും തൃപ്തിപ്പെടുത്തുവാൻ നിങ്ങൾ സന്നദ്ധരായിരിക്കണം" എന്നു വി. പത്രോസും പറഞ്ഞിരിക്കുന്നു. "വിശ്വസിക്കാനുള്ള ന്യായം കണ്ടല്ലാതെ വിശ്വ

സിക്കാൻ ബുദ്ധി സന്നദ്ധമാകുകയില്ല" എന്നു വേദശാസ്ത്രകോവിദനായ തോമസ് അക്വൈനാസ് അനേകം നൂററാണ്ടുകൾക്കു മുമ്പ് എഴുതിയിരിക്കുന്നു. ഈ വാക്യം അദ്ദേഹത്തെക്കാൾ അനേകം ശതാബ്ദങ്ങൾക്കുമുമ്പ് വി. അഗുസ്തീനോസ് ചെയ്ത പ്രസ്താവത്തിൻെറ ഒരു ആവൎത്തനം മാത്രമാണ്. ഈ സഭാപിതാവു പറയുന്നു: "തിരുസ്സഭ വിശ്വാസം ആവശ്യപ്പെടുന്നുണ്ട്. വിശ്വസിക്കുവാൻ വളരെയധികം ന്യായങ്ങൾ— അത്യന്തം പ്രബലങ്ങളായ ന്യായങ്ങൾ— ഉള്ളതുകൊണ്ടാണു തൻെറ ദിവ്യോപദേശങ്ങളെ വിശ്വസിക്കുകയും വിനയപൂൎവ്വം അനുസരിക്കുകയും ചെയ്യണമെന്നു സഭ ആവശ്യപ്പെടുന്നതു്; അതിനാൽ, അനുപാധികവും അന്ധവും അയുക്തികവുമായ വിശ്വാസം അവൾ ആവശ്യപ്പെടുന്നുവെന്നോ, വിശ്വാസമുണ്ടാകുന്നതിനുവേണ്ടി താൻ നിൎദ്ദേശിച്ചിട്ടുള്ള ശുഭകരമായ രീതിയിൽ സ്വന്തം യുക്തി ഉപയോഗിച്ചിട്ടുള്ളവരെ,അവരുടെ വിശ്വാസം പൂൎവ്വാധികം വിനയപൂൎവ്വകമെന്നു മാത്രമല്ല, പൂൎവ്വാധികം ബുദ്ധിപൂൎവ്വകവും ആക്കുന്നതിനായി യുക്തിമാൎഗ്ഗം തുടരുന്നതിൽ വിരോധിക്കുന്നുവെന്നോ ഉള്ള അപരാധം സഭയുടെമേൽ ആരോപിക്കരുതു്. വിശ്വാസസത്യങ്ങൾക്കെല്ലാം നാം കീഴ്പ്പെടുന്നതുകൊണ്ടു വിശ്വസിക്കാനുള്ള ന്യായങ്ങളെക്കുറിച്ച് അന്വേഷണങ്ങളും ചോദ്യങ്ങളും ചെയ്യുവാൻ നമുക്ക് അവകാശമില്ലെന്നു പറയുന്നതു ദൈവത്തിനു ചേരാത്തതാണ്. എന്തുകൊണ്ടെന്നാൽ, നാം യുക്തിവാദം ചെയ്യാൻ കഴിയാത്തവരാണെങ്കിൽ നമുക്കു വിശ്വാ

സമുണ്ടാകുവാൻ നിവൃത്തിയില്ല" (1)

'യുക്തിവാദികളുടെ പേരിലുള്ള ആക്ഷേപങ്ങളിൽ പലതും അടിസ്ഥാനരഹിതങ്ങളും യുക്തിശൂന്യങ്ങളും ആണെന്നു കാണിപ്പാനായി' മി. കൃഷ്ണപിള്ള ചെയ്തിട്ടുള്ള ശ്രമം എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് നിഷ്പക്ഷബുദ്ധികളായ അനുവാചകർതന്നെ വിധിച്ചുകൊള്ളട്ടെ. എന്നാൽ, മി. പിള്ളയോടു ഞങ്ങൾക്കൊന്നു പറയുവാനുണ്ട്: യാഥാർത്ഥ്യത്തെ മറച്ചുവച്ചുകൊണ്ട്, പച്ചക്കള്ളങ്ങൾ വാരിവിതറിക്കൊണ്ട്, ബാലിശങ്ങളായ വാദരീതികൾ അവലംബിച്ചുകൊണ്ടു വായനക്കാരുടെ കണ്ണിൽ മനഃപൂർവ്വം മണ്ണിടുവാനൊരുങ്ങരുതെന്ന്. അഥവാ, 'യുക്തിവാദികൾ പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ശരിയാണെന്നു ശഠിക്കാതിരിക്കാൻ' വേണ്ട വിശാലമനസ്കതയുള്ള ശ്രീ കുററിപ്പുഴ, തൻെറ വാദങ്ങളേയും ആ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടാവാം!

യുക്തിവാദികളുടെ വാദമുഖങ്ങളും സിദ്ധാന്തങ്ങളുമെല്ലാം നിശിതവിമർശനങ്ങൾക്കു വിധേയമായിട്ടുണ്ട്. അവയുടെ യുക്തിഹീനത വേണ്ടുവോളം വെളിപ്പെടുത്തിക്കഴിഞ്ഞിട്ടുമുണ്ട് (2)

ചില ഉദാഹരണങ്ങൾമാത്രം എടുത്തുകാണിക്കാം:

1) പരിമിതമായ മനുഷ്യബുദ്ധി സർവ്വജ്ഞമാണെന്നും, അതിനു വിധേയമാകാത്തതെല്ലാം അസ്വീകാ

---

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക്. (പുറം 247–48)
(2) യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക് (പുറം 215–219)
Christianity Vindicated (p. 57–62) കാണുക

ഭൃവും നിഷേധാർഹവുമാണെന്നുള്ള യുക്തിവാദികളുടെ മൗലികസിദ്ധാന്തം എത്ര ബാലിശമായ ഒന്നാണെന്നു പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമേയില്ല.

2) യുക്തിയ്ക്കതീതമായതും യുക്തിയ്ക്കു വിരുദ്ധമായതും തമ്മിൽ യുക്തിവാദികൾ വ്യവച്ഛേദിക്കുന്നില്ല. തന്മൂലമാണു്, യുക്തിയ്ക്കു വിധേയമാകാത്തതിനൊന്നും തെളിവുകളില്ലെന്നും (പുറം 18) അവയെ സ്വീകരിക്കുന്നതു യുക്തിഹീനതയാണെന്നും വാദിക്കുവാൻ അവർ പ്രേരിതരാകുന്നതു്.

3) സിദ്ധാന്തങ്ങളെ കണ്ണടച്ചു വിശ്വസിച്ചുകൊണ്ടു് അവയോടു യോജിക്കുന്നില്ലെന്നുള്ള കാരണത്താൽ വസ്തുതകളെ നിഷേധിക്കുവാൻ മുതിരുന്നതാണു യുക്തിവാദികളുടെ മറെറാരു യുക്തിഹീനത. " 'നമ്മൾ ആദ്യമേതന്നെ ഒരു 'ഫിലാസഫി' പഠിക്കുന്നു. എന്നിട്ടു് അതിൻെറ വെളിച്ചത്തിൽ വസ്തുസ്ഥിതികൾ നീതീകരിക്കാനാണു നമ്മുടെ ശ്രമം' (We are taught a philosophy first and in its lights we try to justify facts)എന്നു് ഒരു നിരൂപകൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്" (പുറം 53) യുക്തിവാദികളെക്കുറിച്ചു തികച്ചും വാസ്തവമാണു്. "വസ്തുതകൾ യഥാർത്ഥങ്ങളാണോ എന്നും അവയെ ശരിയായി വ്യാഖ്യാനിക്കുവാൻ ഏതേതു സിദ്ധാന്തങ്ങളെ അവശ്യം സ്വീകരിക്കണമെന്നും, മുൻവിധികളെല്ലാം മാററിവച്ചും അതതിനു നല്കപ്പെടുന്ന തെളിവുകൾ പരിശോധിച്ചും വിധിപറയുകയാണു ശരിയായ യുക്തിവാദിയുടെ കർത്തവ്യം. എന്നാൽ, ഇതിനു നേരേ വിപരീതമാണു നമ്മുടെ 'യുക്തിവാദികൾ' അവലംബിക്കുന്ന

നയം. ലോകത്തിൽ കാണുന്ന സകല കഷ്ടതകളും സാക്ഷാൽ തിന്മകളാണെന്നു വൃഥാ സങ്കല്പിച്ചു്, ആ തിന്മകളും ദൈവാസ്തിത്വവും തമ്മിലുള്ള യോജ്യത ദുർഗ്രഹമാണെന്നുള്ള കാരണം പറഞ്ഞു്, അവർ ദൈവാസ്തിത്വത്തെ നിഷേധിക്കുന്നു; അപ്രകാരംതന്നെ, അത്ഭുതങ്ങൾ അസംഭവ്യങ്ങളാണെന്നു കണ്ണടച്ചു വിശ്വസിച്ചുകൊണ്ടു് അത്ഭുതങ്ങളെ വിവരിക്കുന്ന സുവിശേഷഭാഗങ്ങൾ സങ്കല്പകഥകളാണെന്നു വാദിക്കുന്നു; അതിനെത്തുടർന്നു് അവർ ക്രിസ്തുവിൻെറ ദൈവത്വവും കത്തോലിക്കസഭയുടെ ദൈവസ്ഥാപിതത്വവും തത്സംബന്ധമായ മററു സിദ്ധാന്തങ്ങളും നിഷേധിക്കുന്നു." (1)

4) നൂതനവും വിപ്ലവകരവുമായ ഏതിനുംവേണ്ടിയുള്ള ഒരു വെമ്പൽകൊള്ളലാണു യുക്തിവാദികളുടെ അപഹാസ്യമായ മറെറാരു യുക്തിഹീനത. നവീനാശയങ്ങളായിരിക്കും എപ്പോഴും ശരി എന്നൊരു ധാരണ അവരിൽ എങ്ങനെയോ കടന്നുകൂടിയിട്ടുണ്ടു്. നൂതനമായ എന്തു് അഭിപ്രായം പുറത്തുവന്നാലും, അതു് അപ്പടി സ്വീകരിക്കുവാൻ അവർ സന്നദ്ധരാണു്. അവ എത്ര യുക്തിഹീനങ്ങളും അന്തസ്സാരരഹിതങ്ങളുമായിക്കൊള്ളട്ടെ, നവീനത്വം അവയിൽ നിഴലിക്കുന്നുണ്ടോ? എങ്കിൽ, നിരുപാധികം അവ സ്വീകൃതങ്ങളായി. "സ്വപ്നമാണു മനുഷ്യനെ ആദ്യമായി ആത്മാവിനെപ്പററിയുള്ള വിശ്വാസത്തിലേയ്ക്കു തിരിച്ചുവിട്ടതു് എന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ട"പ്പോൾ (പുറം 30) ആ അഭി

---

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു് (പുറം 219)

പ്രായം അതേപടി സ്വീകരിക്കുവാൻ യുക്തിവാദിയെന്ന ഭിമാനിക്കുന്ന ശ്രീ പിള്ളയെ പ്രേരിപ്പിച്ചതു് ഈ മനോഭാവംതന്നെയല്ലേ? ചുരുക്കത്തിൽ "നമ്മളിൽ രൂപപ്പെട്ടിരിക്കുന്ന അഭിപ്രായങ്ങൾ മിക്കവാറും അന്യന്മാരുടേതാണു്. അവയുടെ സാധുത്വാസാധുത്വത്തെപ്പററി വിചിന്തനം ചെയ്തിട്ടല്ല നാം അവയെ സ്വീകരിച്ചിട്ടുള്ളതു്" എന്നു ശ്രീ പിള്ളയും "മിക്ക ആളുകളും അന്യന്മാരുടെ പകർപ്പുകളാണു്; അവരുടെ ജീവിതം വെറും അനുകരണം, അവരുടെ അഭിലാഷങ്ങളോ കേവലം ഉദ്ധാരണങ്ങൾ"(Most people are other people. Their lives a mimicry, their passions a quotation) എന്നു് ഒസ്കർ വൈൽഡും (Oscar Wilde) (പുറം 2) പറഞ്ഞിരിക്കുന്നതു യുക്തിവാദികളെക്കുറിച്ചായിരിക്കണം

യുക്തിവാദത്തെക്കുറിച്ചു്— 'കേരളീയരുടെ സ്വതന്ത്രചിന്താശീലത്തെ പരിപോഷിപ്പിക്കുവാൻ വളരെ പ്രയോജനപ്പെടുന്നതും വിജ്ഞാനാഭിവൃദ്ധിയ്ക്കു് അത്യന്താപേക്ഷിതമായതുമെന്നു' മി. പിള്ള കൊട്ടിഗ്ഘോഷിക്കുന്ന യുക്തിവാദത്തെക്കുറിച്ചു്— ചിന്തകന്മാരായ ഒന്നു രണ്ടു പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കാം.

രാജശ്രീ ഐ. സി. ചാക്കോ ബി. എ; ബി. എസ്സ്. സി; എ. ആർ. എസ്: എം; എ. ആർ. സി. എസ്. പറയുന്നു:"ഏകദേശം മുപ്പതുവർഷങ്ങൾക്കുമുമ്പു ഞാൻ ഒരു യുക്തിവാദപ്രണയിയായിരുന്നു. അതിൽ ഞാൻ കേവലം പരപ്രത്യയനേയബുദ്ധിയായിരുന്നുവെന്നു പറയുവാൻ നിവൃത്തിയില്ല. യുക്തിവാദികളുടെ ആയു

ധങ്ങളായ ചില ഭൗതികശാസ്ത്രങ്ങളിൽ എനിക്ക് അനു ഗണ്യമായ പരിശീലനം സിദ്ധിച്ചിട്ടുണ്ടായിരുന്നു. യുക്തിവാദത്തിൻെറ മഹാപുരോഹിതന്മാരുടെ വാദങ്ങളെല്ലാം സകാരണം ഗ്രഹിക്കുന്നതിന് എനിക്കു പ്രയാസമില്ലായിരുന്നു; അവർ പ്രയോഗിച്ചിരുന്ന ശാസ്ത്രസിദ്ധാന്തങ്ങളെ അവയുടെ മൂലപ്രമാണങ്ങൾമുതൽ പരിശോധിച്ചു മനസ്സിലാക്കുന്നതിന് എനിക്കു കഴിയുമായിരുന്നു. യുക്തിവാദികളുടെ പല ഗ്രന്ഥങ്ങളും (R. A. P.) ഞാൻ വായിക്കുകയുംചെയ്തു." തന്മൂലം, ശ്രീ ചാക്കോയുടെ അഭിപ്രായത്തിനു കുറച്ചു വില കല്പിച്ചുകൊടുക്കാതിരിക്കുവാൻ നിവൃത്തിയില്ലല്ലോ. അദ്ദേഹം തുടരുന്നു:"എന്നാൽ, യുക്തിവാദം ബ്രഹ്മാണ്ഡത്തേയും നമ്മുടെ അനുഭവത്തിൽ വരുന്ന മററു പല പദാർത്ഥങ്ങളേയും യുക്തിപൂർവ്വം വിവരിക്കുന്നതിനു പര്യാപ്തമല്ലെന്നു കാലക്രമേണ എനിക്കു മനസ്സിലായി. യുക്തിവാദം അവധാനഹീനങ്ങളും അഗാധചിന്തകൾക്കു വിമുഖങ്ങളുമായ ബുദ്ധികളെ ആകർഷിച്ചേക്കാമെങ്കിലും പക്വബുദ്ധികൾ അതിൽ സംതൃപ്തി കണ്ടെത്തുമെന്ന് ഇപ്പോൾ എനിക്കു വിശ്വാസമില്ല." തുടർന്നു കേരളക്കരയിലെ യുക്തിവാദികളെക്കുറിച്ച് അദ്ദേഹം പറയുന്നു."മലയാളത്തിലെ യുക്തിവാദികളുടെ പ്രധാന വാദമായി ഞാൻ കണ്ടിട്ടുള്ളതു പരിഹാസമാണ്. വിദൂഷകൻെറ ഭൂമിക സർവ്വഭൂമികകളിലും പ്രധാനമെന്നു കരുതുന്ന ഒരുതരം കാണികളുണ്ടല്ലോ. പരിഹാസപൂർവ്വകമായ യുക്തിവാദം ആ തരത്തിലുള്ള അനുഗാമികളെ വശീകരിച്ചേക്കാം. എന്നാൽ, കാലക്രമേണ പരിഹാസ

പ്രയോക്താക്കഠം പരിഹാസ്യന്മാരായിത്തീരുവാൻ ഇട യുണ്ട്." (1)

സുദീർഘമായ 25 കൊല്ലക്കാലത്തേ സൂക്ഷ്മമായ പഠനത്തിൻേറയും ഗാഢമായ ചിന്തയുടേയും ഫലമായി അജ്ഞേയവാദത്തിൽനിന്നു കത്തോലിക്കാമതത്തിൽ വ ന്നെത്തിയ സുപ്രസിദ്ധനായ ഒരു പണ്ഡിതനാണു മി: അർനോഠംഡ് ലൺ. തൻെറ ഈ പര്യന്വേഷണത്തി ൻെറ കാലത്തിൽ യുക്തിവാദികളുടേയും "ഉപരിവിമൾ ക"രുടേയും (Higer Critics) പ്രധാനമായ എല്ലാ ഗ്രന്ഥങ്ങ ളും താൻ വായിക്കുകയും അവരുടെ സിദ്ധാന്തങ്ങളെയെല്ലാം യുക്തിയെമാത്രം ആധാരമാക്കി പരിശോധിക്കുകയും ചെ യ്യുകയുണ്ടായി എന്നദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ത ന്മൂലം, യുക്തിവാദത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ അ ഭിപ്രായത്തിനുള്ള വില എന്തുമാത്രമെന്ന് എടുത്തുപറ യേണ്ട കാര്യമില്ലല്ലോ. അദ്ദേഹം പറയുന്നു: "യുക്തിവാദിക ളെപ്പോലെ അത്ര യുക്തിഹീനരായി മററാരുമില്ല. അവരു ടെ അനുമാനങ്ങഠം യുക്ത്യധിഷ്ഠിതങ്ങളല്ല; പ്രത്യുത, ത ങ്ങഠംക്കു സ്വന്തമായ 'കൂപമണ്ഡൂക'തയുടെ വികാരനിർ ഭരങ്ങളായ ഉൽപന്നങ്ങഠംമാത്രമാണ്." (Nobody is less rational than the Rationalist. His conclusions are not founded on reason but represent the emotional product of the parochial complex) (2)

---

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേയ്ക്കു (പുറം VII–IX)

(2) "Now I see (Chapter ii)

## 2. മതവും സന്മാൎഗ്ഗബോധവും

'മതവും സന്മാൎഗ്ഗബോധവും' എന്ന അധ്യായത്തിൽ ആദ്യന്തം തെളിഞ്ഞുകാണുന്ന അബദ്ധങ്ങൾക്കെല്ലാം സമാധാനം പറയുകയാണെങ്കിൽ, അതു് ഈ ഗ്രന്ഥത്തിന്റെ പരിമിതവ്യാപ്തിയെ അതിലംഘിക്കുമെന്നതിനാൽ, അവയിൽ ഏതാനും ചിലതിനെമാത്രം ചൎച്ച ചെയ്യാനേ ഞങ്ങൾക്കുദ്ദേശ്യമുള്ളു. മതത്തെയോ സന്മാൎഗ്ഗത്തെയോ പററി മി. കുററിപ്പുഴയ്ക്കു യാതൊരു ജ്ഞാനവുമില്ലെന്നും, അവയുടെ പിടിയിൽനിന്നകന്നു സ്വേച്ഛാനുസാരം ജീവിക്കുന്നതിനുള്ള അഭിലാഷത്താലായിരിക്കാം അത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിക്കുവാൻ അദ്ദേഹം പ്രേരിതനായതു് എന്നും നിഷ്പ്രയാസം മനസ്സിലാക്കാം. "മനുഷ്യവൎഗ്ഗത്തിന്റെ ആരംഭംമുതല്ക്കേ മതവും നിലനിന്നുപോരുന്നെന്നും, ഈ മതത്തിൽനിന്നാണു സന്മാൎഗ്ഗബോധത്തിന്റെ ഉല്പത്തിയെന്നും" സന്മാൎഗ്ഗവാദികൾ വാദിക്കുന്നതു 'മഹാബദ്ധമായി' ചിത്രിക്കുന്നതിലും (പുറം 20), "സന്മാൎഗ്ഗത്തിന്റെ അടിസ്ഥാനം സാമൂഹ്യതയാണെന്നു" (പുറം 23) വാദിക്കുന്നതിലും, "മനുഷ്യന്റെ ലൈംഗികജീവിതത്തിലുള്ള നിയന്ത്രണം, പരസ്പരസ്നേഹവിശ്വാസങ്ങൾ, സത്യഭാഷണം, ധൎമ്മാചരണം മുതലായവയെല്ലാം" വ്യക്തിയും സമുദായവും തമ്മിലുള്ള അംഗാംഗിഭാവത്തെ പരിപാലിക്കുന്നതിനുമാത്രമാണെന്നു് അഭിപ്രായപ്പെടുന്നതിലുംനിന്നു് അദ്ദേഹത്തിന്റെ മനോഭാവം പ്രത്യക്ഷമാകുന്നുണ്ടു്. മതം മനുഷ്യവൎഗ്ഗത്തി

ൻെറ ആരംഭംമുതല്ക്കേ നിലനിന്നുപോരുന്നില്ല എന്ന് അദ്ദേഹം എങ്ങനെ തെളിയിക്കും? ഇന്നു നിലവിലിരിക്കുന്ന സകല രേഖകളും ആദിമമനുഷ്യൻ മതബോധത്തോടുകൂടിയാണു ജീവിച്ചിരുന്നത് എന്നു സ്പഷ്ടമാക്കുന്നുണ്ട്. (1) മുൻവിധിയോ, സ്വാൎത്ഥാഭിലാഷമോ കൂടാതെ നിഷ്പക്ഷമായി ഗവേഷണങ്ങൾ നടത്തിയിട്ടുള്ള എല്ലാവരും ഈ അഭിപ്രായക്കാർതന്നെ, ഡി ലെ റോയി (De la Roy), ഡോക്ടർ സ്ക്മിഡ്റ്റ് (Dr. Schmidt) മുതലായ സുപ്രസിദ്ധഗവേഷകന്മാർ ചെയ്തിട്ടുള്ള പൎയ്യവേക്ഷണങ്ങൾ ഇന്നു സുവിദിതങ്ങളത്രേ. മതവിരോധികളും, ഭൗതികവാദികളുമായ ചിലർ കേവലം ഉപരിപ്ലവമായ അറിവിനെ അടിസ്ഥാനമാക്കി പ്രസിദ്ധംചെയ്തിട്ടുള്ളതാണു 'മതം മാനവവംശത്തിൻെറ ആരംഭംമുതല്ക്കേ നിലനിന്നിരുന്നില്ല' എന്ന അഭിപ്രായം. എന്നാൽ, ഡോക്ടർ സ്ക്മിഡ്റ്റു (Dr. Schmidt) മുതലായവർ ഇന്നുള്ള കാട്ടുജാതിക്കാരുടെ ഇടയിൽ പോയി ദീർഘകാലം താമസിച്ച് അവരുടെ ഭാഷയും, ആചാരങ്ങളും പഠിച്ചു സൂക്ഷ്മപരീക്ഷണങ്ങൾ നടത്തിയതിൻെറ ഫലമായി അവർ ഈശ്വരവിശ്വാസികളാണെന്നും, അവരുടെ അനുദിനകൃത്യങ്ങളിൽ മതവാസന തെളിഞ്ഞുകാണുന്നുണ്ടെന്നും മനസ്സിലാക്കി. ഇപ്രകാരം മതം ആദിമമനുഷ്യനിൽ ഉണ്ടായിരുന്നില്ല' എന്നു കാണിക്കാൻ ചില നവീനചിന്തകന്മാർ കൊണ്ടുവരുന്ന വാദം പൊളിഞ്ഞുപോയിരിക്കുന്നു.

---

(1) The Age of the Gods

കമ്മ്യൂണിസം, സോഷ്യലിസം മുതലായ നവീനസിദ്ധാന്തങ്ങളുടെ പുറം പൂച്ചുകണ്ടു മനംമയങ്ങി, യുക്തിവാദത്തിന്റെ (ഒന്നാംതരം യുക്തിവാദത്തിന്റെ) അഭികാമ്യമായ ആദർശശുദ്ധിയുടെ മറപിടിച്ചുകൊണ്ട്, എത്രയെത്ര അവാസ്തവങ്ങൾ മി. പിള്ള പ്രസിദ്ധംചെയ്യുന്നില്ല! എന്നാൽ, അദ്ദേഹത്തിന്റെ മുൻഗാമികളായ പല കമ്മ്യൂണിസ പ്രണയികളേയും അനുകരിച്ചുകൊണ്ട് അദ്ദേഹവും മതത്തിന്റേയും മതാധികാരികളുടേയും നേരേ തലയുയർത്തിയെന്നല്ലാതെ, യഥാർത്ഥസന്മാർഗ്ഗത്തിന്റെ അസ്തിവാരം അടിച്ചുടയ്ക്കാമെന്നു വ്യാമോഹിച്ചെന്നല്ലാതെ, സാധുജനങ്ങളെ വഴിപിഴപ്പിക്കാൻ കുറഞ്ഞൊന്നു പണിപ്പെട്ടെന്നല്ലാതെ സാരമായി യാതൊന്നും ചെയ്തിട്ടില്ല. കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ ആദർശങ്ങളുടെ പ്രചരണത്തിനായി ഏതു തന്ത്രവും സ്വീകരിക്കുമെന്നുള്ളതും ഏതുതരം 'മനംമയക്കുന്ന ശബ്ദജാല'വും കാണിക്കുമെന്നുള്ളതും ഇന്നു സകലർക്കും പൂർണ്ണമായി ബോധപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായ പുരോഗമനത്തിനുവേണ്ടി, സ്വാർത്ഥാഭിലാഷത്തിന്റെ സാദ്ധ്യതയ്ക്കുവേണ്ടി എത്രയെത്ര അനീതികൾ അവർ പ്രവർത്തിച്ചിട്ടില്ല! റഷ്യൻതെരുവുകളിൽ അലഞ്ഞുനടക്കുന്ന സാധുലക്ഷങ്ങളും, അവിടത്തെ കാരാഗൃഹങ്ങളിൽ കിടന്നുവലയുന്ന ലക്ഷോപലക്ഷം നിരപരാധരും കമ്മ്യൂണിസത്തിന്റേയും, തത്പ്രണയികളുടേയും ആദർശം ഏതുതരമെന്നും വിളിച്ചറിയിക്കുകയത്രേ ചെയ്യുന്നത്.

ഈ ലേഖനത്തിന്റെ ആദ്യവരികളിൽത്തന്നെ, "സന്മാർഗ്ഗവാദികൾ സന്മാർഗ്ഗം അഥവാ സദ്വൃത്തി

(Morality) എന്നാൽ എന്താണെന്നോ അതിൻെറ തോ തു് (Standard) എന്താണെന്നോ വിശദീകരിച്ചു നിർണ്ണയിക്കാറില്ല" (പുറം 20) എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. സന്മാർഗ്ഗഗ്രന്ഥങ്ങളെക്കുറിച്ച് അദ്ദേഹത്തിനുള്ള അജ്ഞത എന്തുമാത്രമെന്നു വിളിച്ചറിയിക്കുന്ന ഈ പ്രസ്താവത്തിനുള്ള സമാധാനം ഈ ലേഖനത്തിൻെറ അവസാനഭാഗത്തേയ്ക്കു മാററിക്കൊണ്ടു "മനുഷ്യവർഗ്ഗത്തിൻെറ ആരംഭംമുതല്ക്കേ മതവും നിലനിന്നുപോരുന്നു"ണ്ടോ എന്നു പരിശോധിക്കാം.

മതത്തെക്കുറിച്ചു പ്രതിപാദിക്കുന്നിടത്തു മി. കുററിപ്പുഴ ഒരു കൗശലം കാണിച്ചിട്ടുള്ളതു പ്രത്യേകം ശ്രദ്ധേയമാണ്. അദ്ദേഹം എല്ലാ മതങ്ങളേയും ഒരേനിലയിൽ പരിഗണിക്കുന്നതല്ലാതെ, ഏതെങ്കിലും ഒരു പ്രത്യേക മതത്തെ സ്പഷ്ടമായി സ്പർശിക്കുന്നില്ല. മതം എന്ന ഒററ വാക്കുകൊണ്ടു പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെ ആശ്ലേഷിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്ന എല്ലാ മതവിഭാഗങ്ങളെയും അദ്ദേഹം സംഗ്രഹിക്കുന്നു. ഈശ്വരൻ ഏകനെന്നും, ക്രിസ്തു ദൈവത്തിൻെറ അവതാരമെന്നും, അവിടുത്തെ തത്വങ്ങൾ നിത്യസത്യങ്ങളെന്നും ദൃഢമായി വിശ്വസിക്കുന്ന കത്തോലിക്കാമതവും, അനവധി ദേവന്മാരിൽ വിശ്വസിക്കുന്ന ഹിന്ദുമതവും, മഹമ്മദിനെ പ്രവാചകനായി സ്വീകരിക്കുന്ന മഹമ്മദുമതവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല മി. കൃഷ്ണപിള്ളയുടെ ദൃഷ്ടിയിൽ. എന്നാൽ, കത്തോലിക്കാമതത്തിൻെറ തത്വങ്ങളേയും പ്രകൃതിനിയമങ്ങളേയും എതിർക്കുന്നവിധത്തിൽ അദ്ദേഹം ചെയ്ത ചില പ്രസ്താവനകളിലേ അ

ബന്ധങ്ങൾ ചൂണ്ടിക്കാണിക്കാനേ ഞങ്ങൾ ഉദ്ദേശിക്കു ന്നുള്ളു.

സമുദായജീവിതം നയിക്കുന്നതിനും സംഘടിക്കുന്ന തിനുമുള്ള വാസന മനുഷ്യനു പ്രകൃതിദത്തമാണെന്നും, തന്മൂലം സംഘടനയുടെ പ്രഥമബീജങ്ങൾ മനുഷ്യപ്രകൃ തിയിൽത്തന്നെ നിക്ഷിപ്തമായിരിക്കുന്നുവെന്നും പ്രാമാ ണികന്മാരായ ശാസ്ത്രജ്ഞന്മാരെല്ലാംതന്നെ സമ്മതിച്ചി ട്ടുണ്ട്. മി. കുററിപ്പുഴയും ഇതിനോടു യോജിക്കുന്നുണ്ട ല്ലോ. "മനുഷ്യൻ ഒരു സാമൂഹ്യജീവി (social animal) ആ ണെന്നുള്ള സംഗതിയിൽ ആക്കും തക്കമില്ലല്ലോ. സമുദാ യവാസന (social instinct) എല്ലാ മനുഷ്യരിലും വിലീന മായിക്കിടക്കുന്ന ഒന്നാണ്" (പുറം 22). അങ്ങനെയെ ങ്കിൽ പ്രകൃതിദത്തമായ ഈ വാസന മാനവവംശത്തി ൻെറ ആരംഭംമുതല്ക്കേ ഉണ്ടായിരുന്നു എന്നുള്ള അ നുമാനം യുക്തിയുക്തമായിരിക്കണമല്ലോ. സാമൂഹിക ജീവിതത്തിനടിസ്ഥാനം മതവാസനയാകയാലാണു മ തം മനുഷ്യവർഗ്ഗത്തിൻെറ ആരംഭംമുതല്ക്കേ നിലനി ന്നുപോരുന്നു എന്നു മതവിശ്വാസികൾ വാദിക്കുന്നതു്. സമുദായത്തിൻെറ രൂപവൽകരണത്തിനും, വളച്ച്യക്കും, നിലനില്പിനും അപരിത്യാജ്യമായ ഒരു ഘടകമാണല്ലോ നിയമം. എന്നാൽ, നിയമങ്ങൾക്കു പ്രാബല്യം സിദ്ധിക്ക ണമെങ്കിൽ വ്യക്തികൾ ദൈവത്തിനു സൃഷ്ടികളുടെമേ ലുള്ള പരമാധികാരത്തെ അംഗീകരിച്ചേ മതിയാവൂ. ഇ പ്രകാരം സമുദായഘടനയുടെ അടിസ്ഥാനമായ ഈശ്വ രാധികാരത്തിൻെറ അംഗീകരണം മതത്തിൻെറ സാ രാംശമാകയാൽ മനുഷ്യൻെറ സാമൂഹികജീവിതം മത

ബോധത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതെന്നു തെളിയുന്നു.

നിയമങ്ങൾക്കു പ്രാബല്യം സിദ്ധിക്കണമെങ്കിൽ വ്യക്തികൾ, തങ്ങളുടെമേൽ ദൈവത്തിനുള്ള പരമാധികാരത്തെ അംഗീകരിച്ചേ മതിയാവൂ എന്ന പ്രസ്താവന സ്വീകാൎയ്യമോ എന്നു മി. കുററിപ്പുഴ സംശയിച്ചേക്കാം. എന്നാൽ, ഇതെപ്പററി കേരളത്തിലേ തികഞ്ഞ ഒരു പണ്ഡിതൻ സമൎത്ഥിക്കുന്നതു് ഇപ്രകാരമാണു്: "തല്ക്കാലം നമുക്കു് ഒരു പ്രമാണം എടുത്തു് ആലോചിക്കാം. കളവു പറയരുതു് എന്ന പ്രമാണംതന്നെയാകട്ടെ. ഇതിനെക്കുറിച്ചു സാക്ഷാൽ യുക്തിവാദിയായ ഒരാൾ ഇങ്ങനെ ചോദിക്കുന്നു:– 'എന്തുകൊണ്ടു് എനിക്കു കളവു പറഞ്ഞുകൂടാ? കളവു പറഞ്ഞാൽ എനിക്കു തല്ക്കാലം പല ഗുണങ്ങളും ഉണ്ടാകും. ധനം സമ്പാദിക്കാം; മാനം രക്ഷിക്കാം; സുഖം അനുഭവിക്കാം. എന്നാൽ, അതുകൊണ്ടു് എനിക്കോ മററാൎക്കുമോ യാതൊരു ദോഷവും ഭവിക്കുന്നതുമില്ല. ഞാൻ കളവാണു പറയുന്നതെന്നു മനുഷ്യരാരും ഒരിക്കലും അറിയുകയില്ല. ആരുടേയും ധനത്തിന്നോ മാനത്തിന്നോ സുഖത്തിന്നോ യാതൊരു ഭംഗവും നേരിടുകയുമില്ല. ഇങ്ങനെ സൎവ്വപ്രകാരേണയും നിൎദ്ദോഷമായ ആ പ്രവൃത്തി– കളവു പറയൽ– എനിക്കു് എന്തുകൊണ്ടു ചെയ്തുകൂടാ? സാമുദായികജീവിയായി കഴിഞ്ഞുകൂടേണ്ട മനുഷ്യൻ കളവു പറയാൻ അനുവദിക്കപ്പെടുന്നപക്ഷം സമുദായജീവിതത്തിനു പൊതുവിൽ ഉടവുതട്ടുമെന്നും, ആ മഹാദോഷം ഒഴിക്കുന്നതിനുവേണ്ടി കളവു പറയാതിരിക്കേണ്ടതാണെ

ന്നും വാദിക്കമായിരിക്കാം. എന്നാൽ, ഞാൻ ചോദിക്ക ന്നു: സമുദായബന്ധം പാലിക്കാൻവേണ്ടി കളവു പറയാ തിരിക്കണമെന്ന് എന്നോട്ട കല്പിക്കാൻ ആൎക്കാണ് അ ധികാരം? വ്യക്തികളുടെ സംഘടനയാണല്ലോ സമുദായം. ആ ഓരോ വ്യക്തിയും ഞാനും സമാവകാശവും സമാ ധികാരവും ഉള്ളവരല്ലേ? ആ നിലയിൽ എന്നോട്ട ക ല്പിക്കാൻ അവരിൽ ആൎക്കാണ് അധികാരം? കല്പി ച്ചാൽ അനുസരിക്കാൻ എനിക്ക് എന്തു ചുമതല? എ നിക്ക ദോഷംതട്ടാത്ത സംഗതികളിലും എന്റെ ഇഷ്ടം അനുവദിക്കുന്നിടത്തോളവും സമുദായബന്ധം പാലിക്ക ന്നതിനേ എനിക്ക മനസ്സുള്ളൂ. ആരും അറിയാതെയാ ണു ഞാൻ കളവുപറയുന്നത്. അതിനാൽ, സമുദായവി ചാരംകൊണ്ടു ഞാൻ കളവു പറയാതിരിക്കണമെന്നില്ല. ഇനി ഏതൊരു ന്യായമാണു ശേഷിച്ചിട്ടുള്ളത്? കളവു പറയരുതെന്ന് ഓരോരുത്തരുടേയും മനസ്സാക്ഷി ശാസി ക്കുന്നുണ്ടെന്നും, ആ ശാസന അനുസരിക്കേണ്ടതു് എല്ലാ വരുടെയും കൎത്തവ്യമാണെന്നും വാദിക്കമായിരിക്കാം. എന്നാൽ, ഞാൻ വീണ്ടും ചോദിക്കുന്നു, മനസ്സാക്ഷി എന്നാൽ എന്താണ്? ഞാൻ ചെയ്യേണ്ടതു് ഇന്നതു്, ചെയ്യരുതാത്തതു് ഇന്നതു് എന്നുപദേശിക്കുന്ന എ ന്റെ ബുദ്ധിതന്നെയാകുന്നു എന്റെ മനസ്സാക്ഷി. എ ന്റെ ബുദ്ധി എനിക്കുള്ള വിവിധശക്തികളിലൊന്നാ ണ്. എന്റെ ശക്തികളിലേതും എനിക്ക കീഴ്പ്പെട്ടു ന്നതല്ലാതെ, ഞാൻ അവയ്ക്കു കീഴ്പ്പെടേണ്ട കാൎയ്യമെ ന്തു്? ഞാൻ യജമാനനും അതുകൾ ഭൃത്യരുമാണ്. ഭൃത്യ ന യജമാനനോട്ട് ഉപദേശിക്കാമെന്നല്ലാതെ കല്പി

ക്കാൻ അധികാരമില്ല. ആ ഉപദേശം യജമാനന്ന് ഇഷ്ടമുണ്ടെങ്കിൽ അനുഷ്ഠിക്കാം, അല്ലെങ്കിൽ പരിത്യജിക്കാം. അതിനാൽ, മനസ്സാക്ഷിയുടെ ശാസനയാലും ഞാൻ കളവു പറയാതിരിക്കണമെന്നില്ല.'

"ഏതാദൃശയുക്തിവാദത്തെ തടുക്കാൻ ആൎക്കു കഴിയും? ഈ ലോകവാസമാണു ജീവിതസൎവ്വസ്വമെന്നും, ഓരോ മനുഷ്യരും പരിപൂൎണ്ണസ്വാതന്ത്ര്യരാണെന്നും, വ്യക്തികൾ സ്വമനസ്സാ പരസ്പരം സംഘടിച്ചുണ്ടായിട്ടുള്ളതാണു സമുദായമെന്നും മനുഷ്യബുദ്ധിയുടെ ശാസനമാത്രമാണു മനസ്സാക്ഷിയെന്നും വിശ്വസിക്കുന്ന നിരീശ്വരൻ പ്രസ്തുത യുക്തിവാദിക്കു ശരിയായ സമാധാനം നല്കി കളവുപറയരുതെന്നു ബോധ്യം വരുത്താൻ തീരെ അശക്തനായിരിക്കും. ദൈവവിശ്വാസിക്കോ എന്നാൽ അതിനു ശക്തിയുണ്ടുതാനും.

"ദൈവവിശ്വാസി ഇപ്രകാരം മറുപടി പറയും: 'ഹേ മനുഷ്യാ! നീയൊരു സൃഷ്ടിയാണ്; സ്രഷ്ടാവായ ദൈവം നിൻെറ യജമാനനുമാണ്. ദൈവം നിന്നെയും മററുമനുഷ്യരെയും സമുദായജീവികളായി സൃഷ്ടിച്ചു. മനുഷ്യരെല്ലാം സമുദായബന്ധത്തിൽ ജീവിക്കണമെന്ന് അവിടുന്ന് ഉദ്ദേശിക്കുകയും ചെയ്യുന്നു. ആ ഉദ്ദേശ്യം സാധിക്കുന്നതിന് ആവശ്യമായ നിബന്ധനകളും അവിടുന്ന് ഏർപ്പെടുത്തി. മനുഷ്യൻ കളവുപറയാൻ അനുവദിക്കപ്പെടുന്നപക്ഷം സമുദായബന്ധത്തിനുടവുതട്ടുമെന്നുള്ളതിനാൽ അവൻ കളവുപറയരുതെന്നാണു ദൈവനിശ്ചയം. അതിനാൽ അന്യർ അറിയട്ടെ അറിയാതിരിക്കട്ടെ, കളവു പറയരുതെന്നുള്ള ദൈവകല്പന കേൾ

ക്കാൻ നീ ബാദ്ധ്യസ്ഥനാണ്. നിൻെറ മനസ്സാക്ഷി കേവലം നിൻെറ ബുദ്ധിയുടെ ശാസനയല്ല; നിൻെറ യജമാനനായ ദൈവം നല്കുന്ന ശാസനയുടെ പ്രതിധ്വനിയാണത്. ദൈവം ഏതോ ആദ്ധ്യാത്മികമായ കമ്പിയില്ലാക്കമ്പിമുഖേന നിൻെറ ഹൃദയത്തിൽ ലേഖനം ചെയ്തിട്ടുള്ളതും, ദൈവത്തിൻെറ സന്ദേശവാഹി എന്ന നിലയിൽ നിൻെറ ബുദ്ധി നിന്നോടു മന്ത്രിക്കുന്നതുമായ സ്വരമാണു മനസ്സാക്ഷി. നിൻെറ ബുദ്ധി നിൻെറ ശക്തികളിലൊന്നാണെന്നും, ആ നിലയിൽ നിൻെറ ഭൃത്യനായല്ലാതെ യജമാനനായി വർത്തിക്കാൻ അതിനധികാരമില്ലെന്നും, തന്മൂലം അതിൻെറ ശാസനയെ സ്വീകരിക്കാനോ നിഷേധിക്കാനോ നിനക്കു സ്വാതന്ത്ര്യമുണ്ടെന്നും സമ്മതിക്കുന്നു. എന്നാൽ, ആ ബുദ്ധിതന്നെ സ്വന്തംനിലയിലല്ലാതെ നിൻെറ യജമാനനായ ദൈവത്തിൻെറ ദൂതനെന്ന നിലയിൽ സംസാരിക്കുമ്പോൾ നീ ആ സ്വരം ചെവിക്കൊണ്ടു തദനുസരണം വർത്തിച്ചേ മതിയാവൂ. ഇതുകൊണ്ടാണു മനസ്സാക്ഷിയുടെ പ്രബോധനം കല്പനാരൂപത്തിലായിരിക്കുന്നത്. ഇതുകൊണ്ടുതന്നെയാണു കല്പന അനുസരിക്കുമ്പോൾ മനസ്സാക്ഷി നിന്നെ അഭിനന്ദിക്കുകയും അനുസരിക്കാത്തപ്പോൾ കുററപ്പെടുത്തുകയും ചെയ്യുന്നത്."(1) തന്മൂലം സാമുദായികജീവിതത്തിനത്യന്താപേക്ഷിതമായ നിയമങ്ങൾക്കു പ്രാബല്യം സിദ്ധിക്കണമെങ്കിൽ വ്യക്തികൾ ഈശ്വരാധികാരത്തെ അംഗീകരിക്കണമെന്നും, തദ്വാരാ അവർ മതബോധം

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു് (പുറം 85)

ഉള്ളവരായിരിക്കണമെന്നും തെളിയുന്നു.

മനുഷ്യവർഗ്ഗത്തിൻെറ ആരംഭംമുതൽ മതബോധം നിലനിന്നിരുന്നില്ലെന്നു കാണിക്കാനായി മി. കൃഷ്ണപിള്ള ഇങ്ങനെ തുടങ്ങുന്നു: "നരവംശശാസ്ത്രം (Anthropology), സമുദായതന്ത്രം (Sociology) മുതലായ ശാസ്ത്രശാഖകൾ മനുഷ്യവർഗ്ഗത്തിൻെറ പാരിണാമികമായ വളർച്ചയെപ്പററി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഇവയിലെ സിദ്ധാന്തങ്ങളും തെളിവുകളും പരിശോധിച്ചാൽ യാതൊരു മതബോധവും കൂടാതെ ജീവിച്ച ഒരു കാലഘട്ടം മനുഷ്യർ കടന്നുപോന്നിട്ടുണ്ടെന്നു കാണാവുന്നതാണ്. പ്രത്യേകിച്ചൊരു മതവും ഇല്ലാത്ത അനേകം വർഗ്ഗക്കാർ ദ്വീപാന്തരങ്ങളിലെ ആദിമനിവാസികളുടെ ഇടയിൽ ഇപ്പോഴും കാണപ്പെടുന്നുണ്ടെന്നു ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു." (പുറം. 21)

നരവംശശാസ്ത്രം (Anthropology), സമുദായതന്ത്രം (Sociology) മുതലായ ശാസ്ത്രശാഖകളുടെ മറയിൽനിന്നുകൊണ്ടു ചിലർ ചെയ്യുന്ന അബദ്ധപ്രസ്താവനകളെ ചരിത്രസത്യങ്ങളും തെളിവുകളുമായി സ്വീകരിക്കുന്നവർ യുക്തിവാദികളെന്നു സ്വയം അഭിമാനിക്കുന്നതു വിചിത്രമായിരിക്കുന്നു. യാതൊരു മതബോധവുമില്ലാത്ത ഒരു കാലഘട്ടം മനുഷ്യർ കടന്നുപോന്നിട്ടുണ്ടെന്നുള്ള ചില 'ഗവേഷകന്മാരുടെ' പ്രസ്താവത്തെ കണ്ണുമടച്ചു സ്വീകരിക്കുന്നതാണു ബാലിശമായിട്ടുള്ളതു്. കേവലം ഉപരിപ്ലവമായ ജ്ഞാനം കൊണ്ടുമാത്രം സംതൃപ്തരാകുന്ന ദേശസഞ്ചാരികളുടെ റിപ്പോർട്ടിനെ ആശ്രയിച്ചുകൊണ്ടാണ് ഇത്തരം 'ഗവേഷകന്മാർ' തങ്ങളുടെ അനുമാനങ്ങളിൽ എത്തിച്ചേർന്നിട്ടുള്ളതു്. 'മഡഗാസ്കാർ ദ്വീപിലെ വർഗ്ഗങ്ങളെ'പ്പററി ഒരു പത്രലേഖകൻ ചെയ്യുന്ന

പ്രസ്താവ'ത്തെ പ്രമാണമായി സ്വീകരിക്കുവാൻ ശ്രീ. കൃ ഷ്ണപിള്ളയെ പ്രേരിപ്പിച്ചതും ഈദൃശമായ ഒരു കരണ ഭ്രമം തന്നെയല്ലേ?

ശാസ്ത്രീയമായ വാദപ്രതിവാദങ്ങളിൽ പത്രറി പ്പോർട്ടിനെ ആശ്രയിക്കുന്ന മി. കുററിപ്പുഴ– "ബ്രിട്ടീഷു കാർ കൈവശപ്പെടുത്തിയ മഡഗാസ്ക്കർ ദ്വീപിൽ ഇത്തരം വർഗ്ഗങ്ങൾ ഉണ്ടെന്ന് ഈയിടെ ഒരു പത്രലേ ഖകൻ ചൂണ്ടിക്കാണിക്കുകയുണ്ടായി" (പുറം 21)–പ്രസ്തു ത വിഷയങ്ങളെപ്പററി അദ്ദേഹത്തിനുള്ള ജ്ഞാനം എ ത്ര ശുഷ്കമാണെന്നു പ്രത്യക്ഷമാക്കുകയേ ചെയ്യുന്നുള്ളു. ആദിമമനുഷ്യൻെറ ജീവിതരീതിയേയും, ആന്തരികമാ യ സംസ്കാരത്തേയും മററും പററി വിശദവിവരണങ്ങൾ നല്കുന്ന ഗ്രന്ഥങ്ങൾ സുലഭമായിരിക്കുന്ന ഈ ഇരുപ താം നൂററാണ്ടിലും ചില പത്രലേഖകന്മാരുടെ അഭിപ്രാ യത്തെ അടിസ്ഥാനമാക്കി സുപ്രസിദ്ധരായ ശാസ്ത്രജ്ഞ ന്മാരുടെ ഗവേഷണങ്ങളെ വിഗണിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്താണ്, ഏതദ്വിഷയത്തിൽ അദ്ദേഹ ത്തിനുള്ള അജ്ഞതയല്ലെങ്കിൽ!

മനുഷ്യൻെറ സാമുദായികവും മതപരവുമായ ജീ വിതത്തിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന പരി വത്തനങ്ങളുടെ യഥാർത്ഥരൂപം എന്തെന്നു ഗ്രഹിക്കു വാൻ ഗവേഷകന്മാർ ചെയ്തിട്ടുള്ള ശ്രമങ്ങളുടെ ഫലമാ യി ആദിമമനുഷ്യൻെറ ജീവിതരീതിയേയും അവൻെറ മാനസികസംസ്കാരത്തേയും സംബന്ധിച്ച് ഒരു സാമാന്യ ജ്ഞാനം നല്കാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. "ആദിമമ നുഷ്യൻെറ ജീവിതരീതി, മാനസികസംസ്കാരം ആദി

ന്ന്യയവയെ നിരീക്ഷണംചെയ്യുന്ന ഗവേഷകന്മാരുടെ ശ്രദ്ധയെ പ്രധാനമായി ആകർഷിക്കുന്നതു് അവനിൽ കുടികൊണ്ടിരുന്ന മതചൈതന്യമാണു്. മതബോധം എന്നും എവിടെയും മനുഷ്യന്റെ ജീവിതനിയാമകമായി വർത്തിച്ചിരുന്നു. പൗരാണികതത്വത്തിലേയ്ക്കു നാം എത്ര ചുഴിഞ്ഞിറങ്ങുന്നുവോ അത്ര കൂടുതലായി സ്പഷ്ടമാകുന്നുണ്ടു്, മതവാസനയ്ക്കു മനുഷ്യജീവിതത്തോടുള്ള അവിഭാജ്യബന്ധം. മാനവചരിത്രത്തിൽ ഭാഷയുടേയും, സമുദായജീവിതത്തിന്റെതന്നെയും ആവിർഭാവത്തെപ്പററി പിന്നോട്ടു് എത്ര നോക്കാമോ അത്രയും മതവാസനയും നിഴലിച്ചുകാണുന്നുണ്ടു്. സ്വാസ്ഥിതബോധത്തോടുകൂടിത്തന്നെ മനുഷ്യനു മതവാസനയും ഉണ്ടായിരുന്നു എന്നു ന്യായമായി അനുമാനിക്കത്തക്ക തെളിവുകൾ ഗവേഷകന്മാർ നല്കുന്നുണ്ടു്." (1)

"ഇപ്രകാരം വീക്ഷിക്കുകയാണെങ്കിൽ മതം മനുഷ്യപ്രകൃതിയുടെതന്നെ ഒരു ഭാഗമാണെന്നു മനസ്സിലാക്കാം. മതവാസന, സ്നേഹം, ഭയം മുതലായ വിവിധവികാരങ്ങളെ സംഗ്രഹിക്കുന്നതു കൂടാതെ, മനുഷ്യന്റെ വ്യക്തിപരവും, സാമൂഹികവുമായ ചില പ്രവർത്തനങ്ങളിൽ പ്രബലമായ സ്വാധീനശക്തി ചെലുത്തുകയും ചെയ്യുന്നുണ്ടു്. അതിനാലത്രേ ജനനം, മരണം മുതലായ അതിപ്രധാനസംഭവങ്ങൾ മതപരമായി പരിണമിച്ചിരിക്കുന്നതു്.

"ചരിത്രാതീതകാലങ്ങളിൽ(Prehistoric period) നി

---

(1) The Age of the Gods (p. 22)

ലവിലിരുന്ന മാനവസംസ്കാരത്തിൻെറ സ്പഷ്ടമായ ലാഞ്ഛനകൾ ആദ്യമായി ദൃശ്യമാകുന്നതു പുരാതനശിലായുഗത്തിൽ(Palaeolithic period.)ആണ്. ഇന്നു നിലവിലിരിക്കുന്ന തെളിവുകളനുസരിച്ച് ഏററവും പുരാതനമായ മതാനുഷ്ഠാനം മരണത്തോടനുബന്ധിച്ചുള്ളതാണ്. ഈ അനുഷ്ഠാനം പുരാതനശിലായുഗത്തിനുമുമ്പു ജീവിച്ചിരുന്ന മനുഷ്യൻെറ (Neanderthal man) (1) കാലംമുതൽ നിലവിലിരുന്നതായി തെളിഞ്ഞിട്ടുണ്ട്. സംസ്കാരത്തിൻെറ ഏററവും താഴ്ന്നപടിയിലാണു സ്ഥിതിചെയ്തിരുന്നതെങ്കിലും അവൻ മരിച്ചവരുടെ കാര്യത്തിൽ ജാഗരൂകനായിരുന്നെന്ന് അന്നത്തെ ശവകുടീരങ്ങൾ സാക്ഷ്യം നല്കുന്നുണ്ട്. ശവകുടീരത്തിനപ്പുറത്തായി മറെറാരു ജീവിതമുണ്ടെന്നുള്ള വിശ്വാസത്തോടുകൂടിയാണ് അന്നത്തെ മനുഷ്യൻ ശവസംസ്കാരം നടത്തിയിരുന്നതു്. ഇതു മൊസ്റ്റേറിയൻ കാലഘട്ടത്തിലെ (Mousterian period) ശവകുടീരങ്ങളിൽ കാണപ്പെടുന്ന അടയാളങ്ങളിൽ (2, നിന്നു വിശദമാകുന്നുണ്ട്. മരിച്ചവക്കായി സുരക്ഷിതമായ ഒരു കുഴിമാടം നിർമ്മിക്കുന്നതിനു് ആദിമമനുഷ്യനെ പ്രേരിപ്പിച്ചതു് അവരുടെ ഭാവിസുഖത്തിൽ അവനുണ്ടായിരുന്ന ആഗ്രഹമല്ലെങ്കിൽ പിന്നെ

---

(1) ഈ അടയാളങ്ങൾ കാണപ്പെടുന്നതു പ്രധാനമായി La Chapelle aux Saints, La Ferrassie എന്നീ സ്ഥലങ്ങളിലാണ്.

(2) പ്രസ്തുത മനുഷ്യൻെറ അവശിഷ്ടങ്ങൾ മദ്ധ്യയൂറോപ്പുതുടങ്ങി ജിബ്രാൾട്ടർവരെയുള്ള പ്രദേശങ്ങളിലും ഏഷ്യാമൈനറിൽ ഗലീലായിലുംനിന്നു കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

എന്താണ്? കൂടാതെ, ശവകുടീരങ്ങളിൽ ശരീരത്തോടുകൂടി ആയുധങ്ങളും മററുപകരണങ്ങളും, കാഴ്ചകളായി ഭക്ഷ്യപദാൎത്ഥങ്ങളും നിക്ഷേപിച്ചിരുന്നതു മരണാനന്തരജീവിതത്തിൽ അവനുണ്ടായിരുന്ന വിശ്വാസത്തെ പ്രദ്യോതിപ്പിക്കുകയല്ലയോ ചെയ്യുന്നതു്? നവ്യശിലായുഗത്തിലെ ജനങ്ങൾ മതബോധം ഉള്ളവരായിരുന്നെന്നു സ്പഷ്ടമായി തെളിഞ്ഞിട്ടുണ്ടു്. മതാനുഷ്ഠാനത്തിനായി അവർ ഉപയോഗിച്ചിരുന്ന കല്ലുകൾ (Sacred Stones) പ്രത്യേകതരത്തിലുള്ള കൊത്തുപണികളാൽ(Cup-markings) അലംകൃതങ്ങളാണു്. അതേമാതിരിയിലുള്ള കൊത്തുപണികളോടുകൂടിയ കല്ലുകൾകൊണ്ടാണു പുരാതനശിലായുഗത്തിലെ ശവകുടീരങ്ങൾ ആച്ഛാദനം ചെയ്യപ്പെട്ടിരുന്നതു്. (1) ശിലായുഗത്തിലേയ്ക്കു പ്രവേശിക്കുമ്പോഴും ആഘട്ടത്തിലെ ചില ഗുഹകളിലും മററും കാണപ്പെട്ടുന്ന ചിത്രങ്ങളിലും മററടയാളങ്ങളിലും നിന്നും(2) അന്നത്തെ മാനവസംസ്കാരത്തിൻേറയും മതാനുഷ്ഠാനത്തിൻേറയും ഒരു സാമാന്യരൂപം ഗ്രഹിക്കാൻ സാധിക്കുന്നുണ്ടു്. തന്മൂലം ആദിമദശയിൽപ്പോലും മനുഷ്യന് അവ്യക്തമായിട്ടെങ്കിലും ഒരു മതബോധം ഉണ്ടായിരുന്നതായി തെളിയുന്നുണ്ടല്ലോ.

എന്നാൽ, ചില ദ്വീപാന്തരങ്ങളിൽ യാതൊരു മ

---

(1) La Ferrassie എന്ന സ്ഥലത്തെ കുഴിമാടങ്ങളിൽനിന്നാണു് ഈ രേഖകൾ കണ്ടുകിട്ടിയിട്ടുള്ളതു്.

(2) The Magdalenian Cave Paintings and the Aurignacian figure sculptures and fine engravings, human remains and the objects associated with interments തുടങ്ങിയവയാണു് ഈ അടയാളങ്ങൾ.

തബോധവും ഇല്ലാത്ത മനുഷ്യർ ഉണ്ടെന്ന് 'ചില ഗവേഷകന്മാർ' അഭിപ്രായപ്പെടുന്നതു് മതത്തെപ്പററി അവക്കുള്ള അജ്ഞതനിമിത്തമാണ്. അപരിഷ്കൃതരായ പ്രസ്തുത ജനതയ്ക്കു പ്രത്യക്ഷത്തിൽ മതപരമായ ഒരു ഘടനയില്ലെന്നല്ലാതെ, ദൈവാസ്തിത്വത്തിൽ അവർ വിശ്വസിക്കുന്നില്ലെന്നോ, ദൈവത്തിൻെറ പരമാധികാരത്തിന് അവർ കീഴ്പ്പെടുന്നില്ലെന്നോ ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അതു വെറും തെററായ ധാരണമാത്രമാണ്. കൂടാതെ, ഗവേഷകന്മാർ ദ്വീപാന്തരങ്ങളിൽ കണ്ടുമുട്ടുന്ന കാട്ടുജാതിക്കാരെ ആദിമവർഗ്ഗക്കാരായി തരംതിരിക്കുന്നതും അബദ്ധമാണ്. മനോഹരമായ ഒരു പൂച്ചെടി കുററിക്കാടുകളുടെ ഇടയിൽപ്പെട്ടാൽ ഒരു കാട്ടുചെടിയായും വനാന്തരത്തിൽപ്പെടുന്ന ശാന്തമൃഗം ഒരു വന്യമൃഗമായും പരിണമിക്കുന്നതുപോലെ മനുഷ്യസഹവാസത്തിൽ നിന്നും, തജ്ജന്യമായ സംസ്കാരത്തിൽനിന്നും അകന്നു ജീവിക്കുന്ന വ്യക്തികളും കാലക്രമത്തിൽ അപരിഷ്കൃതരായിത്തീരാൻ ഇടയുണ്ട്. എന്നാൽ, ഡോക്ടർ റൈവേഴ്സ് (Dr. Rivers), പ്രൊഫെസർ എല്ലിയട്ട് സ്മിത്ത് (Prof. Elliot Smith) മുതലായവരെ അനുകരിച്ചു ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതു്, ആദിമവർഗ്ഗക്കാരായി കരുതപ്പെടുന്ന ഈ കാട്ടുജാതിക്കാരുടെ ഇടയിൽ സാമുദായികവും മതപരവുമായ പല സ്ഥാപനങ്ങളും കാണപ്പെടുന്നുണ്ടെന്നും, അവ പൗരാണികസംസ്കാരത്തിൻെറ പ്രേരകശക്തിയിൽനിന്നു രൂപപ്പെട്ടിട്ടുള്ളവയാണ് എന്നുമത്രേ. ഇന്നു ദ്വീപാന്തരങ്ങളിൽ കാണപ്പെടുന്ന അപരിഷ്കൃതജാതിക്കാരെ ഇപ്രകാരം

മുള്ള പരിവൎത്തനത്തിനു വിധേയരായവരായിമാത്രമേ പരിഗണിക്കുവാൻ നിവൃത്തിയുമുള്ളു. പ്രസ്താവിതകാരണങ്ങളാൽ മതം മാനവവംശത്തിൻെറ ആരംഭംമുതല്ക്കേ ഉണ്ടായിരുന്നില്ല എന്നുള്ള വാദം അടിസ്ഥാനരഹിതങ്ങളായ ചില ഊഹങ്ങളെ ആസ്പദമാക്കിയുള്ള ഒരു നിഗമനംമാത്രമാണെന്നു പറയാം. തന്മൂലം, "മനുഷ്യൻെറ സാംസ്കാരികവളർച്ചയിൽ ഇടക്കാലത്തു രൂപമെടുത്ത ഒന്നാണു മതം" എന്നും, "അതുകൊണ്ടു മതവും സന്മാൎഗ്ഗബോധവും തമ്മിൽ ഇപ്പോൾ കാണുന്ന ബന്ധവും ഇടക്കാലത്തുണ്ടായതാണ്" എന്നുമുള്ള (പുറം 21) വാദം കേവലം നിരൎത്ഥകമെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്, 'മതത്തിൽനിന്നാണോ സന്മാൎഗ്ഗബോധത്തിൻെറ ഉത്പത്തി'യെന്ന പ്രശ്നമാണ്. സന്മാൎഗ്ഗം എന്നതു് അതിൻെറ വ്യാപകാൎത്ഥത്തിൽ (broad sense), മനുഷ്യൻെറ പ്രവൃത്തികൾക്കു സുബോധത്തോടുള്ള (sound reason) ആനുരൂപ്യമാണ്. ഈ ആനുരൂപ്യത്തെ അടിസ്ഥാനമാക്കിയാണ് ഒരു വസ്തു ശരിയോ തെറ്റോ എന്നും, സ്വീകാൎയ്യമോ പരിവൎജ്ജ്യമോ എന്നും അവർ വിധികല്പിക്കുന്നതു്. എന്നാൽ, സുബുദ്ധിക്കു യോജിച്ച തത്വങ്ങൾ-മനസ്സാക്ഷിയുടെ അനുശാസനങ്ങൾ-സാൎവ്വത്രികങ്ങളായിരിക്കുന്നതു് എന്തുകൊണ്ടു്? എന്തുകൊണ്ടാണ് അവയുടെ കല്പനാശക്തിക്കു വശംവദരാകാൻ നാം ബാദ്ധ്യസ്ഥരായിരിക്കുന്നതു്? നമ്മുടെമേൽ അധികാരശക്തി ചെലുത്താൻ നമ്മെക്കാൾ ഉത്കൃഷ്ടനായ ഒരുവനു മാത്രമേ കഴിയുള്ളല്ലോ. അതിനാൽ, നമ്മോടു് അധികാര

രൂപത്തിൽ കല്പിക്കുന്ന മനസ്സാക്ഷി നമ്മെക്കാൾ ഉത്കൃഷ്ടമാണെന്നു സമ്മതിക്കേണ്ടിവരുന്നു. എന്നാൽ, നമ്മുടെ മനസ്സാക്ഷിക്കു നമ്മിൽനിന്നു ഭിന്നമായതോ, നമ്മെക്കാൾ ഉത്കൃഷ്ടമായതോ ആയ ഒരു വ്യക്തിത്വമില്ല. അതു നമ്മെ ആശ്രയിച്ചാണു നിലകൊള്ളുന്നത്. അതു നമ്മുടെ വിവധശക്തികളിൽ ഒന്നുമാത്രമാണ്. ഇപ്രകാരം, നമ്മുടെ ശക്തികളിൽ ഒന്നുമാത്രമായ—നമ്മെ ആശ്രയിച്ചു നിലകൊള്ളുന്ന മനസ്സാക്ഷിയുടെ അനുശാസനങ്ങൾ കല്പനാരൂപത്തിലായിരിക്കുന്നതു് അതു നമ്മെക്കാൾ ഉത്കൃഷ്ടനായ ഒരു വ്യക്തിയുടെ സന്ദേശവാഹിയായി നമ്മോടു സംസാരിക്കുന്നതുകൊണ്ടുതന്നെയാണ്. രാജകല്പനയുമായിവരുന്ന ഒരു ഭൃത്യൻ നമ്മെക്കാൾ താഴ്ന്നവനെങ്കിലും, അവൻ ആരുടെ സന്ദേശം വഹിക്കുന്നുവോ അദ്ദേഹത്തിന്റെ മാഹാത്മ്യത്തേയും, അധികാരത്തേയും ആസ്പദമാക്കി അവനെ അനുസരിക്കാൻ നാം ബാധ്യസ്ഥരാകുന്നതുപോലെ, നമ്മെക്കാൾ ഉത്കൃഷ്ടനായ ഒരു വ്യക്തിയുടെ സ്വരമെന്ന നിലയിൽ മനസ്സാക്ഷി നമ്മോടു് ആജ്ഞാപിക്കുമ്പോൾ അതിനെ അനുസരിക്കാൻ നാം ബാധ്യസ്ഥരായിത്തീരുന്നു. എന്നാൽ, നമ്മുടെ മനസ്സാക്ഷിയിൽ നേരിട്ടു പ്രവൎത്തനം നടത്താൻ സാധിക്കുന്ന ആ ഉത്കൃഷ്ടശക്തി എന്താണ്? ആ അന്യവ്യക്തി ആരാണ്? അതു മററു മനുഷ്യരാകാൻ നിവൃത്തിയില്ല. ഒരു മനുഷ്യന് അന്യന്റെ ബുദ്ധിയിൽ നേരിട്ടു പ്രവൎത്തിക്കാൻ കഴിവില്ലല്ലോ. അതിനാൽ, നമ്മുടെ മനസ്സാക്ഷിയിൽ പ്രവൎത്തനംനടത്തുന്ന ശക്തി അമാനുഷികവും, പ്രകൃത്യതീതവുമാണെന്നു സമ്മതിക്കേണ്ടിവ

രുന്നു. മനുഷ്യപ്രകൃതിക്കതീതമായി, അവൻെറ ബുദ്ധിശക്തിയിൽ പ്രവർത്തനം നടത്താൻ പ്രാപ്തമായ ആ ശക്തി പ്രകൃതിയുടെ നാഥനായ ഈശ്വരനല്ലാതെ മററാരുമല്ല. ഇപ്രകാരം ഈശ്വരൻെറ ദൌത്യവാഹിയെന്ന നിലയിൽ മനസ്സാക്ഷി നമ്മോടു കല്പിക്കുന്നതനുസരിച്ചു ചെയ്യുന്ന പ്രവൃത്തി സാന്മാർഗ്ഗികമാണ്. അതിനാൽ, സന്മാർഗ്ഗത്തിന് ഈശ്വരനോട്ട് അഭേദ്യമായ ബന്ധമുണ്ടെന്നു തെളിയുന്നു. മനുഷ്യന് ഈശ്വരനുമായുള്ള ബന്ധമാണല്ലോ മതം തന്മൂലം, മതവും സന്മാർഗ്ഗവുമായി അവശ്യബന്ധമുണ്ടെന്നു സ്പഷ്ടമാകുന്നു.

മി. കററിപ്പുഴ വാദിക്കുന്നതുപോലെ, 'സാമൂഹ്യത' യാണു സന്മാർഗ്ഗത്തിനടിസ്ഥാനമെങ്കിൽ, സമുദായബന്ധം പാലിക്കാൻ നിർബന്ധിതനാകുന്നതുകൊണ്ടാണു മനുഷ്യൻ സന്മാർഗ്ഗവ്യവസ്ഥകൾക്കു വിധേയനാകേണ്ടതെങ്കിൽ, സമുദായബന്ധത്തിൽനിന്നൊഴിഞ്ഞു ജീവിക്കുന്നവനെയോ സമുദായനന്മയെ അവഗണിക്കാൻ ഉദ്യമിക്കുന്നവനെയോ സന്മാർഗ്ഗനിയമങ്ങൾ അനുസരിക്കുന്നതിനു പ്രേരിപ്പിക്കുവാൻ എങ്ങനെ കഴിയും? സമുദായം വ്യക്തികളുടെ സംഘടനയാണല്ലോ. അതിനാൽ, സമുദായത്തിലെ ഓരോ വ്യക്തിയും സമാവകാശവും, സമാധികാരവും ഉള്ളവരാണ്. ഇപ്രകാരം സമാവകാശികളായ അംഗങ്ങളെ നിയമത്താൽ ബന്ധിക്കാൻ സമുദായത്തിനുള്ള അധികാരമെന്ത്? വ്യക്തികൾ സ്വമനസാ സമുദായപ്രാമാണ്യത്തെ അംഗീകരിച്ചതുകൊണ്ടാണെന്നു ചിലർ സമാധാനം നല്കിയേക്കാം. എന്നാൽ, മനുഷ്യർ സ്വമനസാ സമുദായത്തി

ൻെറ അധികാരത്തെ അംഗീകരിച്ചെങ്കിൽ, അതിൽനി ന്നകന്നു ജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവക്കു ണ്ടായിരിക്കണം. അങ്ങനെയെങ്കിൽ സമുദായത്തിൻെറ അടിത്തറ ഇളകുകയില്ലയോ? സന്മാർഗ്ഗനിയമങ്ങൾ ക്കുള്ള അവലംബം തകരുകയില്ലയോ? അതിനാൽ, വ്യ ക്തികൾ സ്വതന്ത്രരായി സംഘടിച്ചെന്ന ന്യായത്താൽ സമുദായത്തിനു തദംഗങ്ങളുടെമേൽ സ്ഥിരമായ ഒര ധികാരം ഉണ്ടാകാൻ തരമില്ല. എന്നാൽ, അധികാ രം സമുദായത്തിൻെറ നിലനില്പിന് അത്യന്താപേക്ഷി തമാണുതാനും. ഈ അധികാരം വ്യക്തികളിൽനിന്നല്ലാ ത്തതിനാൽ അവരെക്കാൾ ഉത്കൃഷ്ടമായ ഒന്നിൽനിന്നു വരേണ്ടിയിരിക്കുന്നു. വ്യക്തികളെക്കാൾ ഉത്കൃഷ്ടമായ ആ ശക്തി, മനുഷ്യനു സമുദായവാസന പ്രദാനംചെയ്ത പ്രകൃതിനാഥൻതന്നെയാണ്. പ്രകൃതീനാഥൻെറ— ഈ ശ്വരൻെറ—പരമാധികാരത്തെ അടിസ്ഥാനമാക്കിയല്ലെ ങ്കിൽ സമുദായത്തിനു വ്യക്തികളുടെമേൽ യാതൊരധി കാരവും ഉണ്ടായിരിക്കയില്ല. അങ്ങനെയെങ്കിൽ, സാമൂ ഹ്യതയെ മാത്രം ആസ്പദമാക്കി വ്യക്തികൾ സാന്മാർഗ്ഗി കനിയമങ്ങൾ പാലിക്കണമെന്നില്ല. തന്മൂലം, സമുദായ ത്തിൻെറ അധികാരത്തിനും, തദ്വാരാ സാന്മാർഗ്ഗികനി യമങ്ങളുടെ പ്രാബല്യത്തിനും ഈശ്വരനെ ആശ്രയിക്കേ യിരിക്കുന്നു. ഇപ്രകാരം ഈശ്വരനെ ആശ്രയിക്കുന്നതു മതകൃത്യമാകയാലാണ്, സന്മാർഗ്ഗത്തിനടിസ്ഥാനം മതമാ ണെന്നു മതപക്ഷക്കാർ വാദിക്കുന്നത്.

കൂടാതെ, സാമൂഹ്യതയാണു സന്മാർഗ്ഗത്തിനടിസ്ഥാ നമെങ്കിൽ സമുദായത്തിൻെറ ആവിർഭാവത്തിനുമുമ്പു

സ്വതന്ത്രവ്യക്തികൾ അസന്മാർഗ്ഗികളായിരുന്നെന്നും അവക്കു സന്മാൎഗ്ഗബോധം ഇല്ലായിരുന്നെന്നും സമ്മതിക്കേണ്ടിവരുന്നു. എന്നാൽ, സമുദായബന്ധം ഉണ്ടായിരിക്കട്ടെ, ഉണ്ടാകാതിരിക്കട്ടെ മനുഷ്യൻ സുബുദ്ധിക്കനുസരണം തന്റെ പ്രവൃത്തികളെ നിയന്ത്രിക്കേണ്ടതല്ലേ? ഇപ്രകാരം സുബുദ്ധിക്കനുസരണം മനുഷ്യന്റെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതാണു സന്മാൎഗ്ഗമെന്നു മേൽ പ്രസ്താവിച്ചിട്ടുള്ളതാണ്. അങ്ങനെയെങ്കിൽ സമുദായത്തിന്റെ ആവിർഭാവത്തിനുമുമ്പുതന്നെ വ്യക്തികളിൽ സന്മാൎഗ്ഗബോധം ഉണ്ടായിരുന്നെന്നും, തന്മൂലം, സാമൂഹ്യതയല്ല സന്മാർഗ്ഗത്തിനടിസ്ഥാനമെന്നും സ്പഷ്ടമാകുന്നു.

മാത്രമല്ല, എല്ലാ മനുഷ്യൎക്കും സന്മാർഗ്ഗബോധം അത്യന്താപേക്ഷിതമാണല്ലോ. ഇതു മി. കററിപ്പുഴയും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ സാമൂഹ്യതയാണ്, സമുദായശ്രേയസ്സാണ്, സന്മാർഗ്ഗത്തിനടിസ്ഥാനമെങ്കിൽ സമുദായബന്ധത്തിൽനിന്നകന്നു ജീവിക്കുന്നവരും സമുദായശ്രേയസ്സിനെ ആദരിക്കാത്തവരും എങ്ങനെ സന്മാർഗ്ഗികളാകും? അവരെ നിയന്ത്രിക്കാനുള്ള അധികാരശക്തി എവിടെ? അതിനാൽ, സന്മാൎഗ്ഗത്തിനടിസ്ഥാനം സാമൂഹ്യതയാണെങ്കിൽ സൎവ്വവ്യാപകമായ ഒരു സാന്മാൎഗ്ഗികസംഹിത ഉണ്ടായിരിക്കാൻ തരമില്ലെന്നും, തന്മൂലം, എല്ലാ മനുഷ്യരേയും സന്മാൎഗ്ഗികളാക്കിത്തീർക്കാൻ സാധിക്കുകയില്ലെന്നും സമ്മതിക്കേണ്ടിവരുന്നു. എന്നാൽ, സാന്മാർഗ്ഗികനിയമങ്ങൾ സൎവ്വവ്യാപകവും എന്നും നിലനില്ക്കുന്നവയുമാണ്. കൊല്ലരുതു് എന്ന നിയമം, മനുഷ്യൻ സമുദായാംഗമായിരിക്കട്ടെ

അല്ലാതിരിക്കട്ടെ, ആധുനികകാലത്താകട്ടെ പുരാതനകാലത്താകട്ടെ, എന്നും എല്ലാവക്കുമായി നിലകൊള്ളുന്നു. അതിനാൽ, സാമൂഹ്യതയെ അടിസ്ഥാനമാക്കിയാണു സന്മാർഗ്ഗനിയമങ്ങൾ ആവിർഭവിച്ചതെന്ന സിദ്ധാന്തം വെറും നിരർത്ഥകമാണെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു മതമാണ്, സാമൂഹ്യതയല്ല, സന്മാർഗ്ഗത്തിനടിസ്ഥാനമായിരിക്കേണ്ടതെന്നു തെളിഞ്ഞിട്ടുണ്ടല്ലോ. ഈ യാഥാർത്ഥ്യത്തെ ചരിത്രലക്ഷ്യങ്ങളും സ്പഷ്ടമാക്കുന്നുണ്ട്. ലോകചരിത്രത്തിൻെറ താളുകളൊന്നു മറിച്ചുനോക്കിയാൽ കാണാം, മതവാസനയിൽനിന്നാണു സന്മാർഗ്ഗബോധത്തിൻെറ ഉൽപത്തിയെന്ന്. സന്മാർഗ്ഗനിയങ്ങളുടെ ലംഘനത്തെ ഈശ്വരൻ അല്ലെങ്കിൽ ദേവന്മാർ ശിക്ഷിക്കുമെന്നുള്ള ബോധത്തോടുകൂടിയാണു പരിഷ്കൃതരും അപരിഷ്കൃതരുമായ എല്ലാ ജനതയും ജീവിച്ചിരുന്നതെന്നും, ഇതേ മനോഭാവം തന്നെ ഇന്നും നിലനില്ക്കുന്നുണ്ടെന്നും അപ്പോൾ മനസ്സിലാകും. ഈ ചരിത്രസാക്ഷ്യത്തിനൊരപവാദമായി ബുദ്ധമതത്തെ ചിലർ എടുത്തുകാണിച്ചേക്കാം. എന്നാൽ, 'ഹീനയാന' ക്രമം അനുസരിക്കുന്ന ആ ബുദ്ധമതവിഭാഗക്കാർ താത്ത്വികമായി പുരുഷാത്മകനായ ഒരു ദൈവത്തെ അംഗീകരിക്കുന്നില്ലെങ്കിലും ഒരു അമാനുഷികശക്തിയിലുള്ള വിശ്വാസത്താൽ പ്രേരിതരായിട്ടാണു സന്മാർഗ്ഗവ്യവസ്ഥകൾക്ക് അവർ വശംവദരാകുന്നതെന്നു അവരുടെ ആചാരനടപടികളിൽനിന്ന് വിശദമാകുന്നുണ്ട്.

മതബോധം കൂടാതെ സന്മാർഗ്ഗവും സമുദായഘടനയും നിലനില്ക്കയില്ലെന്നു പ്രാചീനരും അർവ്വാചീനരും

വിശ്വാസികളും അവിശ്വാസികളുമായ സകല ചിന്തകന്മാരും രാഷ്ട്രീയനേതാക്കന്മാരും പ്രസ്താവിക്കുന്നുണ്ട്. "നഗരസഭാസ്ഥാപനത്തിൽ ദൈവം ആദ്ധ്യക്ഷ്യം വഹിക്കാത്തപക്ഷം, അതു കേവലം മാനുഷികമായ അടിസ്ഥാനത്തിന്മേൽ നിലകൊള്ളുന്നപക്ഷം, അതിനു മഹാവിപത്തുകളിൽ ചെന്നുചാടാതിരിക്കാൻ സാധിക്കയില്ലെന്നുള്ളതു് അവിതൎക്കിതമായ സത്യമാണു്" എന്നു പ്ലേറേറായും (Plato); "ദൈവാരാധനയിൽ ഏററവും ശ്രദ്ധാലുക്കളായിരുന്ന നഗരങ്ങളും ജാതികളുമാണു് ഏററവും ദീൎഘകാലം നിലനില്ക്കുകയും ഏററവും ബുദ്ധിയോടെ ഭരിക്കപ്പെടുകയും ചെയ്തിട്ടുള്ളതു്" എന്നു സെനൊഫോണും (Xenophon); "ദൈവത്തോടുള്ള ഭക്തിക്കു നാശം സംഭവിച്ചാൽ, പരസ്പരവിശ്വാസത്തിന്നും സമുദായബന്ധത്തിന്നും അത്യുൽകൃഷ്ടപുണ്യമായ നീതിക്കും നാശം ഭവിക്കയില്ലയോ എന്നു ഞാൻ സംശയിക്കുന്നു" എന്നു സിസറോയും (Cicero); "ഒരു ജനതതിക്കു മതവിശ്വാസമില്ലെന്നുകണ്ടാൽ അവർ മൃഗങ്ങളെക്കാൾ ഭേദമല്ലെന്നു് ഉറപ്പുകൊള്ളുക" എന്നു ഹ്യൂവും (Hugh); "മതവിശ്വാസത്തിൽ അടിയുറപ്പിക്കാത്ത രാഷ്ട്രം ഒരുകാലത്തും ഏൎപ്പെടുത്തപ്പെട്ടിട്ടില്ല" എന്നു റൂസോയും (Rousseou); "സ്രഷ്ടാവും ഭരണകൎത്താവും സമ്മാനശിക്ഷകളുടെ ദാതാവുമായ ഒരു ദൈവത്തിലുള്ള വിശ്വാസം രാജാക്കന്മാരുടേയും പ്രജകളുടേയും അന്തരംഗത്തിൽ ആഴമായി ലേഖനം ചെയ്യപ്പെട്ടിരിക്കുക അത്യന്താപേക്ഷിതമാണു്" എന്നു വോൾട്ടയറും (Voltaire) പറയുന്നു.

അതുകൊണ്ടു മതബോധമാണു മനുഷ്യനെ സന്മാ

ദ്ജീവിയാക്കിത്തീർക്കുന്നതു് എന്നു വാദിക്കുമ്പോൾ അതു ക്കെങ്കിലും പരിഭ്രമമുണ്ടാകുന്നെങ്കിൽ അതു ചിന്താശക്തിയുടെ ദുർബലതയോ മുൻവിധിയുടെ പ്രചോദനമോ നിമിത്തമായിരിക്കാനേ തരമുള്ളു.

സന്മാർഗ്ഗവ്യവസ്ഥകളെ, മനുഷ്യന്റെ സ്രഷ്ടാവായ ഈശ്വരനോടും തന്നോടുതന്നെയും സ്വസഹോദരനോടുമുള്ള കടമകളെന്നു മൂന്നിനമായി തിരിക്കാം. ഈ മൂന്നാമത്തേ ഇനത്തിൽപ്പെട്ട വ്യവസ്ഥകൾ പ്രധാനമായി മനുഷ്യന്റെ സാമൂഹികജീവിതത്തെ നിയന്ത്രിക്കുന്നവയാകയാൽ സമുദായജീവിതത്തിന്റെ ആവിർഭാവത്തോടുകൂടി മാത്രമേ അവയുടെ ആവശ്യകതയും അനുഭവപ്പെട്ടുതുടങ്ങിയുള്ളു. ഈദൃശമായ സന്മാർഗവ്യവസ്ഥകളായിരിക്കാം "വ്യക്തിയുടെ വളർച്ചയ്ക്കും, വികാസത്തിനും, സുഖത്തിനും ഉപകരിക്കത്തക്കവിധം സുസംഘടിതമാകുന്ന സമുദായത്തിന്റെ ശ്രേയസ്സിന് ഉപകരിക്കുന്ന നടപടികളെല്ലാം സന്മാർഗവ്യവസ്ഥാവലയത്തിൽ ഉൾപ്പെട്ടതാവുന്നതാണു്" (പുറം 24) എന്നു പ്രസ്താവിക്കുന്നിടത്തു മി. കററിപ്പുഴ ഉദ്ദേശിക്കുന്നതു്. ഈശ്വരാസ്തിത്വത്തെ നിഷേധിക്കുന്ന ഒരു ഭൗതികവാദിയായ അദ്ദേഹം ഈശ്വരനോടുള്ള കടമകളേയും മററും അവഗണിക്കുന്നതിൽ ആശ്ചര്യത്തിനവകാശമില്ല.

"ഏതാണു സന്മാർഗം, അതിന്റെ തോതെന്തു്? ഇത്യാദി ചോദ്യങ്ങൾക്കു മേല്പറഞ്ഞ തത്വത്തെ ആസ്പദമാക്കിയും യുക്തിയെ അവലംബിച്ചും വേണം ഉത്തരം പറയാൻ. അല്ലാതെ മതഗ്രന്ഥങ്ങളോ പ്രവാചകന്മാരുടെ വാക്യങ്ങളോ പ്രസ്തുത പ്രശ്നങ്ങൾക്കു പ്രമാണങ്ങളാ

കുന്നതല്ല," (പുറം 24) എന്നു മി. കുററിപ്പുഴ പറയുന്നു.

'മനുഷ്യൻ സ്വരക്ഷയ്ക്കുവേണ്ടിയാണ്" (പുറം 22) 'സമുദായമായി സംഘടിച്ചതെന്നും', 'സാമൂഹ്യതയാണു സന്മാർഗത്തിൻെറ ആടിസ്ഥാനമെന്നു' (പുറം 23) മുള്ളതാണ് 'മേൽപറഞ്ഞ തത്വത്തെ ആസ്പദമാക്കി'യെന്നു പറയുന്നതുകൊണ്ട് അദ്ദേഹം ഇവിടെ വിവക്ഷിക്കുന്നത്. സാമൂഹികജീവിതവാസന മനുഷ്യനു പ്രകൃതിദത്തമാണെന്നും, സന്മാർഗത്തിൻെറ അടിസ്ഥാനം സാമൂഹ്യതമാത്രമല്ല, പ്രത്യുത മതബോധം— സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അവശ്യബന്ധത്തിൻെറ അംഗീകാരം— കൂടെയാണെന്നും മുകളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. തന്മൂലം, സാമൂഹ്യതയെമാത്രം അടിസ്ഥാനമാക്കിയുള്ള സന്മാർഗവ്യവസ്ഥ യുക്തിക്കോ സുബോധത്തിനോ അനുയോജ്യമായിരിക്കുകയില്ല.

**"മതഗ്രന്ഥങ്ങളോ, പ്രവാചകന്മാരുടെ വാക്യങ്ങളോ പ്രസ്തുത പ്രശ്നങ്ങൾക്ക് ('ഏതാണു സന്മാർഗ്ഗം, അതിൻെറ തോതെന്ത്? ഇത്യാദികൾക്കു') പ്രമാണങ്ങളാകുന്നതല്ല."** (പുറം 24)

"മരിച്ചുമണ്ണായിപ്പോയ പുരാതനർ നിർമ്മിച്ചുവച്ച ആചാരങ്ങളും വിശ്വാസങ്ങളും" അതേപടി നിഷിദ്ധങ്ങളാണെന്നുള്ള മുൻവിധിയോടുകൂടി ചിന്തിക്കുന്ന ആധുനികയുക്തിവാദികളിൽനിന്ന് ഏതാദൃശമായ ഒരഭിപ്രായം പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ മതഗ്രന്ഥങ്ങളും പ്രവാചകന്മാരുടെ വാക്യങ്ങളും യുക്ത്യനുസൃതമാണെങ്കിൽ അവയെ എന്തുകൊണ്ടു നമുക്കു സ്വീകരിച്ചുകൂടാ? സന്മാർഗനിയമങ്ങളുടെ വിശദീകരണത്തിനും,

നിർവ്വചനത്തിനും പ്രവാചകന്മാരേയും മതഗ്രന്ഥങ്ങളേയും ആശ്രയിക്കുന്നതു, പ്രധാനമായി അവ ദൈവനിവേശിതങ്ങളാണെന്നുള്ളതിന്ന ശരിയായ തെളിവുകൾ ഉള്ളതുകൊണ്ടാണ്. ബുഷ്നർ, ഹെക്കൽ മുതലായ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ മി. കുററിപ്പുഴയ്ക്കും സ്നേഹിതന്മാൎക്കും സ്വീകാര്യമെങ്കിൽ, സന്മാൎഗ്ഗശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾക്കു പ്രാമാണ്യം നല്കാൻ അവർ വൈമനസ്യം പ്രദർശിപ്പിക്കുന്നതുതെന്തുകൊണ്ട്?

"വ്യക്തിയുടെ വളർച്ചയ്ക്കും, വികാസത്തിനും, സുഖത്തിനും ഉപകരിക്കത്തക്കവിധം സുസംഘടിതമാകുന്ന സമുദായത്തിന്റെ ശ്രേയസ്സിന്നുപകരിക്കുന്ന നടപടികളെല്ലാം സന്മാർഗ്ഗവ്യവസ്ഥാവലയത്തിൽ ഉൾപ്പെടുത്താവുന്നതാണ്" (പുറം 24). എന്നാൽ, പ്രസ്തുത നടപടികൾ പ്രകൃതിനിയമങ്ങൾക്കും, ഈശ്വരഹിതത്തിന്നനുയോജ്യമായിരിക്കണം. വ്യക്തികളുടെ ശാരീരികമായ വളർച്ചയും വികാസവും മാത്രമല്ല, ഇവിടെ ശ്രദ്ധേയമായിട്ടുള്ളതു്; പ്രത്യുത, മാനസികവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിയും സംസ്കാരവുംകൂടി സമുദായശ്രേയസ്സിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. മതം വ്യക്തികളുടെ സുഖത്തെ ഹനിക്കുകയും പുരോഗമനത്തെ തടയുകയും ചെയ്യുന്നെന്നും, അതാണ് അസന്മാൎഗ്ഗമെന്നും വിചാരവിപ്ലവത്തിന്റെ കൎത്താവ് അഭിപ്രായപ്പെടുന്നതു മുൻവിധിയോ ആലോചനക്കുറവോ കൊണ്ടായിരിക്കാം. അദ്ദേഹത്തിന്ന ചരിത്രത്തിലുള്ള അജ്ഞതയെ ഈ അഭിപ്രായം വിളിച്ചറിയിക്കുന്നുമുണ്ട്.

ആധ്യാത്മികജീവിതത്തിന്ന വിഘാതമാകുന്ന ചില ജഡികാഭിലാഷങ്ങളുടെ അമിതമായ സംതൃപ്തിയെ മതം തടയുമ്പോൾ അതുകൊണ്ടു വ്യക്തികളുടേയും സമുദായത്തിൻേറയും ശാശ്വതമായ ആനന്ദത്തിനും ശാന്തിക്കുമായി പരിശ്രമിക്കുകയാണു ചെയ്യുന്നതു്.

വ്യവസായത്തിൽ അമിതമായ ലാഭത്തെ മതം തടയുന്നില്ലെന്നാണ് മി. കററിപ്പുഴ കൊണ്ടുവരുന്ന വേറൊരു വാദം. എന്നാൽ, വ്യവസായത്തിൽ അമിതലാഭമെടുക്കുവാൻ ഏതു മതമാണ് അനുവദിക്കുന്നതു്? (1) അതിനെ ആരാണു സന്മാൎഗ്ഗമായി പരിഗണിക്കുന്നതു്?

'പാലിൽ വെള്ളംചേൎത്തു പട്ടണത്തിൽ വില്ക്കുന്നതിന് ഒരു പക്ഷേ റഷ്യയിൽ വധശിക്ഷ ലഭിച്ചേയ്ക്കും' (പുറം 25) എന്ന ധാരണയിൽനിന്നാണ് അവിടത്തെ സന്മാൎഗ്ഗം പ്രശംസാൎഹമായി അദ്ദേഹത്തിന്നു തോന്നുന്നതു്. എന്നാൽ, റഷ്യയിലും, അതിൻെറ അധികാരത്തിന്ന കീഴ്പ്പെട്ടിട്ടുള്ള മററുരാജ്യങ്ങളിലും നടത്തപ്പെടുന്ന കൂട്ടക്കൊലകളും അപഹരണങ്ങളും സന്മാൎഗ്ഗമാണ് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ. പാലിൽ വെള്ളം ചേൎത്താൽ ഉണ്ടാകാവുന്ന ആരോഗ്യഹാനിയെ റഷ്യൻഭരണാധികാരികൾ ഗൌരവാവഹമായി കരുതുമെങ്കിൽ, ഭക്ഷണത്തിന്നുവകയില്ലാതെ, ധരിക്കാൻ വസ്ത്രമില്ലാതെ, പാൎപ്പാൻ ഇടമില്ലാതെ റഷ്യൻതെരുവുകളിൽ അലഞ്ഞുനടക്കു

---

(1) മി. കററിപ്പുഴയുടെ പ്രശംസയ്ക്കു വിഷയമായിരിക്കുന്ന 'ചാൎവ്വാകമതം' അമിതലാഭം അനുവദിക്കുന്നുണ്ടാവാം!

ന്ന ദരിദ്രലക്ഷങ്ങളുടെ ആരോഗ്യഹാനിയെപ്പററി എന്തുകൊണ്ടു് അവർ അശ്രദ്ധരായിരിക്കുന്നു? അവിടത്തെ സന്മാർഗ്ഗത്തിൻെറ സ്ഥിതി ഏതുതരമെന്നു് അറിവില്ലാത്ത ഭാവമാണു മി. കുററിപ്പുഴ സ്വീകരിക്കുന്നതു്. റഷ്യയിലെ സന്മാർഗ്ഗത്തെപ്പററി ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീ. ശങ്കർറാവു ദേവോ ഇപ്രകാരം പ്രസ്താവിക്കുന്നു: "ഞാൻ വായിക്കുകയും അറിയുകയും ചെയ്തിട്ടുള്ളിടത്തോളം കമ്മ്യൂണിസ്ററുകാർ വിശ്വസിക്കുന്ന പ്രമാണം 'ലക്ഷ്യം മാർഗങ്ങളെ നീതീകരിക്കുന്നു' എന്നതാണു്." (1) അതിനാൽ, തൊഴിലാളികളുടെ ഉദ്ധാരണം എന്ന മൂടുപടവും ധരിച്ചുകൊണ്ടു് ഏതു് അനീതിയും പ്രവർത്തിക്കാമെന്നല്ലേ അവിടത്തെ ഭരണക്രമത്തിൽ നിഴലിച്ചുകാണുന്ന ആശയം. കമ്മ്യൂണിസ്ററുനേതാക്കന്മാരുടെ പ്രവൃത്തി അവരുടെ ഈ ആദർശത്തിനു യോജിച്ചതാണെന്നു ശരിയായി വെളിപ്പെടുന്നുണ്ടു്. ലെനിൻ പ്രസ്താവിക്കുന്നതു കേട്ടാലും: "നമ്മുടെ സന്മാർഗ്ഗം തൊഴിലാളിവർഗ്ഗങ്ങളുടെ വർഗ്ഗസമരത്തിൻെറ താൽപര്യങ്ങൾക്കു പരിപൂർണ്ണമായും വിധേയമാക്കപ്പെട്ടിരിക്കുന്നുവെന്നു ഞാൻ പറയുന്നു." റഷ്യയിലെ നിരീശ്വരസംഘത്തിൻെറ നേതാവായ യാറോസ്ലാവസ്കിയുടെ വാക്കുകൾ കുറച്ചുകൂടി വിശദമാണു്. അദ്ദേഹം പറയുന്നു: "തൊഴിലാളിവർഗ്ഗങ്ങളുടെ വിപ്ലവത്തിൻെറ താൽപര്യങ്ങൾക്കു യോജിച്ചതെന്തോ അതു സന്മാർഗ്ഗപരമാണു്." അതിനാൽ, നിലവിലിരിക്കുന്ന സമുദായവ്യ

---

(1) Indian Express, 5 Jan. 1946.

വസ്ഥിതി നശിപ്പിക്കാൻ തൊഴിലാളികൾ കവർച്ച, കൊലപാതകം മുതലായി എന്തുതന്നെ ചെയ്താലും അതെല്ലാം സന്മാർഗ്ഗമാണെന്നല്ലേ ഇവരുടെ അഭിപ്രായം?

ഇന്നത്തെ റഷ്യൻഭരണമേധാവി, കമ്മ്യൂണിസ്ററുകാരുടെ സന്മാർഗ്ഗത്തിന്റെ മൂർത്തീഭാവമായ സ്റ്റാലിൻ, പറയുന്നതു് ഇപ്രകാരമാണു്: "വാക്കുകൾക്കു പ്രവൃത്തികളോടു യാതൊരു പൊരുത്തവുമുണ്ടായിരിക്കരുതു്. അല്ലെങ്കിൽ നയതന്ത്രത്തിനു സ്ഥാനമുണ്ടാകുമോ? വാക്കുകൾ ഒന്നും, പ്രവൃത്തികൾ മറെറാന്നുമായിരിക്കണം. നല്ല വാക്കുകൾ ചീത്തപ്രവൃത്തികളെ മറച്ചുവയ്ക്കുവാനുള്ള മൂടുപടമാണു്. പരമാർത്ഥമായ നയതന്ത്രം സാധ്യമല്ല. ഉണങ്ങിയിരിക്കുന്ന വെള്ളത്തെക്കാളും, മരംകൊണ്ടുള്ള ഇരുമ്പിനെക്കാളും അസാധ്യമാണതു്." ഈ ആദർശത്തെ മുറുകെപ്പിടിച്ചുകൊണ്ടു് സ്റ്റാലിൻ ചെയ്തിരിക്കുന്ന വിശ്വാസവഞ്ചനകൾ എത്രയെത്ര? പോളണ്ടുമായി ചെയ്ത ഉടമ്പടിയെ 1939 സെപ്തംബർമാസം 17-ാം തീയതിയും, റഷ്യയും ലാററ്വിയായും തമ്മിലുണ്ടായിരുന്ന അനാക്രമണയുടമ്പടിയെ 1440 ജൂൺ 17-ാം തീയതിയും എസ്റ്റോണിയാ, ഫിൻലൻഡ്, ലിത്വാനിയാ എന്നീ രാജ്യങ്ങളുമായി ഉണ്ടായിരുന്ന അനാക്രമണയുടമ്പടിയെ 1939, 1940 എന്നീ വർഷങ്ങളിലും അദ്ദേഹം ലംഘിക്കുകയാണുണ്ടായതു്. (1)

'ഒരു തൊഴിലാളിഗവമ്മെൻറിനു വ്യാജപ്രസ്താവനകൾ അവശ്യാവശ്യകവും അതിന്റെ വിദേശനയ

---

(1) സാമുദായിക ലഘുലേഖ നമ്പർ 11

ത്തിൽ അതു വളരെ പ്രയോജനകരവുമാണെന്നും വ്യാജപ്രസ്താവനകഠം ചെയ്യാനുള്ള അവകാശം കമ്മ്യൂണിസ്ററുകക്ഷി അംഗീകരിച്ചിട്ടുണ്ടെന്നും,' (1) കമ്മ്യൂണിസ്ററുകാരുടെ ഒരു നേതാവായ പ്രെമോഷൻസ്കി പ്രസ്താവിക്കുന്നു. ഇത്തരം ആദർശമല്ലേ റഷ്യാക്കാർ കൈക്കൊള്ളുന്നതു്? ഇതാണോ മി. കുററിപ്പുഴയുടെ പ്രശംസയ്ക്കർഹമായ റഷ്യയിലെ സന്മാർഗ്ഗം? ഇക്കൂട്ടരാണോ പാലിൽ വെള്ളം ചേക്കുന്നതു കൊലപാതകത്തെക്കാഠം വലിയ തെററായി കരുതുമെന്നു മി. കുററിപ്പുഴ ധരിച്ചുവച്ചിരിക്കുന്നതു്? അഥവാ 'കൊതുകുകളെ അരിക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്ന'വരായിരിക്കാം അവർ.

**"മതവിശ്വാസം നശിച്ചാൽ മനുഷ്യരെല്ലാം ദുർമ്മാർഗ്ഗികളായിപ്പോകുമത്രേ! ഇത്തരം ബാലിശങ്ങളായ വാദങ്ങഠം പുറപ്പെടുവിക്കുന്നവർ സന്മാർഗ്ഗം അഥവാ സദ്വൃത്തി (Morality) എന്നു പറഞ്ഞാൽ എന്താണെന്നോ അതിൻെറ തോതു് (Standard) എന്താണെന്നോ വിശദീകരിച്ചു നിണ്ണയിക്കാറില്ല." (പുറം 20)**

സന്മാർഗ്ഗം എന്താണെന്നോ അതിൻെറ മാനദണ്ഡം എന്തെന്നോ വിശദീകരിച്ചു നിണ്ണയം ചെയ്യപ്പെട്ടിട്ടില്ലെന്നു മി. കുററിപ്പുഴ വാദിക്കുമ്പോഠം ഏതദ്വിഷയങ്ങളെപ്പററി അദ്ദേഹത്തിനുള്ള ജ്ഞാനം വളരെ ശുഷ്കമാണെന്നു പ്രത്യക്ഷമാക്കുകയത്രേ ചെയ്യുന്നതു്. സന്മാർഗ്ഗനിഷ്ഠയേയും സദാചാരത്തേയുംകുറിച്ചു വിവിധതരക്കാരായ ജനങ്ങളുടെ നാനാവിധസാഹചര്യങ്ങളെ ആസ്പദമാക്കി ചച്ചചെയ്യുന്ന ഗ്രന്ഥങ്ങഠം സുലഭമായി പ്ര

---

(1) Morality and Class Standard.

സിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തും ഇപ്ര കാരമുള്ള അടിസ്ഥാനരഹിതങ്ങളായ വാദമുഖങ്ങളുടെ മറയിൽനിന്നുകൊണ്ടു സാധുലക്ഷങ്ങളെ വഞ്ചിക്കാൻ ചിലർ കച്ചകെട്ടി ഇറങ്ങുന്നതാണു വിലപനീയം. സത്യത്തിലും യുക്തിയിലും അധിഷ്ഠിതമായിരിക്കുന്ന സാന്മാൎഗ്ഗികതത്വങ്ങൾ, അവയുടെ തോത്തു മുതലായവയെ വിശദീകരിക്കുന്നതിനും സമുദായത്തിൻെറ ശ്രദ്ധയ്ക്കു വിഷയമാക്കുന്നതിനും ശ്രമിക്കുന്നവരുടെ 'വാദം പൊളിഞ്ഞുപോകുമെന്നു' ശങ്കിക്കാൻ യാതൊരു ന്യായവും കാണുന്നില്ല.

**"ലൈംഗികജീവിതത്തിലെ കൃത്രിമനിരോധനങ്ങൾക്കാകുന്നു ഇവിടത്തെ സാന്മാർഗ്ഗികവ്യവസ്ഥയിൽ പ്രാധാന്യം" (പുറം 25) എന്നു 'വിചാരവിപ്ലവ'കർത്താവു് ആക്ഷേപിക്കുന്നു.**

ലൈംഗികജീവിതത്തിൽ കടന്നുകൂടുന്ന അനീതിയേയും അമിതാസക്തിയേയും മതം കർശനമായി നിരോധിക്കുന്നതാണു മി. കുററിപ്പുഴയുടെ ദൃഷ്ടിയിൽ വലിയ അപരാധം. ഈവക നിരോധനങ്ങൾ പ്രകൃതിനിയമങ്ങൾക്കും സുബുദ്ധിക്കും യോജിച്ചവയാണെന്നു മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിവില്ലാതെപോയതുനിമിത്തമല്ലേ പുരോഹിതന്മാരെ അധിക്ഷേപിച്ചെങ്കിലും സംതൃപ്തനാകാമെന്നു കരുതിയതു്? അവയെല്ലാം 'പുരോഹിതന്മാരുടെ കൃത്രിമനിർമ്മിതികളാണെന്നു' അദ്ദേഹം എങ്ങനെ തെളിയിക്കും?

ലൈംഗികജീവിതത്തിൻെറ ഉദ്ദേശ്യത്തെ അടിസ്ഥാനമാക്കി ചില നിയന്ത്രണങ്ങൾ സന്മാർഗ്ഗവ്യവസ്ഥാവലയത്തിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടു്. സന്താനോ

ൽപാദനമല്ലാതെ മററൊന്നുമല്ല ലൈംഗികജീവിതത്തിന്റെ ലക്ഷ്യം. എന്നാൽ, പ്രകൃത്യാ സാമൂഹികജീവിയായ മനുഷ്യൻ സന്താനോൽപാദനം സാധിക്കേണ്ടതു ന്യായ്യമായ വിവാഹജീവിതത്തിലൂടെയാണ്. ഇതിൽകവിഞ്ഞുള്ള ലൈംഗികസന്തോഷം മൃഗീയവും അപലപനീയവുമത്രേ. ഇതാണു ലൈംഗികജീവിതത്തിൽ കാണുന്ന നിയന്ത്രണങ്ങളുടെ അടിസ്ഥാനതത്ത്വം.

"സ്ത്രീപുരുഷബന്ധത്തെ ജീവശാസ്ത്രപരമായി വീക്ഷണം ചെയ്തു റഷ്യാക്കാർ നിർമ്മിച്ചിട്ടുള്ള" (പുറം 26) സന്മാർഗ്ഗവ്യവസ്ഥ എന്തിലാണടങ്ങിയിരിക്കുന്നതെന്നു മി. കുററിപ്പുഴ തുറന്നുപറയാത്തതു ശോചനീയമായിരിക്കുന്നു. ചാരിത്രശുദ്ധി ലൈംഗികജീവിതത്തിലേ കൃത്രിമനിരോധനമാണെന്നും പാതിവ്രത്യം അന്ധമാണെന്നും യഥേഷ്ടം വ്യഭിചാരം ചെയ്യാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കുണ്ടായിരിക്കണമെന്നും മററും നിർദ്ദേശിക്കുന്ന സന്മാർഗ്ഗവ്യവസ്ഥകളാണു 'സ്ത്രീപുരുഷബന്ധത്തെ ജീവശാസ്ത്രപരമായി വീക്ഷണംചെയ്തു റഷ്യാക്കാർ നിർമ്മിച്ചിട്ടുള്ള'തെങ്കിൽ അവരുടെ ധർമ്മാവബോധം എത്ര പ്രശംസനീയമായിരിക്കും! മി. കുററിപ്പുഴയുടെ പ്രശംസയ്ക്കർഹമായ റഷ്യൻസന്മാർഗ്ഗം ഏതാദൃശമാണെന്നു റഷ്യാക്കാർതന്നെ സമ്മതിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ആരാധ്യഭൂമിയായ റഷ്യയിലേ അനുരാഗപ്രകടനങ്ങളെപ്പററി 'പ്രവദാ'എന്ന റഷ്യൻപത്രത്തിൽ 'മാഡം സിമണോവി' എന്ന റഷ്യൻവനിത ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "നമ്മുടെ യുവജനങ്ങൾക്കു ചില പ്രത്യേക തത്ത്വങ്ങൾ ഉണ്ട്. ആ തത്ത്വങ്ങളെയെല്ലാം താഴെപ്പറയുന്ന വിശ്വാസമാണു ഭരിക്കുന്ന

ത്തു്. അതായത്തു ലിംഗസംബന്ധമായ തീവ്രവികാരങ്ങൾ സംബന്ധിച്ചിടത്തോളം ശുദ്ധമേ 'നാൽക്കാലി'ക്കാമാവേശത്തിലേക്ക് എത്രകണ്ടു ക്രൂരതലായി എത്താൻ സാധിക്കുമോ അത്രകണ്ടു നിങ്ങൾ ഒരു കമ്മ്യൂണിസ്റ്റായിരിക്കും" (1). 'മാഡം ഏ കാളൻഡായി' എന്ന റഷ്യൻ വീരവനിതയുടെ പ്രസ്താവനയും ഇവിടെ സ്മൎത്തവ്യമാണു്: "നമ്മുടെ പാഠശാലകളിലേ ദുൎമ്മാൎഗ്ഗപ്രസക്തി തൃപ്തികരമാംവിധം പുരോഗതി പ്രാപിച്ചുവരുന്നുണ്ടു്. സ്ത്രീപുരുഷന്മാരുടെ സംഭോഗാഭിലാഷങ്ങൾ ഏതും സാധൂകരിക്കത്തക്കവയും, അതെപ്പററിയുള്ള ഭയാശങ്കകൾ ശുദ്ധമേ ബുദ്ധിശൂന്യങ്ങളും ആണു്" (2).

"മോസ്കോ നഗരിയിൽ മുപ്പതിനുമേൽ നാല്പതിനകം പ്രായമുള്ള അദ്ധ്യാപികമാരിൽ മുപ്പത്തിമൂന്നു ശതമാനം ബഹുഭൎത്തൃസ്വീകരണക്കാരാണു് എന്നും അവർ അനേകം പുരുഷന്മാരുമായി ഇന്ദ്രിയസുഖാനുഭവങ്ങളിൽ മുഴുകുന്നുണ്ടു് എന്നും ജീ. ഈ. ന്യൂസം എന്ന ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു." (3) ഇതാണു ലൈംഗികജീവിതത്തെപ്പററി റഷ്യാക്കാൎക്കുള്ള അഭിപ്രായമെങ്കിൽ അവർ 'അഴിച്ചുവിട്ട കാളകളെപ്പോലെ കാമാന്ധരായി കണ്ടമാനം ജീവിക്കുകയാണെന്നു' ന്യായ്യമായി അനുമാനിക്കാം.

മാഡം സ്മിഡ്‌വിച്ചിന്റെ പ്രസ്താവന കമ്മ്യൂണി

---

(1) പുരോഗമനസാഹിത്യകോലാഹലം (പുറം 95)
(2) പുരോഗമനസാഹിത്യകോലാഹലം (പുറം 69)
(3) പുരോഗമനസാഹിത്യകോലാഹലം (പുറം 151)

സ്ററുകാരുടെ കാമാസക്തി എത്രമാത്രമെന്നു തെളിയിക്കുന്നുണ്ട്. "പ്രേമത്തിൻെറ കാര്യങ്ങളിൽ തങ്ങളെ കഴിയുന്നിടത്തോളം കുറച്ചുമാത്രമേ നിയന്ത്രിക്കേണ്ടൂ എന്നുള്ളതു് ഓരോ വിദ്യാർത്ഥിനിയും ഒരു പ്രമാണമായിട്ടാണു ഗണിക്കേണ്ടതു്. കമ്മ്യൂണിസ്ററുതത്വങ്ങളിൽ ദൃഢവ്രതമുള്ള യുവാക്കന്മാരിൽ ഒരാൾ വശീകരിക്കണമെന്നാഗ്രഹിക്കുന്ന ഏതു് വിദ്യാർത്ഥിനിയും യാതൊരു ചോദ്യവും ചെയ്യാതെ അതിനു വഴിപ്പെടേണ്ടതാണ്" (1).

രഷ്യാക്കാരുടെ ഈദൃശമായ കാമാന്ധത എത്രയെത്ര കൊലപാതകത്തിന്ന് അവരെ പ്രേരിപ്പിച്ചിട്ടില്ല! ജനനനിയന്ത്രണം, ഭ്രൂണഹത്യ തുടങ്ങി എത്രയെത്ര മഹാപാതകങ്ങൾക്ക് അതു വഴിതെളിച്ചിട്ടില്ല! 1920 നവംബറിൽ റഷ്യയിലെ കമ്മ്യൂണിസ്ററുഗവണ്മെൻറ് ഭ്രൂണഹത്യയ്ക്കുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. (2) ഉദരത്തിൽവച്ചുതന്നെ മനുഷ്യജീവനെ നശിപ്പിക്കുന്ന ഈ ഭീകരപ്രസ്ഥാനത്തിൻെറ പ്രചരണഭാരം കൈയേററിരുന്ന സഖാവു 'ഹെയിൽ' ഇപ്രകാരം പ്രസ്താവിക്കുന്നു: "സ്ത്രീകൾ ശരാശരി ഏഴപ്രാവശ്യം വീതം ഈ ആലയങ്ങളിലേ ശസ്ത്രക്രിയകൾക്കു വിധേയരായിരുന്നു. ചില സ്ത്രീകൾ കൊല്ലത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം വിധേയരായതായി അറിയാം." (3)

ഇത്ര ഭീകരമായ ഒരു ധാർമ്മികാധഃപതനത്തെപ്പ

---

(1) കമ്മ്യൂണിസ്ററുപാർട്ടിയുടെ ഔദ്യോഗികപത്രത്തിൽ നിന്നു്.

(2) The Great Retreat (p. 194)

(3) സാമുദായികലക്ഷ്യലേഖ. നമ്പർ 11

ററി കേരളത്തിലെ ഒരു സന്മാർഗപ്രണയി ഇങ്ങനെ പരിതപിക്കുന്നു: "ആധുനികലോകമേ! നീതിയുടെ മറ പിടിച്ചുകൊണ്ടു സ്വാതന്ത്ര്യത്തിന്റെ ഉച്ചനീചതത്വങ്ങൾക്കു സ്വച്ഛന്ദവിഹാരം അനുവദിക്കുന്ന അധ:പതിച്ച ലോകമേ! ജനനനിയന്ത്രണപ്രസ്ഥാനത്തിന്റെ വെന്നിക്കൊടി പറപ്പിച്ചുകൊണ്ട് എത്രയെത്ര കൊട്ടുംകൊലപാതകങ്ങളാണു നീ നടത്തിയിരിക്കുന്നതു്! അല്ലയോ മാതാപിതാക്കളേ! മോഹനമായ തൂമന്ദഹാസത്താൽ നിങ്ങളുടെ ജീവിതത്തിൽ പൂമധു ചൊരിയേണ്ട— പിച്ചവച്ചു നടക്കുന്ന പിഞ്ചുപാദപത്മങ്ങളാൽ നിങ്ങളുടെ പൂമുററങ്ങളെ അലങ്കരിക്കേണ്ട— മൃദുലകോമളമായ കരപല്ലവങ്ങളാൽ നിങ്ങളെ ആലിംഗനംചെയ്തു ആനന്ദനിർവൃതിയടയിക്കേണ്ട. . . . ഒരു കുഞ്ഞിന്റെ ജനനം നിരോധിക്കുന്നതിനുള്ള പ്രലോഭനം നിങ്ങളിൽ ഉദയംചെയ്യുന്നുവെങ്കിൽ. . . ."

റഷ്യയിൽ കുട്ടികളുടെ സന്മാർഗ്ഗബോധവും ആശാസ്യമല്ല. അവിടത്തെ പരിത്യക്തരായ കുട്ടികളെപ്പററി സഖാവു ഗെസ്റ്റർ 'ഇസ്വെസ്റ്റിയാ' എന്ന മോസ്കോയിലെ ഔദ്യോഗികപത്രത്തിൽ ചെയ്ത പ്രസ്താവന ഇപ്രകാരമാണ്:"പതിന്നാലുവയസ്സിനു കീഴോട്ടുള്ള ഈ കുട്ടികളിൽ 50 ശതമാനം സ്വയംവരുത്തിക്കൂട്ടിയ സിഫിലിസുരോഗത്താലും വിഷബീജങ്ങളാലും മദ്യപാനത്താലും മററു സകലവിധ പകർച്ചവ്യാധികളാലും ബാധിക്കപ്പെട്ടിരുന്നു." റിലെൻകോയിലെ അനാഥശാലയെപ്പററിയുള്ള പ്രസ്താവനയും ശ്രദ്ധേയമാണ്: "കുട്ടികൾ പുകവലിക്കുന്നു. പരസ്പരം ചീത്തപറയുകയും തല്ലുപിടി

ക്കുകയും ചെയ്യുന്നു. ഡയറക്ടറന്മാരുടെനേരേ അവക്കു ലേശംപോലും ബഹുമാനമില്ല; അധ്യാപകന്മാരെ ബഹുമാനിക്കുന്നുമില്ല; മാസങ്ങൾതന്നെയും അവർ കളിക്കാതെയാണു കഴിഞ്ഞുകൂട്ടുന്നതു്. മുറികൾ വൃത്തികെട്ടവ; കളിമുറികൾ അതിലും മോശം; ആൺകുട്ടികളും പെൺകുട്ടികളുംതമ്മിൽ പരസ്യമായിത്തന്നെ സംസർഗ്ഗങ്ങൾ നടത്തുന്നു; അവർ വേലചെയ്യുന്നില്ല; വേല ചെയ്യാൻ മനസ്സുള്ളവരുമല്ല; അനേകം കുട്ടികൾ കറുപ്പും കഞ്ചാവും ഉപയോഗിക്കുന്നവരാണു്. ഈ നഗരത്തിൽനിന്നു കുട്ടികൾ ഒളിച്ചോടാൻ ആഗ്രഹിക്കുന്നതു് ആശ്ചര്യകരമല്ലല്ലോ. വാസ്തവത്തിൽ 1924-ൽ ഈ അനാഥശാലയിലുള്ള 280 നിവാസികളിൽ 270 പേരും അവിടം വിട്ടുപോയി."

വൈവാഹികജീവിതത്തിന്റെ പവിത്രതയെ നശിപ്പിച്ചതോടേ, സ്വതന്ത്രപ്രേമത്തിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചതോടേ, ജനനനിയന്ത്രണം, ഭ്രൂണഹത്യ മുതലായവ ഗവണ്മെൻറിന്റെ അംഗീകാരത്തോടും സഹായത്തോടുംകൂടിത്തന്നെ ചെയ്യാമെന്നായതോടേ, കുടുംബജീവിതത്തിന്റെ പ്രാധാന്യം നശിക്കുകയും കാലക്രമത്തിൽ ഭരണാധികാരികളെത്തന്നെ ഉൽകണ്ഠാകുലരാക്കത്തക്കവണ്ണം ജനസംഖ്യ കുറയുകയുംചെയ്തു. 1935-ലേ സോവ്യററുപത്രങ്ങളിൽ ഈ വസ്തുത സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ടു്. ഇതാണു "സ്ത്രീപുരുഷബന്ധത്തെ ജീവശാസ്ത്രപരമായി വീക്ഷണംചെയ്തു റഷ്യാക്കാർ നിർമ്മിച്ച" സന്മാർഗ്ഗവ്യവസ്ഥകളുടെ പരിണതഫലം! ഈ ദുശസന്മാർഗ്ഗത്തിന്റെനേരെ കർശനനടപടികൾ നട

ത്താൻ ഇന്നു റഷ്യൻഭരണാധികാരികറം നിർബന്ധിതരായിരിക്കുന്നു എന്നുള്ളതു പ്രത്യേകം സ്മരണീയമാണു്. ഈ സന്മാർഗ്ഗസംഹിതയെ രൂപവൽകരിക്കാൻ വേണ്ട സഹായസഹകരണങ്ങറം നല്കിയ 'ജീവശാസ്ത്രജ്ഞന്മാരെ' ഇന്നത്തെ റഷ്യൻ ഭരണകർത്താക്കറം അന്വേഷിക്കുന്നേ ഇല്ല.

"മലവെള്ളംപോലെ തള്ളിക്കേറിവന്ന ജർമ്മൻസേനാപ്രവാഹത്തെ തടുത്തുനിർത്തുവാനും പിന്തിരിക്കുവാനും ഈ ഒരു രാജ്യത്തിനുമാത്രമേ കഴിഞ്ഞുള്ളൂ എന്ന സംഗതി റഷ്യാക്കാരുടെ ധാതുബലത്തിന് ഒരൊന്നാംതരം ഉദാഹരണമല്ലേ?" (പുറം 27) വളരെ യുക്തിയുക്തമായ ഒരു ചോദ്യം! ജർമ്മൻസേന പരാജിതമായതു റഷ്യാക്കാരുടെ ധാതുബലംനിമിത്തമായിരുന്നെന്നു വീരവാദം മുഴക്കുന്നവർ ചില യാഥാർത്ഥ്യങ്ങളെ അറിഞ്ഞോ അറിയാതെയോ മറച്ചുവയ്ക്കുന്നുണ്ടു്. ജർമ്മൻസേനയോടെതിർത്തതു് റഷ്യാക്കാർ തനിച്ചായിരുന്നില്ല. ഐക്യകക്ഷികളുടെ സംയുക്തശ്രമമാണു ജർമ്മൻസേനയെ പരാജയമടയിച്ചതു്. അമേരിക്കയിൽനിന്നു പല ഇനത്തിലായി എത്രയധികം സഹായമാണു റഷ്യയ്ക്കു ലഭിച്ചിട്ടുള്ളതെന്നു നോക്കുക:

"The Cost of Lend-Lease to Russia

The extent of our lend-lease was staggering. We gave Russia 14,450 fighting and pursuit planes; 3,000 bombers; 7,000 tanks; 3,200 armored scout cars; 2,200 ordinance semi-vehicles; 52,000 jeeps; 363,000 trucks; 35,000 motorcycles; 8,200 anti-aircraft guns; 135,000 submachine guns; 343,000 tons of explosives; 105 submarine chasers; 195 torpedo boats; and 7,600 marine Diesel engines.

We also gave Russia $320,000,000 in machine tools; $35,000,000 in metal-cutting tools; $ 43,000,000 in petroleum- refining equipment; $ 171,000,000 in electric generators; 810,000 tons of non- ferrous metals; 17,600 tons of ferro- alloys; 2,688,000 tons of steel; railroads, ships, food, and cash to a total of billions of dollars" (1)

അമേരിക്കയിൽനിന്നുതന്നെ ലഭിച്ചിട്ടുള്ള സഹായങ്ങളുടെ കണക്കാണിതു്. ഈ വിഷയത്തെക്കുറിച്ചു കൂടുതൽ വിവരങ്ങൾ പിന്നീടൊരദ്ധ്യായത്തിൽ. (2)

"മതത്തിൻെറ അക്രമണം മനുഷ്യൻെറ സന്മാർഗ്ഗബോധത്തെ കളങ്കപ്പെടുത്തുകയും കലുഷമാക്കുകയുമാണു ചെയ്തിട്ടുള്ളതു്. പ്രാർത്ഥന, പ്രായശ്ചിത്തം, വഴിപാടു തുടങ്ങിയ അന്ധങ്ങളായ നടപടികൾ സന്മാർഗ്ഗവ്യതിചലനത്തിനു മനുഷ്യരെ പ്രകാരാന്തരേണ പ്രേരിപ്പിക്കുന്നു". ഇതാണു മി. കുററിപ്പുഴയുടെ മറെറാരു വാദം (പുറം 27)

പ്രാർത്ഥന, പ്രായശ്ചിത്തം മുതലായവ അന്ധങ്ങളാണു്, അദ്ദേഹത്തിൻെറ സാന്മാർഗ്ഗികദൃഷ്ടിയിൽ. അങ്ങനെയെങ്കിൽ കുററത്തിനു ശിക്ഷ നല്കുന്നതും,നഷ്ടത്തിനു പരിഹാരം ചെയ്യുന്നതും അന്ധങ്ങളാണെന്നു സമ്മതിക്കേണ്ടിവരും. എന്നാൽ സുബോധമുള്ളവർ പരിഹാരമാർഗ്ഗങ്ങളെ അപ്രകാരം പരിഗണിക്കുകയില്ല. തെററുചെയ്താൽ അതിനു ശിക്ഷ നല്കണം; അതു വ്യക്തികളെ സന്മാർഗ്ഗികളാക്കിത്തീർക്കാനുള്ള ഒരു മാർഗമാണു്. സ്കൂളുകളിലും, കോളജുകളിലും വിദ്യാർത്ഥികൾ ചെയ്യു

(1) Our Sunday Visitor. April 20, 1947., (p. 12)
(2) 'ഭൂമിയിലെ സ്വർഗ്ഗരാജ്യം' കാണുക.

ന്ന നിയമലംഘനങ്ങൾക്കു പിഴയിടുക, ശിക്ഷിക്കുക, ക്ഷമാപണം ചെയ്യിക്കുക മുതലായവ കുട്ടികളെ നിയമലംഘനത്തിനു പ്രേരിപ്പിക്കുമെന്നു മി: കുററിപ്പുഴയ്ക്കു തോന്നുന്നുണ്ടോ? അങ്ങനെ തോന്നുന്നുണ്ടെങ്കിൽ അതു് അദ്ദേഹത്തിൻെറ യുക്തിയുടെ തിരിവായിരിക്കാനേ തരമുള്ളൂ.

തുടർന്നു കുമ്പസാരത്തേയും അദ്ദേഹം പരാമർശിക്കുന്നുണ്ടു്. എന്നാൽ, കുമ്പസാരമെന്താണെന്നു് അദ്ദേഹത്തിനറിവില്ല. കുമ്പസാരം, കുമ്പസാരം എന്നദ്ദേഹം കേട്ടിട്ടേ ഉള്ളൂ. പുരോഹിതനു പണംകൊടുത്തു പാപം കഴുകിക്കളയുന്നൊന്നു് അദ്ദേഹം എങ്ങനെയോ ധരിച്ചുവശായി. തൻെറ ധാരണ 'ശരിയോ തെറേറാ' എന്നു് അന്വേഷിക്കാൻ പക്ഷേ അദ്ദേഹത്തിനു സമയമില്ലായിരിക്കാം!

ഹൃദയംഗമമായ അനുതാപവും മേലിൽ പാപം ചെയ്യുകയില്ലെന്നുള്ള സ്ഥിരപ്രതിജ്ഞയും കുമ്പസാരത്തിൻെറ അനുപേക്ഷണീയഘടകങ്ങളാണു്. ഇവ രണ്ടും എങ്ങനെ സന്മാർഗ്ഗഭ്രംശത്തിനു പ്രേരകമാകുമെന്നു മി. കുററിപ്പുഴതന്നെ വിശദമാക്കിയാൽ ഉപകാരപ്രദമായിരിക്കും. പണംകൊടുത്തു പാപം കഴുകിക്കളയുന്ന ഇടപാടു് ഏതു മതത്തിലാണു നിലവിലിരിക്കുന്നതെന്നു ഞങ്ങൾക്കറിവില്ല.

കൂടാതെ, അനുഭവംതന്നെ അദ്ദേഹത്തിൻെറ പ്ര പ്രസ്താവനകളെ നിഷേധിക്കുന്നുണ്ടു്. യഥാർത്ഥമായ അനുതാപത്തോടുകൂടി കുമ്പസാരിക്കുകയും പ്രാർത്ഥന, പ്രായശ്ചിത്തം മുതലായവ നടത്തുകയും ചെയ്യുന്നവർ ഉത്തമ

സന്മാർഗ്ഗികളായിത്തീരുന്നതായിട്ടാണു കണ്ടുവരുന്നതു്.

ഇപ്രകാരം, മതം മാനവവംശത്തിൻെറ ആരംഭം മുതല്ക്കേ നിലനിന്നുപോരുന്നെന്നും ഈ മതത്തിൽനിന്നാണു സന്മാർഗ്ഗത്തിൻെറ ഉത്പത്തിയെന്നും റഷ്യാക്കാരുടെ സന്മാർഗ്ഗം ദുർമ്മാർഗ്ഗത്തിൻെറ മൂർത്തീഭാവമാണെന്നും തന്മൂലം യാതൊരുപ്രകാരത്തിലും അതു പ്രശംസാർഹമല്ലെന്നും പ്രാർത്ഥന, പ്രായശ്ചിത്തം, കുമ്പസാരം മുതലായവ മനുഷ്യനെ സന്മാർഗ്ഗഭ്രംശത്തിനു പ്രേരിപ്പിക്കുകയല്ല, പ്രത്യുത, സന്മാർഗ്ഗിയാക്കിത്തീർക്കുകയാണു ചെയ്യുന്നതെന്നും വിശദമാകുന്നുണ്ടല്ലോ. അതിനാൽ, മതവും മതാധികാരികളും സന്മാർഗ്ഗജീവിതത്തിൻെറ അസ്തിവാരമായി നിലകൊള്ളുന്നു എന്നുള്ള അനുമാനത്തിനു യാതൊരു അസാംഗത്യവുമില്ലെന്നു നിസ്സംശയം പ്രസ്താവിക്കാവുന്നതാണു്. മാത്രമല്ല, മ്ലേച്ഛങ്ങളും നികൃഷ്ടങ്ങളുമായ ആദർശങ്ങളാൽ ഗ്രസിക്കപ്പെട്ടിരിക്കുന്ന ആധുനികലോകത്തിൽ സന്മാർഗ്ഗവും സമാധാനവും നിലനില്ക്കണമെങ്കിൽ യഥാർത്ഥമതത്തിൻെറ അധികാരത്തെ അംഗീകരിക്കുകയും അതിൻെറ അനുശാസനങ്ങളെ അനുസരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കൊടുംതമസ്സിൻെറ കാളിമപൂണ്ട കരിനിഴലിനെ കീഴടക്കുന്ന സൂര്യകിരണങ്ങളെപ്പോലെ, ആത്മീയാന്ധകാരനിബിഡമായ മാനവഹൃദയങ്ങളെ ദീപ്തിമത്താക്കുവാൻ യഥാർത്ഥമതാനുശാസനങ്ങൾക്കുമാത്രമേ സാധിക്കുകയുള്ളു.

# 3. ചാൎവ്വാകമതം

ലോകായതികതത്വം ഒരു പുതിയ കണ്ടുപിടിത്തമോ നവീനസിദ്ധാന്തമോ ഒന്നുമല്ല. അതിന്നു മനുഷ്യനോളംതന്നെ പഴക്കമുണ്ടെന്നു പറയാം. എപ്പിക്യൂറസ്, ചാൎവ്വാകൻ, ഹോറസ് മുതലായി പലരും അതിൻെറ ആചാൎയ്യന്മാരായി പ്രാചീനകാലങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നാൽ, "ഇഹലോകസുഖം കഴിയുന്നിടത്തോളം അനുഭവിക്കുക എന്നതു മാത്രമാണു ജീവിതലക്ഷ്യം" (പുറം 73) എന്ന ആ ഭൗതികവാദത്തിന്നു മനുഷ്യരാശിയെ പൊതുവേ ആകൎഷിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രൊഫസർ രാധാകൃഷ്ണൻ പറയുന്നതുപോലെ "മനുഷ്യൻെറ അന്തൎയ്യാമിയായ അനന്തശക്തി ഭംഗുരമായ ഈ ലോകത്തിൻെറ പരിമിതസംസ്കൃതികൊണ്ടു തൃപ്തിയടയുന്നില്ല" (1) എന്നതാണു് ഇതിന്നു കാരണം. തന്മൂലം, ലോകായതികസിദ്ധാന്തങ്ങൾ, യഥാൎത്ഥതത്വശാസ്ത്രത്തിൻെറ ഉദയത്തിൽ തിരോഭവിക്കുകയാണു ചെയ്തിട്ടുള്ളതു്. എന്നിട്ടും ശവക്കുഴിയിലടിഞ്ഞ ആ ബാലിശസിദ്ധാന്തങ്ങളെ സയൻസിൻെറ സാൽവ പുതപ്പിച്ചു് ആകൎഷകമാക്കിക്കാണിക്കുവാൻ ഇന്നു ചിലർ ബദ്ധപ്പെടുന്നുണ്ടു്. 'ഇരുട്ടുകൊണ്ടു് ഓട്ടയടയ്ക്കുന്ന'തിന്നു ക

---

(1) "The infinite in man is not satisfied by the fashion of the world that passes away»

"The Heart of Hindustan" (p. 6.)

രുതുന്ന താദൃശരായ ചിന്തകമ്മന്യന്മാരെ അനുകരിക്കു ന്നതിനുള്ള അഭിനിവേശമായിരിക്കാം 'ചാർവ്വാകമത' ത്തെ സാധൂകരിച്ച് ഒരു ഉപന്യാസമെഴുതുന്നതിനു മി. കുററിപ്പുഴ കൃഷ്ണപിള്ളയുടെ പ്രേരകമായിരുന്നത്. ഇങ്ങ നെയൊരുദ്യമത്തിനു തുനിഞ്ഞതുകൊണ്ടു യുക്തിഹീനത കളും പരസ്പരവൈരുദ്ധ്യങ്ങളും കൂട്ടിക്കുഴച്ചു കുറെ എഴു തിക്കൂട്ടുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഹിന്ദുമത ത്തേയും മററും പററിയുള്ള പരാമർശങ്ങൾ ഇവിടെ വി ട്ടുകളഞ്ഞിട്ട്, ഈശ്വരൻ, മതം, ആത്മാവ് എന്നിവ യെസ്സംബന്ധിക്കുന്ന അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അതിൽ എങ്ങനെ നിഴലിക്കുന്നു എന്നു നമുക്കൊന്നു നി രൂപണംചെയ്തുനോക്കാം.

ഭാരതവും മതവും തമ്മിലുള്ള അഭേദ്യബന്ധത്തെ പ്രകീർത്തിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ ഉപന്യാ സം ആരംഭിക്കുന്നത്. എന്നാൽ, "**ഈശ്വരനില്ലെന്ന വാദ വും ഒരു മതാകൃതി പൂണ്ടാൽ ഇവിടെ ആദരണീയമാകും**" (പു റം 65) എന്നു പറയുന്ന മി. കൃഷ്ണപിള്ള മതശബ്ദത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കിയിരു ന്നെങ്കിൽ, "**ഇത്ര പ്രാധാന്യമുള്ള ഒരു മതം നാസ്തികവാദം പുറ പ്പെടുവിച്ചു എന്ന കാരണത്താൽ അനന്തരകാലത്തു അഗണ്യ കോടിയിൽ തള്ളപ്പെട്ടു**" (പുറം 69) എന്നു പൂർവ്വാപരവി രുദ്ധമായി പ്രസ്താവിച്ചു പരിദേവനം ചെയ്യുന്നതിനിട യാവുകയില്ലായിരുന്നു. 'മത'ശബ്ദത്തിന്റെ ഭാഷാപര മായ ആഗമം എന്തുതന്നെ ആയിരുന്നാലും സാങ്കേതി കമായ അർത്ഥത്തിൽ മനുഷ്യനു ഈശ്വരനുമായുള്ള ബ ന്ധത്തെയാണു മതം നിർദ്ദേശിക്കുന്നത്. ലത്തീൻഭാഷ

യിൽനിന്ന് ഇംഗ്ലീഷിലേക്കു സംക്രമിച്ചിട്ടുള്ള 'Religion' എന്ന വാക്ക് ഈ ആശയത്തെ ധ്വനിപ്പിക്കുന്നുണ്ട്. മനുഷ്യന് ഈശ്വരനുമായുള്ള ബന്ധത്തെ പുലർത്തിക്കൊണ്ടുപോകുന്നതിനാണു മതം നിലകൊള്ളുന്നതെന്നിരിക്കേ, "ഈശ്വരനില്ലെന്ന വാദം ഒരു മതാകൃതി" കൈക്കൊള്ളുക എന്നോ "ഈശ്വരനും ആത്മാവുമില്ലാത്ത ഒരു മതം" (പുറം 66) എന്നോ പറയുന്നതു വിശേഷബുദ്ധിയില്ലാത്ത മനുഷ്യനെന്നോ സൂര്യനില്ലാത്ത പകലെന്നോ പറയുന്നതുപോലെ അസംബന്ധമായിരിക്കും. ഇനിയും മി. കൃഷ്ണപിള്ളയുടെ "യുക്തിവാദം" പോകുന്നപോക്കു നോക്കുക. അദ്ദേഹം തുടരുന്നു:

"പരസ്പരവൈപരീത്യങ്ങളുടെ ഒരു സമാഹാരമാണു മനുഷ്യൻ എന്നൊരു പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്; ഹിന്ദുമതവും ഏതാണ്ടിതുപോലെയത്രേ. അന്യോന്യാഭിഘട്ടനം നടത്തുന്ന സിദ്ധാന്തങ്ങളുടെ സമ്മേളനം ഇതുപോലെ വിചിത്രമായി മറെറാരു മതത്തിലുമില്ല. ഏകാനേകദേവത്വം, ദ്വൈതാദ്വൈതം, സഗുണനിർഗ്ഗുണബ്രഹ്മം ഇങ്ങനെ ജോടിജോടിയായി എത്രയോ ഉദാഹരണങ്ങളുണ്ട്. ഈശ്വരനും ആത്മാവുമില്ലാത്ത ഒരു മതം വേറൊരിടത്തും ഒരു മതമായി ഗണിക്കപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. അതിനും ഹിന്ദുക്കളുടെ ഇടയിൽ ഒരു സ്ഥാനം ലഭിച്ചു. ഈ പ്രസ്ഥാനത്തിന് അവരിട്ട പേരാണ് ചാർവാകമതമെന്നതു്. ഇതിനെ അനുകരിച്ചു വേദപ്രാമാണ്യത്തെ നിഷേധിച്ച ജൈനബുദ്ധമതങ്ങളും ഇന്ത്യയിൽത്തന്നെയാണല്ലോ പിറന്നതും വളർന്നതും. മതപരമായ ഈ വൈചിത്ര്യം ഭാരതീയചിന്താഗതിയിലെ ദൂഷ്യമായിട്ടല്ല സൂചിപ്പിച്ചതു്; നേരെമറിച്ച് അതു ഭാരതീയക്ക് എന്നെന്നും അഭിമാനിക്കാവുന്ന ബുദ്ധിപരമായ ഒരുൽകൃഷ്ടഗുണമാകുന്നു." (പുറം 66-67)

ഈ ഭാഗത്തെപ്പററി നിരൂപണം ചെയ്യുന്നതിനു

മുമ്പായി സാമാന്യപ്രജ്ഞത നമുക്കു ചൂണ്ടിക്കാണിച്ചുതരുന്ന ഒരു കാര്യത്തിലേക്കു നമ്മുടെ ശ്രദ്ധ ചെലുത്തേണ്ടതാവശ്യകമാണ്: പരസ്പരവിരുദ്ധങ്ങളായ രണ്ടുകാര്യങ്ങൾ ഒന്നുപോലെ ശരിയായിരിക്കാൻ നിവൃത്തിയില്ല. ഒന്നു ശരിയാണെങ്കിൽ മറേറതു തെററായിരിക്കണം. ഒന്നു സത്യമെങ്കിൽ മറേറത് അസത്യമായിരിക്കണം. പരസ്പരവിരുദ്ധങ്ങളായ രണ്ടു കാര്യങ്ങളെ ഒന്നുപോലെ സ്വീകരിക്കാനോ ആദരിക്കാനോ സത്യപ്രേമികൾക്കു സാധിക്കുകയില്ല. എന്നാൽ, മി. കൃഷ്ണപിള്ളയുടെ ചിന്താഗതി എങ്ങനെ കാട്ടുകയറുന്നു എന്നു നമുക്കിവിടെ കാണാം: ഏകദൈവവാദവും ബഹുദൈവവാദവും, ഈശ്വരനുണ്ടെന്നുള്ള വാദവും ഈശ്വരനില്ലെന്നുള്ള വാദവും 'ബുദ്ധിപരമായ ഒരുൽകൃഷ്ടഗുണമാണെ'ന്ന് – അതു ഭാരതീയക്ക് എന്നെന്നും അഭിമാനിക്കാവുന്ന 'ബുദ്ധിപരമായ ഒരുൽകൃഷ്ടഗുണമാണെ'ന്ന്! അതായത്, സത്യത്തേയും അസത്യത്തേയും ഒന്നുപോലെ ആശ്ലേഷിക്കുന്നത്, അഥവാ, സത്യത്തിൻെറനേരെ ഉദാസീനതയും അസത്യത്തിൻെറനേരെ സഹിഷ്ണുതയും പ്രദർശിപ്പിക്കുന്നതു മഹനീയമാണെന്ന്!

പ്രസ്തുത മനോഭാവം ആദരണീയമായിരിക്കുന്നതിനു നമ്മുടെ സ്നേഹിതൻ എടുത്തുകാണിക്കുന്ന കാരണമാണു ബഹുവിചിത്രമായിരിക്കുന്നത്. അദ്ദേഹം പറയുന്നു:

**"എന്തെന്നാൽ, ഇതരമതസ്ഥർക്ക് ഒരിക്കലും ലഭിച്ചിട്ടില്ലാത്തതും ഇന്നു ലോകം കൊണ്ടാടുന്നതുമായ വിചാരസ്വാതന്ത്ര്യത്തെയാണ് അതു പ്രത്യക്ഷമാക്കുന്നത്. സ്വാർത്ഥലോലുപരായ പുരോഹിതന്മാർ മനുഷ്യസമുദായത്തിൽനിന്നു മനഃപൂർവ്വം**

മാററിനിത്തിയിട്ടുള്ള ഈ വിലയേറിയ ചിന്താസ്വാതന്ത്ര്യത്തെ ഇന്ത്യയിൽ ആദ്യമായവതരിപ്പിച്ചതു ചവ്വാകമതമാകുന്നു" (പുറം 67)

ഉത്തമമായ ചിന്താസ്വാതന്ത്ര്യത്തേയും ഗർഹ്യമായ താന്തോന്നിത്തത്തേയും തമ്മിൽ വിവേചിക്കാത്തതുകൊണ്ടുണ്ടായ ഒരു പിശകാണിത്. പട്ടാപ്പകൽ പാതിരാവെന്നു പറയുന്നതിന്ന് ഒരുവന്നു സ്വാതന്ത്ര്യമില്ലെങ്കിൽ അത് ഏതിൻെറ അഭാവത്തെയാണു സൂചിപ്പിക്കുന്നത്—വിചാരസ്വാതന്ത്ര്യത്തിൻെറയോ താന്തോന്നിത്തത്തിൻെറയോ? ചിന്തയുടെപേരിൽ—ചിന്തയില്ലാതെ എന്തും തട്ടിമൂളിക്കുന്നതു ചിന്താസ്വാതന്ത്ര്യമാണെങ്കിൽ—'അന്യോന്യാഭിഘട്ടനം നടത്തുന്ന സിദ്ധാന്തങ്ങളെ' ആദരിക്കുന്നതിനാണ് അതു നിലകൊള്ളുന്നതെങ്കിൽ—അത്തരം വിചാരസ്വാതന്ത്ര്യം ഇതരമതസ്ഥർ ഒരിക്കലും ആഗ്രഹിക്കുകയില്ലെന്നുള്ളതു തീച്ച്യയാണ്. 'ഈ വിലയേറിയ ചിന്താസ്വാതന്ത്ര്യ'മാണു പുരോഹിതന്മാർ മനുഷ്യസമുദായത്തിൽനിന്നു മനഃപൂവ്വം മാററിനിത്തിയിട്ടുള്ളതെങ്കിൽ അവരെ എങ്ങനെയാണു സ്വാത്ഥലോലുപരെന്നു വിളിക്കാൻ കഴിയുക? എന്നാൽ, "ചാവ്വാകമത"ത്തിൽ "ചിന്താസ്വാതന്ത്ര്യം" കാണുന്ന മി. കൃഷ്ണപിള്ളയുടെ വിശാലമനഃസ്ഥിതി പ്രശംസാർഹംതന്നെ!

ചാവ്വാകമതത്തിൻെറ "ചരിത്രപരമായ പ്രാധാന്യ"ത്തെയാണ് അടുത്തതായി ശ്രീ. കററിപ്പുഴ വിവരിക്കുന്നത്.

"വേദങ്ങളുടെ പ്രാമാണ്യവും ഈശ്വരസത്തയും ആത്മാവിൻെറ അനശ്വരതയും ഇന്ത്യയിലെ തത്ത്വാന്വേഷണ

ത്തെ ഒരു ക്ഷപ്പുവൃത്തത്തിൽ തടഞ്ഞുനിർത്തിയ കോട്ടകളാകുന്നു. വിശ്രുതരായ ദാർശനികന്മാർക്കുപോലും ഇവയെ ഭേദിക്കാൻ ധൈര്യമുണ്ടായില്ല. . . . അഭേദ്യങ്ങളെന്നു കരുതപ്പെടുന്ന ഈ മൂന്നു കോട്ടകളേയും തകർക്കുവാൻ ചാർവ്വാകന്മാർക്കേ ധൈര്യമുണ്ടായുള്ളൂ." (പുറം 69)

വേദങ്ങളെസ്സംബന്ധിച്ച് ഒന്നുംതന്നെ പ്രതിപാദിക്കുന്നതിനു ഇവിടെ ഉദ്ദേശ്യമില്ല. 'ഈശ്വരസത്തയും ആത്മാവിന്റെ അനശ്വരത്വവും ഇന്ത്യയിലെ തത്ത്വാന്വേഷണത്തെ ഒരു ക്ഷപ്പുവൃത്തത്തിൽ തടഞ്ഞുനിർത്തിയ കോട്ടകളാണോ എന്നുമാത്രമേ നമുക്ക് ആരായേണ്ടതായുള്ളൂ.

വസ്തുതകളുടെ അത്യന്തങ്ങളായ ഹേതുക്കളെ തിരക്കിയറിയുന്ന യഥാർത്ഥതത്ത്വചിന്ത ഈശ്വരസത്തയേയും ആത്മാവിന്റെ അനശ്വരത്വത്തേയും പററിയുള്ള ബോധത്തിലാണു ചെന്നവസാനിക്കുന്നതു്. ആ അർത്ഥത്തിൽ അവ 'തത്ത്വാന്വേഷണത്തെ ഒരു ക്ഷപ്പുവൃത്തത്തിൽ തടഞ്ഞുനിർത്തുന്ന കോട്ടക'ളാണെന്നു പറയാം. "വിശ്രുതരായ ദാർശനികന്മാർക്കു് അവ ഭേദിക്കുവാൻ എങ്ങനെ കഴിയും? തങ്ങൾക്കു ദൃഢബോധമുള്ള കാര്യം മറച്ചുവച്ച് അതിനെതിരായി അവർ പ്രവർത്തിക്കണമെന്നോ? അതിന് അവർക്കു ധൈര്യമുണ്ടാവുകയില്ലെന്നുള്ളതു സമ്മതിക്കുന്നു. അപൂർണ്ണജ്ഞാനംകൊണ്ടഹങ്കരിക്കുന്നഅല്പബുദ്ധികളുടെ ആ "ധൈര്യ"ത്തെപ്പററി വിസ്മയത്തിനവകാശമേയില്ല. മാത്രമല്ല, ഈശ്വരനും ആത്മാവും തങ്ങളുടെ വിഷയസുഖാനുഭൂതിയുടെ പെരുവഴിയിൽ വിലങ്ങടിച്ചുനില്ക്കുന്ന കോട്ടകളാണെന്നു കരുതുന്നവർ

ത്ത കോട്ടകളെ തകൎക്കുവാൻ ഉററുശ്രമിക്കുമെന്നുള്ളതു് അസ്വാഭാവികമല്ലതാനും.

ചാൎവ്വാകസിദ്ധാന്തങ്ങളെ വിശദമാക്കുമ്പോഴാണു മി. കൃഷ്ണപിള്ള, അറിഞ്ഞോ അറിയാതെയോ അവയോടനുകൂലിച്ചുപോകുന്നതു്. അദ്ദേഹം എഴുതുന്നു:

"ആത്മാവും ഈശ്വരനുമില്ലെങ്കിൽപ്പിന്നെ ഈ പ്രപഞ്ചം ചൈതന്യയുക്തമായതെങ്ങനെ? പഞ്ചഭൂതങ്ങളിൽ ആകാശമൊഴിച്ചുള്ള നാലെണ്ണത്തെ മാത്രമേ ചാൎവ്വാകന്മാർ അംഗീകരിച്ചിട്ടുള്ളു; ആ ചതുൎഭൂതങ്ങളുടെ സങ്കലനത്തിൽ ദ്രവ്യം പുളിക്കുമ്പോൾ അതിൽനിന്നു ലഹരിയുണ്ടാകുന്നതുപോലെ ചൈതന്യം സ്വയം—പ്രപഞ്ചസ്വഭാവത്താൽ— ഉത്ഭവിക്കുന്നു എന്നാണു് അവരുടെ വാദം" (പുറം 74)

കേവലം സ്ഥൂലമായ നിരീക്ഷണവും ഉപരിപ്ലവമായ ചിന്തയുംകൊണ്ടുമാത്രം തൃപ്തിയടഞ്ഞിരുന്ന ചാൎവ്വാകന്മാർ ഇങ്ങനെ വാദിച്ചതിൽ വിസ്മയിക്കേണ്ടതില്ല. വിശ്രുതന്മാരായ ഭാരതീയദാൎശനികന്മാരെപ്പോലെ,

“പ്രാണാപാനനിമേഷോന്മേഷജീവനമനോഗതീന്ദ്രി-
യാന്തരവികാരാഃ സുഖദുഃഖേച്ഛാദ്വേഷപ്രയത്നാശ്ചാ-
ത്മനോ ലിംഗാനി (1)

എന്നു ലക്ഷണങ്ങൾകൊണ്ടു ലക്ഷ്യത്തെ നിഗമനം ചെയ്യത്തക്ക യുക്തിബോധം അവൎക്കില്ലായിരുന്നെന്നു നമുക്കു സമാധാനിക്കാം. മാത്രമല്ല, ‘തനിക്കില്ലാ

---

(1) വൈശേഷികസൂത്രം—കണാദൻ

ശ്വാസോച്ഛ്വാസം, നേത്രചലനം, ജീവൻ, മനോവ്യാപാരങ്ങൾ, മററിന്ദ്രിയവികാരങ്ങൾ, സുഖം, ദുഃഖം, ഇച്ഛ എന്നിത്യാദിയെല്ലാം ആത്മാവിന്റെ ലക്ഷണങ്ങളാകുന്നു എന്നു സാരം.

ത്ത ഒരു ഗുണം മറെറാന്നിന്നു നല്കുവാൻ ഒരു വസ്തുവിന്നും കഴിയുകയില്ല' എന്ന തത്വശാസ്ത്രപ്രബോധനത്തെയോ 'നിർജ്ജീവവസ്തുവിൽനിന്നു ജീവൻ ഉത്ഭവിക്കുകയില്ല' എന്ന ആധുനികശാസ്ത്രസമത്ഥനത്തെയോ കുറിച്ച് അവർ അജ്ഞരായിരുന്നെന്ന് ഒരു ഒഴികഴിവു പറയാനുമുണ്ട്. എന്നാൽ, ശാസ്ത്രബോധം ആശ്ചര്യകരമാംവിധം തെളിഞ്ഞുവന്നിട്ടുണ്ടെന്നു മി. പിള്ള തന്നെ സമ്മതിക്കുന്ന ഈ ഇരുപതാംനൂററാണ്ടിൽ, സംശയനിവാരണത്തിനു വിദ്വജ്ജനങ്ങളുടെ സഹായം സമൃദ്ധമായി ലഭിക്കാവുന്ന വൈജ്ഞാനികയുഗത്തിൽ, 'ചൈതന്യം സ്വയം—പ്രപഞ്ചസ്വഭാവത്താൽ— ഉത്ഭവിക്കുന്നു' എന്ന ആ പഴഞ്ചൻപ്രമാദത്തെ ഇത്രമാത്രം പൊന്തിച്ചുകാണിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച കാരണം എന്താണാവോ? ഭിന്നമായ പ്രകൃതത്തോടും ധമ്മങ്ങളോടുംകൂടിയ പദാത്ഥത്തിന്നും ചൈതന്യത്തിന്നും തമ്മിൽ അപരിമേയമായ അന്തരമാണുള്ളതെന്ന്, ഒന്നു നന്നായി ചിന്തിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്നു മനസ്സിലാക്കുവാൻ വിഷമമില്ലായിരുന്നു. പദാർത്ഥങ്ങളുടെ—അഥവാ ചാവ്വാകന്മാർ പറയുന്നതുപോലെ ചതുർഭൂതങ്ങളുടെ—സങ്കലനത്തിൽനിന്നു പദാത്ഥപരമായ ധമ്മങ്ങൾക്കു ഭാവഭേദംവരാമെന്നല്ലാതെ അവയിൽനിന്നു പദാർത്ഥഭിന്നമായ, പദാർത്ഥത്തിൽനിന്ന് അതിശയേന ഉൽകൃഷ്ടമായ, അമൂത്തതയും സചേതനത്വവും താനേ വന്നുചേരുന്നതെങ്ങനെ? ജീവവസ്തുവിൻെറ ഉൽപാദനക്രമത്തേയും ശരീരഘടനയേയും നാനാമുഖമായ പ്രവത്തനോന്മുഖതയേയുംപററിമാത്രം ആലോചിച്ചാൽ മതി, ജീവവസ്തുവും നിർജ്ജീവവസ്തു

വും തമ്മിലുള്ള ബൃഹത്തായ അന്തരം ഗ്രഹിക്കുന്നതിന്. ശാസ്ത്രീയമായ പരീക്ഷണനിരീക്ഷണങ്ങൾകൊണ്ടു തെളിയിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണു നിർജ്ജീവവസ്തുവിൽനിന്നു ജീവൻ ഉത്ഭവിക്കുകയില്ലെന്നുള്ളതു്. എന്നാൽ, ഒന്നു രണ്ടു നൂററാണ്ടുമുൻപുവരെ പൊതുവേയുണ്ടായിരുന്ന ധാരണ, ജന്തുക്കളുടേയും സസ്യങ്ങളുടേയും ചീഞ്ഞഴിഞ്ഞ ജഡങ്ങളിൽനിന്നു ചില ക്ഷുദ്രജീവികൾ ഉൽപാദിതമാകുമെന്നായിരുന്നു. ഭൂതക്കണ്ണാടി കണ്ടുപിടിച്ചതോടുകൂടി, ഏതാനും ശാസ്ത്രജ്ഞന്മാരുടേയും പിൻതുണ കിട്ടി ഈ വിശ്വാസം ഏതാണ്ടൊരു ശാസ്ത്രീയതത്വമായിത്തന്നെ പരിഗണിക്കപ്പെട്ടു. എങ്കിലും, നിർജ്ജീവവസ്തുവിൽനിന്ന് എങ്ങനെ ജീവൻ ഉത്ഭവിക്കും എന്ന പ്രശ്നം യഥാർത്ഥചിന്തകന്മാരായ ശാസ്ത്രജ്ഞന്മാരെ അലട്ടിക്കൊണ്ടിരുന്നു. പലരും പല പരീക്ഷണങ്ങളും നടത്തിയെങ്കിലും നിയതമായ തീരുമാനത്തിലെത്തിച്ചേരുന്നതിനു കഴിയാതെ വിഷമിക്കവേയാണു വിഖ്യാതശാസ്ത്രജ്ഞനായ ലൂയി പാസ്റ്റർ (Louis Pasteur) രംഗപ്രവേശംചെയ്തതു്. അനേകം പരീക്ഷണപരമ്പരകൾകൊണ്ടു്, മൃതപദാർത്ഥങ്ങളിൽക്കാണുന്ന ക്ഷുദ്രജീവികൾ അന്തരീക്ഷത്തിൽ വ്യാപിച്ചുകിടക്കുന്ന അണുജീവികളിൽനിന്നുത്ഭവിക്കുന്നവയാണെന്ന് അദ്ദേഹം തെളിയിച്ചു. (1) അണുജീവികൾതന്നേയും സ്വയം ഉത്ഭവിക്കുന്നില്ലെന്നു സ്വപരീക്ഷണങ്ങൾകൊണ്ടു് അദ്ദേഹം സമർത്ഥിച്ചു. അദ്ദേഹം നടത്തിയ പരീക്ഷണങ്ങളുടെ ഒരു ചുരുങ്ങിയ

(1) See Encyclopaedia Britannica; articles on Abiogenesis, and Louis Pasteur

വിവരണം ഇവിടെ പ്രയോജനകരമായിരിക്കും.

"റെഡി ആരംഭിച്ചതും ഫാദർ സ്പാൾ അൻസാനി പൂർത്തിയാക്കിയതുമായ ശാസ്ത്രമാർഗ്ഗത്തെ അനുകരിച്ചു പാസ്റ്റർ പരിശോധന ആരംഭിച്ചു. ജീവൻ ജീവനിൽ നിന്നുമാത്രമേ ഉത്ഭവിക്കുന്നുള്ളൂ എന്ന പ്രമാണമനുസരിച്ചു ദ്രവങ്ങളിൽ ഉണ്ടാകുന്ന ജീവവികാസം അണുകങ്ങളുടെ പ്രവർത്തനംമൂലം സംഭവിക്കുന്നതാണെന്നും ഈ അണുകങ്ങൾ കാററിൻെറ സഹായത്താൽ ദ്രവങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു എന്നും അനുമാനിച്ചു. അതിനെ തെളിയിക്കുന്നതിനായി പല പരീക്ഷണങ്ങളും നടത്തി. പരീക്ഷണദ്രവങ്ങളിൽ, വായുവിൽ സഞ്ചരിക്കുന്ന ബീജങ്ങൾ വീഴാതിരിക്കുന്നതിനും എന്നാൽ അതേസമയത്ത് ആക്സിജൻ ദ്രവങ്ങളിൽ പ്രവേശിക്കുന്നതിനു സൗകര്യപ്പെടുത്തുന്നതിനുമായി പ്രത്യേകതരം ഫ്ളാസ്ക്കുകൾ (flasks) നിർമ്മിച്ചു. ഈ ഫ്ളാസ്ക്കുകൾക്കു് അരയന്നത്തിൻെറ കഴുത്തുപോലെ (Swan's neck) നീളംകൂടിയതും കീഴ്പ്പോട്ടു വളഞ്ഞതുമായ കഴുത്തുകൾ ഉണ്ടായിരുന്നു. ഇത്തരം ഫ്ളാസ്ക്കുകളെ പാസ്റ്റർഫ്ളാസ്ക്ക് (Pasteur's flask) എന്നുവിളിച്ചുവരുന്നു. ഇത്തരത്തിലുള്ള പാത്രങ്ങളിൽ ജീർണ്ണിക്കാവുന്ന ദ്രവങ്ങളെ തിളപ്പിച്ചു സൂക്ഷിച്ചാൽ കേടുകൂടാതെ കാലാകാലത്തോളം ഇരിക്കുമെന്നു പ്രത്യക്ഷമായി. ഈ ദ്രവങ്ങളിൽ ജീവികൾ ഉണ്ടായില്ല. പാത്രങ്ങളുടെ വായ് അടയ്ക്കാത്തതുകൊണ്ടു ധാരാളം കാററു പ്രവേശിക്കുന്നതിനു വേണ്ട സൗകര്യം ഉണ്ടായിരുന്നു. എന്നാൽ, ഈ വായുവിൽ സഞ്ചരിച്ച അണുകങ്ങൾക്കു ദ്രാവകങ്ങളിൽ പ്രവേശിക്കാൻ സാധിച്ചില്ല.

ഇവയെല്ലാം ഈറപ്പുമുള്ള വളഞ്ഞ കഴുത്തിനുള്ളിൽ നിക്ഷേപിക്കപ്പെട്ടതുകൊണ്ടാണു് ഇതു സംഭവിക്കാത്തതു്. നേരേമറിച്ചു്, സാധാരണ നിവൎന്ന കഴുത്തോടുകൂടിയ പാത്രങ്ങളിൽ സംഭരിച്ചിരുന്ന ദ്രവങ്ങളിൽ കാലതാമസം കൂടാതെ ജീവിവികാസം ഉണ്ടായി. ഇപ്രകാരം നാലു കൊല്ലത്തോളം നടത്തിയ പരീക്ഷണങ്ങളുടെ ഫലമായി ദ്രവങ്ങളിലുണ്ടാകുന്ന ജീവിവികാസം വായുവിൽ സഞ്ചരിക്കുന്ന അണുകങ്ങളുടെ പ്രവൎത്തനഫലം മാത്രമാണെന്നും ശുദ്ധവായുവിൽ ഇത്തരം ബീജകങ്ങൾ ഇല്ല എന്നും, പട്ടണപ്രദേശങ്ങളിലുള്ള അശുദ്ധവായുവിൽ അവ ധാരാളം ഉണ്ടെന്നും അദ്ദേഹം സ്ഥാപിച്ചു. ഇതുകൂടാതെ പോഷേ നടത്തിയിട്ടുള്ള പരീക്ഷണക്രമങ്ങളുടെ ന്യൂനതകളെ ചൂണ്ടിക്കാണിച്ചു് അവയെ പരിഹരിച്ചാൽ യഥാൎത്ഥഫലങ്ങൾ ലഭിക്കുമെന്നും തെളിയിച്ചു. ഇതോടുകൂടി ശാസ്ത്രലോകം പാസ്റ്ററുടെ പരീക്ഷണങ്ങളെ സ്വീകരിച്ചു. ജീവനിൽനിന്നല്ലാതെ ജീവൻ ഉത്ഭവിക്കുന്നില്ല എന്നു് അവർ സമ്മതിച്ചു. സ്വതസ്സൎഗ്ഗവാദം അവസാനിച്ചു." (1) പാസ്റ്ററിന്റെ ശാസ്ത്രീയപരീക്ഷണങ്ങൾ വിദ്വല്ലോകത്തിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി. അജ്ഞേയവാദിയായ ഹക്സലി (Huxley) പോലും നിർജ്ജീവവസ്തുക്കളിൽനിന്നു ജീവൻ

---

**(1) ഉടനെ പ്രസിദ്ധപ്പെടുത്തുവാനിരിക്കുന്ന "പരിണാമസങ്കല്പം" (Swaminathan B. A. L. T) എന്ന ഗ്രന്ഥത്തിൽ നിന്നു്.**

ഉത്ഭവിച്ചിരിക്കാമെന്നു പറയാൻ ധൈര്യപ്പെട്ടില്ല. (1)

പരിണാമവാദത്തിൻെറ പ്രണേതാവായ ഡാർവിൻതന്നെ ജീവൻെറ ഉൽപത്തിയെപ്പററി എന്താണു പറഞ്ഞിട്ടുള്ളതു്? അല്പിഷ്ഠമായ സസ്യംമുതൽ ധീസമ്പന്നനായ മനുഷ്യൻവരേയുള്ള സർവ്വജീവികളും അങ്ങേ അററം എട്ടോ പത്തോ പൂർവ്വികരി നിന്ന് അഥവാ ഒരു പ്രാഥമികപൂർവ്വസത്വത്തിൽനിന്നാണുണ്ടായതെന്നു പ്രസ്താവിച്ച അദ്ദേഹം ജീവൻെറ ഉൽപത്തിയെപ്പററി പറഞ്ഞതു «life was breathed into»—"അതിലേയ്ക്കു ജീവൻ നിശ്വസിക്കപ്പെട്ടു"—എന്നാണ്. കേവലം ശാസ്ത്രീയമായ ഒരു ഗ്രന്ഥത്തിൽ ഇതും ഇതുപോലെയുള്ള മററു ബൈബിൾവാചകങ്ങളും ഉപയോഗിച്ചതിനെസ്സംബന്ധിച്ചു വിമർശമുണ്ടായപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ശ്രദ്ധേയമാണ്: "ഒരുപക്ഷേ ആ മാതിരി പദങ്ങൾ ഞാൻ ഉപയോഗിക്കേണ്ടതില്ലായിരുന്നു. എന്നാൽ, ജീവൻെറ ഉത്ഭവത്തെസ്സംബന്ധിച്ചുള്ള നമ്മുടെ അജ്ഞത പദാർത്ഥത്തിൻേറയും ശക്തിയുടേയും ഉത്ഭവത്തെസ്സംബന്ധിച്ചിടത്തോളംതന്നെ ദുർഗ്രഹമാണെന്നു സമ്മതിച്ചുപറയുന്നതിന് അതു് ഉപകരിക്കും." (2)

വിവിധജാതികളിൽപ്പെട്ട ജീവികളുടെ ശരീരങ്ങളുടെ ഘടനയേയും അവ ഉൾക്കൊള്ളുന്ന ധാതുദ്രവ്യങ്ങളേയുംപററി ശാസ്ത്രജ്ഞന്മാർ സൂക്ഷ്മമായ പരിശോധനകൾ നടത്തി അവ ഓരോന്നും തിട്ടപ്പെടുത്തിയിട്ടു

(1) See Presidential address delivered before the Brit. Assoc. Adv. Science 1870

(2) Athenoeum 25th April 1863

ണ്ടു്. എന്നിട്ടും സജീവമായ ഒരു പുൽക്കൊടിപോലും നിർമ്മിക്കുവാൻ അവക്കു കഴിഞ്ഞിട്ടില്ല. മാത്രമല്ല നിർജ്ജീവവസ്തുക്കളിൽനിന്നു ജീവൻ ഉത്ഭവിക്കുമെന്ന പൗരാണികവാദം ഇന്നത്തെ ശാസ്ത്രലോകത്തിനു് അസ്വീകാര്യവുമാണു്. (1) എന്നിട്ടും, അവസരം കിട്ടുമ്പോഴെല്ലാം ശാസ്ത്രമാഹാത്മ്യം പ്രകീർത്തിച്ചു കൃതാർത്ഥതയടയാറുള്ള മി. കുററിപ്പുഴ ഈ വസ്തുതകളൊന്നും "മനസ്സിലാക്കാതെയോ അഥവാ മനഃപൂർവ്വം മറച്ചുവെച്ചോ" ചാർവ്വാക"മത"ത്തിന്റെ "ജീർണ്ണോദ്ധാരണം നിർവ്വഹിക്കാൻ വേണ്ടി"അവരുടെ വിഡ്ഢിത്തങ്ങൾ എടുത്തെഴുന്നള്ളിക്കുന്നതു കാണുമ്പോൾ സഹതപിക്കാതെ നിവൃത്തിയില്ല. കഴമ്പില്ലാത്ത വാദങ്ങളേയും കഥയില്ലാത്ത സിദ്ധാന്തങ്ങളേയും താങ്ങിനിറുത്തുന്നതിനുവേണ്ടി തന്റെ വിലയേറിയ സമയത്തെ അദ്ദേഹം ഇങ്ങനെ പാഴാക്കേണ്ടതില്ലായിരുന്നു.

അടുത്തതായി "ദേഹാത്മവാദ"ത്തെ അദ്ദേഹം വിവരിക്കുന്നു:

" 'അഹംസ്ഥൂലഃ കൃശോ ∫ സ്മീതി
സാമാനാധികരണ്യതഃ
ദേഹസ്ഥൌല്യാദിയോഗാച്ച
സ ഏവാത്മാ, നചാപരഃ
മമദേഹോ ∫ യമിത്യുക്തിഃ
സംഭവവദൌപചാരികീ.'

---

(1) Chambers' Encyclopaedia. See Abiogenesis; Spontaneous Generation

"ചൈതന്യയുക്തമായ ദേഹംതന്നെയാണ് ആത്മാവ്. തദ്വ്യതിരിക്തമായി മറെറാന്നില്ല. 'ഞാൻ' എന്ന ശബ്ദം ദേഹത്തെ കുറിക്കുന്നതാണെങ്കിൽ, 'എൻെറ ദേഹം' എന്ന് എങ്ങനെ പറയാമെന്ന തർക്കിക്കുന്ന പക്ഷം, അത് ഔപചാരികമാണെന്നു സമാധാനം. വൃക്ഷത്തിൽ ശാഖയുൾപ്പെടുന്നുണ്ടെങ്കിലും, വൃക്ഷത്തിൻെറ ശാഖയെന്നു നാം പറയാറില്ലേ? അതുപോലിവിടേയും ഔപചാരികമാണു വ്യവഹാരം." (പുറം 75)

ചാർവ്വാകന്മാരുടെ ഇത്തരം ബാലിശവാദങ്ങളിൽ അതിൻെറ ഖണ്ഡനംകൂടി അന്തർഭവിച്ചിട്ടുണ്ടെന്ന് അല്പം ആലോചിച്ചിരുന്നെങ്കിൽ മി. കൃഷ്ണപിള്ളയ്ക്കു കണ്ടുപിടിക്കാമായിരുന്നു.

വൃക്ഷത്തിൽ ശാഖയുൾപ്പെടുന്നുണ്ട്; വൃക്ഷത്തിൻെറ ശാഖയെന്നു നാം പറയാറുമുണ്ട്; ശരിതന്നെ. പക്ഷേ, വൃക്ഷം മുഴുവൻ ശാഖയിൽ ഉൾപ്പെടുന്നുവെന്ന് ആരെങ്കിലും പറയുമോ? വൃക്ഷത്തിൻെറ ശാഖയെന്നു പറഞ്ഞാൽ വൃക്ഷത്തിൻെറ ഒരംശം എന്നല്ലേ മനസ്സിലാവുക. ഇതുപോലെ "ഞാൻ" എന്നതിൽ ശരീരവും ഉൾപ്പെടുന്നുണ്ടെങ്കിലും "ഞാൻ" മുഴുവൻ ശരീരത്തിൽ ഉൾപ്പെടുന്നുണ്ടെന്നു സുബോധമുള്ളവർക്കു വാദിക്കുവാൻ സാധിക്കുമോ? എൻെറ ദേഹം "ഞാൻ" എന്നതിൻെറ ഒരംശം ആണെന്നു ഗ്രഹിക്കുവാൻമാത്രം സാമാന്യപ്രജ്ഞയില്ലാതെ "അത് ഔപചാരികമാണെന്നു" വാദിക്കുന്നവരോടു വാദത്തിനു പുറപ്പെടുന്നത് ഉചിതമാണോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു.

ശ്രീ കുററിപ്പുഴയുടെ ദൃഷ്ടിയിൽ, "ഈ വാദത്തി

ന്ന് അടിസ്ഥാനമായി ചാർവ്വാകന്മാർ കൊണ്ടുവരുന്ന യുക്തിവിചാരം പ്രത്യേകം ശ്രദ്ധേയമാണ്." അദ്ദേഹം തുടരുന്നു. "ദേഹാതിരിക്തമായി പ്രത്യേകമൊരാത്മാവുണ്ടെന്നു പറയുന്ന ആത്മവാദികളുടെ വാദത്തിന്ന് അടിസ്ഥാനം, ശരീരസ്ഥങ്ങളായ പ്രാണചൈതന്യസ്മൃത്യാദികൾ ആത്മാവിൻെറ ധർമ്മങ്ങളാണെന്ന ന്യായമാണല്ലോ. എന്നാൽ, ഇവ ആത്മധർമ്മങ്ങളല്ല, ദേഹധർമ്മങ്ങൾ മാത്രമാണെന്നു ചാർവ്വാകന്മാർ എതിർവാദം ചെയ്യുന്നു. . . . . . . ദേഹഭാവത്തിൽ സ്ഥിതിയും തദഭാവത്തിൽ നാശവുമുള്ളവയാണല്ലോ പ്രാണചേഷ്ടാസ്മൃത്യാദികൾ. അതുകൊണ്ടു് അവ, അഗ്നിയുടെ അഭാവത്തിൽ നശിച്ചുപോകുന്ന തദ്ധർമ്മങ്ങളായ ഔഷ്ണ്യപ്രകാശങ്ങളെപ്പോലെ, ദേഹധർമ്മങ്ങളായിത്തന്നെ ഗണിക്കപ്പെടേണ്ടവയാണെന്നു ചുരുക്കം. ദേഹധർമ്മങ്ങളല്ലെങ്കിൽ ദേഹനാശത്തിനുശേഷവും ഈ പ്രാണചേഷ്ടാദികൾക്കു സ്ഥിതിയുണ്ടാകേണ്ടതാണ്. അങ്ങനെ കാണാത്തതുകൊണ്ടു് അവ അന്യമായ ഒന്നിൻെറ ധർമ്മങ്ങളാകാൻ വഴിയില്ല." (പുറം 75)

ഈ വാദത്തിൻെറ സാരം ഇതാണ്: ദേഹമുള്ളപ്പോൾ പ്രാണൻ, ചേഷ്ട, സ്മൃതി മുതലായവയുണ്ടു്. ദേഹമില്ലാത്തപ്പോൾ അവയ്ക്കു നാശം ഭവിക്കുന്നു— അഗ്നിയുടെ അഭാവത്തിൽ അവയുടെ ധർമ്മങ്ങളായ ചൂടും പ്രകാശവും നശിക്കുന്നതുപോലെ. അതിനാൽ, പ്രാണൻ, ചേഷ്ട, സ്മൃതി മുതലായവ ദേഹത്തിൻെറ ധർമ്മങ്ങൾ മാത്രമാണ്.

ഇതു മി. കൃഷ്ണപിള്ള കണ്ണുംപൂട്ടി വിശ്വസി

ക്കുന്നുണ്ട്. എന്നാൽ, 'യുക്തിവാദി'യായ അദ്ദേഹം യുക്തിയുടെ വെളിച്ചത്തിൽക്കൂടി ഇതൊന്നു പരിശോധിക്കേണ്ടതായിരുന്നില്ലേ?

"ദേഹഭാവത്തിൽ സ്ഥിതിയും തദഭാവത്തിൽ നാശവുമുള്ളവയാണല്ലോ പ്രാണചേഷ്ടാസ്മൃത്യാദികൾ." ഇതിൽ ആൎക്കും തൎക്കമില്ല. പക്ഷേ, പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന രണ്ടു വസ്തുക്കളിൽ ഒന്നിൻെറ അഭാവത്തിൽ മറെറാന്ന് അപ്രത്യക്ഷമാകുന്നു എന്ന കാരണത്താൽ ആ ഒന്നിൻെറ ധൎമ്മമാണു മറെറാന്ന് എന്നു വാദിക്കുന്നതു ശരിയായിരിക്കുമോ? ആലക്തികദീപ (electric light) ത്തെപ്പററി ഒന്നാലോചിക്കുക. "ബൾബ്" ഉള്ളപ്പോൾ ദീപമുണ്ട്; ബൾബ് എടുത്തുകളഞ്ഞാൽ ദീപം ഇല്ലാതെയാകുന്നു. അതുകൊണ്ടു ദീപം ബൾബിൻെറ ധൎമ്മമെന്ന് ആരെങ്കിലും വാദിക്കുമോ? പ്രത്യുത, ആലക്തികശക്തി വ്യാപരിക്കുന്നതുകൊണ്ടാണു ബൾബിൽ ദീപമുണ്ടാകുന്നത് എന്ന് എല്ലാവൎക്കും അറിയാം. ആലക്തികശക്തിയുടെ അഭാവത്തിൽ ബൾബുണ്ടെങ്കിലും ദീപമുണ്ടായിരിക്കുകയില്ലല്ലോ. ഇതുപോലെ ഇവിടെയും ശരീരത്തിൽ ആത്മാവു വ്യാപരിക്കുന്നതുകൊണ്ടാണു പ്രാണചേഷ്ടാസ്മൃത്യാദികൾ ദൃശ്യമാകുന്നതു്. ആത്മാവിൻെറ അഭാവത്തിൽ ശരീരം, ആലക്തികശക്തിയുടെ അഭാവത്തിൽ ബൾബെന്നതുപോലെ പ്രവൎത്തനരഹിതമാകുന്നു. ആത്മാവിൻെറ പ്രവൎത്തനങ്ങൾ ബാഹ്യമായി പ്രകടമാകണമെങ്കിൽ ശരീരത്തിൻെറ സഹായം ആവശ്യമുണ്ടെന്നുവച്ച് "ചൈതന്യയുക്തമായ ദേഹംതന്നെയാണ് ആത്മാവ്. തദ്വ്യതിരിക്തമായി മ

റൊന്നില്ല" എന്ന വഴിപിഴച്ച വാദരീതി അവലംബി ക്കുന്നവരെപ്പററി എന്താണ പറയേണ്ടതു്!

പ്രാണചേഷ്ടാസ്മൃത്യാദികൾ ആത്മധർമ്മങ്ങളല്ല ദേഹധർമ്മങ്ങളാണ് എന്ന കാണിക്കാൻ ചാർവ്വാക ന്മാർ കൊണ്ടുവരുന്ന ഉപമയെപ്പററിയാണ് അടുത്ത പ്രശ്നം.

"അവ, അഗ്നിയുടെ അഭാവത്തിൽ നശിച്ചുപോ കുന്ന തദ്ധർമ്മങ്ങളായ ഔഷ്ണ്യപ്രകാശങ്ങളെപ്പോ ലെ ദേഹധർമ്മങ്ങളാണെ"ന്നുള്ള വാദം വല്ല കഴമ്പുമു ള്ളതാണോ? ഏതൊരുവനും സാമാന്യപ്രജ്ഞകൊണ്ട് എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതാണ് ഇതിനു സമാ ധാനം. അഗ്നിക്കു സ്ഥിതിയുള്ളപ്പോഴെല്ലാം ഔഷ്ണ്യ പ്രകാശങ്ങൾക്കും സ്ഥിതിയുണ്ടായിരിക്കും. പക്ഷേ, ശ രീരത്തിനു സ്ഥിതിയുള്ളപ്പോഴെല്ലാം പ്രാണചേഷ്ടാസ്മൃ ത്യാദികൾ ദൃശ്യമാകുന്നില്ലല്ലോ. ഈ വസ്തുത ശങ്കരാചാ ര്യർ വിശദമാക്കുന്നുണ്ട്:

"വ്യതിരേകസ്തദ്ഭാവാഭാവിത്വാന്ന തൂപലബ്ധി വൽ" എന്ന ബ്രഹ്മസൂത്രവാക്യത്തെ വ്യാഖ്യാനിച്ചുകൊ ണ്ടു് അദ്ദേഹം പ്രതിപാദിക്കുന്നതു്, പ്രാണചേഷ്ടാദികൾ ദേഹ ധർമ്മങ്ങളാണെങ്കിൽ മൃതാവസ്ഥയിൽ ദേഹമുള്ളപ്പോഴും അവ കാണപ്പെടേണ്ടതാണെന്നും അങ്ങനെ കാണായ്ക യാൽ അവ തദ്ധർമ്മങ്ങളല്ലെന്നും യാവദ്ദേഹം സ്ഥിതി ചെയ്യുന്ന രൂപാദികൾമാത്രമാണ ശരീരധർമ്മങ്ങളെന്നു മാണ്. ശങ്കരാചാര്യരുടെ ഈ ന്യായത്തെത്തന്നെ മി. കൃഷ്ണപിള്ളയും ഒരു പൂർവ്വപക്ഷമായി എടുത്തുകാണി ച്ചിട്ടു് 'ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനംകാട്ടുന്ന' മട്ടിൽ

സമാധാനമൊന്നും പറയാതെ, "പ്രാചീനപണ്ഡിതന്മാരുടെ ഏതാദൃശവാദങ്ങളിൽ അധികവും കാണുന്നതു്, സാങ്കേതികപദങ്ങളെക്കൊണ്ടുള്ള ഒരു തക്കവിഹാരം മാത്രമാണു്; ആത്മസത്തയെ തെളിയിക്കുവാൻ ഇത്തരം തക്കഢക്കാധ്വനികൾ പര്യാപ്തമായിട്ടില്ലെന്നുതന്നെ പറയാം" എന്നൊരു "ഢക്കാധ്വനി മുഴക്കി" കൃതകൃത്യനായതായി അഭിമാനിക്കുകമാത്രമാണു ചെയ്തിരിക്കുന്നതു്.

"യുക്ത്യനുഭവങ്ങളുടേയും നവീനശാസ്ത്രപരീക്ഷണങ്ങളുടേയും വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ ചാർവാകപക്ഷത്തിനാണു പ്രാബല്യമെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു" (പുറം 77) എന്നാണു യുക്ത്യനുഭവങ്ങൾക്കും നവീനശാസ്ത്രപരീക്ഷണങ്ങൾക്കും കണ്ണടച്ചുകൊണ്ടു ശ്രീ കററിപ്പുഴ എഴുതിവിട്ടിരിക്കുന്നതു്. ചാർവ്വാകപക്ഷമെന്നു പറഞ്ഞിരിക്കുന്നതു "ദേഹാത്മവാദ"ത്തെ ഉദ്ദേശിച്ചാണു്. അതായതു ദേഹത്തിൽനിന്നു വ്യതിരിക്തമായി ഒരാത്മാവില്ലെന്നു് (പുറം 75).

ബഹുവിധങ്ങളായ യുക്ത്യനുഭവങ്ങൾകൊണ്ടു് ആത്മസത്തയെ തെളിയിക്കുവാൻ കഴിയുമെങ്കിലും വിസ്തരഭയത്താൽ അവയിൽ ചിലതുമാത്രമേ ഇവിടെ എടുത്തു കാണിക്കുവാൻ ഉദ്ദേശിക്കുന്നുള്ളു.

ശരീരശാസ്ത്രജ്ഞന്മാർ നിരീക്ഷണപരീക്ഷണങ്ങൾകൊണ്ടു സമത്ഥിച്ചിട്ടുള്ള ഒരു പരമാർത്ഥമാണു മനുഷ്യശരീരത്തിലെ ഭൗതികഘടകങ്ങൾ മാറിമാറി വന്നുകൊണ്ടിരിക്കുന്നുവെന്നതു്. ഇങ്ങനെ ഏഴുകൊല്ലത്തിലൊരിക്കൽ ആസകലമായ ഒരു പരിവത്തനം ശരീരത്തിനു് ഉണ്ടാകുന്നുണ്ടു്. എന്നിട്ടും ഏഴുവയസ്സായ ഒരു കുട്ടി എഴു

പത്തുവയസ്സായ ഒരു പടുകിഴവനാകുമ്പോഴും ഒരേ "ഞാൻ" എന്ന ബോധത്തോടേ പൂർവ്വസ്മരണകളിലൂടേ സ്വൈരവിഹാരം ചെയ്യുന്നു. ഭൗതികഘടകങ്ങൾക്കു മാററം വന്നുകൊണ്ടിരിക്കേ വിവിധകാലങ്ങളിലുള്ള ബോധാവസ്ഥകളെ സഞ്ചയിച്ചു സംയോജിപ്പിക്കുന്ന ഭൗതികമല്ലാത്ത— അമൂർത്തമായ— ഒരു ഘടകം മനുഷ്യനുണ്ടെന്നല്ലേ ഇതിൽനിന്നു ഗ്രഹിക്കേണ്ടതു്. ഇതിനെയാണ് ആത്മാവെന്ന് ആത്മവാദികൾ നിർദ്ദേശിക്കുന്നതു്.

ഇനിയും, ആലോചിച്ചുനോക്കിയാൽക്കാണാം ഭൗതികവസ്തുക്കൾക്കില്ലാത്ത ഒരു ഗുണം "ഞാൻ" എന്ന ബോധംവഴിയായി മനുഷ്യൻ പ്രകാശിപ്പിക്കുന്നുണ്ടെന്ന്. അതെന്താണ്? ഞാൻ ചിന്തിക്കുന്നുവെന്നു വിചാരിക്കുക. ചിന്തിച്ചുകൊണ്ടിരിക്കുന്ന ഞാൻ, 'ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്' എന്നറിയുകയും ചെയ്യുന്നുണ്ട്. ഇതിനെ ആത്മപ്രതിഫലനശക്തി (Power of self reflection) എന്ന പേർ വിളിക്കാം. ഭൗതികവസ്തുക്കൾക്കൊന്നിനും ഈ ആത്മപ്രതിഫലനശക്തിയില്ല. നയനം അതിനെത്തന്നെ ദർശിക്കുന്നുണ്ടോ? കണ്ണാടി അതിനെത്തന്നെ പ്രതിഫലിപ്പിക്കുന്നുണ്ടോ? ഇങ്ങനെ ഭൗതികവസ്തുക്കൾക്കൊന്നിനുമില്ലാത്ത ഒരു ഗുണവിശേഷം മനുഷ്യനിൽ കാണപ്പെടുന്നുണ്ടെങ്കിൽ അതിൻെറ മൂലസ്ഥാനം ഭൗതികവസ്തുവായ ശരീരം ആയിരിക്കുകയില്ല. ശരീരപ്രകൃതിയിൽനിന്നു ഭിന്നമായ ഒരു മൂലത്തിൽനിന്നായിരിക്കണം അതിൻെറ ഉൽപത്തി. ആ മൂലമാണ് ആത്മാവ്.

മനുഷ്യൻെറ ബുദ്ധിശക്തിയുടേയും ഇച്ഛാശക്തിയു

ടേയും പ്രവൎത്തനങ്ങളെത്തന്നെ പരിശോധിക്കുക. ഒരു പ്രത്യേകവസ്തുവിനോടും ബന്ധപ്പെടാതെ കേവലവും സാമാന്യവുമായ (abs ra. ) ആശയങ്ങൾ ബുദ്ധി രൂപവൽകരിക്കുന്നു. സത്യം, ധൎമ്മം, നീതി എന്നൊക്കെ നാം കേൾക്കുമ്പോൾ പദാൎത്ഥപരമായ ഏതെങ്കിലും രൂപമാണോ നമ്മുടെ ഉള്ളിൽ പതിയുന്നതു്? അല്ല. പദാൎത്ഥനിൎമ്മുക്തങ്ങളായ, അമൂൎത്തങ്ങളായ, ആശയങ്ങളാണു് അവ ഉൾക്കൊള്ളിക്കുന്നതു്. ഇതുപോലെതന്നെ, പ്രമേയങ്ങളിൽനിന്നു നിഗമനങ്ങളിൽ എത്തിച്ചേരുക, വസ്തുതകളുടെ പരസ്പരബന്ധം ഗ്രഹിക്കുക എന്നു തുടങ്ങിയുള്ള വ്യാപാരങ്ങളും അമൂൎത്തങ്ങൾതന്നെയാണു്. കൂടാതെ, ബുദ്ധിശക്തിയെ അനുഗമിക്കുന്ന ഇച്ഛാശക്തിയുടെ പ്രവൎത്തനങ്ങളും അമൂൎത്തങ്ങൾതന്നെയെന്നു കാണുവാൻ പ്രയാസമില്ല. തന്മൂലം, ഈ ശക്തികളും തത്തദ് വ്യാപാരങ്ങളും അധിഷ്ഠിതമായിരിക്കുന്ന മൂലകാരണവും അമൂൎത്തമെന്നു ന്യായപൂൎവ്വം നിഗമനം ചെയ്യാം. 'പ്രവൎത്തനത്തിൻെറ സ്വഭാവത്തിൽനിന്നു് അതിൻെറ മൂലപ്രകൃതിയെ മനസ്സിലാക്കാം' എന്ന തത്വശാസ്ത്രസിദ്ധാന്തം ഈ യുക്തിക്കു് ഉപോൽബലകമായുണ്ടുതാനും. അമൂൎത്തമായ ആ മൂലകാരണമാണു് ആത്മാവു്.

"ശരീരനാശത്തിൽ ആത്മസൂചകമായി യാതൊന്നുംതന്നെ അവശേഷിക്കുന്നില്ലെന്നുള്ള ഇന്നത്തെ ജീവശാസ്ത്രകാരന്മാരുടെ അഭിപ്രായം ഈ ഘട്ടത്തിൽ സ്മരണീയമത്രെ." എന്നു മി. കൃഷ്ണപിള്ള പറയുന്നു. (പുറം 76)

വസ്തുതകളുടെ എല്ലാ വശങ്ങളും വീക്ഷിക്കാതെ ശാസ്ത്രപ്രതിപത്തികൊണ്ടു ചെയ്യുന്ന ഒരു 'എടുത്തുചാ

ട്ട്'മായിമാത്രമേ അദ്ദേഹത്തിൻെറ ഈ വാദത്തെ പരിഗണിക്കേണ്ടതുള്ളൂ. ജീവശാസ്ത്രകാരന്മാർ ശരീരസ്ഥിതമായ ജീവനെസ്സംബന്ധിച്ചുമാത്രമേ പരീക്ഷണനിരീക്ഷണങ്ങൾ നടത്തുന്നുള്ളൂ. ജീവൻ ശരീരത്തിൽനിന്നു പിരിയുമ്പോൾ അവരുടെ പ്രവൎത്തനമണ്ഡലവും അവസാനിച്ചു. ജീവൻ അഥവാ ആത്മാവ് അമൂൎത്തമാണെന്നു നാം മുൻപു യുക്ത്യനുഭവങ്ങൾകൊണ്ടു തെളിയിച്ചിട്ടുണ്ടല്ലോ. അമൂൎത്തമായ ഒരു വസ്തുവിനെ ശാസ്ത്രീയോപകരണങ്ങൾകൊണ്ടു വിശകലനം ചെയ്യുവാൻ കഴിയുമോ? പ്രകൃതിശാസ്ത്രങ്ങളുടെ പരിധിയിൽപ്പെടുന്ന അറിവുമാത്രമേ സൎവ്വവിധമായ അറിവിൻെറയും മൂലമായിരിക്കുകയുള്ളൂ എന്നു ശഠിക്കുന്നതു കുറെ സാഹസമല്ലേ? ഒരു തത്വജ്ഞൻെറ ചിന്താമണ്ഡലത്തിൽക്കൂടി വീക്ഷിക്കുമ്പോൾ ഒരു ശാസ്ത്രജ്ഞനു ദുർഗ്രഹങ്ങളായ എത്രയെത്ര കാൎയ്യങ്ങൾ നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നു? ഇനിയും, ആത്മാവിൻെറ പരമാൎത്ഥ്യത്തേയും മററും പററി ദൈവശാസ്ത്രം നല്കുന്ന അറിവിനെ യാതൊരുവനും യുക്തിപൂൎവ്വം നിഷേധിക്കുവാൻ സാധിക്കുകയുമില്ല. ഇതെപ്പററിയൊന്നും ചിന്തിക്കാതെ ശരീരനാശത്തിനുശേഷം ആത്മാവ് അവശേഷിക്കുന്നുണ്ടോ എന്നറിയുന്നതിനു ജീവശാസ്ത്രകാരന്മാരെ സൎവ്വപ്രമാണമായി സ്വീകരിക്കുന്ന മി. കൃഷ്ണപിള്ളയുടെ "ശുദ്ധഗതി"യെപ്പററി എന്താണു പറയേണ്ടതു്! ആത്മാവിനെസ്സംബന്ധിച്ച് അദ്ദേഹത്തിന് ഒരു ജ്ഞാനവുമില്ലെന്നു വിശദമാകുന്നുണ്ട്. "ഏതായാലും അറിയാൻ പാടില്ലാത്തതിനെപ്പററി അപ്രകാരം സമ്മതിച്ചുപറയുന്ന ബുദ്ധിപരമായ സത്യസന്ധത അത്യ

ന്ത്യം ആദരണീയമാണെ" (പുറം 117) ന്നുള്ള സ്വന്തം അഭിപ്രായമനുസരിച്ച് അദ്ദേഹം പ്രവത്തിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

ഇനി "ഇന്നത്തെ ശാസ്ത്രീയതത്വത്തോട് അടുത്തുവരുന്ന"തെന്നു മി. കൃഷ്ണപിള്ള പ്രസ്താവിക്കുന്ന "ദേഹാത്മവാദ"ത്തെത്തന്നെ ശാസ്ത്രത്തിൻെറ വെളിച്ചത്തിൽക്കൂടി നമുക്കൊന്നു പരിശോധിക്കാം. ബുദ്ധിശക്തിയും തദനുസാരികളായ ഗുണങ്ങളും ആത്മാവിൻെറ ധർമ്മങ്ങളാണെന്ന് ആത്മവാദികൾ സമർത്ഥിക്കുന്നുണ്ടല്ലോ. എന്നാൽ, അവ, ആത്മാവിൻെറ ധർമ്മങ്ങളല്ല ശരീരത്തിൻെറ ധർമ്മങ്ങളാണെങ്കിൽ ശാസ്ത്രജ്ഞന്മാക്ക് പരിശോധിച്ചു കണ്ടുപിടിക്കാവുന്നതായിരിക്കണമല്ലോ. ഇങ്ങനെ. മി. കൃഷ്ണപിള്ളയുടെ തലച്ചോറു വിശകലനംചെയ്തു നോക്കിയാൽ അദ്ദേഹം ഒരു യുക്തിവാദിയും സ്വതന്ത്രചിന്തകനും ഭാഷാപണ്ഡിതനുമാണെന്നു കണ്ടുപിടിക്കുവാൻ കഴിയുമോ? മനസ്സിൻേറയും മസ്തിഷ്കത്തിൻേറയും പ്രവത്തനമൂലങ്ങളെസ്സംബന്ധിച്ച പരീക്ഷണനിരീക്ഷണങ്ങൾ നടത്തിയിട്ടുള്ള വിശ്രുതശാസ്ത്രജ്ഞന്മാർ എന്താണു പ്രസ്താവിക്കുന്നത്? ശാരീരികമനശ്ശാസ്ത്രജ്ഞന്മാരിൽ സവ്വഥാ അഗ്രിമസ്ഥാനത്തിനർഹനായ പ്രൊഫസർ വുണ്ട് (Wundt) പറയുന്നതുപോലെ മനുഷ്യൻെറ തലച്ചോറിനെ എത്രമാത്രം ചികഞ്ഞുപരിശോധിച്ചാലും അതിൻെറ പ്രവത്തനവിധങ്ങളെ വെളിച്ചത്തു കൊണ്ടുവരുന്നതിന് എത്രകണ്ടു ശ്രമിച്ചാലും അതു തലച്ചോറുമാത്രമായിരിക്കും, അതിൽക്കൂടുതൽ ഒന്നുമായിരിക്കുകയില്ല. "ഈ പ്രവത്തനങ്ങളുടെ ജീവമൂലമായ നിദർശനങ്ങൾ

നമുക്കൊന്നും അറിയാൻ സാധിക്കുകയില്ല." (1)

ഇതുപോലെതന്നെ, ഈ വിഷയത്തിൽ പ്രശസ്തമായ നിലയുള്ള പ്രൊഫസർ ലാഡിൻെറ (Ladd) വാക്കുകളും ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നതു മനസ്സ് അതുൾക്കൊള്ളുന്ന പദാർത്ഥത്തിൽനിന്നു ഭിന്നമെന്നു മാത്രമല്ല അതൊരു ആത്മനീന (Spiritual) വസ്തുകൂടെയാണെന്നുമാണ്. അദ്ദേഹത്തിൻെറ പ്രസ്താവം ഇവിടെ ഉദ്ധരിക്കാം: "മനസ്സു മൂർത്തമാണെന്നുള്ള വാദത്തെ താങ്ങിനിർത്തുന്നതിന് ഒരു മാർഗ്ഗമേ ഉള്ളൂ എന്നു തോന്നുന്നു: അതിൻെറ സാക്ഷാലുള്ള അസ്തിത്വത്തെത്തന്നെ നിഷേധിക്കുക– അതിൻെറ പ്രവർത്തനങ്ങളുടെ മൂലസ്ഥാനം മസ്തിഷ്കഭാഗത്തിലുള്ള ഭൗതികഘടകങ്ങളിലാരോപിക്കുക. എന്നാൽ, ഏതാദൃശമായ ഒരു വീക്ഷണഗതിയുടെ അസാംഗത്യത്തെ സമഞ്ജസമായി സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. . . . . . . മനസ്സ് എന്തെങ്കിലും പ്രകൃതത്തോടുകൂടിയ ഒരു യഥാർത്ഥസത്തയെന്നു സമ്മതിക്കുന്നവർക്ക്, അതു് അമൂർത്തമെന്ന മറുഭാഗത്തുള്ള നിഗമനത്തിൽ എത്തിച്ചേരാതിരിക്കുവാൻ നിർവ്വാഹമില്ല. . . . . . . അതുപോലെ നിയതമായ ഒരു പ്രസ്താവനകൊണ്ടു മനസ്സിൻെറ ആത്മനീനപ്രകൃതിയെ നാം ഉറപ്പിച്ചുപറയണം എന്നു കാണിക്കുന്നതും വിഷമമായ കാര്യമല്ല." (2)

---

(1) "As to the Psychical import of these procesess we should learn nothing"
Quoted in "Mind and Matter" M. P. Hill S. J.
(2) "Elemnets of physiol. psychol." (p. 682).

ഇങ്ങനെ ഒന്നാംകിടയിലുള്ള വിഖ്യാതശാസ്ത്രജ്ഞന്മാരുടെ വാക്കുകളിൽനിന്നു് "ഇന്നത്തെ ശാസ്ത്രീയതത്ത്വവും" ചാർവ്വാകന്മാരുടെ "ദേഹാത്മവാദ"ത്തെ നിരസിക്കുന്നുവെന്നു ഗ്രഹിക്കാമെന്നിരിക്കേ, ശാസ്ത്രത്തിന്റെ മറപിടിച്ചുകൊണ്ടു് ഒരു പഴഞ്ചൻപ്രമാദത്തെ താങ്ങിനിറുത്തുവാൻ പണിപ്പെടുന്ന മി. കൃഷ്ണപിള്ള പുരോഗമനവാദിയോ അധോഗമനവാദിയോ?

"ചാർവ്വാകമതം," "സ്വീകാര്യമോ ത്യാജ്യമോ ഏതെങ്കിലുമാകു"ന്നതിൽ മി. പിള്ളയ്ക്കു വിരോധമില്ല. "സ്വാതന്ത്ര്യവും വിശാലവുമായ ഒരു ചിന്താമണ്ഡലത്തെ" തുറന്നുകാണിച്ചതിലാണു് അവർ "ആരാധനീയരാ"യിരിക്കുന്നതു്. ശരിതന്നെ! താന്തോന്നിത്തത്തിനു തപ്പുന്നമരുളി, ഇന്ദ്രിയപ്രത്യക്ഷത്തെമാത്രം പ്രമാണമാക്കി, യുക്തിയുടെ പേരിൽ യുക്തിയേയും ചിന്താശക്തിയേയും പുറംതള്ളി യഥേഷ്ടം വിഹരിക്കുന്നതിനു സ്വാതന്ത്ര്യവും വിശാലവുമായ "ഒരു ചിന്താമണ്ഡലത്തെ" "ചാർവ്വാകന്മാർ വളരെ മുൻപുതന്നെ തുറന്നുകാണിച്ചിട്ടുണ്ടു്". "വിഷയസുഖം ത്യജിക്കണമെന്നു പറയുന്നതു വെറും മൂഢ

---

ടി പരിശോധിക്കുമ്പോൾ "ദേഹാത്മവാദം" എത്രമാത്രം പൊള്ളയായി കാണപ്പെടുന്നു എന്നതിനെപ്പററി കൂടുതലായി അറിയണമെങ്കിൽ, ആധുനികജീവശാസ്ത്രകാരന്മാരിൽ അഗ്രഗണ്യനായ Dr. Lecomte du Nouy, 1947-ൽ പ്രസിദ്ധപ്പെടുത്തിയ "Human Destiny" എന്ന വിശിഷ്ടഗ്രന്ഥം അവധാനപൂർവ്വം ഒന്നു വായിച്ചുനോക്കിയാൽ മതിയാവും. വിസ്തരഭയത്താൽ അതിൽനിന്നു് ഒന്നും ഇവിടെ ഉദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

വിചാരമാണെ" (പുറം 74) ന്ന സിദ്ധാന്തത്തെ മുറുകെ പ്പിടിച്ചുകൊണ്ടു സ്വാർത്ഥത പുലർത്തുന്നതിലാണു "മഹിമ വെളിപ്പെടുന്ന"തെങ്കിൽ അവർ മഹനീയർതന്നെ! ഏതായാലും "ചാർവ്വാകമതം" എന്ന ലേഖനം മുഖേന മി. കൃഷ്ണപിള്ള ഒരു കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്: പണ്ടത്തെ ചാർവ്വാകന്മാരുടെ ആദർശങ്ങളെത്തന്നെ അട്ടത്തനുകരിക്കുന്ന ഇന്നത്തെ ലോകായതികന്മാരുടെ "യുക്തിവാദ"വും "സ്വതന്ത്രചിന്തയും" വെറും നിരർത്ഥകപദങ്ങൾ മാത്രമാണെന്ന്.

# 4. ഭൂമിയിലെ സ്വർഗ്ഗരാജ്യം

സ്വാർത്ഥപരമായ ഉദ്ദേശ്യത്തോടുകൂടി കമ്മ്യൂണിസത്തേയും അതിന്റെ സിദ്ധാന്തങ്ങളേയും വെള്ളയടിച്ചുകാണിക്കുന്നതിന് ഒട്ടുവളരെപ്പേർ ഇന്നു ബദ്ധപ്പെടുന്നുണ്ട്. അതിലേയ്ക്ക് അവർ പ്രയോഗിക്കുന്ന തന്ത്രങ്ങൾ കുറച്ചൊന്നുമല്ല. സ്വേച്ഛാധിപത്യം നഗ്നമായി നടമാടുന്ന കമ്മ്യൂണിസ്റ്റുറഷ്യയെ സ്ഥിതിസമത്വത്തിന്റേയും സുഖൈശ്വര്യങ്ങളുടേയും നികേതനമായി, "ദാരിദ്ര്യത്തിന്റെ ദീനസ്വരത്തിനു പൂർണ്ണവിരാമമിട്ട ഭൂമിയിലെ സ്വർഗ്ഗരാജ്യ"മായി ചിത്രിക്കുകയാണ് അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്ന്. ശ്രീ കുററിപ്പുഴയുടെ 'ഭൂമിയിലെ സ്വർഗ്ഗരാജ്യം' എന്ന ഉപന്യാസം ഇതിനു മകുടോദാഹരണമാണ്.

ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ജർമ്മൻശക്തിയുടെമേൽ സങ്കലിതക്ഷ സിദ്ധിച്ച വിജയം കമ്മ്യൂണിസ്ററുറഷ്യയുടെ സ്വന്തം നേട്ടമാണെന്നും അവിടെ സ്റ്റലിൻ നടപ്പിലാക്കിയ സാമ്പത്തികവും സാമുദായികവുമായ നവ്യവ്യവസ്ഥിതിയുടെ പരിണതഫലം മാത്രമാണ് അതെന്നും ഈ ലേഖനത്തിൽ മി. കൃഷ്ണപിള്ള വാദിക്കുന്നു.

"കൃത്രിമമായ മതവ്യവസ്ഥയിലും ഭരണക്രമത്തിലും കാലൂന്നിയിരിക്കുന്ന രാജ്യങ്ങൾ പലതും ജർമ്മൻ പെരുംപടയുടെ മുൻപിൽ നാഡിതളർന്നു നിലംപതിച്ചപ്പോൾ മറെറാരിടത്തും കാണാത്തതായ ഓജസ്സോടും ഒരുമയോടുംകൂടി ഒററയ്ക്കുനിന്നു പടപൊരുതി വിജയം നേടിയതു മതവും സന്മാർഗ്ഗവുമില്ലെന്നു അധിക്ഷിപ്തമായ ഈയൊരു രാജ്യം മാത്രമാണല്ലോ. . . . . . . വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന സ്വേച്ഛാധികാരമോ, സന്മാർഗ്ഗവ്യവസ്ഥയില്ലാത്ത കുടുംബജീവിതമോ, മൃഗീയമായ മർദ്ദനപരിപാടികളോ നിലവിലുള്ള ഒരു രാജ്യത്തിന് ഇത്രമാത്രം സുസംഘടിതവും സുദൃഢവുമായ ജീവിതശക്തി പ്രദർശിപ്പിക്കുവാൻ സാധ്യമാകുമോ?" (പുറം 96—97) പക്ഷേ, ഈ വാദത്തിലടങ്ങിയിരിക്കുന്ന യുക്തിഹീനത സൂക്ഷ്മബുദ്ധികൾക്കു എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയും. "രണ്ടു സംഗതികൾ ഏകകാലത്തിൽ അടുത്തടുത്തു സംഭവിക്കുന്നു എന്നുള്ളതുകൊണ്ടുമാത്രം അവയ്ക്കു തമ്മിൽ കാര്യകാരണബന്ധം സങ്കല്പിക്കുന്ന" (പുറം 37) അബദ്ധസങ്കുലമായ വാദരീതിതന്നെയാണ് ഇവിടെ മി. പിള്ള അവലംബിച്ചിരിക്കുന്നതു്. തന്മൂലമാണ് "ഇരുപത്തഞ്ചുകൊല്ലങ്ങൾക്കുമുമ്പു റഷ്യയിൽ സംഭവിച്ച ഭരണവിപ്ലവത്തിൻെറ ഫലമായി രൂപമെടുത്ത നവ്യവ്യവസ്ഥിതി" നിലവിലിരിക്കേ റഷ്യാക്കാർക്കു

ലഭിച്ച യുദ്ധവിജയം പ്രസ്തുത വ്യവസ്ഥിതിയുടെ മാത്രം നേട്ടമാണെന്ന തീരുമാനത്തിൽ അദ്ദേഹം എത്തിച്ചേർന്നത്.

യുദ്ധവിജയം ഒരു രാജ്യത്തിൽ നിലവിലിരിക്കുന്ന ഭരണക്രമത്തെയോ സാമ്പത്തികവ്യവസ്ഥിതിയെയോ മാത്രമല്ല, ആശ്രയിച്ചിരിക്കുന്നത്. രാജ്യത്തിൻെറ കിടപ്പ്, അതിൻെറ വിസ്തീർണ്ണത, ശീതോഷ്ണസ്ഥിതി, ഫലസമൃദ്ധി എന്നിങ്ങനെയുള്ള നാനാവിധസാഹചര്യങ്ങൾ യുദ്ധഗതിയെ സാരമായി ബാധിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ലല്ലോ. ഇങ്ങനെ നോക്കുമ്പോൾ റഷ്യൻഭരണവ്യവസ്ഥിതിയോടും കമ്മ്യൂണിസത്തോടും യാതൊരു ബന്ധവുമില്ലാത്ത പല ഘടകങ്ങളും ഇക്കഴിഞ്ഞ റഷ്യൻസമരവിജയത്തിനു നിദാനമായി വർത്തിച്ചിട്ടുണ്ടെന്നും അതു കമ്മ്യൂണിസത്തിൻെറ മാത്രം നേട്ടമല്ലെന്നും കാണുവാൻ കഴിയും.

നീണ്ടുനിവന്നു കിടക്കുന്ന റഷ്യയുടെ അസാമാന്യവലുപ്പം ഇത്തരം ഘടകങ്ങളിൽ മുഖ്യമായ ഒന്നാണ്. അതോടൊപ്പം, പുറത്തുനിന്നുവരുന്ന ഏതൊരു ശത്രുവിനേയും പരാജയപ്പെടുത്തുവാൻ പോരുന്നവയാണു ഗതാഗതത്തിനുള്ള അവിടത്തെ അസൗകര്യങ്ങളും. ആ രാജ്യത്തിൻെറ ഭൂപ്രകൃതി മനസ്സിലാക്കിയിട്ടുള്ള ഏതൊരുവനും ഇതു സമ്മതിക്കതന്നെ ചെയ്യും. ഈ ഘടകം സ്റ്റാലിനോ കമ്മ്യൂണിസമോ സൃഷ്ടിച്ചതല്ലല്ലോ.

റഷ്യയുടെ അസഹ്യവും അനിവാര്യവുമായ ശൈത്യവും സമരഗതിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളതിൽ സന്ദേഹമില്ല. അവിടെത്തന്നെ ജനിച്ചുവളന്ന റ

ഷ്യാക്കാക്കുപോലും അതു കഠിനമാണെങ്കിൽ വിദേശീയരായ പടയാളികാക്ക് അതു് എത്ര ദുസ്സഹമായിരിക്കും? ചരിത്രസംഭവങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. യൂറോപ്യൻരാജ്യങ്ങളെ ഒന്നൊന്നായി അടിപണിയിച്ചു് വിജയശ്രീലാളിതനായി പുരോഗമിച്ചുകൊണ്ടിരുന്ന നെപ്പോളിയനുതന്നെ റഷ്യയിൽവച്ചുണ്ടായ അനുഭവം എന്തായിരുന്നു? അപ്രതിഹതമെന്നോണം തള്ളിക്കയറിവന്ന ഫ്റഞ്ചുസൈന്യവ്യൂഹത്തെ തച്ചുടച്ചു പിന്നോക്കം പായിക്കുവാൻ സാർചക്രവർത്തിയെ സഹായിച്ചതു് അദ്ദേഹത്തിൻെറ സൈന്യബലമോ അന്നു നിലവിലിരുന്ന ഭരണവ്യവസ്ഥിതിയോ ആയിരുന്നില്ല; പ്രത്യുത, അവിടത്തെ അസഹനീയമായ ശൈത്യമാണു് അന്നു റഷ്യയ്ക്കുവേണ്ടി അടരാടിയതു്. ഇതുപോലെതന്നെ, ഇക്കഴിഞ്ഞ മഹായുദ്ധത്തിലും റഷ്യയെ വിജയപഥത്തിൽ എത്തിക്കുവാൻ ആ രാജ്യത്തിൻെറ ശൈത്യമേറിയ കാലാവസ്ഥ സുശക്തമായ ഒരുപകരണമായിരുന്നു എന്ന വാസ്തവം യുദ്ധഗതി സൂസൂക്ഷ്മം പരിശോധിക്കുന്ന ഒരുവനു ഗ്രഹിക്കുവാൻ യാതൊരു പ്രയാസവുമില്ല. എന്നാൽ, ഒരു ചിന്തകനും യുക്തിവാദിയുമെന്നു് അഭിമാനിക്കുന്ന മി. കുററിപ്പുഴയുടെ വിചാരവീഥിയിൽ അവിസ്മരണീയങ്ങളായ ഈവിധ ഘടകങ്ങൾ എത്തുപെടാതിരുന്നതു വളരെ വിസ്മയാവഹംതന്നെ.

ജർമ്മനി സ്വാധീനമാക്കിയ രാജ്യങ്ങളിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന വിപ്ലവങ്ങളും റഷ്യൻവിജയത്തെ പരോക്ഷമായി സഹായിച്ചിട്ടുണ്ടു്. പ്രസ്തുത വിപ്ലവങ്ങൾ ഹിററ്ലരുടെ ശ്രദ്ധയെ വിഭജിച്ചുവെന്നു മാത്ര

മല്ല, അവിടങ്ങളിൽ വേണ്ടിവന്ന സൈന്യബലം, റഷ്യൻരംഗത്തിലേയ്ക്കു് അവശ്യം സജ്ജീകരിക്കപ്പെട്ടിരുന്ന ജർമ്മൻപടയെ എണ്ണത്തിൽ ശോഷിപ്പിക്കുകയും ചെയ്തു. ഇങ്ങനെ 'കലങ്ങിമറിഞ്ഞ വെള്ളത്തിലാ'ണു സ്റ്റലിൻ മീൻപിടിച്ചതു്. എന്നാൽ, ഈവക പരിതഃസ്ഥിതികൾ ഒന്നുംതന്നെ റഷ്യൻഭരണവ്യവസ്ഥിതി സംജാതമാക്കിയവയായിരുന്നില്ല.

വീണ്ടും, എത്രയെത്ര അവാസ്തവപ്രസ്താവങ്ങൾ സ്വാഭിപ്രായസ്ഥാപനത്തിനായി മി. പിള്ള ചെയ്യുന്നില്ല! "കൃത്രിമമായ മതവ്യവസ്ഥയിലും ഭരണക്രമത്തിലും കാലൂന്നിയിരിക്കുന്ന രാജ്യങ്ങൾ പലതും ജർമ്മൻപെരുമ്പറയുടെ മുൻപിൽ നാഡിതളൎന്നു നിലംപതിച്ചപ്പോൾ മറെറാരിടത്തും കാണാത്തതായ ഓജഃസ്സോടും ഒരുമയോടുംകൂടി ഒററയ്ക്കുനിന്നു പടപൊരുതി റഷ്യ വിജയംനേടിയത്രേ! എന്നാൽ, വസ്തുസ്ഥിതികളെ യഥാതഥം വീക്ഷിക്കുന്ന ഒരുവൻ ഇപ്രകാരമുള്ള ഒരു പ്രസ്താവത്തിനു തീൎച്ചയായും മുതിരുകയില്ല; സമരാന്ത്യപ്രാപ്തിക്കായി സങ്കലിതർ ചെയ്തിട്ടുള്ള മഹാസേവനങ്ങളെ വിസ്മരിക്കുകയുമില്ല. (1) യുദ്ധത്തിനു് ആവശ്യമായിരുന്ന സാമഗ്രികൾ റഷ്യാക്കാൎക്കു് എവിടെനിന്നു ലഭിച്ചു? അവ മുഴുവൻ അവർതന്നെ നിർമ്മിച്ചവയായിരുന്നോ? സങ്കലിതരുടെ കപ്പൽസമൂഹങ്ങൾ വഴിനീളം പടവെട്ടിയും യൂബോട്ടുകളോടുമല്ലിട്ടും രാപകൽ ജലത്തിൽനിന്നു പൊരുതിയും യഥാസമയം എത്തിച്ചുകൊടുത്തവ ആയിരുന്നില്ലേ അവയിലധികഭാഗവും. ഈ

(1) "മതവും സന്മാർഗ്ഗവും" എന്ന ഭാഗം കാണുക.

യുദ്ധസാമഗ്രികളോ ബ്രിട്ടന്റെയും അമേരിക്കയുടേയും വി ദഗ്ദ്ധന്മാർ കണ്ടുപിടിച്ചവ; അവരുടെ വ്യവസായശാല കളിൽ ഉണ്ടാക്കപ്പെട്ടവ. സ്റ്റലിൻ അവയെ ഉപയോഗ പ്പെടുത്തിയെന്നുമാത്രം. യാഥാർത്ഥ്യം ഇങ്ങനെയിരിക്കെ, റഷ്യാക്കാർ "ഒററയ്ക്കു"നിന്നു പടപൊരുതി വിജയംനേ ടി, എന്നു മി. കൃഷ്ണപിള്ള പറയുന്നതു് എങ്ങനെ ന്യായീ കരിക്കുവാൻ കഴിയും?

യുദ്ധവിജയം റഷ്യൻഭരണവ്യവസ്ഥിതിയുടെ ഫലം മാത്രമാണെന്നുതന്നെ വയ്ക്കുക. എന്നാലും ആ വിജയം അവിടത്തെ ഭരണക്രമത്തെ ന്യായീകരിക്കുന്നുണ്ടോ? 1812-ൽ സാർചക്രവർത്തിയ്ക്കു നെപ്പോളിയന്റെമേൽ ലഭിച്ച വിജയം സേച്ഛാധിപത്യത്തെ ന്യായീകരിക്കു ന്നുണ്ടെങ്കിൽ, 1940 മുതൽ 1941 വരെയുള്ള ജർമ്മൻവി ജയങ്ങൾ നാസിസത്തെ ന്യായീകരിക്കുന്നുണ്ടെങ്കിൽ, റ ഷ്യൻവിജയങ്ങൾ അവിടത്തെ ഭരണവ്യവസ്ഥിതിയായ കമ്മ്യൂണിസത്തേയും ന്യായീകരിക്കുന്നുണ്ട്. പ്രകൃതത്തിൽ മാക്സ് ഈസ്റ്റ്മന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "റ ഷ്യാക്കാരുടെ അചഞ്ചലനിലയും പ്രതിരോധനവും ക മ്മ്യൂണിസത്തിന്റെ ന്യായീകരണമാണെന്നുള്ള വാദം, ജ ർമ്മൻകാരുടെ ആശ്ചര്യാവഹമായ ആക്രമണം നാസിസ ത്തെ ന്യായീകരിക്കുന്നുണ്ടെന്നുള്ള വാദത്തേക്കാൾ ഒട്ടും കഴമ്പുള്ളതായി പരിഗണിക്കുവാൻ നിവൃത്തിയില്ല."(1) ഇക്കാര്യങ്ങളെല്ലാം അവഗണിച്ചുകൊണ്ടു റഷ്യൻഭര ണവ്യവസ്ഥിതിയ്ക്കുവേണ്ടി 'വക്കാലത്തുപിടിക്കു'വാൻ

---

(1) Reader's Digest. July, 1942

മി. പിള്ളയെ പ്രേരിപ്പിച്ചതെന്തായിരിക്കുമോ?

ക്യാപ്പിററലിസത്തെ തല്ലിത്തകർത്തു തൽസ്ഥാനത്തു പ്രതിഷ്ഠിതമായ കമ്മ്യൂണിസ്ററുധനവ്യവസ്ഥിതിയെ പൊന്തിച്ചുകാണിക്കുവാനാണു മി. പിള്ളയുടെ അടുത്ത ശ്രമം. (അതുകൊണ്ട് എന്തെങ്കിലും സ്വകാര്യലാഭം അദ്ദേഹത്തിനു നേടുവാൻ ഉണ്ടായിരിക്കാം.) ഇതിലേയ്ക്ക് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന നയം; ഇല്ലാത്ത ന്യൂനതകളെ ക്യാപ്പിററലിസത്തിൻെറ തലയിൽ കെട്ടിവയ്ക്കുകയും, അതിൻെറ ദുർവിനിയോഗംമൂലം വന്നുചേരാവുന്ന ദൂഷ്യങ്ങളെ അതിൻെറ അവശ്യഫലങ്ങളായി എടുത്തു കാണിക്കുകയുമാണ്. അദ്ദേഹം പറയുന്നതു കേൾക്കുക: "കഴിഞ്ഞതും ഇപ്പോൾ നടക്കുന്നതുമായ മഹായുദ്ധങ്ങൾ ഇദൂഷിച്ച മുതലാളിത്തത്തിൻെറ സന്താനങ്ങളാണെന്നു പറഞ്ഞാൽ അതായിരിക്കും സത്യം" (പുറം 99). ഇതുതന്നെയല്ലേ സത്യം? ജർമ്മൻകരടിയുടെ ക്രൂരദംഷ്ട്രകൾക്കിടയിൽ പെട്ടു ഞെളിപിരികൊണ്ടിരുന്ന പാവപ്പെട്ട പോളണ്ടിൻെറമേൽ ചാടിവീണ് അവളെ ചീന്തിക്കീറുവാൻ റഷ്യയെ പ്രേരിപ്പിച്ചതു് എന്തായിരിക്കാം. ഫിൻലണ്ട് ലാററ്വിയാ, എസ്റ്റോണിയാ, ലിത്വാനിയാ തുടങ്ങിയ ചെറുരാജ്യങ്ങളെ ആക്രമിച്ചടിമപ്പെടുത്തുവാൻ റഷ്യയ്ക്കു പ്രേരകമായിരുന്നതു് എന്താണ്? തീർച്ചയായും 'ദൂഷിച്ച മുതലാളിത്ത'മായിരിക്കയില്ലല്ലോ. മററുരാജ്യങ്ങളെല്ലാം സമാധാനസംസ്ഥാപനത്തിനായി ഉററുശ്രമിക്കുന്ന ഈ കാലത്തുപോലും, സാർവ്വരാഷ്ട്രികനിയമങ്ങളെയെല്ലാം അവഗണിച്ചുകൊണ്ടു് ഒരു തൃതീയമഹാസമരത്തിനായി സോവ്യററുറഷ്യ വെമ്പൽകൊള്ളുന്നതും 'ദൂഷിച്ച

മുതലാളിത്തം നിമിത്തമായിരിക്കുകയില്ലല്ലോ.

സ്വകാര്യസ്വത്തുടമയുടെ നേരെയാണ് അടുത്തതായി മി. പിള്ള തന്റെ ചന്ദ്രഹാസമിളക്കുന്നത്. പ്രകൃതിദത്തമായ സ്വകാര്യസ്വത്തുടമയുടെ പവിത്രത, "സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം ഇവയുടെ വേരറുക്കുവാൻ വേണ്ടി മുതലാളിമാർ കണ്ടുപിടിച്ചിട്ടുള്ള ഒരു വ്യാജ വേദാന്തം" (പുറം 100) ആണുപോലും. സ്വകാര്യസ്വത്തിന്റെ വിനിയോഗത്തിൽ അപലപനീയമായ ചില ദൂഷണ സമ്പ്രദായങ്ങൾ മുതലാളിമാരുടെ ഇടയിൽ ഇന്നു കടന്നുകൂടിയിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അതുകൊണ്ടുമാത്രം സ്വകാര്യസ്വത്താർജ്ജിക്കുന്നതിനുള്ള മനുഷ്യന്റെ ജന്മാവകാശം നിഷിദ്ധമെന്നു വാദിക്കുന്നതു ശരിയായിരിക്കുമോ? "ഭക്ഷണം പാകംചെയ്യുന്ന അഗ്നി ചിലപ്പോൾ ഭവനം ദഹിപ്പിക്കാനും ഇടയാകുന്നുണ്ടല്ലോ". അക്കാരണത്താൽ ലോകത്തിൽനിന്ന് അഗ്നിയെ നിശ്ശേഷം ഇല്ലായ്മ ചെയ്യണമെന്ന് ആരെങ്കിലും വാദിക്കുമോ?

സ്വകാര്യസ്വത്തു സമ്പാദിക്കുന്നതിനുള്ള അവകാശം ജന്മസിദ്ധവും മനുഷ്യപ്രകൃതിയിൽത്തന്നെ നിക്ഷിപ്തവുമായ ഒന്നാണെന്നും അതു മനുഷ്യന്റെ വ്യക്തിത്വത്തോടു ഒരുമിച്ചുതന്നെ ആവിർഭവിച്ചിട്ടുള്ളതാണെന്നും അല്പം ആലോചിച്ചാൽ മനസ്സിലാകും. "ഉടമസ്ഥാവകാശം മനുഷ്യന്റെ വ്യക്തിത്വത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ്. 'ഞാൻ ആകുന്നു' എന്നു പറയുവാനുള്ള കഴിവാണല്ലോ ഒരു മനുഷ്യനെ മനുഷ്യൻ അല്ലെങ്കിൽ വ്യക്തിയാക്കിത്തീർക്കുന്നത്. ഞാൻ മറെറാരുവന്റെയുമ

ല്ല, എനിക്ക് എന്നോടുതന്നെയാണ് ഉത്തരവാദിത്വമുള്ളതു്' എന്നാണ് ആ പ്രസ്താവനകൊണ്ട് നാം ഉദ്ദേശിക്കുന്നതു്. ഓരോ മനുഷ്യനും സ്വന്തമായ ഓരോ പേരുണ്ടെന്നുള്ള വസ്തുത തന്നെ വ്യക്തിയുടെ പ്രത്യേകതയെ അല്ലെങ്കിൽ 'അനന്യത'യെ ധാരാളം തെളിയിക്കുന്നു.

"'ഞാനാകുന്നു' എന്നു പറഞ്ഞുകൊണ്ട്, അന്യാപേക്ഷകമല്ലാത്ത ഒരസ്തിത്വത്തെ നിർദ്ദേശിക്കുവാൻ മനുഷ്യനു സാധിക്കുന്നതുകൊണ്ടുതന്നെ തൻെറ ഉടമസ്ഥാവകാശത്തെ സൂചിപ്പിക്കുവാനായി 'എനിക്കുണ്ട്' എന്നു പ്രസ്താവിക്കുവാനും അവന് അവകാശമുണ്ട്. എന്നാൽ ഉടമയെക്കാൾ പ്രാധാന്യമർഹിക്കുന്നതു് അസ്തിത്വമാണ്. കാരണം, മരണത്തോടുകൂടി നമുക്കുള്ളവയോടു നാം യാത്രപറയുന്നു. നാം 'ആയിരിക്കുന്ന'തെന്തോ അതുമാത്രം നമ്മോടുകൂടി ശേഷിക്കുന്നു. നമ്മുടെ സമ്പത്തു് അന്യനായി മാററിവയ്ക്കുവാൻ നമുക്കു കഴിയും. നാം എന്തായിരിക്കുന്നുവോ അതു നമ്മിൽനിന്നു മാററി നീത്തുക അസാദ്ധ്യമാണ്. അതു നമ്മോടുകൂടി നിത്യതയിലേയ്ക്കു പ്രവേശിക്കും.

"'എനിക്കുണ്ട്' എന്ന പ്രസ്താവം അല്ലെങ്കിൽ ഉടമയെക്കുറിച്ചുള്ള ബോധം എൻെറ അസ്തിത്വത്തിൻെറ ഒരു വ്യാപ്തിയാണെന്നാണല്ലോ നാം കണ്ടു കഴിഞ്ഞതു്. ഏതോ ഒരു പ്രത്യേകത അസ്തിത്വത്തിനു സ്വന്തമായിട്ടുണ്ടെന്നുള്ള കാരണത്താൽത്തന്നെ തനിക്കുള്ള വസ്തുവിന്മേൽ ആ പ്രത്യേകതയെ മുദ്രണം ചെയ്യുവാനും മനുഷ്യൻ അവകാശിയായിത്തീരുന്നു. അങ്ങനെ, അവനു

'സ്വന്ത'മായിട്ടുള്ളതെന്തോ അതു് അവൻെറ 'സ്വത്തു്' ആയി രൂപാന്തരപ്പെടുന്നു; അതിന്മേൽ അവന്ന് അധികാരം സിദ്ധിക്കുന്നു. ഞാൻ ഒരു വ്യക്തിയായതുകൊണ്ടു് എൻെറ വ്യക്തിവിലാസത്തെ സംരക്ഷിക്കുവാൻ ആവശ്യമുള്ള വസ്തുക്കളുടെമേൽ എനിക്കൊരവകാശമുണ്ടു്. എൻെറ വ്യക്തിത്വത്തിലാകട്ടെ ശരീരവും ആത്മാവും ഉൾപ്പെടുന്നു. ഞാനൊരു ശരീരിയാകയാൽ ശാരീരികജീവിതത്തിന്ന് അത്യന്താപേക്ഷിതങ്ങളായ ഭക്ഷണഭവനാദികൾക്കുള്ള എൻെറ അവകാശം അവിതർക്കിതമാണ്. ശരീരസംരക്ഷണത്തിന്നായുള്ള എൻെറ ശ്രമത്തിൽ ഭക്ഷണംവഴിയായും മററും ബാഹ്യലോകത്തെ എന്നിലേയ്ക്കു പകർത്തുകയത്രേ ഞാൻ ചെയ്യുന്നതു്. അതു് അസ്തിത്വത്തെ നിലനിർത്തുവാൻവേണ്ടിയുള്ള ഒരുതരം 'സമ്പാദന'മാണ്. ചിന്താശക്തിയും ഇച്ഛാശക്തിയുമുള്ള ഒരാത്മാവുകൂടി എനിക്കുള്ളതുകൊണ്ടു്, ബാഹ്യലോകത്തിൽനിന്നു് എൻെറ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ ആവശ്യകമായ അംശം എന്നിലേക്കു വലിച്ചെടുക്കുവാനുള്ള ഒരവകാശവും എനിക്കു കൂടിയേ കഴിയൂ. അതായതു്, പരാശ്രയംകൂടാതെ ജീവിക്കുവാനുള്ള വക എനിക്കുണ്ടായിരിക്കണം. ഭക്ഷണപാനീയങ്ങൾ കായികജീവിതത്തിന്ന് എങ്ങനെ അനപേക്ഷണീയമായിരിക്കുന്നുവോ, അതുപോലെ, താരതമ്യേന ആദ്ധ്യാത്മികജീവിതത്തിനു സ്വകാര്യസ്വത്തും അപരിത്യാജ്യമാണ്. ആദ്ധ്യാത്മികജീവിതത്തിൻെറ ആലംബവും അച്ചാരവുമത്രേ അതു്" (1)

---

(1) "Freedom Under God" Fulton Sheen.

ഒരുവനു സ്വന്തം പ്രയത്നങ്ങളുടെ ഫലം അനുഭവിക്കുവാൻ അവകാശമുണ്ടെന്നുള്ള കാര്യം അവിതർക്കിതമാണല്ലോ. സ്ഥിതിസമത്വവാദികൾപോലും ഇതു് അംഗീകരിക്കുന്നുണ്ടു് (1) അതിനാൽ സ്വശക്തിയും കഴിവുകളും ഉപയോഗിച്ചുമാത്രം ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ തന്റെ സ്വന്തമാണെന്ന് ഏതൊരു മനുഷ്യനും ന്യായപൂർവ്വം അവകാശപ്പെടാവുന്നതാണ്. മാത്രമല്ല, അവയെ സ്വേച്ഛാനുസരണം വിവേകപൂർവ്വം വിനിയോഗിക്കുന്നതിനും അവനു പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. ആരും കൈവശപ്പെടുത്തിയിട്ടില്ലാത്ത തരിശായ ഒരു സ്ഥലത്തു് ഒരു കർഷകൻ എല്ലുമുറിയെ വേലചെയ്തു വിളവിറക്കുന്നെന്നിരിക്കട്ടെ. തന്റെ ആ പ്രയത്നത്തിന്റെ ഫലം അയാൾ അവകാശപ്പെടുന്നെങ്കിൽ അതു ന്യായം മാത്രമല്ലേ? ഇനിയും രാപകൽ തല പുകഞ്ഞു ചിന്തിച്ചു് രചിക്കുന്ന ഒരു ഗ്രന്ഥത്തിന്മേൽ തൽകർത്താവു് ഉടമസ്ഥത അവകാശപ്പെടുന്നതു നീതിയുക്തമല്ലേ? സ്വകാര്യസ്വത്തിന്. ആധാരഭൂതമായ മൂലതത്ത്വം ഇതുതന്നെ.

മനുഷ്യസമുദായത്തിന്റെ അസ്ഥിവാരമായ കുടുംബത്തിന്റെ സുസ്ഥിതിയ്ക്കും അഭിവൃദ്ധിയ്ക്കും അവശ്യാവശ്യകമായ ഒരു ഘടകമാണു സ്വകാര്യസ്വത്തുടമ. ഇതിന്റെ അഭാവത്തിൽ കുടുംബത്തിനുതന്നെ ശൈഥില്യം നേരിടുന്നു. കാരണം കുടുംബസംരക്ഷണം, സന്താനപരിപാലനം തുട

(1) തൊഴിലാളികൾക്കു ന്യായമായി ലഭിക്കേണ്ടു വേലക്കൂലി അവരിൽനിന്നും മുതലാളിമാർ ചൂഷണം ചെയ്യുന്നു എന്നതാണല്ലോ മുതലാളിമാർക്കെതിരായി സ്ഥിതിസമത്വവാദികൾ കൊണ്ടുവരുന്ന ആക്ഷേപം.

ങ്ങിയവയ്ക്കു് സുനിശ്ചിതമായ ഒരു ധനാഗമമാർഗ്ഗം ഓരോ കുടുംബനാഥനും സ്വന്തമായി ഉണ്ടായിരിക്കണമെന്നുള്ളതുതന്നെ. ഇവിടെ ഒരു പ്രശ്നം ആവിർഭവിച്ചേക്കാം. മേൽപ്പറഞ്ഞ ചുമതലകളെല്ലാം രാഷ്ട്രത്തിനു കയ്യേററു നടത്താൻ പാടില്ലേ എന്നു്. എന്നാൽ വിവാഹജീവിതത്തിൻെറ അഭേദ്യതയെയോ കുടുംബബന്ധത്തിൻെറ പവിത്രതയെയോ വിലമതിക്കുന്നവരാരും രാഷ്ട്രത്തിനു് ഇങ്ങനെ അനർഹമായ ഒരവകാശം അനുവദിച്ചുകൊടുക്കയില്ല. എന്തുകൊണ്ടെന്നാൽ, വ്യക്തിയും കുടുംബവും രാഷ്ട്രത്തിനു മുമ്പേയുള്ളവയാണു്. തന്നിമിത്തം ഏതെങ്കിലും ഒരു രാഷ്ട്രത്തിൻെറ രൂപവൽകരണത്തിനുമുമ്പുതന്നെ മനുഷ്യനു തൻെറ ശരീരസംരക്ഷണത്തിനും കുടുംബപരിപാലനത്തിനും ആവശ്യകമായ വക കരുതിവയ്ക്കുവാനുള്ള അവകാശം ലഭിച്ചിട്ടുണ്ടെന്നുള്ളതിൽ സംശയത്തിനു് ഇടയില്ലല്ലോ.

സമുദായത്തിൻെറ സാമ്പത്തികമായ പുരോഗമനത്തിനും സ്വകാര്യസമ്പത്തുടമ അപരിത്യാജ്യംതന്നെ. വ്യക്തികളെല്ലാം സ്വകാര്യലാഭേച്ഛയൊന്നുംകൂടാതെ സമുദായത്തിൻെറ ധനവർദ്ധനത്തിനായിമാത്രം ആത്മാർത്ഥമായി പ്രയത്നിച്ചുകൊണ്ടിരിക്കുവാനുള്ള ആ ഉൽകൃഷ്ടമനഃസ്ഥിതി സാമാന്യജനങ്ങളിൽ കാണുകയില്ല. താൻ എത്രമാത്രം അധ്വാനിച്ചാലും തൻെറ അധ്വാനത്തിൻെറ ഫലം മുഴുവൻ സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ പാടില്ലെന്നുവന്നാൽ എങ്ങനെയാണു് ഒരുവൻ ഉള്ളഴിഞ്ഞു ജോലിചെയ്യുക? ഈ അടുത്തകാലത്തുതന്നെ പരിപൂർണ്ണമായ കമ്മ്യൂണിസം നടപ്പിൽ വ

രുത്തുവാനുള്ള ശ്രമത്തിൽ റഷ്യയ്ക്കുണ്ടായ പരാജയം ഈ പരമാർത്ഥത്തെ വിളിച്ചറിയിക്കുന്നു. വിപ്ലവത്തിൻെറ ആരംഭഘട്ടത്തിൽ കമ്മ്യൂണിസ്ററാദർശം പരിപൂർണ്ണമായും പ്രായോഗികമാക്കുവാൻ ആയിരുന്നു ലെനിൻെറ ശ്രമം. അതിലേയ്ക്കു സ്വകാര്യസ്വത്തുസമ്പ്രദായം നിർത്തലാക്കി സർവ്വവും രാഷ്ട്രത്തിൻെറ അധീനതയിലാക്കി. സകല വസ്തുവകകളും ഗവണ്മെൻറിലേയ്ക്കു കണ്ടുകെട്ടി. നിത്യോപയോഗത്തിനുവേണ്ട വസ്ത്രം ഭക്ഷണസാധനം മുതലായവപോലും സ്വന്തമായി വച്ചുസൂക്ഷിക്കാൻ പാടില്ലെന്നായി. അവയെല്ലാം ഗവണ്മെൻറ് ഏറെറടുത്തു. പൊതുവായ വിതരണം ഏർപ്പെടുത്തി. ധനാഗമമാർഗ്ഗങ്ങളായ വ്യവസായശാലകളും കൃഷിസ്ഥലങ്ങളും എല്ലാം ഗവണ്മെൻറധീനത്തിലാക്കി. ഇപ്രകാരമുള്ള ഒരു സാമ്പത്തികനയംമൂലം രാജ്യത്തിൻെറ മുതലെടുപ്പു വർദ്ധിപ്പിക്കാമെന്നായിരുന്നു ലെനിൻെറ വ്യാമോഹം. എന്നാൽ, ഫലം എന്തായിരുന്നു? വ്യവസായം കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിനുപകരം ക്രമേണ അധഃപതിക്കുവാൻ തുടങ്ങി. ഫാക്ടറികളെല്ലാം ഉല്ലാസരംഗങ്ങളായി രൂപാന്തരപ്പെട്ടു. വേലക്കാർ കഴിയുന്നതും ജോലിയിൽനിന്ന് ഒഴിഞ്ഞുമാറുവാൻ അവസരം നോക്കുകയായി. എന്തിന് 1920 ആയപ്പോഴേയ്ക്കും ഫാക്ററികളിലെ ഒട്ടാകെയുള്ള ഉൽപന്നം 1913—ലേതിൻെറ ആറിലൊന്നായി കുറഞ്ഞു. നാട്ടിൻപുറങ്ങളിലെ കൃഷിക്കാരുടെ കാര്യവും ഇതിൽനിന്നും ഒട്ടും മെച്ചമായിരുന്നില്ല. കൃഷിയിൽനിന്നും ലഭിക്കുന്ന ആദായം മുഴുവൻ ഗവണ്മെൻറ് അവകാശപ്പെടുകമൂലം കൃഷികാര്യത്തിൽ അ

വർ നിരുത്സാഹരായി. ചിലർ കാർഷികവിഭവങ്ങൾ ഗവണ്മെൻറിൽനിന്നും മറച്ചുവച്ചു മററു ചിലർ കൃഷി തന്നെ നിശ്ശേഷം ഉപേക്ഷിച്ചു. ഒടുവിൽ ഇവയുടെയെല്ലാം ഫലമായി 1921 ആയതോടുകൂടി റഷ്യയിലെല്ലാം ഭയങ്കര ക്ഷാമം പിടിപെട്ടു്, ജനങ്ങൾ ആയിരക്കണക്കിനു മൃത്യുവിനിരയാകയുംചെയ്തു. പ്രസ്തുത ക്ഷാമംമൂലം ഒരു കോടി അറുപതുലക്ഷം ജനങ്ങൾ മൃതിയടഞ്ഞതായിട്ടാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഗത്യന്തരമില്ലാതെ കമ്മ്യൂണിസ്ററുപദ്ധതി കുറെക്കാലത്തേക്കു നിറുത്തിവയ്ക്കുവാൻ ലെനിൻ നിർബന്ധിതനായിത്തീർന്നു. 1921-ൽ തൻെറ 'പുതിയ സാമ്പത്തികനയം' (The New Economic Policy) അവതരിപ്പിച്ചുകൊണ്ടു് അദ്ദേഹം പ്രസ്താവിച്ചതു് ഇപ്രകാരമാണു്: "ഗവണ്മെൻറ് ആവശ്യപ്പെടുമ്പോൾ കൃഷിക്കാർ തങ്ങളുടെ ധാന്യമെല്ലാം ഏല്പിച്ചുകൊടുക്കും എന്നാണല്ലോ നമ്മൾ വിചാരിച്ചതു്; അങ്ങനെ കിട്ടുന്ന ധാന്യം തൊഴിൽശ്ശാലകളിലെ വേലക്കാർക്കു വിതരണംചെയ്യാം; അപ്പോൾ കമ്മ്യൂണിസ്ററുരീതിയിലുള്ള ഉൽപാദനവിതരണങ്ങൾ നടപ്പിൽവരുമായിരുന്നു. . . . എന്നാൽ, ചുരുങ്ങിയ അനുഭവംകൊണ്ടു തെളിഞ്ഞു, ഇതെല്ലാം അടിസ്ഥാനമില്ലാത്ത ആശകളായിരുന്നെന്നു . . . . സാമ്പത്തികരംഗത്തെ നമ്മുടെ പരാജയത്തെപ്പററി പറയുകയാണെങ്കിൽ, അതു നിസ്സംശയമാണു്. ഏററവും ദുർവ്വഹമാണു്. . , . . ഉൽപന്നങ്ങൾ കണ്ടുകെട്ടുന്നതിനുപകരം വസൂലാക്കാൻ വ്യവസ്ഥചെയ്തുകൊണ്ടുള്ള നമ്മുടെ പുതിയ സാമ്പത്തികനയം ക്യാപ്പി

ററലിസത്തെ കുറെയെല്ലാം പുനഃസ്ഥാപിക്കുന്ന പ്രവൃത്തി തന്നെയാണ്." (1)

ഇങ്ങനെ ലെനിൻെറ പുതിയ സാമ്പത്തികനയത്തോടുകൂടി കമ്മ്യൂണിസത്തിൻെറ മൗലികതത്വങ്ങൾ എല്ലാംതന്നെ നിരാകരിക്കപ്പെട്ടു. കൃഷിക്കാർക്ക് തങ്ങളുടെ ഉൽപന്നങ്ങൾകൊണ്ടു യഥേഷ്ടം ക്രയവിക്രയം ചെയ്യാമെന്നായി. വ്യക്തികൾക്ക് ഇഷ്ടാനുസരണം കച്ചവടം നടത്തുന്നതിനോ സ്വന്തമായി കൈത്തൊഴിൽശാലകൾ സ്ഥാപിക്കുന്നതിനോ വേണ്ട സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. ചുരുക്കത്തിൽ സ്വകാര്യസ്വത്തവകാശം ഒരു കുറഞ്ഞതോതിലെങ്കിലും ഗവണ്മെൻറുതന്നെ അംഗീകരിക്കുവാൻ നിർബന്ധിതമായി.

വീണ്ടും, പഞ്ചവത്സരപദ്ധതി നടപ്പിലാക്കുവാനുള്ള തൻെറ ഉദ്യമത്തിൽ സ്റ്റലിനുണ്ടായ പരാജയവും ഈ വാസ്തവത്തെ അല്ലയോ വെളിപ്പെടുത്തുന്നതു്? 1935–ൽ കൃഷിക്കാരുടെ ഒരു കോൺഗ്രസിൽവച്ചു് സ്റ്റലിൻതന്നെ പ്രസ്താവിച്ചതു് ഇപ്രകാരമാണ്. "പൊതുവായുള്ള കൃഷികൊണ്ടു കൃഷിക്കാരുടേയും അവരുടെ കുടുംബങ്ങളുടേയും ആവശ്യങ്ങളെല്ലാം നടക്കുന്നില്ലെങ്കിൽ, ചില വേലകൾ പൊതുവായും മററു ചിലതു വ്യക്തികളുടെ സ്വാതന്ത്ര്യത്തിലും നടക്കേണ്ടതാണെന്നു നാം പരമാർത്ഥമായി സമ്മതിക്കയാണു ഭേദം. പൊതുവായ കൃഷിക്കായുള്ള വലിയ വയലുകൾക്കു പുറമേ കുടുംബങ്ങളുടെ ആവശ്യത്തിനായി ചെറിയ നിലങ്ങളും വേണ്ടതാണെ

---

(1) "ഇന്നത്തെ ഇസ്സങ്ങൾ" (പുറം 170)

ന്നു വയ്ക്കുകയാണു നല്ലതു്".(1)

ഇതിൽനിന്നും സ്വകാര്യസ്വത്തുടമ പ്രകൃതിദത്തമാ യ ഒരവകാശമാണെന്നും, മനുഷ്യപ്രകൃതിയുടെ വികാസ ത്തിനും പരിപോഷണത്തിനും അതു് അപരിത്യാജ്യമാ ണെന്നും ഗ്രഹിക്കാമല്ലോ. തന്മൂലം, "സ്വകാര്യസ്വത്തി ന്റെ പവിത്രത 'സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം ഇവയുടെ വേരറുക്കുവാൻവേണ്ടി മുതലാളിമാർ കണ്ടുപി ടിച്ചിട്ടുള്ള ഒരു വ്യാജവേദാന്തം" ആണെന്നു പറയു മ്പോൾ മനുഷ്യന്റെ ജന്മസിദ്ധമായ അവകാശത്തെത്ത ന്നെ മി. പിള്ള ചോദ്യംചെയ്യുകയല്ലേ ചെയ്യുന്നതു്?

സ്വകാര്യസ്വത്തിന്റെ ദുഷ്പ്രയോഗംമൂലം അ നിഷ്ടഫലങ്ങൾ ഉണ്ടാകുമെന്നുള്ളതു ശരിതന്നെ. ഇതി നുള്ള പ്രതിവിധി ജന്മസിദ്ധമായ അവകാശങ്ങളെ നി ശ്ശേഷം നിഹനിക്കയല്ല, അവയുടെ ഉപയോഗത്തെ സ മുദായത്തിന്റെ പൊതുനന്മയ്ക്കു ഹാനികരമാകാത്തവിധ ത്തിൽ വിവേകപൂർവ്വം നിയന്ത്രിക്കയാണു്. ഈ കൃത്യം പൊതുനന്മയ്ക്കായി നിലകൊള്ളുന്ന രാഷ്ട്രമാണു് ഏ റെറടുക്കേണ്ടതു്. രാഷ്ട്രം ഇപ്രകാരം പ്രവർത്തിക്കുന്നു വെങ്കിൽ, വ്യക്തിയുടെ ജന്മസിദ്ധാവകാശമായ സ്വകാ ര്യസ്വത്തു സംരക്ഷിക്കപ്പെടുകയും മുതലാളിമാരുടെ ചൂ ഷണസമ്പ്രദായങ്ങളിൽനിന്നു സാധുലക്ഷങ്ങൾ വിമുക്ത രാവുകയും ചെയ്യും.

സ്വകാര്യസ്വത്തു സ്വാതന്ത്ര്യത്തിനു വിഘാതമാ ണെന്നാണല്ലോ മി. പിള്ള പറയുന്നതു്. എന്നാൽ,

(1) "ഇന്നത്തെ ഇസ്സങ്ങൾ" (പുറം 183)

സ്വകാൎയ്യസ്വത്തുടമ പരിപൂൎണ്ണമായി നിൎത്തലാക്കപ്പെട്ടെന്നഭിമാനിക്കുന്ന റഷ്യയിൽ എങ്ങനെയുള്ള സ്വാതന്ത്ര്യമാണ് ഇപ്പോഠം നിലവിലിരിക്കുന്നതു്? ചിന്താസ്വാതന്ത്ര്യം. പ്രസംഗസ്വാതന്ത്ര്യം, പ്രവൎത്തനസ്വാതന്ത്ര്യം എന്നിങ്ങനെ സ്വാതന്ത്ര്യത്തെ പ്രധാനമായി മൂന്നായി തരംതിരിക്കാം. ഇവയിൽ ഏതെങ്കിലും ഒന്നു് ഇന്നു റഷ്യയിൽ കാണപ്പെടുന്നുണ്ടോ?

ചിന്താസ്വാതന്ത്ര്യമോ പ്രവൎത്തനസ്വാതന്ത്ര്യമോ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യത്തു പലപല സംഘടനകഠം മുളച്ചു വളൎച്ച പ്രാപിക്കുക സഹജമാണു്. എന്നാൽ, ഇന്നു റഷ്യയിലെ സ്ഥിതി എന്താണു്? വ്യവസായപരമോ സാഹിത്യപരമോ സന്മാൎഗ്ഗപരമോ ആയ യാതൊരു സ്വതന്ത്രസംഘടനയ്ക്കും അവിടെ സ്ഥാനമില്ല. അവിടത്തെ ഓരോ പൗരനും ചിന്തിക്കുകയും പ്രവൎത്തിക്കുകയും ചെയ്യുന്നതു രാഷ്ട്രത്തിന്റെ നിർദ്ദേശമനുസരിച്ചായിരിക്കണം. എന്തിനു്? കമ്മ്യൂണിസ്റ്റ്സംഘടനയെ അല്ലാതെമറെറാന്നുയഥേഷ്ടം തിരഞ്ഞെടുക്കുവാൻ ഒരു റഷ്യൻപൗരനു് അവകാശമില്ലതന്നെ. റഷ്യൻ കമ്മ്യൂണിസ്ററുകാരുടെ ഒരൗദ്യോഗികനാവായ ട്രൌഡ് (Troud) എന്ന പത്രം 1927 നവംബർ 13-ാം തീയതി പ്രസ്താവിച്ചതിങ്ങനെയാണു്: "പശ്ചിമലോകത്തിലെയും കമ്മ്യൂണിസ്ററുകാരായ ഞങ്ങളുടേയും പാർട്ടിസമ്പ്രദായങ്ങളിൽ സാരമായ ഒരു വ്യത്യാസമാണുള്ളതു്. ആ വ്യത്യാസം കമ്മ്യൂണിസത്തിനു പാലിക്കാതെ നിവൃത്തിയില്ല. അതെന്തെന്നാൽ, ഒരേ ഒരു പാർട്ടി അധികാരത്തിൽ ഇരിക്കയും മററു സകല പാർട്ടിയും ജയിലിലട

യ്ക്കുപ്പെട്ടകയും ചെയ്യും." കമ്മ്യൂണിസ്ററുസംഘടനയുടേതിൽനിന്നു വ്യത്യസ്തമായ ഒരു ചിന്താഗതി അവലംബിച്ചുഎന്ന കാരണത്താൽ 1917 മുതൽ 1923 വരെയുള്ള അഞ്ചുകൊല്ലത്തിനിടകൊണ്ടു കമ്മ്യൂണിസ്ററുകാർ കൊന്നൊടുക്കിയ ജനങ്ങളുടെ സംഖ്യ നമുക്കൂഹിക്കുവാൻ പോലും വയ്യാത്തവിധം അത്ര വിപുലമാണ്. 1927-ൽ അവിടത്തെ രഹസ്യപ്പോലീസ് പ്രസിദ്ധപ്പെടുത്തിയ ഔദ്യോഗികകണക്കനുസരിച്ച് ആകെ നാല്പതുലക്ഷത്തിൽപ്പരം ആളുകൾ വധിക്കപ്പെടുകയുണ്ടായി. അവരിൽ 28 മെത്രാന്മാരും 3725 വൈദികന്മാരും 9575 പ്രൊഫസരന്മാരും 8800 ഡോക്ടർമാരും 10500 ഉദ്യോഗസ്ഥന്മാരും 48000 പോലീസുകാരും 25850 മററു സക്കാർ ജീവനക്കാരും 260000 ഭടന്മാരും ഉൾപ്പെടുന്നു. അതുപോലെതന്നെ, കമ്മ്യൂണിസ്ററുസംഘടനയോടു വിയോജിച്ചു എന്ന കാരണത്താൽ തടങ്കൽപ്പാളയങ്ങളിൽ അയയ്ക്കപ്പെട്ടവരുടെ സംഖ്യയും ഒട്ടും കുറവല്ല. ഒരിക്കൽ ചെമ്പടയുടെ ബ്രിഗേഡിയർ ജനറലായിരുന്ന അലക്സാണ്ടർ ബാർമിൻെറ കണക്കനുസരിച്ചു സൈബീറിയായിലേയ്ക്കു നാടുകടത്തപ്പെട്ടവരുടെ ആകെത്തുക ഒരു കോടിയ്ക്കും ഒരു കോടി ഇരുപതുലക്ഷത്തിനുംഇടയ്ക്കാണ്. സ്വാതന്ത്രമായി ചിന്തിക്കുന്ന ഒരു റഷ്യൻപൗരൻെറ അനുഭവം ഇപ്രകാരമാണെങ്കിൽ, റഷ്യ സ്വാതന്ത്ര്യത്തിൻെറ ആസ്ഥാനമാണെന്നു കൊട്ടിഗ്ഘോഷിക്കുന്ന ശ്രീ പിള്ളയ്ക്കു സ്വാതന്ത്ര്യത്തെപ്പററിയുള്ള ആശയം എന്തെന്ന് ഒന്നു വിശദമാക്കിയിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു.

മാത്രമല്ല, സ്വാഭിപ്രായങ്ങളെ തുറന്നുപറയുന്നതിനുവേണ്ട സ്വാതന്ത്ര്യവും റഷ്യയിൽ നിഷേധിക്കപ്പെട്ടിരിക്കയാണ്. ജനങ്ങളുടെ ദയനീയമായ സ്ഥിതിയെപ്പററി നിഷ്പക്ഷമായി സംസാരിക്കുന്നതിനോ, ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ അന്യായങ്ങളായ പ്രവൎത്തനങ്ങളെപ്പററി വിമർശിക്കുന്നതിനോ ഒരു റഷ്യൻപൗരന്ന് അവകാശമില്ല. ആരെങ്കിലും ഇതിന്നു മുതിരുന്നുവെങ്കിൽ അതു കമ്മ്യൂണിസത്തിൻെറ മേന്മയേയും പര്യാപ്തതയേയും ചോദ്യംചെയ്യുന്നതാകയാൽ ശിക്ഷാർഹമായിരിക്കും എന്നാണു കമ്മ്യൂണിസത്തിൻെറ ഔദ്യോഗികനാവായ 'പ്രവദാ'യിൽ പ്രസ്താവിച്ചുകാണുന്നതു്. കമ്മ്യൂണിസ്ററുപാർട്ടിയുടെ അംഗീകരണം കൂടാതെ ഒരു മുദ്രാലയമോ പത്രമോ ആരംഭിക്കുന്നതിന്ന് ഒരു റഷ്യാക്കാരന്ന് അനുവാദമില്ല. സോവ്യററുഭരണഘടനയുടെ ഇരുപത്തഞ്ചാം നിയമമനുസരിച്ച് എല്ലാ മുദ്രാലയങ്ങളും കമ്മ്യൂണിസ്ററുഭരണഘടനയുടെ അധീനതയിലായിരിക്കണം. പത്രങ്ങളും മാസികകളും ഗവണ്മെൻറിൻെറ ആദർശങ്ങൾമാത്രമേ പ്രചരിപ്പിക്കയും ചെയ്യാവൂ. ഏതെങ്കിലും ഒരു ഗ്രന്ഥം മുദ്രണം ചെയ്യണമെങ്കിൽപ്പോലും രാഷ്ട്രീയാധികാരികളുടെ അംഗീകാരം നേരത്തേ സമ്പാദിച്ചിരിക്കണം.

റഷ്യൻതൊഴിലാളികളുടെ സ്ഥിതിയാണ് ഏററവും പരിതാപകരം. തൊഴിലാകട്ടെ തൊഴിൽചെയ്യുന്ന സ്ഥലമാകട്ടെ യഥേഷ്ടം തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം അവൎക്കില്ല. തൊഴിലും തൊഴിൽസ്ഥലവും അതു ചെയ്തുതീൎക്കേണ്ട വിധവും എല്ലാം ഗവണ്മെൻറുത

ന്നെയാണു നിശ്ചയിച്ചുകൊടുക്കുന്നത് (1). ഈ നിശ്ചയങ്ങൾക്കെതിരായി ആരെങ്കിലും ആവലാതിപ്പെടുന്നുവെങ്കിൽ തടവുശിക്ഷയോ വധമോ ആയിരിക്കും അവരുടെ അനുഭവം. റഷ്യയിലുള്ള "സർവ്വവ്യവസായ സംഘടന"യുടെ (All union of traders in Russia) സെക്രട്ടറിയായ കുസ്നെററ്സോവ് തന്നെ അവിടത്തെ ജനങ്ങൾ സോവ്യററുഭരണാധികാരികൾക്ക് എത്രമാത്രം അടിമപ്പെട്ടിരിക്കുന്നു എന്നുള്ളതിനെസ്സംബന്ധിച്ചു വേണ്ട വിവരങ്ങൾ നമുക്കു നല്കുന്നുണ്ട്. അമേരിക്കൻചേംബർ ഓഫ് കോമേഴ്സിൻെറ അദ്ധ്യക്ഷനായ ഈറിക്ജോൺസ്റ്റനോട്ട് അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചതു് ഇപ്രകാരമാണ്. "സോവ്യററുയൂണിയൻെറ അഭിവൃദ്ധിയ്ക്കുവേണ്ടി എവിടെ ആവശ്യപ്പെടുന്നുവോ അവിടെ വേണം റഷ്യയിൽ ഞങ്ങൾ ജോലിചെയ്യുവാൻ"

ഇങ്ങനെ നോക്കുമ്പോൾ കമ്മ്യൂണിസ്ററുറഷ്യയിൽ സ്വാതന്ത്ര്യമല്ല, പ്രത്യുത, ദയനീയമായ അടിമത്തമാണു നിലവിലിരിക്കുന്നതു് എന്നു പറയുന്നതായിരിക്കും കൂടുതൽ പരമാർത്ഥം. ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ആററ്ലി ഈയിടെചെയ്ത ഒരു പ്രസ്താവന ശ്രദ്ധാർഹമാണ് "കമ്മ്യൂണിസം ഭ്രാന്തുപിടിച്ച ഒരു പ്രസ്ഥാനമാണ്. ബ്രിട്ടീഷുകാർ കമ്മ്യൂണിസ്ററുകാരായിത്തീരുമെന്നു സ്റ്റാലിനു വ്യാമോഹമുണ്ടെങ്കിൽ അദ്ദേഹം അതു് ഉപേക്ഷിക്കണം. മനുഷ്യൻെറ ജന്മസിദ്ധങ്ങളായ അവകാശങ്ങളെ നിഷേ

---

(1) ഏകലോകം (പുറം 90)

(2) Reader's Digest, January 1945.

ധിക്കുന്ന ഒരു ക്രൂട്ടർ പുരോഗമത്തിന്റെ മാർഗ്ഗത്തിലാണെന്നു പറയുവാൻ അർഹതയില്ല. അവർ ചരിക്കുന്ന 'വാൻ'(Van) പോലീസിന്റെ വാൻ ആണ് "

രാഷ്ട്രത്തിന്റെ മഹിമയേയും സാമ്പത്തികോൽപന്നങ്ങളേയും വർദ്ധിപ്പിക്കുന്നതിനുള്ള ഒരുപകരണം എന്നതിൽക്കൂടുതലായ ഒരു സ്ഥാനം കമ്മ്യൂണിസററഷ്യ മനുഷ്യനു നല്കുന്നില്ല. മനുഷ്യന്റെ വ്യക്തിത്വത്തെ പൂർണ്ണമായി ബലികഴിച്ചാലും വേണ്ടതില്ല, രാഷ്ട്രത്തിന്റെ പേരും പെരുമയും പരിപാലിക്കുക എന്നതാണു സോവ്യററുഗവണ്മെൻറിന്റെ പ്രധാനലക്ഷ്യം. ഇതിനെ തെളിയിക്കുന്നതിന് ഉദാഹരണങ്ങൾ സുലഭങ്ങളാണ്:

റഷ്യയുടെ വിപുലമായ ഭക്ഷ്യോൽപാദനശക്തിയെ ലോകത്തിനു കാണിച്ചുകൊടുക്കുന്നതിനായി സോവ്യററുഗണ്മെൻറ് 1933-ൽ ഒരു വാഗ്ദാനം ചെയ്തിരുന്നു, റഷ്യയ്ക്കും ചുററുമുള്ള മററുരാജ്യങ്ങൾക്കും ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ മുഴുവൻ വിതരണം ചെയ്യാമെന്ന്. എന്നാൽ, അക്കൊല്ലം റഷ്യയിൽ യുക്രെൻ ഒഴിച്ചുള്ള പ്രദേശങ്ങളിൽ വിളവു മോശമായിരുന്നതുകൊണ്ടു റഷ്യയ്ക്കു തന്നതാവശ്യത്തിനുപോലും ധാന്യം തികയാതെവന്നു. ഏതായാലും സ്വന്തം ദുരഭിമാനം പാലിക്കുന്നതിനുതന്നെ കമ്മ്യൂണിസ്ററഷ്യ തീർച്ചപ്പെടുത്തി. തൽഫലമായി യുക്രെൻനിവാസികളിൽനിന്നു വിളവാകമാനം പിടിച്ചെടുത്ത് അവരെ നിർദ്ദയം പട്ടിണിയിട്ടു കൊല്ലുകയാണുണ്ടായത്. ഈക്കഴിഞ്ഞ മഹായുദ്ധത്തിൽത്തന്നെ ലെനിൻഗ്രാഡും സ്റ്റലിൻഗ്രാഡും ആക്രമിക്കപ്പെട്ടപ്പോൾ സോവ്യററുഗവണ്മെൻറു പ്രക

ടിപ്പിച്ച മനോഭാവം എന്തായിരുന്നു? "പടയാളികളുടെ ജീവനെ ഞങ്ങൾ വിലമതിക്കുന്നു. എന്നാൽ, ലെനിൻ ഗ്രാഡിൻെറയും സ്റ്റലിൻഗ്രാഡിൻെറയും കീത്തിയാണു സവ്വപ്രധാനം" എന്നതായിരുന്നു അപ്പോഴത്തേ അവരുടെ മുദ്രാവാക്യം. ഇതിൻെറ അത്ഥം സോവ്യററുഗവൺമെൻറിൻെറ പേരും അന്തസ്സും നിലനിത്തുവാൻവേണ്ടി എത്രപേരുടെ ജീവനേയും ബലികഴിക്കുവാൻ അവിടത്തെ ഭരണകൂടം സന്നദ്ധമായിരുന്നു എന്നല്ലേ. ഇങ്ങനെ റഷ്യയിലെ ഒരു പൗരൻ ആജീവനാന്തം രാഷ്ട്രത്തിൻെറ ഒരടിമയായി കഴിഞ്ഞുകൂടേണ്ടിരിക്കുന്നു. ഇതാണു സ്വകാര്യസ്വത്തുടമ പാടേ നിഷിദ്ധമാക്കിയെന്നഭിമാനിക്കുന്ന കമ്മ്യൂണിസ്ററുറഷ്യ ലോകത്തിനു നല്കുന്ന മഹനീയ സ്വാതന്ത്ര്യം!

അടുത്തതായി, റഷ്യൻസമുദായവ്യവസ്ഥിതിയെ പരാമർശിച്ച് മി. കൃഷ്ണപിള്ള പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവങ്ങളെ നമുക്കൊന്നു പരിശോധിക്കാം. "ഹിംസാത്മകമായ ക്യാപ്പിററലിസത്തെ അടിയോടെ തകത്തു തൽസ്ഥാനത്തു സമത്വവും സാഹോദര്യവും പരസ്പരവിശ്വാസവും ഉൾക്കൊള്ളുന്ന ഒരു നവീനസാമ്പത്തികക്രമം നടപ്പിൽ വരുത്തിയതുകൊണ്ടു സോവ്യററുറഷ്യയ്ക്കുണ്ടായിട്ടുള്ള ഐശ്വര്യവും സംസ്കാരവും അത്ഭുതാവഹമെന്നേ പറയേണ്ടൂ" (പുറം 101). എന്നാൽ, യാഥാത്ഥ്യങ്ങളുടെ വെളിച്ചത്തിൽക്കൂടി പരിശോധിക്കുമ്പോഴാണു പൊള്ള പുറത്തറിയുന്നത്. റഷ്യൻസ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കുകയും അവയുടെ ഗുണവിശേഷങ്ങളെ നിഷ്പക്ഷമായി പഠിക്കുകയും ചെയ്തിട്ടുള്ള മഹാന്മാർ ഓരോരോ അവസരങ്ങളിലായി

പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകൾ ഇക്കാര്യത്തിൽ നമ്മെ വളരെ സഹായിക്കുന്നുണ്ട്. അവയൊന്നും സോവ്യറ്റധികാരികൾ നിഷേധിച്ചിട്ടില്ലെന്നുള്ളതും ഇവിടെ പ്രത്യേകം സ്മരണീയമാണ്. "മനുഷ്യവർഗ്ഗത്തിന്റെയും ലോകത്തിലെ തൊഴിലാളികളുടേയും ഗുണത്തിനായി റഷ്യയിൽ ഞാൻ കണ്ട കാര്യങ്ങൾ തുറന്നുപറയേണ്ടതാണ്" എന്നു പറഞ്ഞുകൊണ്ടു സ്വാനുഭവങ്ങളെ അടിസ്ഥാനമാക്കി ഒരു അമേരിക്കൻപൗരനായ മി. ആൻഡ്രൂസ്മിത്തു രചിച്ചിട്ടുള്ള "I was a Soviet Worker". ("ഞാൻ സോവ്യറ്റുറഷ്യയിലെ ഒരു തൊഴിലാളിയായിരുന്നു.") എന്ന ഗ്രന്ഥം റഷ്യൻസമുദായവ്യവസ്ഥിതിയെ അതിന്റെ തനിനിറത്തിൽ കാണിച്ചുതരുന്ന വിവരണങ്ങളിൽ പ്രധാനമായ ഒന്നാണ്. (1)

---

(1) ഈ ഗ്രന്ഥം 'വിപ്ലവത്തിന്റെ വെന്നിക്കൊടി' എന്ന പേരിൽ 1947-ൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. മി. ആൻഡ്രൂസ്മിത്തിനെപ്പററി ചില വിവരങ്ങൾ അറിഞ്ഞിരിക്കുന്നതു് ഉപകാരപ്രദമായിരിക്കും. അമേരിക്കയിൽനിന്നും കമ്മ്യൂണിസ്റ്റുപ്രതിനിധിയായി 1929-ൽ റഷ്യയെ സന്ദർശിച്ച ഇദ്ദേഹം സോവ്യറ്റധികാരികളുടെ കാപട്യംമൂലം വഞ്ചിതനായി, റഷ്യ യഥാർത്ഥത്തിൽ ഒരു തൊഴിലാളിസ്വർഗ്ഗമാണെന്നു വിചാരിച്ചുപോയി. അമേരിക്കയിൽ തിരിച്ചെത്തിയതിനുശേഷം തന്റെ സമ്പാദ്യം മുഴുവൻ അവിടത്തെ കമ്മ്യൂണിസ്റ്റുസംഘടനയ്ക്കു ദാനംചെയ്തിട്ടു 1932-ൽ റഷ്യയിലേയ്ക്കു താമസം മാററി. ഈ പ്രാവശ്യം ആരുടെയും പ്രതിനിധിയായിട്ടല്ല, വെറും തൊഴിലാളിയായിട്ടാണു് അദ്ദേഹം അവിടെ ചെന്നതു്. മൂന്നു കൊല്ലത്തോളം ഒരു എൻജിനീയറായി അദ്ദേഹം അവിടെ ജീവിച്ചു. അവിടത്തെ സ്ഥിതിഗ

ഇവരുടെ വിശ്വാസയോഗ്യങ്ങളായ റിപ്പോർട്ടുകളെ ആധാരമാക്കി റഷ്യൻസാമ്പത്തിക ക്രമത്തിൽ ഇന്നു നിലവിലിരിക്കുന്ന സമത്വവും സാഹോദര്യവും എപ്രകാരമുള്ളതെന്ന് ഒന്നാരായുകതന്നെ. തൊഴിലാളിമുതലാളിവ്യത്യാസം ഇല്ലാത്ത ഒരു അവസ്ഥയാണല്ലോ സാമ്പത്തികക്രമത്തിലെ സമത്വംകൊണ്ടു സാധാരണ വിവക്ഷിക്കപ്പെടുന്നതു്. എന്നാൽ, ഇത്തരത്തിലുള്ള ഒരു സമത്വം മി. പിള്ള പറയുന്നതുപോലെ നമുക്കു റഷ്യയിൽ കാണുവാൻ കഴിയുമോ? മനുഷ്യസമുദായത്തിൽനിന്നു വർഗ്ഗവ്യത്യാസത്തെ ഉച്ചാടനം ചെയ്യുവാൻ സോവ്യററു ഗവൺമെൻററ് വളരെ അധികം രക്തച്ചൊരിച്ചിൽ ന

---

തികൾ ശരിയായി ഗ്രഹിക്കുകയും ചെയ്തു. 1935-ൽ റഷ്യയോടു യാത്രപറഞ്ഞിട്ട് അമേരിക്കയിൽ തിരിച്ചെത്തി. സോവ്യററുരഷ്യയിലെ യഥാർത്ഥസ്ഥിതിഗതികൾ വേണ്ടവിധം ഗ്രഹിച്ച ഒരാളാണു മി. സ്മിത്ത് എന്നുള്ളതു് ഇതിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ഒരു തൊഴിലാളിയായി ജനിക്കയും തൊഴിലാളിനേതാവായി ഇന്നും ജീവിക്കുകയും ചെയ്യുന്ന ഇദ്ദേഹം സോവ്യററുരഷ്യയെ മനഃപൂർവ്വം താറടിച്ചുകാണിക്കുമെന്നു വിചാരിക്കുവാൻ നിവൃത്തില്ല. "ഭൂരിപക്ഷചൂഷണംകൊണ്ടു് അല്പപക്ഷസുഖത്തോടെ വാഴണമെന്നുള്ള തസ്കരസിദ്ധാന്തത്തെ സന്മാർഗ്ഗകോടിയിൽപ്പെടുത്തി ജീവിതപ്രമാണമായി സ്വീകരിച്ചിരിക്കുന്ന പാപപ്രളുക്കളായ മുതലാളിമാരുടെ" കൂട്ടത്തിൽ ഇദ്ദേഹത്തെയും മി. പിള്ള ഉൾപ്പെടുത്തുമായിരിക്കുമോ? അഥവാ "ജനതതിയെ കൊള്ളചെയ്തുകൊണ്ടിരുന്ന പള്ളിമതത്തെ പുറംതള്ളിയ ആ രാജ്യ"ത്തെ വെറുക്കുന്ന പുരോഹിതന്മാരുടെ ഇനത്തിലായിരിക്കാം അദ്ദേഹത്തെ 'വിചാരവിപ്ലവകർത്താവു്' എണ്ണുന്നതു്.

ടത്തി എന്നുള്ളതു് ആക്ഷം നിഷേധിക്കാവുന്നതല്ല. മുതലാളിവർഗ്ഗത്തെ അവർ കണക്കില്ലാതെ കൊന്നൊടുക്കുകതന്നെ ചെയ്തു. പക്ഷേ, സോവ്യററുസമുദായത്തിലെ ഉച്ചനീചത്വം അതുകൊണ്ടു് അവസാനിച്ചുവെന്നോ? ഒരിക്കലുമില്ല. പ്രത്യുത, മുമ്പിലത്തേതിനെക്കാൾ കർക്കശവും ഭയാനകവുമായ ഒരു വർഗ്ഗഭേദത്തെ പുതുതായി സൃഷ്ടിക്കയാണു റഷ്യ ചെയ്തിട്ടുള്ളതു്. ഏതാനും മുതലാളിമാരുടെ കൈവശത്തിലായിരുന്ന സ്വത്തു് അവരിൽനിന്നു മുഴുവനായി അപഹരിച്ചു റെഡ്കമ്മീസറന്മാരുടെ അധീനതയിലാക്കി എന്നല്ലാതെ, മറെറന്തൊരു സമത്വമാണു നടപ്പിലാക്കുവാൻ റഷ്യയ്ക്കു കഴിഞ്ഞിട്ടുള്ളതു്? ഇങ്ങനെ സമത്വത്തിനുപകരം പൂർവ്വോപരി ഭയാനകമായ അസമത്വമാണു വിപ്ലവഫലമായി സംജാതമായിട്ടുള്ളതെന്നു് അവിടത്തെ യഥാർത്ഥസ്ഥിതി പരിശോധിച്ചാൽ നമുക്കു കാണാവുന്നതാണു്. ഈ വസ്തുത സോവ്യററുരാജ്യങ്ങളുടെ ഒരു മാന്യാതിഥി എന്ന നിലയിൽ ഈ അടുത്തകാലത്തു റഷ്യയിൽ സർവ്വത്ര ചുററിസ്സഞ്ചരിച്ച വില്യം എൽ. വൈററിന്റെ പ്രസ്താവങ്ങൾ വേണ്ടപോലെ വിശദമാക്കുന്നുണ്ടു്. താൻ നേരിട്ടുകണ്ടു മനസ്സിലാക്കിയ പ്രസ്തുത സംഗതിയെപ്പററി അദ്ദേഹം വിവരിക്കുന്നതു് ഇപ്രകാരമാണു്: "അടുത്ത ദിവസം ഡൈവ് ബോംബർയന്ത്രങ്ങൾ ഉണ്ടാക്കുന്ന ഒരു നിർമ്മാണശാല ഞങ്ങൾ സന്ദർശിച്ചു. . . . . അവിടെയുള്ള തൊഴിലാളികളുടെ ഭക്ഷണശാലയിലേയ്ക്കു ഞങ്ങൾ കടന്നു. ഒരുതരം കോതമ്പുകഞ്ഞിയും കറുത്ത അപ്പവും കാബേജ് ചേർത്തുള്ള ഒരുതരം സൂപ്പുമാണു് അവരുടെ ഭക്ഷണം.

ആകപ്പാടെ തരക്കേടില്ലെന്നു തോന്നുന്നു. അതിനപ്പുറത്താണു ഫോർമാൻെറ ഊട്ടുമുറി. അവിടെയും വിഭവങ്ങൾ ഇവയൊക്കെത്തന്നെ. കറുത്ത ഇനം കവിയർമാത്രമേ അവിടെ വിശേഷമായിട്ടുള്ളു. അതിനപ്പുറത്തുള്ളതു് എൻജിനീയർമാരുടെ ഭക്ഷണശാലയാണു്. അവക്കു് ഇപ്പറഞ്ഞ സാധനങ്ങൾക്കപുറമേ വെള്ളറൊട്ടിയും ധാരാളം വെണ്ണയും കുറേക്കൂടി വിലക്കൂടിയതും രുചികരവുമായ കവിയറുംക്കൂടി കിട്ടും.

"അവിടെനിന്നും ഞങ്ങൾ ഡയറക്ടരുടെ ഭക്ഷണമുറിയിൽ ചെന്നു. അവിടെക്കണ്ട വിഭവങ്ങൾ: വോഡ്കാ, ചുവന്ന വൈൻ, വെള്ളവൈൻ, ഷാംപെൻ, കവിയർ, സലമി, ഒന്നാംതരം കേക്കു്, പാസ്ട്രി-പിന്നെ പലതും." (1)

റേഷനിംഗിലുള്ള വ്യത്യാസത്തെക്കുറിച്ചു് അദ്ദേഹം വീണ്ടും പറയുന്നു: "സോവ്യറവർഗ്ഗങ്ങളുടെ നിലയനുസരിച്ചു റേഷനിംഗിലും പല തോതുകളുണ്ടു്. ചെമ്പടയാണു് ഏററവും സമൃദ്ധമായി ഭക്ഷണം കഴിക്കുന്നതു്-പ്രത്യേകിച്ചു യുദ്ധരംഗങ്ങളിലുള്ള ചെമ്പട. കച്ചവടശ്ശാലകളിൽ സോവ്യററു് ഉദ്യോഗസ്ഥന്മാക്കു വിലയുടെ 50 ശതമാനം ഇളവുചെയ്യുന്നു. ക്രെംലിനിലുള്ളവർ ഏററവും വിഭവസമൃദ്ധമായി ഭക്ഷണം കഴിക്കുന്നു. . . . വിദേശീയരും പ്രധാന ബോൾഷെവിക്കുകാരോടൊപ്പം സുഖമായി ജീവിക്കുന്നവരാണു്. അവക്കു ധാരാളം മാംസവും റൊട്ടിയും ലഭിക്കുന്നതിനു പുറമെ മത്സ്യവും മററും ക്രൂ

(1) Reader's Digest, December 1944

ട്ടുതൽ വാങ്ങുവാനുള്ള അനുവാദവുമുണ്ട് . . . . അവക്കു ള്ള ഈ ആനുകൂല്യങ്ങൾ ഭക്ഷണത്തിൽ മാത്രമല്ല, വസ്ത്രധാരണത്തിലും ഗൃഹസൗകര്യാദികളിലും വ്യാപിക്കുന്നതായി കാണാം . . .

"യുദ്ധകാലത്തു മോസ്കോയിൽ ഒന്നാംതരത്തിൽ പെട്ട ഒരു ജോലിക്കാരന് ഒരുദിവസം കിട്ടുന്നതു് 600 ഗ്രാം—അതായതു് ഒരു റാത്തലിൽ അല്പം കൂടുതൽ—റൊട്ടിയാണ്. രണ്ടാംതരക്കാരനു 500 ഗ്രാമും, ഒരു ആഫീസ്ജോലിക്കാരന് 400ഗ്രാമും, വൃദ്ധന്മാർ, കുട്ടികൾ, അംഗവിഹീനർ മുതലായവർക്കു 300 ഗ്രാമും വീതം കിട്ടുന്നു . . . പണ്ടു പ്രഭുക്കന്മാർ ജീവിച്ചിരുന്ന കൊട്ടാരങ്ങളിലേയ്ക്കും സുഖജീവിതത്തിലേയ്ക്കും ഇന്നത്തെ ഭരണാധികാരികളായ ഹൈപാർട്ടി അംഗങ്ങൾ മാറിയിരിക്കയാണ്. മുതലാളികൾക്കു മുമ്പുണ്ടായിരുന്ന അവകാശങ്ങൾ ഇന്ന് അവർക്കുമുണ്ട് . . . . വർഗ്ഗവ്യത്യാസം റഷ്യയിൽ സർവ്വത്ര തഴച്ചു വളരുന്നു."(1) ഇങ്ങനെ നിഷ്ഠുരമായ വർഗ്ഗവ്യത്യാസം റഷ്യയിൽ നിലവിലിരിപ്പുണ്ടെന്നും വ്യക്തികളല്ല ഗവണ്മെൻറുതന്നെയാണ് അതിനെ നടപ്പിൽ വരുത്തിയിട്ടുള്ളതെന്നും അല്ലേ ഇതിൽ നിന്നും വിശദമാകുന്നതു്. എന്നിട്ടും സ്വച്ഛാപ്രമത്തതയുടെ കേളീരംഗമായ റഷ്യ മി. പിള്ളയുടെ ദൃഷ്ടിയിൽ സമത്വത്തിൻെറ ആസ്ഥാനമാണുപോലും!

കൂടാതെ റഷ്യൻസമുദായ സ്ഥിതിഗതികളെ നിരീക്ഷണംചെയ്തു മനസ്സിലാക്കിയ ഡോക്ടർ സ്മിത്തു് സ്ലോ

---

(1) Reader's Digest, January 1945.

വാക്കുതൊഴിലാളിസംഘടനയുടെ ജനറൽ സെക്രട്ടറിയായിരുന്ന മിസ്റ്റർ ജോൺ സാത്ക്കോയ്ക്ക് എഴുതിയിട്ടുള്ള കാര്യങ്ങൾ ഇവിടെ ഉദ്ധാര്യമാണ്. അദ്ദേഹം പറയുന്നു: "റഷ്യയിൽ എല്ലാവരും സമന്മാരാണെന്നുള്ള പ്രസ്താവനകൾ വെറും വ്യാജങ്ങളാണ്. നിങ്ങൾ അതൊന്നും വിശ്വസിക്കരുതേ! അത്യധ്വാനം ചെയ്യുന്ന തൊഴിലാളികൾക്കു പട്ടിണി. അലസന്മാരായ ഉദ്യോഗസ്ഥപ്രധാനന്മാർക്കോ സുഭിക്ഷം. അങ്ങനെ ഇവിടെ യഥാർത്ഥ കമ്മ്യൂണിസമോ സോഷ്യലിസ്സമോ നിലവിലില്ലതന്നെ."(1) ഈ വസ്തുത തന്നെയാണ് 1945 ജൂലൈ ബ്രിട്ടീഷ് പാർലമെൻററി ഡെലഗേഷൻ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽനിന്നു നമുക്കു മനസ്സിലാക്കാവുന്നതും. ഭക്ഷണസാധനങ്ങളുടെ വിതരണത്തെ സംബന്ധിച്ച് അതിൽ കാണുന്നതിപ്രകാരമാണ്. "സമത്വത്തിൻെറ തത്വങ്ങളെ അടിസ്ഥാനമാക്കിയല്ല വ്യക്തിയെക്കൊണ്ടുള്ള പ്രയോജനത്തെ അടിസ്ഥാനമാക്കിയാണു സാധനങ്ങൾ വിതരണം ചെയ്യുന്നത് . . . . . മേലിൽ സമുദായത്തിന് ഉപകരിക്കാവുന്ന കുട്ടികൾക്കു നല്ല റേഷൻകിട്ടുമ്പോൾ വൃദ്ധന്മാർക്കാകട്ടെ കഷ്ടിച്ചു ജീവിക്കുവാനുള്ള വക മാത്രമേ ലഭിക്കുന്നുള്ളൂ. ഈ സമ്പ്രദായം വ്യവസായസംഘടനകളുടെ ഏതുരംഗത്തും സവിശേഷം തെളിഞ്ഞുകാണാവുന്നതാണ്."(2) സോവ്യററുറഷ്യയിലേ നിരാശാജനകമായ ഈ സമുദായ വ്യവസ്ഥിതിയെ സംബ

(1) "I Was a Soviet Worker".

(2) "Christian Demotrac" 12th July 1945.

ന്ധിച്ച മോസ്കോ പാർട്ടി കമ്മററി മീററിംഗിൽ മി. സ്മിത്ത് പ്രസ്താവിച്ചതു് ഇപ്രകാരമാണ്: "സോഷ്യലിസം കരുപ്പിടിപ്പിക്കുന്നതിനുവേണ്ടി ത്യാഗം സഹിക്കുന്നതിനുള്ള ഉന്മേഷത്തോടുകൂടിയാണു ഞാൻ റഷ്യയിലേയ്ക്കു വന്നതു്. എന്നാൽ, ഞാൻ പരിപൂർണ്ണനായി നിരാശയിൽ വീണിരിക്കുന്നു. ഇവിടെ സോഷ്യലിസമല്ല, സ്വേച്ഛാപ്രഭുത്വമാണ് വിളയാടുന്നതു്."(1) യാഥാർത്ഥ്യം ഇങ്ങനെയാണെങ്കിൽ റഷ്യ സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും ആസ്ഥാനമാണെന്നു നിർവ്വിശങ്കം തട്ടിമൂളിക്കുന്ന മി. കുററിപ്പുഴയുടെ ബുദ്ധിപരമായ സത്യസന്ധതയെപ്പററി എന്തു പറയുവാനാണ്.

മി. പിള്ള തുടരുന്നു: "ആഹാരം വസ്ത്രം വാസസ്ഥലം വിദ്യാഭ്യാസം, രോഗനിവാരണം എന്നീ പ്രാഥമിക ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യങ്ങൾ സർവ്വജനങ്ങൾക്കും ഒന്നുപോലെ ലഭിക്കുക എന്ന മഹനീയാദർശം തികച്ചും പ്രവൃത്തിരൂപത്തിൽ വരുത്തുവാൻ അവിടത്തെ ഗവമ്മെൻറിനു സാദ്ധ്യമായിത്തീർന്നിരിക്കുന്നു. തൊഴിലില്ലായ്മയും പട്ടിണിയും നിശ്ശേഷം നീക്കം ചെയ്യുവാൻ ആ രാജ്യത്തിനുമാത്രമേ കഴിഞ്ഞിട്ടുള്ളു . . . ദാരിദ്ര്യത്തിന്റെ ദീനസ്വരത്തിനു പൂർണ്ണവിരാമമിട്ടു എന്നുള്ളതുകൊണ്ടുതന്നെ സോവിയററു റഷ്യ ഭൂമിയിലെ സ്വർഗ്ഗരാജ്യമായിത്തീർന്നിട്ടില്ലേ?" റഷ്യയിലെ യഥാർത്ഥസ്ഥിതിഗതികൾ അറിയാതെയോ, അറിഞ്ഞിട്ടും അവയെ മനഃപൂർവ്വം മറച്ചുവച്ചോ ആയിരിക്കണം മി. പിള്ള ഇപ്രകാരമുള്ള പ്രസ്താവങ്ങൾ ചെയ്യുന്നതു്. റഷ്യയുടെ ഉള്ളുകള്ളികൾ യഥാവിധി പരീക്ഷിച്ചറിയുവാൻ സാധിച്ചിട്ടുള്ള സത്യസന്ധരും വിശ്വാസ

(1) "I Was a Soviet Worker"

യോഗ്യരുമായ സന്ദർശകന്മാരുടെ പ്രസ്താവങ്ങളെ നമുക്ക വിശ്വസിക്കാമെങ്കിൽ, സോവ്യററിന്റെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ നൽകുന്ന വിവരങ്ങൾ യാഥാർത്ഥ്യങ്ങളായി പരിഗണിക്കാമെങ്കിൽ, അവിടെ സുഭിക്ഷത്തിനുപകരം നഗ്നമായ ദാരിദ്ര്യവുംപട്ടിണിയും നടമാടുന്നതായി കാണാൻ കഴിയും. വിശപ്പടക്കുന്നതിന് അപ്പക്കഷണമോ നഗ്നത മറക്കുന്നതിനു കീറത്തുണിയോ കിട്ടാതെ എല്ലുംതോലുമായി ഭിക്ഷയാചിച്ചുകൊണ്ടു റെയിൽവേസ്റ്റേഷനുകളിൽ തടിച്ചുകൂടുന്ന പാവപ്പെട്ട സ്ത്രീകളുടേയും കുട്ടികളുടേയും ദയനീയകാഴ്ച ഏതൊരു സന്ദർശകനെയാണ് അമ്പരിപ്പിക്കാതിരുന്നിട്ടുള്ളത്. ലെനിൻഗ്രാഡിൽവച്ച് മി. സ്മിത്തിനു നേരിട്ടു കാണുവാനിടയായ ഒരു ദയനീയരംഗം അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണ്: "ഏതാണ്ട് അഞ്ചരമണിയായപ്പോഴേക്കും ഞങ്ങൾ ലെനിൻഗ്രാഡിലെത്തി . . . . അർദ്ധനഗ്നരായ ഒരു ഗണം സ്ത്രീകളേയും കുട്ടികളേയും മാത്രമാണു ഞങ്ങൾ അവിടേയും കണ്ടത്. ശരീരം മറയ്ക്കുവാൻ വസ്ത്രമില്ലാതെ, തണുപ്പു തടുക്കുവാൻ പുതപ്പില്ലാതെ, വിശപ്പടക്കുവാൻ അപ്പമില്ലാതെ, ആകാശപ്പരപ്പു മേൽപ്പുരയാക്കിക്കൊണ്ടു സ്റ്റേഷനു പുറവും അങ്ങിങ്ങായി അതിനികൃഷ്ടമായ സ്ഥിതിയിൽ കിടക്കുന്ന ഭിക്ഷുക്കളുടെ ദയനീയാവസ്ഥ കണ്ടാൽ അവർ സമുദായ ഭ്രഷ്ടരാണോ എന്നുപോലും തോന്നിപ്പോകും"(1) ശോചനീയമായ ഈ കാഴ്ചതന്നെയാണ് മോസ്കോയിലെ ഏത്തു തെരുവിലും

(1) "I Was a Soviet Worker"

ക്കാണികൾക്ക് അനുഭവപ്പെട്ടുന്നതു്. "തെരുവിൻെറ ഓ രോ മുക്കിലും മൂലയിലും കാണാം ഒരുക്കൂട്ടം അർദ്ധനഗ്ന കളായ സ്ത്രീകളെ. പൊടിയും ചെളിയുമൊന്നും അവർ കണക്കാക്കുകയില്ല; എവിടേയും പടിഞ്ഞിരിക്കും മടി യിൽ എപ്പോഴും ഒരു പിഞ്ചു കുഞ്ഞു കാണും. ചുററി ക്കൂടി വേറെ നാലഞ്ചു പിള്ളേരും. ഭിക്ഷാടനമാണു തൊ ഴിൽ. വഴിയേക്കൂടി കടന്നുപോകുന്നസകലരോടും വല്ലതും ചോദിച്ചുവരെ ശല്യപ്പെടുത്തും. ആസ്പത്രികളുടെ പടിവാ തിൽക്കലും വ്യവസായശാലകളിലേക്കുള്ള വഴികളിലും ഇ ക്കൂട്ടരെ ധാരാളം കാണാം."(1) സോവ്യററു റഷ്യയിലേ ഭയങ്കരമായ ഈ ദുരവസ്ഥയെ സംബന്ധിച്ചു് ഡോക്ടർ ഇ. ജെ. ഡില്ലൺ ഇങ്ങനെ എഴുതുന്നു: "പാട്ടയിൽ മ ത്സ്യം അടുക്കിക്കൂട്ടിയിരിക്കുന്നതുപോലെയാണു വരാന്ത കളിലും മുറികളിലും ചെറിയ അറകളിലും റഷ്യൻജന ങ്ങളെ ബന്ധിച്ചിരിക്കുന്നതു് . . കല്പ്പടകളുടെ മൂലക ളിൽപ്പോലും ജനങ്ങൾ സ്ഥലംപിടിച്ചു കഴിയും. വൃത്തി യോ മറയോ കുടുംബജീവിതത്തിനുണ്ടായിരിക്കേണ്ട മററു സൗകര്യങ്ങളോ അവിടെ ഇല്ല. പത്തുശതമാ നം ആളുകൾക്കുമാത്രമേ താമസത്തിനു് അല്പമെങ്കിലും സൗകര്യം കിട്ടുന്നുള്ളു. എൺപതുശതമാനം ആളുകളും മുറികളിൽ പാർക്കുന്നവരാണു്; പക്ഷേ കിടക്കുവാൻ യാതൊരു സൗകര്യവും ലഭിക്കാതെ രാത്രിമുഴുവൻ തണു പ്പുസഹിച്ചു് വല്ല കെട്ടിടത്തിൻേറയും പുറത്തു വരിവരി യായി നിൽക്കുന്ന പാവങ്ങളുടെ സ്ഥിതിയാണു് ഏററ

(1) "I was a Soviet Worker"

വും പരിതാപകരം."(1)

ഈ അടുത്തകാലത്തുതന്നെ സോവ്യററു റഷ്യയിലേ ജീവിതരീതിയെപ്പററി ഏതാനും ചില വിവരങ്ങഠം മോസ്കോയിലെ ഇൻഡ്യൻ അംബാസിഡറായ ശ്രീമതി വിജയലക്ഷ്മി പണ്ഡിററു ഡൊമിനിയൻ നിയമസഭയിൽ പ്രസ്താവിക്കുക ഉണ്ടായി. തദവസരത്തിൽ റഷ്യയിലേ ഭക്ഷ്യനിലയെ സംബന്ധിച്ചു പറഞ്ഞതു് അവിടെ അതിനിഷ്ഠുരമായ ഭക്ഷ്യനിയന്ത്രണം നിലവിലിരിക്കുന്നുവെന്നും, ഒരാഠംക്കു കിട്ടുന്ന ഭക്ഷണം ആത്മാവും ശരീരവും കഷ്ടിച്ചു പിടിച്ചു നിത്താനേ മതിയാകുന്നുള്ളു എന്നുമാണു്. "നിങ്ങഠംക്കു രണ്ടുവിരുന്നുകാരുണ്ടെന്നു വിചാരിക്കുക. അവർക്കു് ആഹാരം കൊടുക്കണം. ഗവണ്മെൻറിൻെറ അനുവാദം ലഭിക്കാതെ വിരുന്നുകാരെ സൽകരിക്കുവാൻ നിവ്വാഹമില്ല. ഒരു ഇൻഡ്യാക്കാരൻ ശരാശരി ലഭിക്കുന്ന ആഹാരംപോലും ഒരു റഷ്യാക്കാരനു ലഭിക്കുന്നില്ല." ഇതാണോ "ആഹാരം, വസ്ത്രം, വാസസ്ഥലം, വിദ്യാഭ്യാസം എന്നീ പ്രാഥമികജീവിതാവശ്യങ്ങഠം നിവ്വഹിക്കുവാനുള്ള സൗകര്യങ്ങഠം സവ്വജനങ്ങഠംക്കും ഒന്നുപോലെ ലഭിക്കു"ന്നതിനു റഷ്യ അവലംബിച്ചിരിക്കുന്ന മഹനീയാദർശത്തിൻെറ വിശിഷ്ടഫലം?

രാപകൽ എല്ലുമുറിയെ ജോലിചെയ്യുന്ന റഷ്യൻ തൊഴിലാളികളുടെ സ്ഥിതിയാണു് ഏററവും ദയനീയമായിട്ടുള്ളതു്. കമ്മ്യൂണിസ്ററുപാർട്ടി ശക്തിപ്രാപിച്ചപ്പോഠം തൊഴിലാളികളുടെ ശമ്പളത്തിൽ ഗണ്യമായ

(1) Russia Today and Yesterday.

വർദ്ധനമുണ്ടായിട്ടുണ്ടെന്നുള്ളതു് വാസ്തവമാണ്. എന്നാൽ, അതേസമയം ഭക്ഷണസാധനങ്ങളുടെ വിലയിൽ ഉണ്ടായ കയററമാണ് ഏററവും വിസ്മയനീയം. ഇതെസ്സംബന്ധിച്ച രാഷ്ട്രീയവികാസത്തിനുള്ള കമ്മീഷന്റെ (Commission of State Planning) പ്രസ്താവം വളരെ ശ്രദ്ധേയമാണ് "ഒരു തൊഴിലാളിയുടെ പ്രതിമാസശമ്പളം 1926ലേതിന്റെ 400 ശതമാനമായി വർദ്ധിച്ചപ്പോൾ ഭക്ഷണസാധനങ്ങളുടെ വിലവർദ്ധനം 1000 ശതമാനമായിരുന്നു". 'ഇസെ്വസ്തിയാ'യുടെ പ്രസ്താവന അനുസരിച്ച് ഒരു തൊഴിലാളിയുടെ ഒരു ദിവസത്തെ കൂലി ഒരു റാത്തൽ വെണ്ണ വാങ്ങിക്കുവാൻപോലും തികയുകയില്ല. സാധനങ്ങളുടെ ഈ വില വർദ്ധനം റഷ്യയിൽ ഇന്നും നിലനിന്നുവരുന്നു. മിസ്സസ് പണ്ഡിററ് പറയുന്നു: "മോസ്കോയിൽ തുറന്നകമ്പോളമെന്നൊന്നുണ്ട്. നിങ്ങൾക്ക് എന്തു് ആവശ്യമുണ്ടെങ്കിലും അവിടെനിന്ന് വാങ്ങിക്കുവാൻ സൗകര്യമുണ്ട്. പക്ഷേ, വില ഭയങ്കരമാണ്. ഒരു പൂക്കുലയ്ക്കു കൊടുക്കണം രൂപാ അമ്പതു്."

മാത്രമോ, തൊഴിലാളികൾ തങ്ങൾക്കു കൂലിയായി കിട്ടുന്ന സംഖ്യയിൽ ഭൂരിഭാഗവും നികുതി ഇനത്തിൽ ഗവമ്മെന്റിലേയ്ക്കു കൊടുക്കുകയും വേണം. ഈ പരമാൎത്ഥം എട്ടുകൊല്ലം റഷ്യയിൽ താമസിച്ചശേഷം 1938–ൽ സ്വരാജ്യത്തേയ്ക്കു മടങ്ങിയെത്തിയ അമേരിക്കൻ എൻജനീയർ എഡ്മണ്ട് ലവ്റിയുടെ വാക്കുകൾ സവിശേഷം വിശദമാക്കുന്നുണ്ട്. "റഷ്യൻതൊഴിലാളികൾ ലോകത്തിലേ ഏററവും ശമ്പളംകുറഞ്ഞ തൊഴിൽക്കാരാണെന്നുമാത്രമല്ല, തീർച്ചയായിട്ടും ഏ

ററവും ദുർവ്വഹമായ നികുതി ചുമത്തപ്പെടുന്നവരാണ്."
ഇനിയും ശമ്പളമായി ശേഷിക്കുന്ന തുച്ഛമായ തുക മുഴുവൻ കൊടുത്താൽത്തന്നെയും ഒരു റഷ്യൻതൊഴിലാളിക്കു ലഭിക്കുന്ന ഭക്ഷണസാധനങ്ങൾ എങ്ങനെയുള്ളതാണെന്നു നാം കേൾക്കുമ്പോഴാണു റഷ്യൻസുഭിക്ഷത്തിൻെറ തനിനിറം നമുക്കു മനസ്സിലാകുന്നതു്. തൊഴിലാളികൾക്കായുള്ള കടകളിൽനിന്നും അവക്കു ലഭിക്കുന്നതു കേടുപിടിച്ച ഉരുളൻകിഴങ്ങും, പഴത്തുപുളിച്ച ആപ്പിൾ പഴങ്ങളും, ചീഞ്ഞഴിഞ്ഞുതുടങ്ങിയ മത്സ്യങ്ങളുമാണ്. ഇവതന്നെയും ആവശ്യത്തിനുമാത്രം ലഭിക്കുക അസാദ്ധ്യവുമാണ് എന്നത്രേ മിസ്റ്റർ സ്മിത്തു റഷ്യൻതൊഴിലാളിയുടെ ഭക്ഷ്യനിലയെപ്പററി പ്രസ്താവിച്ചിട്ടുള്ളതു്. (1) ഇങ്ങനെ ആഹാരത്തിനാവശ്യമായ ഭക്ഷണം ലഭിക്കാതെ അനുദിനമെന്നോണം ആയിരക്കണക്കിനു സാധുതൊഴിലാളികൾ മൃത്യുവിനിരയായിത്തീരുന്നു. സോവ്യററിൻെറ ഒരാപ്തമിത്രമായ ഹോർസ്ലിഗ്രാൻഡ് (Horsley Grand) റഷ്യയെപ്പററി പ്രസ്താവിക്കുന്നതു് ഇപ്രകാരമാണ്: "1932–33 ൽ രണ്ടുലക്ഷംമുതൽ അഞ്ചുലക്ഷംവരെ തൊഴിലാളികൾ ക്ഷാമപീഡയേററു മരണമടഞ്ഞതായി പല കണക്കുകളിൽനിന്നും തെളിയുന്നു. വെൽഗാ, യുക്രെൻ എന്നീ നഗരങ്ങളിലേ മിക്ക ഗ്രാമങ്ങളും നിശ്ശേഷം ഒഴിഞ്ഞുകാണപ്പെട്ടു. ക്ഷുദപിവശരായ ശിശുക്കൾ റെയിൽവെസ്റ്റേഷൻതോറും അലഞ്ഞുനടക്കുന്നതു് 1922–ൽ ആണു ഞാൻ ആദ്യമായി കണ്ടതു്. പതി

(1) "I Was a Soviet Worker"

നൊന്നു സംവത്സരങ്ങൾ കഴിഞ്ഞിട്ടും ദൃശ്യമാകുന്ന ദയനീയകാഴ്ച അതുതന്നെയാണ്." 1929-ൽ റഷ്യയിലുണ്ടായിരുന്ന 50 ലക്ഷം ഭവനങ്ങൾ 1933-ൽ രണ്ടുലക്ഷമായി കുറഞ്ഞുപോയെന്ന് ഒരു കമ്മ്യൂണിസ്റ്റ് ഔദ്യോഗികറിപ്പോർട്ടു പ്രസ്താവിക്കുന്നു. യുക്രെനിൽമാത്രം അഞ്ചുലക്ഷം സാധുജനങ്ങൾ പട്ടിണികിടന്നു മൃത്യുവിനിരയായി എന്ന ദയനീയവാർത്ത കേട്ട ഉടൻ 'ലിട്‌വിനോഷ്' എന്ന കമ്മ്യൂണിസ്റ്റുനേതാവു പറഞ്ഞതിപ്രകാരമാണ്: "സോവ്യറ്റുവിജയത്തിനുവേണ്ടി ഇനി പതിനഞ്ചുലക്ഷംപേർകൂടെ കൊല്ലപ്പെട്ടാലും അതു് ഒട്ടും അധികമായിപോകുന്നതല്ല." ഇതാണോ 'സമത്വവും സാഹോദര്യവും പരസ്പരവിശ്വാസവും ഉൾക്കൊള്ളുന്ന ഒരു നവീനസാമ്പത്തികക്രമം നടപ്പിൽവരുത്തിയതുകൊണ്ടു സോവ്യറ്റുറഷ്യയ്ക്കുണ്ടായിട്ടുള്ള ഐശ്വര്യവും സംസ്കാരവും?

ഇപ്രകാരം ദുർന്നിവാര്യമായ പട്ടിണിയും ദാരിദ്ര്യവും നിമിത്തം ജീവസംരക്ഷണാർത്ഥം നാടുവിട്ടു് ഒളിച്ചോടി അന്യരാജ്യങ്ങളെ അഭയംപ്രാപിക്കുന്ന റഷ്യാക്കാരുടെ സംഖ്യ ഊഹാതീതമാണ്. ഒരു കമ്മ്യൂണിസ്റ്റുനേതാവായ നിക്കൊളായ് ബുക്കാറാം 1930-ൽ പ്രവദായിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടനുസരിച്ച് 1917-നും 1928-നും ഇടയ്ക്കു രണ്ടു കോടിയിൽപരം റഷ്യാക്കാർ വിദേശങ്ങളിൽ അഭയം തേടിയിട്ടുണ്ടെന്നു കാണുന്നു. മി. പിള്ള വിഭാവനംചെയ്യുന്ന മാതിരി റഷ്യ ഒരു ഭൗമികപറുദീസാ ആയിരുന്നെങ്കിൽ ലക്ഷക്കണക്കിന് ആളുകൾ തങ്ങളുടെ ജന്മദേശത്തെ

വിട്ട് അന്യനാടുകളിൽ അഭയം പ്രാപിക്കുമെന്ന് എങ്ങ നെയാണ് ഒരുവന്ന വിശ്വസിക്കുവാൻ കഴിയുക. ഇ താണോ 'തൊഴിലില്ലായ്മയും പട്ടിണിയും നിശ്ശേഷം നീക്കംചെയ്യുവാൻ' കഴിഞ്ഞിട്ടുള്ള റഷ്യയിലെ സ്ഥിതി! ഇതാണോ, 'ദാരിദ്ര്യത്തിൻെറ ദീനസഞ്ചാരത്തിന്ന പൂൎണ്ണ വിരാമമിട്ട ഭൂമിയിലെ സ്വൎഗ്ഗരാജ്യത്തിലെ' അനുഭവം!

സത്യത്തിൻെറ വെളിച്ചത്തിൽ റഷ്യയിലെ യഥാ ൎത്ഥസ്ഥിതി ഇപ്രകാരമിരിക്കേ, "തന്നെപ്പോലെതന്നെ തൻെറ അയൽക്കാരനേയും സ്നേഹിക്കുക എന്ന് ഉപദേ ശിച്ച ക്രിസ്തുദേവൻ വീണ്ടും ഭൂമിയിലവതരിക്കയാണെ ങ്കിൽ ഒരു പക്ഷേ അദ്ദേഹം റഷ്യയിലേയ്ക്കു താമസം മാററിയേയ്ക്കും" എന്ന സ്നേഹമൂൎത്തിയായ ക്രിസ്തുവിനെ സംബന്ധിച്ച് മി. പിള്ള ചെയ്തിട്ടുള്ള അഭ്യൂഹം തിക ച്ചും അൎത്ഥവത്തും യുക്തിയുക്തവുമാണെന്ന സമ്മതിക്ക തന്നെ വേണം. ഇതിൽ 'ഒരു പക്ഷേ' എന്നതിന്നപക രം 'തീൎച്ചയായും' എന്ന പ്രയോഗിച്ചിരുന്നെങ്കിൽ കു റെക്കൂടെ അന്വൎത്ഥമായിരുന്നേനെ. കാരണം, "കഷ്ട പ്പെടുന്ന മനുഷ്യവൎഗ്ഗത്തെപ്പററി അദ്ദേഹം ലോകത്തിന്ന നല്കിയ ഉപദേശം" ഇത്ര നീചമാംവിധം ചവുട്ടിമെ തിക്കപ്പെടുന്ന മറെറാരു രാജ്യം ഇന്ന ഭൂമുഖത്തില്ലെന്ന ള്ളതുതന്നെ. "തന്നെപ്പോലെതന്നെ തൻെറ അയൽ ക്കാരനേയും സ്നേഹിക്കുക" എന്ന മാത്രമല്ല "നിൻെറ ദൈവമായ കൎത്താവിനെ നിൻെറ പൂൎണ്ണഹൃദയത്തോ ടും പൂൎണ്ണാത്മാവോടും സൎവ്വശക്തിയോടും പൂൎണ്ണമന സ്സോടുംകൂടി" (1) സ്നേഹിക്കണം എന്നും ആയിരുന്ന

(1) St. Luke x, 27.

ല്ലോ ജഗൽഗുരുവായ ക്രിസ്തുവിൻെറ പ്രബോധനം. എന്നാൽ, ഇന്നു റഷ്യയിലെ സ്ഥിതി എന്താണ്? ദൈവത്തെ സ്നേഹിക്കുക എന്നുള്ളതു പോയിട്ട് ദൈവത്തെ ദ്വേഷിക്കുക എന്നതല്ലേ അവിടെ ജീവിതപ്രമാണമാക്കിയിരിക്കുന്നത്? ആസ്തിക്യബോധംതന്നെ ജനഹൃദയങ്ങളിൽനിന്നു പിഴുതുകളയുന്നതിനുള്ള നിരന്തരശ്രമമല്ലേ അവിടെ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്? അതുപോലെതന്നെ, "തന്നെപ്പോലെ തൻെറ അയൽക്കാരനേയും സ്നേഹിക്കുക" എന്ന ആ ദിവ്യോപദേശത്തിനുപകരം, മനുഷ്യൻെറ വ്യക്തിത്വത്തെ അവഗണിച്ചുകൊണ്ടു പൗരസഞ്ചയത്തെ ഹീനമായ അടിമത്തത്തിലേയ്ക്കു് അടിച്ചുതാഴ്ത്തുന്ന ഉദ്യോഗസ്ഥദുഷ്പ്രഭുത്വമല്ലേ ഇന്നവിടെ നടമാടുന്നത്?(1) സാഹോദര്യത്തിനുപകരം അതിക്രൂരമായ വർഗ്ഗവൈരമല്ലേ നാം അവിടെ ദർശിക്കുന്നത്? ഇങ്ങനെ ധാർമ്മികമായി അടിയോളമധഃപതിച്ച റഷ്യയിലേയ്ക്കു ക്രിസ്തു താമസം മാററുകയെന്നതു് ഏററം സമീചീനം തന്നെ.

(1) "Communism Means Slavery" William Henry Chamberlin

# 5. മാനസികമായ അടിമത്തം

മാനവൻെറ പ്രത്യേകാവകാശമായ ഒരു വിശിഷ്ടാനുഗ്രഹമാണ് വിചാരസ്വാതന്ത്ര്യം. മനുഷ്യൻ തൻെറ മാനസികമായ പ്രവൎത്തനങ്ങളിൽ സ്വതന്ത്രനായിരിക്കണമെന്നുള്ളതിനെക്കുറിച്ച് ആൎക്കെങ്കിലും വിപരീതാഭിപ്രായമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ, വിചാരസ്വാതന്ത്ര്യത്തിൻെറ അൎത്ഥനിൎണ്ണയത്തിലാണ് അഭിപ്രായഭിന്നതകൾ ആവിർഭവിക്കാറുള്ളതു്. തന്മൂലം, 'സ്വതന്ത്രചിന്തകനാ'യ മി. കുററിപ്പുഴയുടെ 'മാനസികമായ അടിമത്ത'ത്തെപ്പററി ചർച്ച ചെയ്യുന്നതിനു മുമ്പായി 'യഥാർത്ഥചിന്താസ്വാതന്ത്ര്യ'മെന്താണെന്നു നിൎണ്ണയം ചെയ്യേണ്ടിയിരിക്കുന്നു.

യഥേഷ്ടം എന്തും ചിന്തിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള അവകാശത്തെയാണ 'വിചാരസ്വാതന്ത്ര്യം'കൊണ്ടു സ്വതന്ത്രചിന്തകന്മാർ വിവക്ഷിക്കുന്നതു്. ബാഹ്യമായ എല്ലാവിധനിയന്ത്രണത്തിൽനിന്നും ബുദ്ധി വിമുക്തമായിരുന്നാലേ അതു യഥാർത്ഥസ്വാതന്ത്ര്യമനുഭവിക്കുകയുള്ളുവെന്നാണ് അവരുടെ വാദം. സുപ്രസിദ്ധസ്വതന്ത്രചിന്തകനായ അഡോൾഫ് ഹർനാക് പറയുന്നതു കേൾക്കുക: "പര്യവേക്ഷണങ്ങളിലും വിജ്ഞാനസമ്പാദനത്തിലും അനിയന്ത്രിതമായ സ്വാതന്ത്ര്യം ഓരോരുത്തനും ഉണ്ടായിരിക്കണം... തൻെറ അന്തൎയ്യാമിയായ സത്തയെ മനുഷ്യൻ പൂൎണ്ണമായി ഗ്രഹിക്കണം;

സ്വന്തം അവശ്യങ്ങളും അവയുടെ സഫലീകരണത്തിനു നിർദ്ദിഷ്ടങ്ങളായിരിക്കുന്ന ഉപാധികളും ഏവയെന്ന് ആത്മാവു ഗ്രഹിക്കണം. ആത്മാവു പരിപൂർണ്ണമായും സ്വതന്ത്രമായിരുന്നെങ്കിൽ മാത്രമേ ഇതു സാധിതമാകുകയുള്ളൂ. . . . . . അപഹാസഞ്ചാരത്തിനു കാരണമായേക്കുമെന്നുള്ള ഭയം ഇതിനു ബാധകമാകരുത്. കാരണം, സ്വന്തം നിലയെക്കുറിച്ചുള്ള നിർണ്ണയത്തിൽ മനുഷ്യൻ പരിപൂർണ്ണസ്വാതന്ത്ര്യമനുഭവിക്കരുത് എന്നു പറയുന്നതാണ് എല്ലാററിലും വലിയ അബദ്ധം."(1) സ്വതന്ത്രചിന്തകരുടെ ചിന്താസ്വാതന്ത്ര്യത്തിൻെറ ഏകദേശരൂപം ഈ പ്രസ്താവത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. മനുഷ്യബുദ്ധി യാതൊരു നിയന്ത്രണത്തിനും വിധേയമാകരുത്. ഒരു പ്രത്യേകാഭിപ്രായംമാത്രം ശരിയാണെന്നു പറയുന്നതു് – പറയുവാൻ നിർബന്ധിതമാകുന്നതു്–സ്വതന്ത്രചിന്തയ്ക്കു വിഘാതമാണ്. ഒന്നുകൂടി ക്ലിപ്തമായിപ്പറയുന്നതായാൽ 'സത്യത്തിൻെറ നേരെ ഉദാസീനതയും അസത്യത്തിൻെറ നേരെ സഹിഷ്ണുതയും അവലംബിക്കുന്നതാണ്' യഥാർത്ഥചിന്താസ്വാതന്ത്ര്യം. അസത്യം അസത്യമാണെന്നു പറയുവാൻ ഒരുവൻ പ്രേരിതനാകുന്നതു് വിശാലമനസ്കതയുടെ അഭാവമോ മാനസികമായ അടിമത്തത്തിൻെറ ആക്രമണമോ മൂലമത്രേ! ഇത്തരം വിചാരസ്വാതന്ത്ര്യത്തിനുവേണ്ടിയാണു മി. കുററിപ്പുഴയും വാദിക്കുന്നതു്. എന്നാൽ, ഇവിടെ ആരെങ്കിലും ചോദിച്ചേക്കാം, മാനസികമായ അടിമത്തംകൊണ്ടു മി. പിള്ള വിവക്ഷിക്കുന്നതെന്താണെന്ന് അദ്ദേഹം സ്പഷ്ടമാക്കുന്നി

(1) Freedom of Science (p. 17)

ല്ലയോ എന്ന്? അദ്ദേഹം പറയുന്നു: (ആശയം, വിശ്വാസം) "ഇവയുടെ ആലോചനാപൂർവ്വമായ അംഗീകാരമോ ഇവയോടുള്ള അസന്ദിഗ്ദ്ധമായ ആനുകൂല്യമോ ഇങ്ങനെ മനോബന്ധത്തിനു കാരണമാകുമെന്നിവിടെ വിവക്ഷിക്കുന്നില്ല. എന്നാൽ മറുവശം കാണാത്തവിധം മനസ്സ് ഒന്നിനോട്ട് ഒട്ടിനിൽക്കുകയും ചിന്താവ്യാപാരം സ്തബ്ധമാകുകയും ചെയ്യുമ്പോൾ അതു ബന്ധനാവസ്ഥയിലായിപ്പോകുന്നു. പ്രസ്തുത മനോഭാവമാണു പ്രകൃതത്തിൽ നിരൂപിതമാകുന്നതെന്ന് എടുത്തു പറയേണ്ടതുണ്ട്" (പുറം 48). ശരിയാണ്; അദ്ദേഹം അങ്ങനെ പറയുന്നുണ്ട്. പക്ഷേ, ഇവിടെ നാം ഒരു കാര്യം ഓർക്കണം: പ്രചരണത്തിനുവേണ്ടി ഒന്നാംതരം കാണിക്കുവാൻ—'നല്ലപിള്ള ചമയുവാൻ'— യുക്തിവാദികൾക്കു യാതൊരു പ്രയാസവുമില്ലെന്ന്; മനംമയക്കുന്ന ശബ്ദജാലം കാട്ടി പാവങ്ങളെ വഞ്ചിക്കുന്നത് അവരുടെ 'ബുദ്ധിപരമായ സത്യസന്ധതയ്ക്കു, യാതൊരു തരത്തിലും ഹാനികരമല്ലെന്ന്.(1) ഇത്തരമൊരു സൂത്രമാണിവിടെയും പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ചിന്താസ്വാതന്ത്ര്യംകൊണ്ടു യഥാർത്ഥത്തിൽ മി. പിള്ള വിവക്ഷിക്കുന്നതെന്താണെന്ന് "ചാർവാകമത"ത്തിലെ ഒരു ഭാഗം അഭിവ്യഞ്ജിപ്പിക്കുന്നുണ്ട്: "അന്യോന്യാഭിഘട്ടനം നടത്തുന്ന സിദ്ധാന്തങ്ങളുടെ സമ്മേളനം ഇതുപോലെ വിചിത്രമായി മറ്റൊരുമതത്തിലുമില്ല . . . മതപരമായ ഈ വൈചിത്ര്യം ഭാരതീയചിന്താഗതിയിലെ ഒരു ദോഷമായിട്ടല്ല

(1) 11-ാംപുറം കാണുക.

സൂചിപ്പിക്കുന്നത് . . . എന്തെന്നാൽ, ഇതരമതസ്ഥർക്ക് ഒരിക്കലും ലഭിച്ചിട്ടില്ലാത്തതും ഇന്നു ലോകം കൊണ്ടാടുന്നതുമായ വിചാരസ്വാതന്ത്ര്യത്തെയാണ് അതു പ്രത്യക്ഷമാക്കുന്നത്" (പുറം 66–67). പരസ്പരവിരുദ്ധങ്ങളായ രണ്ടു കാര്യങ്ങളെ—ഏകദൈവവാദവും ബഹുദൈവവാദവും, ആസ്തികത്വവും നാസ്തികത്വവും—ഒന്നുപോലെ സ്വീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നതാണത്രേ വിചാരസ്വാതന്ത്ര്യം! സത്യവും അസത്യവും ഒരേ രീതിയിൽ ആശ്ലേഷിക്കുന്നതാണത്രേ ചിന്താസ്വാതന്ത്ര്യം!(1)

മാനസികമായ അടിമത്തത്തിന് ഉദാഹരണമായി അദ്ദേഹം എടുത്തു കാണിക്കുന്നതെന്താണെന്നു നോക്കുക: "സ്വമതസിദ്ധാന്തം സാധുവാണെന്നു സമർത്ഥിച്ചാൽമാത്രംപോരാ, അന്യസിദ്ധാന്തങ്ങളെല്ലാം അബദ്ധമാണെന്നു മർക്കടമുഷ്ടി പിടിച്ചു സ്വബുദ്ധിയുടെ അടിമത്തംകൂടി പ്രദർശിപ്പിച്ചാലേ നമ്മുടെ നാട്ടിൽ ഒരുവൻ . . . . (പുറം 51). ശരിയാണെന്നു തെളിയിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുള്ള സ്വമതസിദ്ധാന്തത്തിന്നു വിരുദ്ധമായിട്ടുള്ള അന്യമതസിദ്ധാന്തങ്ങൾ തെററായിരിക്കണമെന്നു പറയുന്നത് മാനസികമായ അടിമത്തമാണത്രേ! ഒന്നുകൂടി സ്പഷ്ടമായിപ്പറഞ്ഞാൽ സത്യവും അസത്യവും ഒന്നുപോലെ ശരിയാണെന്നു പറയുന്നത് അടിമത്തവും മക്കടമുഷ്ടിപിടിക്കലും വിശാലമനസ്കതയുടെ അഭാവവും ആണത്രേ!

സ്വാതന്ത്ര്യത്തെപ്പററിയുള്ള തെററായ ധാരണയാ

(1) 95–ാംവശം കാണുക.

ണരു സ്വാതന്ത്ര്യചിന്തകരെ ഈ അബദ്ധത്തിൽ കൊണ്ടു ചാടിച്ചിട്ടുള്ളതു്. എന്തും യഥേഷ്ടം ചിന്തിക്കുന്നതിനും പറയുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള അവകാശമാണ് അവരുടെ ദൃഷ്ടിയിൽ യഥാർത്ഥസ്വാതന്ത്ര്യം. തന്മൂലം, ബാഹ്യമായ ഏതൊരു നിയന്ത്രണവും യഥാർത്ഥ സ്വാതന്ത്ര്യത്തിനു വിഘാതമായേ അവർ പരിഗണിക്കുകയുള്ളൂ. സ്വാതന്ത്ര്യത്തെ ഒരുമാർഗ്ഗമായിട്ടല്ല, പ്രത്യുത, ലക്ഷ്യമായിട്ടാണ് ഇവർ എണ്ണുന്നതു്. എന്നാൽ, ഉദ്ദേശ്യമില്ലാത്ത സ്വാതന്ത്ര്യം നിരർത്ഥകമാണ്. നിർദ്ദിഷ്ടമായ ഒരു കാര്യത്തിനുവേണ്ടിയല്ലാതെ കേവലം സ്വാതന്ത്ര്യത്തിനായി മാത്രം സ്വാതന്ത്ര്യത്തെ കാംക്ഷിക്കുന്നതു് അർത്ഥശൂന്യമാണ്. എല്ലാവിധബാഹ്യനിയന്ത്രണങ്ങളും സ്വാതന്ത്ര്യത്തിനു ഹാനികരമാണെന്നും, അവയിലെല്ലാം നിന്നു വിമുക്തനായാലേ മനുഷ്യൻ സ്വതന്ത്രനാവുകയുള്ളൂ എന്നുമുള്ള വാദം അബദ്ധസമ്പൂർണ്ണമാണെന്ന് അല്പം ആലോചിച്ചാൽ മനസ്സിലാകും.

ഒരു പൗരൻ സ്വതന്ത്രനായിരിക്കണമെന്നു വാദിക്കുന്നവരാണല്ലോ നാമെല്ലാവരും. സ്വേച്ഛാപ്രഭുത്വത്തിന്റെ അടിമച്ചങ്ങലയിൽനിന്ന് അവൻ വിമുക്തനായിരിക്കണം; എന്നാൽ, രാഷ്ട്രത്തിന്റെ ന്യായ്യമായ നിയമങ്ങളിൽനിന്നും ഒഴിവു കിട്ടിയാലേ യഥാർത്ഥസ്വാതന്ത്ര്യം അവൻ അനുഭവിക്കുകയുള്ളുവെന്ന് ആരെങ്കിലും വാദിക്കുമോ? ഒരിക്കലുമില്ല. മറിച്ച്, ഒരു യഥാർത്ഥപൗരനായിരിക്കണമെങ്കിൽ പ്രസ്തുത നിയമങ്ങൾക്ക് അവൻ വിധേയനായിരിക്കുകതന്നെവേണം. വീണ്ടും, ഒരു കലാകാരൻ സ്വതന്ത്രനായിരിക്കണം; പക്ഷേ, അതുകൊണ്ടു

കലകളുടേയും സൗന്ദര്യാവബോധത്തിൻേറയും നിയന്ത്രണത്തിൽനിന്നുകൂടി അയാൾ വിമുക്തനായിരിക്കണമെന്നോ ആ വക നിയന്ത്രണങ്ങൾ അയാളുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുമെന്നോ ആരെങ്കിലും പറയുമോ? ഒരു കലാകാരനായിരിക്കണമോ, അയാൾ അവയെല്ലാം വിധേയനാവുകതന്നെ വേണം.

ഇതിൽനിന്ന് എല്ലാവിധ ബാഹ്യനിയന്ത്രണങ്ങളും സ്വാതന്ത്ര്യത്തിനു ബാധകങ്ങളല്ലെന്നു മാത്രമല്ല, യഥാർത്ഥ സ്വാതന്ത്ര്യമനുഭവിക്കുന്നതിന് ചില ബാഹ്യനിയന്ത്രണങ്ങൾ ആവശ്യകമാണെന്നുകൂടി സിദ്ധിക്കുന്നുണ്ടല്ലോ.

ഇവിടെ മറെറാരു പ്രശ്നം ആവിർഭവിക്കുന്നു: സ്വാതന്ത്ര്യത്തെ നിഹനിക്കുന്ന ബാഹ്യനിയന്ത്രണങ്ങളേവ? നിഹനിക്കാത്തവ ഏവ? ഒരു വ്യക്തിയുടെ സ്വഭാവത്തിനും വളർച്ചയ്ക്കും പുരോഗമനത്തിനും പ്രതിബന്ധമായി നില്ക്കുന്ന ബാഹ്യനിയന്ത്രണങ്ങൾ ആ വ്യക്തിയുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുകതന്നെ ചെയ്യും; എന്നാൽ, മററു ചില ബാഹ്യനിയന്ത്രണങ്ങൾ അവൻെറ സ്വഭാവത്തിന് അനുയോജ്യവും വളർച്ചയ്ക്കും പുരോഗമനത്തിനും അനുകൂലവുമായവയാണ്; അവ അവൻെറ സ്വാതന്ത്ര്യത്തിൻെറ അവശ്യഘടകങ്ങളുമാണ്.

ഒരുദാഹരണംകൊണ്ട് ഈ വസ്തുത ഒന്നുകൂടി വ്യക്തമാക്കാം. ഒരു വൃക്ഷത്തിന് നേരെ വളരുന്നതിനു പ്രതിബന്ധം വയ്ക്കുന്നെങ്കിൽ, ആവശ്യകമായ വെളിച്ചവും വായുവും അതിനു നിഷേധിക്കുന്നെങ്കിൽ, ആ വൃക്ഷത്തിൻെറ സ്വാതന്ത്ര്യത്തിൽ കൈ

കടത്തുകയാണു ചെയ്യുന്നത്. 1) ഈവക ബാഹ്യനിയന്ത്രണങ്ങൾ അന്യായവുമാണ്. എന്നാൽ, പരിപൂർണ്ണമായ ഒരു സ്വാതന്ത്ര്യജീവിതം, ബാഹ്യമായ സകല നിയന്ത്രണങ്ങളിൽനിന്നും വിമുക്തമായ ഒരു ജീവിതം, നയിക്കുവാൻ ആ വൃക്ഷത്തിനു കഴിയുമോ? ഭക്ഷണത്തിനായി ഭൂമിയേയും പ്രകാശത്തിനായി സൂര്യനേയും വായുവിനായി അന്തരീക്ഷത്തേയും അതു് ആശ്രയിക്കേണ്ടിയിരിക്കുന്നു. ബാഹ്യമായ ഈ ആശ്രയത്വം തൻെറ അഭിമാനത്തിനു യോജിച്ചതല്ലെന്നും തൻെറ സ്വാതന്ത്ര്യത്തിനു വിഘാതമാണെന്നും വാദിച്ചുകൊണ്ടു് ഒരു സുപ്രഭാതത്തിൽ ആ വൃക്ഷം സൂര്യനോടു പറയുന്നെന്നിരിക്കട്ടെ, "നിന്നെ എനിക്കിനി ആവശ്യമില്ല" എന്നു്! എന്തായിരിക്കും ഫലം? മുരടിച്ച ഒരു വളർച്ച. വീണ്ടും ഭൂമിയോടു് ആ വൃക്ഷം പറയുന്നെന്നിരിക്കട്ടെ, "മേലിൽ നിൻെറ സഹായം എനിക്കാവശ്യമില്ല; നിന്നിൽനിന്നു ഞാൻ പരിപൂർണ്ണസ്വാതന്ത്ര്യനാണ്" എന്നു്! വിലപനീയമായ ഒരു അകാലമൃത്യുവായിരിക്കും ഈ ഔദ്ധത്യത്തിൻെറ ഫലം.

ഇതുപോലെതന്നെയാണു മനുഷ്യൻേറയും സ്ഥിതി. ചില ബാഹ്യനിയന്ത്രണങ്ങൾ അവൻെറ വളർച്ചയ്ക്കും പുരോഗതിയ്ക്കും ബാധകമല്ലെന്നു മാത്രമല്ല, അവശ്യാവശ്യകംകൂടിയാണ്. സ്രഷ്ടാവായ ദൈവത്തോടുള്ള കടപ്പാടു്, വിഷയസ്ഥങ്ങളായ (Objective) സത്യത്തോടുള്ള വിധേയത്വം തുടങ്ങിയവ ഈദൃശബാഹ്യനിയന്ത്രണങ്ങളുടെ പ്രധാന

---

(1) വ്യാപകമായ അർത്ഥത്തിലാണ് 'സ്വാതന്ത്ര്യം' എന്ന വാക്ക് ഇവിടെ ഉപയോഗിക്കപ്പെട്ടിരിക്കുന്നതു്.

ഘടകങ്ങളാണ്. മനുഷ്യൻ സൃഷ്ടിയായിരിക്കുന്നിടത്തോളംകാലം, തന്റെ അസ്തിത്വത്തിനും നിലനില്പിനും ഈശ്വരനെ ആശ്രയിക്കുകതന്നെ വേണം; അവിടുത്തെ അധികാരത്തിനു വിധേയനായിരിക്കുകയും ചെയ്യണം; അതുപോലെതന്നെ, വിഷയസ്ഥമായ സത്യത്തിനു മനുഷ്യബുദ്ധിയിൽനിന്നു സ്വതന്ത്രമായ ഒരു അസ്തിത്വമുള്ളതിനാൽ മനുഷ്യൻ സമ്മതിച്ചാലുമില്ലെങ്കിലും അവ സത്യമായിത്തന്നെ സ്ഥിതിചെയ്യുന്നു. അവയെ നിഷേധിക്കുവാൻ അവനു സ്വാതന്ത്ര്യമില്ല.

മററുള്ള ഏതു പ്രവൎത്തനങ്ങളിലുമെന്നതുപോലെ മാനസികമായ പ്രവൎത്തനത്തിലും ഈ വിധേയത്വത്തിനു മനുഷ്യൻ ബാധ്യസ്ഥനാണ്. സത്യാസത്യവിവേചനം ചെയ്യുന്നതിനും, അസത്യത്തെ അസത്യമായി തള്ളിക്കളഞ്ഞിട്ടു സത്യത്തെ സ്വീകരിക്കുന്നതിനും അവൻ സ്വതന്ത്രനാണ്. അസത്യത്തെ സത്യമായി സ്വീകരിക്കണമെന്ന് ആരെങ്കിലും അവനെ നിർബന്ധിക്കുന്നെങ്കിൽ, അത് അവന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള ഒരു കൈകടത്തലായിരിക്കും. എന്നാൽ, സത്യത്തേയും അസത്യത്തേയും ഒന്നുപോലെ സ്വീകരിക്കാനോ സത്യത്തെ പരിത്യജിച്ചിട്ട് അസത്യത്തിനു സ്വാഗതമരുളാനോ അവന് സ്വാതന്ത്ര്യമില്ല. സത്യത്തിനും യാഥാൎത്ഥ്യത്തിനും മനുഷ്യബുദ്ധി വിധേയമായിരിക്കുകതന്നെ വേണം. പട്ടാപ്പകൽ രാത്രിയാണെന്നു പറയുവാനോ വെള്ളക്കടലാസ് വെളുത്തതല്ലെന്നു വാദിക്കുവാനോ സുബോധമുള്ളവൎക്കു സ്വാതന്ത്ര്യമില്ല. ഈ അസ്വാതന്ത്ര്യം അടിമത്തമല്ല. രാഷ്ട്രത്തിന്റെ ന്യായ്യമായ നിയമങ്ങൾ

ക്കു വിധേയമായിരിക്കുക പൗരസ്വാതന്ത്ര്യത്തിനു വി ഘാതമല്ലാത്തതുപോലെ, ഭക്ഷണത്തിനായി ഭൂമിയേയും, വായുവിനായി അന്തരീക്ഷത്തേയും പ്രകാശത്തിനായി സൂര്യനേയും ആശ്രയിക്കുന്നതു് ഒരു ചെടിയുടെ സ്വാത ന്ത്ര്യത്തിനു ഹാനികരമല്ലാത്തതുപോലെ, സത്യത്തെ സ ത്യമായി സ്വീകരിച്ചുകൊണ്ടു ചിന്തയേയും മനസ്സിനേ യും അതിനു വിധേയമാക്കുന്നതു്, ഒരിക്കലും ചിന്താ സ്വാതന്ത്ര്യത്തിനു വിരുദ്ധമല്ല: മാനസികമായ അടിമ ത്തവുമല്ല. ഈ വിധേയത്വം തന്റെ സ്വാതന്ത്ര്യത്തി നു പ്രതിബന്ധമാണെന്നു വാദിച്ചുകൊണ്ടു സത്യത്തേയും അനുഭവങ്ങളേയും നിഷേധിക്കുന്നതു സ്വാതന്ത്ര്യമല്ല, സ്വാതന്ത്ര്യാഭാസമാണു്— ദുഃസ്വാതന്ത്ര്യം.

ഇപ്രകാരം അബദ്ധജടിലമായ അടിസ്ഥാനത്തി ന്മേൽ പ്രതിഷ്ഠിതമായിരിക്കുന്ന 'ചിന്താസ്വാതന്ത്ര്യ'സൗ ധത്തിന്റെ സ്ഥിതി ദയനീയമല്ലയോ? 'ചിന്താസ്വാ തന്ത്ര്യം' എന്നു പറഞ്ഞാൽ എന്തും ചിന്തിക്കുന്നതിനു ള്ള ലൈസൻസല്ല; പ്രത്യുത, ശരിയായി ചിന്തിക്കുന്ന തിനുള്ള അവകാശം മാത്രമാണെന്നു സിദ്ധിക്കുന്നു.

സ്വതന്ത്രചിന്ത, മാനസികമായ അടിമത്തം എ ന്നീ വാക്കുകളുടെ അർത്ഥവ്യാപ്തിയെക്കുറിച്ചു് ഇങ്ങനെ ചില നിഷ്കർഷകൾ ചെയ്തിട്ടു്, നമുക്കു ശ്രീ പിള്ളയു ടെ വാദമുഖങ്ങളെ പരിശോധിക്കാം.

"മതപരം, രാഷ്ട്രീയം, സാമുദായികം, സാമ്പ ത്തികം എന്നിങ്ങനെ തരംതിരിയുന്ന വിവിധരംഗങ്ങളി ലെല്ലാം" മാനസികമായ അടിമത്തമനോഗതി നിഴലി ച്ചുകാണാം എന്നു പരിദേവനം ചെയ്തുകൊണ്ടു ശ്രീ പി

ള്ള തുടരുന്നു: "ബൈബിളിൻേറയോ കൊറാൻേറയോ ഭഗവൽഗീതയുടേയോ അടിമകളാകാത്തവർ തത്വന്മതസ്ഥരിൽ എത്ര പേരുണ്ട്?" (പുറം 48). കൊറാൻേറയും ഭഗവൽഗീതയുടേയും കാര്യം തത്തന്മതസ്ഥൎക്കു വിട്ടുകൊടുത്തിട്ടു ബൈബിളിൻെറ അനുയായികളുടെ കാര്യംമാത്രം നമുക്കു പരിശോധിക്കാം. ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും ബൈബിളിൻെറ അടിമകളാണെന്നാണല്ലോ ശ്രീ കുററിപ്പുഴ ഇവിടെ പ്രസ്താവിക്കുന്നത്. ബൈബിളിൻെറ അനുയായികളിൽ ഒരു വലിയ ഭാഗം ആളുകളും കത്തോലിക്കരാണ്. മററുള്ള സംഗതികളിലെന്നതുപോലെ ബൈബിളിൻെറ കാര്യത്തിലും കത്തോലിക്കരുടെ വിശ്വാസം യുക്തിയുക്തമാണ്. ഈ വിഷയത്തിൽ കത്തോലിക്കരുടെ നില എന്താണെന്നു മനസ്സിലാകാത്തതുകൊണ്ടായിരിക്കാം ഇത്തരമൊരു പ്രസ്താവത്തിനദ്ദേഹം പ്രേരിതനായത്. ശാസ്ത്രീയവും താത്വികവും ചരിത്രപരവുമായ യാതൊരബദ്ധവും ബൈബിളിൽ കടന്നുകൂടിയിട്ടില്ലെന്നു യുക്തിയുക്തമായി സ്ഥാപിതമായിട്ടുണ്ട്. ലോകത്തിലെ ഒന്നാംകിടയിലുള്ള പണ്ഡിതന്മാർ ബൈബിളിനെപ്പററി സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.(1) ഒരു ചരിത്രഗ്രന്ഥമെന്ന നിലയിൽ അതിൻെറ വിശ്വാസ്യത അസംഖ്യങ്ങളായ പര്യവേക്ഷണങ്ങളാൽ സ്ഥിരീകരിക്കപ്പെട്ടിട്ടുമുണ്ട്. (2) അനിഷേധ്യമായ തെളിവുകളോടു

---

(1) സുപ്രസിദ്ധമായ "Tubingion School" ഇക്കൂട്ടത്തിൽ പ്രമുഖസ്ഥാനം വഹിക്കുന്നു.

(2) The Bible and Archaeology (Sir Frederic Kenyon)

കൂടെയാണു ബൈബിളിനെ തങ്ങളുടെ പ്രമാണ ഗ്രന്ഥമായി കത്തോലിക്കർ സ്വീകരിച്ചിട്ടുള്ളതു്. അല്ലാതെ, മി. പിള്ള വിഭാവനംചെയ്യുന്നതുപോലെ വെറും അന്ധമായ ഒരു അംഗീകാരമോ യുക്തിഹീനമായ ഒരു വിശ്വാസമോ അല്ല ഈ വിഷയത്തിൽ കത്തോലിക്കർ പ്രദർശിപ്പിക്കുന്നതെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ബൈബിൾ വിശ്വാസയോഗ്യമായ ഒരു ചരിത്രഗ്രന്ഥമാണെന്നു് ആഭ്യന്തരങ്ങളും ബാഹ്യങ്ങളുമായ തെളിവുകളാൽ ആദ്യം അവർ സമർത്ഥിക്കുന്നു. ഈക്കാര്യത്തിൽ കത്തോലിക്കർ ഉപയോഗിക്കുന്നതു് ചരിത്രഗ്രന്ഥങ്ങളുടെ വിശ്വാസ്യതയെ സ്ഥാപിക്കാൻ യുക്തി ആവശ്യപ്പെടുന്നതും പണ്ഡിതലോകം സ്വീകരിച്ചുവരുന്നതുമായ മാർഗ്ഗമാണു്. അതായതു്, വിശ്വാസയോഗ്യന്മാരായ ഗ്രന്ഥകാരന്മാർ തങ്ങൾക്കു നേരിട്ടു് അറിയാവുന്നവയെ വസ്തുസ്ഥിതിക്കനുയോജ്യമായി ലേഖനം ചെയ്തിട്ടുള്ളതാണു ബൈബിൾ എന്നും, അതു് ഇന്നുവരെ അഭംഗുരമായി സ്ഥിതിചെയ്യുന്നുവെന്നും ആഭ്യന്തരവും ബാഹ്യവുമായ തെളിവുകളാൽ അവർ സ്ഥാപിക്കുന്നു. പ്രാചീനകാലത്തെ ചരിത്രവും ഇങ്ങനെയല്ലേയോ വിദ്വല്ലോകം അറിയുന്നതു്? "ശാസ്ത്രീയപര്യവേക്ഷണങ്ങളിൽ പണ്ഡിതലോകം സാധാരണമായി സ്വീകരിച്ചിട്ടുള്ള തോതുവച്ചു സുവിശേഷങ്ങളുടെ വിശ്വാസ്യതയെ പരിഗണിക്കണമെന്നേ ക്രിസ്ത്യാനികൾ വാദിക്കുന്നുള്ളു." (1)

---

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു് (പുറം 81)

ഒരു തികഞ്ഞ സ്വതന്ത്രചിന്തകനായ അഡോൾഫ് ഹാർനാക്ക്(Adolf Harnack) സുവിശേഷഗ്രന്ഥങ്ങളെക്കുറിച്ചു ശ്രദ്ധാപൂർവ്വം പഠിച്ചതിനുശേഷം പ്രസ്താവിക്കുന്നതിപ്രകാരമാണു്: "പുതിയനിയമം ഉൾപ്പെടെയുള്ള പ്രാചീനക്രിസ്തീയഗ്രന്ഥങ്ങൾ വഞ്ചനകളുടേയും വ്യാജനിർമ്മാണങ്ങളുടേയും ഒരു ശേഖരമാണെന്നു വിശ്വസിക്കാതെ ഗത്യന്തരമില്ലെന്നു ജനസാമാന്യം വിചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ കാലം കഴിഞ്ഞുപോയി. . . . കത്തോലിക്കാസഭയുടെ എത്രയും പ്രാചീനങ്ങളായ ഗ്രന്ഥങ്ങൾ, സാഹിത്യപരവും ചരിത്രപരവുമായി വീക്ഷിക്കപ്പെടുമ്പോൾ പ്രധാനഭാഗങ്ങളിലും മിക്ക വിവരണങ്ങളിലും യഥാർത്ഥവും വിശ്വാസയോഗ്യവുമായിരിക്കുന്നു." (1) ഒരു അവിശ്വാസിയായിരുന്ന റൂസോയുടെ വാക്കുകളും പ്രകൃതത്തിൽ സ്മരണീയമാണു്: "സുവിശേഷത്തിലെ ചരിത്രം വ്യാജനിർമ്മിതമാണെന്നു പറയുവാൻ ആർക്കു ധൈര്യമുണ്ടാകും? അല്ലയോ സ്നേഹിതാ, വ്യാജനിർമ്മിതിയുടെ സ്വഭാവം ഇതല്ല. സോക്രട്ടീസിന്റെ ജീവചരിത്രസംഭവങ്ങൾ യേശുക്രിസ്തുവിന്റേതിനോളം വിശ്വാസയോഗ്യമായി സാക്ഷീകരിക്കപ്പെട്ടിട്ടില്ല. . . . നാലാളുകൾ ഒന്നുചേന്നു് ഈ ഗ്രന്ഥത്തെ വ്യാജമായി നിർമ്മിച്ചുവെന്നു സങ്കല്പിക്കുന്നതിനെക്കാൾ എളുപ്പം അതിലെ ചരിത്രത്തിനു വിഷയമായി ഒററ ഒരാൾ ജീവിച്ചിരുന്നുവെന്നു വിശ്വസിക്കുന്നതാണു്. . . . സുവിശേഷത്തിൽ പ്രത്യക്ഷമായിരിക്കുന്ന സത്യവത്ത്വത്തിന്റെ ലക്ഷണങ്ങൾ അത്യന്തമഹനീയവും ഹഠാദാ

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു് (പുറം 81–82)

കർഷകവും അനനുകരണീയവുമായിരിക്കകൊണ്ട്, അതു വ്യാജനിർമ്മിതിയാണെങ്കിൽ തൽകർത്താവ് അതിലേ ചരിത്രനായകനെക്കാളധികം വിസ്മയാവഹനായിരിക്കും." (1)

ഇപ്രകാരം ബൈബിൾ വിശ്വാസയോഗ്യമായ ഒരു ചരിത്രഗ്രന്ഥമാണെന്നു തെളിയിച്ചതിനുശേഷം, ക്രിസ്ത്യാനികൾ തങ്ങളുടെ വാദം ഇങ്ങനെ തുടരുന്നു: ബൈബിൾ ചരിത്രഗ്രന്ഥമായതുകൊണ്ട് അതിൽ വിവരിക്കപ്പെട്ടിരിക്കുന്നവയെല്ലാം യഥാർത്ഥത്തിൽ സംഭവിച്ചവയാണ്; അതിലേ കഥാപുരുഷന്മാർ യഥാർത്ഥചരിത്രപുരുഷന്മാരുമാണ്. തന്നിമിത്തം, ക്രിസ്തു തന്റെ ദൈവികത്വത്തെ സ്ഥാപിക്കുന്നതിനായി മനുഷ്യശക്തിക്കതീതമായ അത്ഭുതങ്ങൾ യഥാർത്ഥത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ട് അസത്യത്തിനു ദൈവം സാക്ഷിനില്ക്കുകയില്ലാത്തതിനാൽ, യഥാർത്ഥത്തിൽ ക്രിസ്തു ദൈവമായിരിക്കണമെന്നു സിദ്ധിക്കുന്നു. ഇങ്ങനെയാണു ക്രിസ്തുവിന്റെ ദൈവത്വത്തിൽ കത്തോലിക്കർ സയുക്തികം എത്തിച്ചേരുന്നത്.

"ഞാൻ സത്യവും വഴിയും ജീവനും ആകുന്നു", "എന്റെ പിന്നാലെ നടക്കുന്നവൻ അന്ധകാരത്തിൽ വ്യാപരിക്കുന്നില്ല" എന്നിങ്ങനെ അരുൾചെയ്ത ദൈവപുത്രനായ ക്രിസ്തുവിന്റെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്നതാണു സുവിശേഷഗ്രന്ഥം. അനന്തജ്ഞാനിയും സത്യസ്വരൂപനുമായ ദൈവസുതന്റെ പ്രബോധനങ്ങളിൽ അബദ്ധത്തിന്റെ നിഴൽപോലും വീശിക്കാണാൻ സാ

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേയ്ക്കു (പുറം 85)

ധ്യമല്ലാത്തതിനാൽ, സുവിശേഷപ്രബോധനങ്ങൾ സ്വർഗ്ഗത്തിലേക്ക് അപ്രമാദമായി മാർഗ്ഗനിർദ്ദേശം ചെയ്യുന്നവയായിരിക്കണമെന്ന് അനുമാനിക്കുന്നതോ വിശ്വസിക്കുന്നതോ യുക്തിവിരുദ്ധമാണോ? ഇതിനെ മാനസികമായ അടിമത്തമായി 'യുക്തിവാദി'കളേ താറടിക്കുകയുള്ളൂ.

**"ഈവക ഗ്രന്ഥങ്ങളെപ്പററി (ബൈബിൾ, കൊറാൻ, ഭഗവൽഗീത) സ്വതന്ത്രമായ ഒരു ഗുണദോഷവിചിന്തനത്തിനു തയ്യാറാകുന്നവർ എത്രയെത്ര ചുരുക്കം?" (പുറം 48)**

ബൈബിളിനെപ്പോലെ ഇത്ര കൂലങ്കഷമായ പരിചിന്തനത്തിനും തീവ്രമായ വാദപ്രതിവാദങ്ങൾക്കും സനിഷ്കർഷമായ ഗവേഷണങ്ങൾക്കും വിധേയമായിട്ടുള്ള മറെറാരു ഗ്രന്ഥം ഇല്ലതന്നെ. ക്രൈസ്തവസഭയുടെ ആരംഭശതകങ്ങൾ മുതൽ ഇന്നുവരെയുള്ള എല്ലാ ക്രൈസ്തവപണ്ഡിതന്മാരും ബൈബിളിനെക്കുറിച്ച് അതിശ്രദ്ധയോടേ പഠിച്ചിട്ടുണ്ട്. ജസ്റ്റിൻ, ഇറനേവൂസ്, തെർത്തുല്യൻ, അലക്സാൻട്രിയായിലേ ക്ലെമെൻറ്, ഓറിജൻ, ജറോം, ജോൺ ക്രിസോസ്റ്റോം, അഗസ്റ്റിൻ, തോമസ് അക്വൈനാസ് തുടങ്ങിയ പ്രാചീന പണ്ഡിതന്മാരും അനേകമനേകം അധുനാതന പണ്ഡിതന്മാരും ഈ ഗ്രന്ഥത്തെക്കുറിച്ചു പഠിക്കുവാനായി ആയുസ്സിൻെറ വലിയഭാഗം ചെലവഴിച്ചു ശ്രമിച്ചുവെങ്കിലും, ബൈബിളിൻെറ മൂലഭാഷകൾ വശമാക്കി അവയെക്കുറിച്ചു പഠനം നടത്തിയെങ്കിലും, അവരാരും മി. പിള്ളയുടെ ദൃഷ്ടിയിൽ "സ്വതന്ത്രമായ ഒരു നിരൂപണത്തിനു മുതിർന്നിട്ടുള്ളവരല്ല"! പിന്നെ, എന്തായിരിക്കുമോ മി. പിള്ളയു

ടെ സ്വാതന്ത്ര്യമായ ഈ നിരൂപണം?

ക്രിസ്ത്യാനികളുടെ നിരൂപണം സ്വാതന്ത്ര്യമല്ലെങ്കിലും മി. പിള്ളയുടെ ആരാധ്യപുരുഷന്മാരായ 'സ്വാതന്ത്ര്യചിന്തക'ന്മാരുടെ നിരൂപണങ്ങളെങ്കിലും സ്വാതന്ത്ര്യമായിരിക്കണമല്ലോ. അവർ ബൈബിളിലെ ഓരോ അദ്ധ്യായവും എന്നല്ല, ഓരോ വാക്യവും പദവുംകൂടി കൂലങ്കഷമായി പരിശോധിക്കുകയും വലച്ചും പുലച്ചും,തിരിച്ചും മറിച്ചും മർദ്ദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമോ? ആഭ്യന്തരവും ബാഹ്യവുമായ ഈ വിമർശനങ്ങളുടേയും താരതമ്യപഠനങ്ങളുടേയും പര്യന്വേഷണങ്ങളുടേയും ശേഷവും, ബൈബിൾ പൂർവ്വവൽ അഭംഗമായും സുരക്ഷിതമായും നിലകൊള്ളുന്നു. ഡോക്ടർ അഡോൾഫ് ഹാർനാക്ക്, റൂസ്സോ തുടങ്ങിയ സ്വാതന്ത്ര്യചിന്തകരുടെ അഭിപ്രായങ്ങൾ മുകളിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. സ്ട്രാവുസ് (Straus), ബാവ്വർ (Baur), റെനാൻ (Renan), ബാററിഫോൾ (Batif-fol), ജാകചീയർ (Jacquier), ജൂലിക്കർ (Julicher), സാൻ (Zahn), ക്ലാവുസ്നർ (Klausner) തുടങ്ങിയ എത്രയെത്ര യുക്തിവാദികൾ ബൈബിളിൽ—തങ്ങളുടെ സിദ്ധാന്തങ്ങളുടെ യഥാർത്ഥ്യത്തെ ചോദ്യംചെയ്തുകൊണ്ടു നിലകൊള്ളുന്ന ബൈബിളിൽ—എന്തെങ്കിലും ദോഷമാരോപിക്കുവാനായി അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്.(1) പരാജ

---

(1) ബൈബിളിനെപ്പററി കൂലങ്കഷമായ പഠനം നടത്തിയിട്ടുള്ള ക്രൈസ്തവരും ക്രൈസ്തവേതരരും,സ്വാതന്ത്ര്യചിന്തകരുമായ ചില അധുനിക പണ്ഡിതന്മാരുടെ പേരുകൾ:— Theodore Keim; Hilgenfeld; H. J. Holtzmann; B. Weiss; Dr. William Sanday; Dr. William Ramsay; Dr. T. R. Glover;

യസമ്മതത്തോടുകൂടി അവരെല്ലാം പിൻവാങ്ങുകയോ, ബാലിശങ്ങളും അന്തസ്സാരവിഹീനങ്ങളും പരസ്പരവിരുദ്ധങ്ങളുമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു് പരോക്ഷമായെങ്കിലും തങ്ങളുടെ പരാജയത്തെ ഏററുപറയുകയോ ആണ് ചെയ്തിട്ടുള്ളതു്. ബൈബിളിനെപ്പററി പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങൾക്കെല്ലാം അപ്പോഴപ്പോൾതന്നെ ക്രൈസ്തവപണ്ഡിതന്മാർ യുക്തിയുക്തമായ സമാധാനം നല്കിയിട്ടുമുണ്ടു്. യഥാർത്ഥ്യം ഇതാണെങ്കിൽ ബൈബിളിനെപ്പററി 'സ്വതന്ത്രമായ ഒരു ഗുണദോഷവിചിന്തനത്തിനും തയ്യാറാകുന്നവർ താരതമ്യേന എത്ര ചുരുക്കം' എന്നു പ്രസ്താവിക്കുവാൻ ശ്രീ കുററിപ്പുഴയെ പ്രേരിപ്പിച്ചതെന്തായിരിക്കാം?

അഥവാ, ബൈബിളിൻെറ അനുയായികൾ ഓരോരുത്തനും അതിനെക്കുറിച്ചു 'സ്വതന്ത്രമായ ഗുണദോഷവിചിന്തനം' ചെയ്യണമെന്നായിരിക്കുമോ മി. പിള്ളയുടെ വാദം? അങ്ങനെയെങ്കിൽ, നിരക്ഷരകുക്ഷിയായ ഒരു സാധുവൃദ്ധയോ വായന അഭ്യസിച്ചു തുടങ്ങുകമാത്രം ചെയ്തിട്ടുള്ള ഒരു ബാലപാഠവിദ്യാർത്ഥിയോ ബൈബിളിൻെറ അനുഗാമിയായിത്തീരണമെങ്കിൽ ബൈബിളിനെക്കുറിച്ചു് 'സ്വതന്ത്രമായ ഗുണദോഷവിചിന്തനം'

Dr. Charles Harris; Dr. A. Julicher; Dr. Adolf Harnack; Dr. Rabbi Klausner; Dr. Theodore Zahn; F. F. Lias; Lepin; Drummond; Wright; Batiffold; Fillon; Rose; Lagrange; Fillion; H. Felder; L. Grandmaison; Jacquier (Christianity Vindicated p. 19).

ചെയ്യേണ്ടിയിരിക്കുന്നു! മാത്രമോ? സ്വന്തം അനുഭവവും യുക്തിയുംകൊണ്ടു സ്ഥാപിതമാകാത്ത യാതൊന്നും സ്വീകരിക്കുവാൻ ഒരുവനും സാധിക്കുകയില്ല; യാതൊരുകാര്യത്തിലും "അത്താറട്ടി" സ്വീകാര്യമാകുകയില്ല; വിദഗ്ധാഭിപ്രായമോ പരസാക്ഷ്യങ്ങളോ ഉപയോഗശൂന്യമായിത്തീരും. മരണകാരണമായേക്കാവുന്ന ഒരു ഭയങ്കരരോഗം ഒരു യുക്തിവാദിയെ ബാധിച്ചെന്നിരിക്കട്ടെ. അയാളെ ചികിത്സിക്കാൻ വരുന്ന ഡോക്ടരോട് അയാൾ ഇങ്ങനെ പറയുന്നൊന്നു കരുതുക: "ഹേ, ഡോക്ടർ, ഞാൻ ഒരു യുക്തിവാദിയാണ്; എല്ലാക്കാര്യവും ഗുണദോഷവിചിന്തനം ചെയ്തേ സ്വീകരിക്കൂ. നിങ്ങൾ നല്കുന്ന ഈ ഔഷധങ്ങൾ എന്തെല്ലാം കൂട്ടി ഉണ്ടാക്കിയതാണെന്നും, ഓരോന്നും ഏതു രോഗത്തിനുള്ള ഔഷധമാണെന്നും എന്നെ ഗ്രഹിപ്പിക്കുക; ഈ ഔഷധത്തിൽ നിങ്ങൾ വിഷം ചേർത്തിട്ടില്ലെന്നു തെളിയിക്കുക; ഇതുപയോഗിച്ചാൽ എൻെറ രോഗം സുഖമാകുമെന്ന് എന്നെ ബോധപ്പെടുത്തുക . . . . ഇതിനൊന്നുമൊരുക്കമില്ലെങ്കിൽ യുക്തിവാദിയായ എനിക്കു നിങ്ങളുടെ ഔഷധം ഉപയോഗിക്കുവാൻ നിവൃത്തിയില്ല." യുക്തിവാദിയായ ഈ രോഗിയെപ്പററി മി. പിള്ള എന്തു വിചാരിക്കുമോ ആവോ?

"മതപരമായ എന്തു പുതിയ അഭിപ്രായം പുറത്തുവന്നാലും അതു പൂർവാക്തഗ്രന്ഥങ്ങളിലെ തത്വങ്ങളോട് ഒത്തുവരുന്നുണ്ടോ എന്നാണു നമ്മുടെ നോട്ടം. ഒന്നുകിൽ പുതിയതു തെററാണെന്ന് ഉടൻ വിധി കല്പിക്കുക, അല്ലെങ്കിൽ ഒക്കാത്തിടത്ത് ഒപ്പിക്കുവാൻ വക്രവാദങ്ങൾ കൊണ്ടുവന്നു ശബ്ദ

ജാലം കാണിക്കുക . . . . ഇങ്ങനെ ഏതെല്ലാം തരത്തിലുള്ള മനോവികൃതികളാണ് മതപരമായ വിചാരണയിൽ വെളിപ്പെടാറുള്ളത്". (പുറം 49).

രണ്ടും രണ്ടും നാലാണെന്നുള്ളത് യുക്തിയുക്തമായി സ്ഥാപിച്ചു ബോധപ്പെട്ടിട്ടുള്ള ഒരാൾക്ക്, രണ്ടും രണ്ടും അഞ്ചാണെന്നോ മൂന്നാണെന്നോ സിദ്ധാന്തിക്കുന്ന മറെറാരുവൻെറ വാദമുഖങ്ങളെക്കുറിച്ചു പരിചിന്തനം ചെയ്യാതെ തന്നെ, അയാളുടെ അഭിപ്രായം 'തെററാണെന്നു വിധിയെഴുതുവാൻ' പാടില്ലയോ? ഭൂമി ഉരുണ്ടതാണെന്ന് അനിഷേധ്യങ്ങളായ തെളിവുകളാൽ പ്രസ്പഷ്ടമായി ബോധപ്പെട്ടിട്ടുള്ള ഒരുവന്, അതു പരന്നതാണെന്നുള്ള ആരുടെയെങ്കിലും നൂതനസിദ്ധാന്തം അബദ്ധമായിരിക്കണമെന്ന് "ഉടൻ വിധി കല്പിക്കരു"തോ?

പരസ്പരവിരുദ്ധങ്ങളായ രണ്ടു പ്രസ്താവങ്ങൾ ഒരേ സമയം യഥാത്ഥങ്ങളായിരിക്കുവാൻ നിവൃത്തിയില്ല. ഒന്നു ശരിയാണെങ്കിൽ, മറേറതു് അബദ്ധമായിരിക്കണം. യുക്തിവാദികളിൽ ആക്കെങ്കിലും ഈ തത്വത്തെ നിഷേധിക്കുവാൻ കഴിയുമോ? സ്വർഗ്ഗപ്രാപ്തിയ്ക്കുള്ള മാർഗ്ഗങ്ങൾ—സത്യസ്വരൂപനായ ദൈവപുത്രനാൽ നിർദ്ദിഷ്ടങ്ങളായ അപ്രമാദമാർഗ്ഗങ്ങൾ—ബൈബിളിൽ സംഗ്രഹിക്കപ്പെട്ടിട്ടുണ്ടെങ്കിൽ (അതു മുകളിൽ സ്ഥാപിച്ചിട്ടുണ്ടല്ലോ) അതിനു വിപരീതമായുള്ള ഏതൊരു മാർഗ്ഗവും അപഥസഞ്ചാരത്തിനു കാരണമായിത്തീരുമെന്ന് അനുമാനിക്കുവാൻ പാടില്ലയോ? ബൈബിളിലെ പ്രബോധനങ്ങൾ ദൈവനിർദ്ദിഷ്ടങ്ങളാകയാൽ അതു് അബദ്ധങ്ങളായിരിക്കുവാൻ പാടില്ലെന്നും അവയ്ക്കു വിപരീത

മായിട്ടുള്ള ഏതൊരു പ്രബോധനവും തെററായിരിക്കണമെന്നും 'ഉടനടി വിധിയെഴുതുന്നതു്' യുക്തിവിരുദ്ധമായ പ്രവൃത്തിയാണോ? അടിമത്തമനോഭാവപ്രകടനമാണോ? എന്നാൽ, മി. കൃഷ്ണപിള്ളയുടെ ദൃഷ്ടിയിൽ അതു 'മർക്കടമുഷ്ടി'പിടിത്തവും 'മനോവികൃതി'യുമാണു്! എന്തുചെയ്യാം, അദ്ദേഹം ഒരു "യുക്തിവാദി"യാണല്ലോ!

**"സ്വമതസിദ്ധാന്തം സാധുവാണെന്നു സമർത്ഥിച്ചാൽ മാത്രം പോരാ, അന്യസിദ്ധാന്തങ്ങളെല്ലാം അബദ്ധമാണെന്നു മർക്കടമുഷ്ടി പിടിച്ച സ്വബുദ്ധിയുടെ അടിമത്തംകൂടി പ്രദർശിപ്പിച്ചാലേ നമ്മുടെ നാട്ടിൽ ഒരുവൻ ലക്ഷണം തികഞ്ഞ ഒരു 'സിദ്ധാന്തി'യാകയുള്ളൂ" (പുറം 51).**

പരസ്പരവിരുദ്ധങ്ങളായ രണ്ടു സിദ്ധാന്തങ്ങൾ ഒരേ സമയം ശരിയായിരിക്കുവാൻ പാടില്ലല്ലോ. അവയിൽ ഒന്നു ശരിയാണെങ്കിൽ മറേറതു് അവശ്യം തെററായിരിക്കണം. മതകാര്യങ്ങളിലും ഈ തത്ത്വം സ്വീകാര്യമല്ലേ? തന്മൂലം, സ്വമതസിദ്ധാന്തം ശരിയാണെന്നു തെളിയിച്ചിട്ടുള്ള സുബോധമുള്ള ഒരുവനു്, അതിനു കടകവിരുദ്ധമായ അന്യസിദ്ധാന്തങ്ങൾ അബദ്ധങ്ങളാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. എങ്കിലും, 'വിചാരവിപ്ലവ'കർത്താവിൻെറ ദൃഷ്ടിയിൽ അതു 'മക്കടമുഷ്ടി പിടിക്കലോ' 'സ്വബുദ്ധിയുടെ അടിമത്തം പ്രദർശിപ്പിക്കലോ' ഒക്കെയാണു്! സത്യത്തെപ്പോലെതന്നെ അസത്യവും ശരിയാണെന്നു സമ്മതിച്ചുകൊടുക്കുവാനുള്ള "വിശാലമനസ്കത"യും 'സ്വതന്ത്രബുദ്ധിയും' സ്വതന്ത്രചിന്തകരായ യുക്തിവാദികൾക്കേ ഉണ്ടായിരിക്കുകയുള്ളൂ.

"കത്തോലിക്കരുടെ പോപ്പിനുള്ളതുപോലെ ഏതാണ്ടൊരു അപ്രമാദിത്വം (Infallibility) ഗാന്ധിക്കും ഇപ്പോൾ ലഭിച്ചുതുടങ്ങിയിട്ടുണ്ട്." (പുറം 52)

മാർപ്പാപ്പായുടെ അപ്രമാദിത്വത്തിൽ കത്തോലിക്കർ വിശ്വസിക്കുന്നതു്, അവരുടെ മാനസികമായ അടിമത്തിൻെറ ലക്ഷണമാണെന്നാണു മി പിള്ള ഇവിടെ സൂചിപ്പിക്കുന്നതു്. "ബീഹാർ ഭൂകമ്പത്തെപ്പററിയോ മറേറതെങ്കിലും കാര്യത്തെപ്പററിയോ എന്തസംബന്ധം പറഞ്ഞാലും അതു വേദവാക്യസദൃശം സ്വീകരിക്കുവാൻ തയ്യാറുള്ളവരെ തച്ഛിഷ്യഗണത്തിൽ ധാരാളം കാണാം" എന്നു്, തൻെറ ആശയത്തെ വിശദീകരിച്ചുകൊണ്ടു ശ്രീ കുററിപ്പുഴ പ്രസ്താവിക്കുന്നതിൽനിന്നു്, 'മാർപ്പായുടെ അപ്രമാദിത്വം'കൊണ്ടു കത്തോലിക്കർ വിവക്ഷിക്കുന്നതെന്താണെന്നു് അദ്ദേഹത്തിനു് അറിയാൻ പാടില്ലെന്നു മനസ്സിലാക്കാം. "അറിഞ്ഞുകൂടാത്തതിനെപ്പററി അറിയാമെന്ന നാട്യത്തിൽ അഭിപ്രായം പറയുന്നവരുടെ ഗണത്തിലല്ലേ" മി. കുററിപ്പുഴയെ ഉൾപ്പെടുത്തേണ്ടതു്? ഭാവിയിലെങ്കിലും ഇത്തരം അബദ്ധങ്ങൾ അദ്ദേഹം എഴുതിത്തള്ളാതിരിക്കുന്നതിനുവേണ്ടി മാർപ്പാപ്പായുടെ 'അപ്രമാദിത്വം'കൊണ്ടു കത്തോലിക്കർ വിവക്ഷിക്കുന്നതെന്താണെന്നു ചുരുക്കമായി ഇവിടെ പ്രസ്താവിക്കാം.

മനുഷ്യകുലത്തിനു സ്വർഗ്ഗമാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കുന്നതിനായി തിരുവവതാരംചെയ്ത ക്രിസ്തുനാഥൻെറ ദിവ്യപ്രബോധനങ്ങൾ വരമൊഴിയായി വേദപുസ്തകത്തിലും (ബൈബിളിലും) വാമൊഴിയായി സഭാചാരമ്പ

ത്യത്തിലും ആണ് അടങ്ങിയിരിക്കുന്നത്. അമൂല്യങ്ങളായ ഈ രണ്ടു ഭാണ്ഡാഗാരങ്ങളും കത്തോലിക്കാസഭയുടെ സൂക്ഷത്തിനും കൈകാര്യത്തിനുമായി ഏല്പിക്കപ്പെട്ടിരിന്നതിനാൽ അവയെ അഭംഗമായി വച്ചുകൊണ്ടിരിക്കുകയും അവയിൽ നിക്ഷിപ്തങ്ങളായിരിക്കുന്ന ദിവ്യപ്രബോധനങ്ങളെ ആവശ്യാനുസരണം, യഥാവസരം, ലോകരെ അറിയിക്കുകയുമാണു സഭയുടെ കത്തവ്യം. അതിൻെറ നിവ്വഹണത്തിനായി സഭാതലവനായ മാപ്പ്രാപ്പായും അദ്ദേഹത്തിൻെറ സഹായികളും പ്രസ്തുത ഭാണ്ഡാഗാരങ്ങൾ തുറന്ന് അവയിലെ ഉള്ളടക്കം പരിശോധിക്കുകയും ക്രിസ്തു പഠിപ്പിച്ചതെന്നു സകാരണം അവക്കു ബോധപ്പെടുന്നവയെ ലോകത്തിനു കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ അവസാനവിധി പറയുവാനുള്ള അധികാരം മാപ്പ്രാപ്പായുടേതാണ്. ഈ വിധിയിൽ തെററുണ്ടാകുകയില്ല; സഭാസ്ഥാപകനായ ദൈവസുതൻ മാപ്പ്രാപ്പായെ തെററിൽനിന്നു സംരക്ഷിച്ചുകൊള്ളും എന്നാണു കത്തോലിക്കരുടെ വാദം. കുറേക്കൂടി നിഷ്കൃഷ്ടമായിപ്പറഞ്ഞാൽ, 'വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ സാവ്വത്രികസഭയെ ഔദ്യോഗികമായി പഠിപ്പിക്കുമ്പോൾ അബദ്ധത്തിനധീനനാകാതെ, മാപ്പ്രാപ്പായെ ക്രിസ്തുനാഥൻ സംരക്ഷിച്ചുകൊള്ളും' എന്നുമാത്രമേ 'മാപ്പ്രാപ്പായ്ക്കു് അപ്രമാദിതമുണ്ട്' എന്നു വിശ്വസിക്കുമ്പോൾ കത്തോലിക്കർ അത്ഥമാക്കുന്നുള്ളു. ബീഹാർ ഭൂകമ്പത്തെപ്പററിയോ ആററമിക്കു ബോംബിനെപ്പററിയോ ഒക്കെ മാപ്പ്രാപ്പാമാർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ അപ്രമാദങ്ങളായിരി

ക്കണമെന്നു കത്തോലിക്കരാരും വാദിക്കുന്നില്ല, വാദിക്കു കയുമില്ല.

"സ്വന്തം ബുദ്ധി ഉപയോഗിച്ചു കണക്കുചെയ്യുന്ന ഒരു വിദ്യാർത്ഥിയെ, വഴിതെററാതെ ഉത്തരം കണ്ടുപിടിക്കുവാൻ അദ്ധ്യാപകൻ സഹായിക്കുന്നതുപോലെ, വേദപുസ്തകത്തിലും സഭാപാരമ്പര്യങ്ങളിലും അടങ്ങിയിരിക്കുന്ന വെളിപാടിനെപ്പററി സ്വബുദ്ധി ഉപയോഗിച്ചു ചെയ്യുന്ന പഠനങ്ങളിലും പര്യാലോചനകളിലും അബദ്ധമായ ഒരു വിധി പ്രസ്താവിക്കാതിരിക്കത്തക്കവണ്ണം മാർപ്പാപ്പായുടേയും അദ്ദേഹത്തിൻെറ ഉപദേശകരുടേയും ചിന്താഗതികളേയും മററു സാരമായ സാഹചര്യങ്ങളേയും ദൈവം നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ടെന്നേ കത്തോലിക്കർ വിശ്വസിക്കുന്നുള്ളു." (1)

ഈ വിശ്വാസത്തിനു ബലിഷ്ഠമായ അടിസ്ഥാനവും കത്തോലിക്കർക്കുണ്ട്. "ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും", "പരിശുദ്ധാത്മാവു നിങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യും" എന്നു തുടങ്ങിയ ക്രിസ്തുവിൻെറ—വഞ്ചിക്കുവാനും വഞ്ചിക്കപ്പെടുവാനും വാടില്ലാത്ത സത്യസ്വരൂപൻെറ— വാഗ്ദാനങ്ങളെ—ആകാശവും ഭൂമിയും കടന്നുപോയാലും അചഞ്ചലമായി നിലകൊള്ളുന്ന വാഗ്ദാനങ്ങളെ—ആധാരമാക്കിയാണു് ഈ തത്ത്വത്തിൽ കത്തോലിക്കർ വിശ്വസിക്കുന്നതു്. സത്യസ്വരൂപനിൽ അസത്യഭാഷണം ആരോപിച്ചാലേ, അനന്തജ്ഞാനിയ്ക്കു തെററുപററിയെന്നു

(1) യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു (പുറം 155)

വന്നാലേ കത്തോലിക്കരുടെ വിശ്വാസം അബദ്ധമായി ത്തീരുകയുള്ളൂ.

ഇത്ര യുക്തിയുക്തമായ ഒരു വിശ്വാസം സ്വീകരിക്കുന്ന കത്തോലിക്കരെപ്പോലെയാണുപോലും 'ബീഹാർ ഭൂകമ്പത്തെപ്പററി ഗാന്ധി പ്രസ്താവിക്കുന്ന എന്തബദ്ധവും വേദവാക്യസദൃശം സ്വീകരിക്കുന്നവർ! യുക്തിവാദിയായ മി. പിള്ളയുടെ യുക്തിവാദരീതി യുക്തിയുക്തം തന്നെ! ഇവിടെ മറെറാരു സംഗതിയും ശ്രദ്ധേയമായിട്ടുണ്ട്: ഗാന്ധിയുടെ അപ്രമാദിത്വം (അങ്ങനെയൊന്നുണ്ടെങ്കിൽ!) ജനങ്ങളിൽനിന്നു ലഭിച്ചിട്ടുള്ളതാണ്; കത്തോലിക്കരുടെ പോപ്പിനാകട്ടെ, അപ്രമാദിത്വം ദൈവത്തിൽനിന്നാണു കിട്ടിയിട്ടുള്ളത്; ജനങ്ങൾ സമ്മതിച്ചാലുമില്ലെങ്കിലും അദ്ദേഹത്തിനതുണ്ടായിരിക്കുകയും ചെയ്യും.

**"നമ്മൾ ആദ്യമേതന്നെ ഒരു 'ഫിലാസഫി' പഠിക്കുന്നു. എന്നിട്ട് അതിന്റെ വെളിച്ചത്തിൽ വസ്തുസ്ഥിതികൾ നീതീകരിക്കാനാണു നമ്മുടെ ശ്രമം എന്നിങ്ങനെ ഒരു നിരൂപകൻ അഭിപ്രായപ്പെട്ടിട്ടുള്ളത് ഈയവസരത്തിൽ സ്മരണീയമാണ്"** "We are taught our philosophy first and in its lights we try to justify facts" **എന്നാണ് അദ്ദേഹം പറയുന്നത്. മനോബന്ധനത്തിനിടയാക്കുന്ന ഈ സമ്പ്രദായം നേരേ വിപരീതമായിത്തീർന്നാലേ ചിന്താശക്തി സ്വതന്ത്രമായി വ്യാപരിക്കുകയുള്ളൂ. (പുറം 35)**

ഈ പ്രസ്താവം രണ്ടുവിധത്തിൽ മനസ്സിലാക്കാം: യാതൊരു 'ഫിലാസഫി'യും പഠിക്കാതെ വസ്തുസ്ഥിതികളെ നീതീകരിക്കുന്നതിനുവേണ്ടി ഓരോരുത്തനും സ്വന്തം പ്രയത്നംകൊണ്ട് ഓരോ 'ഫിലാസഫി' ഉണ്ടാക്കണം;—

യാതൊരു 'അത്താറട്ടി'യും 'ഫിലാസഫി'യിൽ സ്വീകാര്യമല്ല. അല്ലെങ്കിൽ, വസ്തുസ്ഥിതികഠം നിരീക്ഷിച്ചിട്ട് അവയെ നീതീകരിക്കുവാൻ തക്കവിധം നിർമ്മിക്കപ്പെട്ടിട്ടുള്ള 'ഫിലാസഫി'യേ സ്വീകരിക്കാവൂ!

ഇതിൽ ആദ്യത്തേ ആശയമാണു മി. കുററിപ്പുഴ ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ അദ്ദേഹത്തോടു സഹതപിക്കുകയേ നിവൃത്തിയുള്ളൂ; സ്വന്തം പ്രയത്നംകൊണ്ടു വസ്തുസ്ഥിതികളെ നീതീകരിക്കുവാനുതകുന്ന രീതിയിലുള്ള 'ഫിലാസഫി' ഓരോരുത്തരും നിർമ്മിക്കണമെങ്കിൽ, തത്വശാസ്ത്രജ്ഞന്മാർ നിരന്തരമായ പഠനങ്ങളുടേയും ക്രൂലങ്കഷമായ പരീക്ഷണങ്ങളുടേയും ഫലമായി കണ്ടുപിടിച്ചിട്ടുള്ള, തെളിയിച്ചിട്ടുള്ള, സ്ഥാപിച്ചിട്ടുള്ള താത്വികസിദ്ധാന്തങ്ങഠം മററുള്ളവക്ക് ഉപയോഗശൂന്യമായിത്തീരും; അവയെക്കുറിച്ചു പഠിക്കേണ്ട ആവശ്യമില്ല. അവയെപ്പററി എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങഠം അഗ്നിക്കിരയാക്കിക്കളയണം. തത്വശാസ്ത്രപഠനത്തിനായുള്ള കലാലയങ്ങഠം പൂട്ടിക്കളയണം. 'ഫിലാസഫി'യിൽ മാത്രം ഈ വിശിഷ്ടതത്വം പ്രയോഗിച്ചാൽ മതിയോ? പ്രകൃതിശാസ്ത്രങ്ങളിലും ഇതു സ്വീകരിച്ചുകൂടെയോ? മലയാളഭാഷാധ്യയനത്തിലും ഈ രീതി നടപ്പാക്കരുതോ? ശ്രീ കുററിപ്പുഴ ഒരു പുതിയ വ്യാകരണം നിർമ്മിക്കട്ടെ; അതദ്ദേഹംമാത്രം ഉപയോഗിക്കട്ടെ. അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ ഓരോരുത്തരും സ്വന്തം പ്രയത്നംകൊണ്ടു പ്രത്യേകം പ്രത്യേകം വ്യാകരണനിയമങ്ങഠം നിർമ്മിച്ചുപയോഗിച്ചുകൊള്ളട്ടെ; അവരെന്തിനു മി. പിള്ളയെ ആശ്രയിക്കുന്നു, അധ്യയനത്തിനായി? എന്തിന് അ

ദ്ദേഹത്തിൻെറ സമയം പാഴാക്കിക്കളയുന്നു? കേരളീയരെ 'ഉൽബുദ്ധരും സ്വതന്ത്രചിന്തകരുമാക്കുന്നതിന്' അദ്ദേഹം തൻെറ കഴിവും സമയവും ചെലവാക്കട്ടെ. അങ്ങനെ, അദ്ദേഹത്തിൻെറ ലേഖനത്തിനായി 'ദാഹിച്ചും ആഗ്രഹിച്ചുമിരിക്കുന്ന'യുക്തിവാദിപത്രാധിപരുടെ 'ദാഹവും കൊതിയും' തീക്കുവാൻ അദ്ദേഹത്തിനു കുറച്ചു സമയം ലഭിക്കുമല്ലോ. അഥവാ, താൻ എഴുതിത്തള്ളുന്ന ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പ് ഒന്നുകൂടിയെങ്കിലും വായിക്കുന്നതിനും, അവയുൾക്കൊള്ളുന്ന ഭീമങ്ങളും ബഹുലങ്ങളുമായ യുക്തിഹീനതകളെ കുറച്ചെങ്കിലും ഗ്രഹിക്കുന്നതിനും അദ്ദേഹത്തിനു കുറച്ചു സമയം കിട്ടട്ടെ!

രണ്ടാമത്തെ ആശയമാണു മി. പിള്ള ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ, ഒരിക്കലെങ്കിലും ശരിയായ അഭിപ്രായം പറയുവാൻ സാധിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കുന്നതോടുകൂടി, ആ തത്ത്വത്തെ പ്രായോഗികമാക്കുവാൻ അദ്ദേഹത്തോടുപദേശിക്കുകയും ചെയ്തുകൊള്ളട്ടെ. വസ്തുതകളെ സ്വീകരിച്ചുകൊണ്ട് അവയിൽനിന്നു സിദ്ധാന്തങ്ങളെ രൂപവൽകരിക്കുക— ഇതാണു ശരിയായ 'ഫിലാസഫി'യുടെ പ്രവത്തനരീതി. അല്ലാതെ, യുക്തിവാദികൾ ചെയ്യുന്നതുപോലെ, സിദ്ധാന്തങ്ങളെ കണ്ണടച്ചു വിശ്വസിച്ചുകൊണ്ട്, അവയോടു യോജിക്കുന്നില്ലെന്നുള്ള കാരണത്താൽ വസ്തുതകളെ നിഷേധിക്കുന്നതു മൗഢ്യമാണ്. (1)

---

(1) 48-ാം വശം കാണുക.

"വിശ്രുതന്മാരായ ഗ്രന്ഥകാരന്മാർ, രാജ്യതന്ത്രജ്ഞന്മാർ, തത്വജ്ഞാനികൾ മുതലായവർ സമ്പാദിച്ചിട്ടുള്ള അനുയായികളിൽ ഭൂരിഭാഗവും ബുദ്ധിപരമായ അടിമത്തം പ്രദർശിപ്പിക്കുന്നവരത്രേ . . . സോക്രട്ടീസ്, അരിസ്റ്റോട്ടൽ, പ്ലേറ്റോ, ശങ്കരാചാര്യർ, കാറൽ മാർക്സ്, മഹാത്മാഗാന്ധി തുടങ്ങിയ ലോകാചാര്യന്മാക്കെല്ലാം ആയിരക്കണക്കിന് അടിമകളെ കിട്ടിയിട്ടുണ്ട്" (പുറം 50). ശരിയാണത്. മി. പിള്ള തന്നെ അതിനു മകുടോദാഹരണവും. സർ ജേ. സി. ഫ്റേസരുടേയും കാറൽ മാർക്സിന്റേയും അടിമയല്ലേ അദ്ദേഹം? ഫ്രേസരുടെ അബദ്ധജടിലവും അടിസ്ഥാനരഹിതവുമായ അഭ്യൂഹങ്ങളെ അപ്രമാദസത്യങ്ങളും അനിഷേധ്യചരിത്രവസ്തുതകളുമായി സ്വീകരിക്കുവാൻ, കാറൽ മാർക്സിന്റെ അശാസ്ത്രീയവും അപ്രായോഗികവുമായ സിദ്ധാന്തത്തെ വാനോളം പുകഴ്ത്തുവാൻ, മി. പിള്ളയെ പ്രേരിപ്പിച്ചത് ഈ അടിമത്തമനഃസ്ഥിതിതന്നെയാണ്. "നമ്മളിൽ പലരേയും അതു് (മാനസികമായ അടിമത്തമാകുന്ന ബാധ) പിടികൂടിയിട്ടുണ്ടെന്ന് ഒരു ആത്മശോധന നടത്തിയാൽ അറിയാറാകും" (പുറം 47) എന്നു പ്രസ്താവിക്കുന്നിടത്തു് ഈ യാഥാർത്ഥ്യം അദ്ദേഹം തുറന്നു സമ്മതിക്കുകയായിരിക്കണം ചെയ്യുന്നത്.

ശ്രീ കുററിപ്പുഴ മറന്നുപോയതോ മറന്നു കളഞ്ഞതോ ആയ മറെറാരുതരം മാനസികമായ അടിമത്തം നമ്മുടെ നാട്ടിലും പ്രചരിച്ചുവരുന്നുണ്ട്. (വിചാരവിപ്ലവകത്താവിനെപ്പോലെയുള്ള പരിഷ്കൃതരുടെയിടയിൽ

അതിനൊരു മാന്യമായ സ്ഥാനവും ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നു.) സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള അടിമത്തം—മനസ്സിനെ ദുസ്സ്വാതന്ത്ര്യത്തിനും ചില മുൻവിധികൾക്കും അടിമപ്പെടുത്തുന്ന 'സ്വതന്ത്രചിന്തകരുടെ' ചിന്താസ്വാതന്ത്ര്യമാകുന്ന പാരതന്ത്ര്യം. "സ്വതന്ത്രചിന്താഭ്രമം മനുഷ്യനെ മറെറാരു അസ്വാതന്ത്ര്യത്തിലാണു കൊണ്ടു ചാടിക്കുന്നത്. കാരണം, പുതിയതെന്ന് വല്ലവരും പറയുന്നതത്രയും കണ്ണുംപൂട്ടി അതേപടി വിഴുങ്ങുകയാണു സ്വതന്ത്രചിന്തയുടെ ചിന്തകൂടാത്ത അസ്വാതന്ത്ര്യത്തിന്റെ ഫലം. ചില ദുഃസ്വതന്ത്രരുടെ കടിഞ്ഞാൺ വലിയനുസരിച്ചായിരിക്കും പല സ്വതന്ത്രചിന്തകന്മാരുടേയും ചാട്ടം"(1) ചില മുൻവിധികളും വിശ്വാസങ്ങളുമാകുന്ന ചങ്ങലയാൽ ബന്ധിതരാണ് അവർ. ഏവയാണെന്നോ ഈ മുൻവിധികളും വിശ്വാസങ്ങളും? പഴയതെല്ലാം തെററായിരിക്കണമെന്ന്, 'മരിച്ചു മണ്ണായിപ്പോയ പുരാതനർ' പാലിച്ചുപോന്ന വിശ്വാസപ്രമാണങ്ങളും ആചാരമര്യാദകളുമെല്ലാം' അബദ്ധമായിരിക്കണമെന്നുള്ള മുൻവിധി; പുതിയതെന്തും, നവീനത്വം ഉൾക്കൊള്ളുന്നതെന്തും, സ്വീകാര്യവും പുരോഗമനപരവുമായിരിക്കണമെന്നുള്ള അന്ധവിശ്വാസം.

"എന്നാണു മനുഷ്യൻ സ്വതന്ത്രനാകുന്നത്" (പുറം 55) എന്നോ? എന്നു മനുഷ്യൻ സത്യത്തെ ഗ്രഹിച്ച് അതിനെ ആശ്ലേഷിക്കുമോ, എന്നു മനുഷ്യൻ സത്യ

(1) നേരത്തിനൊത്ത നേരമ്പോക്ക്.

മതപ്രബോധനങ്ങളാൽ പ്രചോദിതനായി സ്വജീവിതത്തെ തദനുസാരം രൂപവൽകരിക്കുമോ അന്ന് അവൻ സ്വതന്ത്രനാകും; അന്നുമാത്രമേ അവൻ സ്വതന്ത്രനാവുകയുള്ളൂ.

# 6. കാര്യകാരണബന്ധം

കാര്യകാരണബന്ധത്തെപ്പററി പ്രതിപാദിക്കുന്നിടത്തു് 'കാരണംകൂടാതെ കാര്യം ഉണ്ടാകുന്നില്ലെന്നും, ഒരു കാര്യത്തിനു വിവിധകാരണങ്ങളും, ഒരു കാരണത്തിൽനിന്നു പലവിധകാര്യങ്ങളും ഉണ്ടാകാമെന്നും, കാര്യങ്ങളുടെ അജ്ഞാതകാരണങ്ങളാണു് അന്ധവിശ്വാസങ്ങൾക്കുള്ള ഹേതു'വെന്നും പ്രസ്താവിച്ചതിനുശേഷം മി. കുററിപ്പുഴ ഇപ്രകാരം തുടരുന്നു: **"പ്രപഞ്ചത്തിനു് ഒരു ആദികാരണം വേണമെന്നും അതാണു് ഈശ്വരൻ എന്നും വാദിക്കുന്നവർ ഇന്നും ധാരാളമുണ്ടു്. അല്പം ആലോചിച്ചാൽ ഈ 'ആദികാരണ'ത്തിനു നിലനില്പില്ലെന്നു മനസ്സിലാക്കാം"** (പുറം 39). വിചിത്രമായ ഒരഭിപ്രായം! കാര്യത്തിനു കാരണം അത്യന്താപേക്ഷിതമാണെന്നു വാദിച്ചുകൊണ്ടു, കാര്യത്തിനു കാരണം ആവശ്യമില്ലെന്നു സമാപിക്കുന്നതാണു യുക്തിയെങ്കിൽ മി. കുററിപ്പുഴ ഒരു തികഞ്ഞ യുക്തിവാദിതന്നെ! പ്രോത്സാഹനാർഹമായ യുക്തിവാദം!

**"അല്പം ചിന്തിച്ചാൽ ഈ 'ആദികാരണ'ത്തിനു നിലനില്പില്ലെന്നു മനസ്സിലാക്കാം."** പക്ഷേ, മി. കുററിപ്പുഴ ചിന്തിച്ചിട്ടു ഒരു വൃത്തമാണു കിട്ടിയതു്. വൃത്തത്തിന്റെ ആദി

യും അന്തവും നിർണ്ണയിക്കാൻ സാധിക്കാത്തതുപോലെ പ്രപഞ്ചത്തിൻെറയും ആദിയും അന്തവും നിർണ്ണയിക്കാൻ നിവൃത്തിയില്ല! ഒരുപക്ഷേ മി. കുററിപ്പുഴയുടെ വാദം ശരിയായിരിക്കാം! ഭൂമി ഉരുണ്ടതല്ലേ? ഗോളങ്ങളും ഉരുണ്ടതാണല്ലോ. വൃത്താകൃതിയിലുള്ള ഇവയുടെ ആദിയും അന്തവും എങ്ങനെയാണു നിർണ്ണയിക്കുക! എന്നാൽ, 'എങ്ങനെ ഉണ്ടായി? എന്താണു കാരണം?' എന്നീ രൂപത്തിലുള്ള ചോദ്യം നമ്മുടെ മനസ്സിൽ സ്വാഭാവികമായി വന്നുകൊണ്ടുതന്നെയിരിക്കുന്നു. അതിനൊരു സമാധാനം ലഭിക്കുവാനുള്ള അനിയന്ത്രിതമായ തൃഷ്ണയെ എങ്ങനെയാണു ശമിപ്പിക്കുക! ഏതായാലും മി. കൃഷ്ണപിള്ളയുടെ സഹായത്താൽ ഒരു മാർഗ്ഗം കണ്ടുകിട്ടിയിട്ടുണ്ട്: ഒരു വൃത്തം!

"ഒരു വൃത്തം എവിടെ തുടങ്ങുന്നു എന്നോ, എവിടെ അവസാനിക്കുന്നു എന്നോ നിർണ്ണയിക്കുവാൻ വയ്യ" (പുറം 39). അതുകൊണ്ട് ഒരു വൃത്തത്തിന്ന് ആദിയും അന്തവും ഇല്ലെന്നായിരിക്കുമോ മി. കുററിപ്പുഴയുടെ വാദം! എന്നാൽ എവിടെയെങ്കിലും ആരംഭിക്കാതെ ഒരു വൃത്തം ഉണ്ടാകുന്നുണ്ടോ? ആദിയും അന്തവും നിർണ്ണയിക്കാൻ കഴിവില്ലാത്തതുകൊണ്ട് ആദിയോ അന്തമോ ഇല്ലെന്നു പറയുന്നതു് ഒരു പുതിയ കണ്ടുപിടിത്തംതന്നെ! ഒരു വൃത്തം എവിടെ തുടങ്ങുന്നുവോ അവിടെ അതിൻെറ ആരംഭവും എവിടെ അവസാനിക്കുന്നുവോ അവിടെ അതിൻെറ അന്തവുമാണു്.

ഒരു യുക്തിവാദിയെന്നു നടിക്കുന്ന മി. കുററിപ്പുഴ പറയുന്നു: "കേവലംകാരണാവസ്ഥയിൽ ഒന്നിന്നും നിലയില്ല."

അദ്ദേഹത്തിൻെറ ഈ അഭിപ്രായത്തിനു കേരളത്തിലേ ഒരു തികഞ്ഞ ചിന്തകൻ ഇപ്രകാരം സമാധാനം നല്കുന്നു: "ആസ്തികമായ സൎവ്വ വസ്തുക്കളും കാൎയ്യങ്ങൾ (effects) ആയിരിപ്പാൻ പാടില്ല. ചില വസ്തുക്കൾ കാൎയ്യങ്ങളാണെന്നു സമ്മതിച്ചുകൊള്ളുന്നു. പക്ഷേ, എല്ലാ വസ്തുക്കളും ഫലങ്ങളാണെന്നു പറയുന്നതു് അയുക്തികമാണു്. എല്ലാവസ്തുക്കളും സംഭ്രുതങ്ങളാണെങ്കിൽ അവയെല്ലാം കാൎയ്യങ്ങളാണെന്നു് അനുമാനം ചെയ്യേണ്ടിവരും. എന്തെന്നാൽ, സംഭ്രുതമായ (ഉണ്ടാക്കപ്പെട്ട) വസ്തുക്കളെല്ലാം ഫലങ്ങളാണു്. പക്ഷേ, കാരണംകൂടാതെ അവ സംഭവിച്ചതെങ്ങനെ? എല്ലാവസ്തുക്കളും ഫലങ്ങളാണെങ്കിൽ അവയുടെ ഹേതു ഏതാണെന്നുള്ള ചോദ്യത്തിനു സമാധാനമില്ല. ആസ്തികത്വമുള്ള സൎവ്വവസ്തുക്കളും ഫലങ്ങളാണെന്നു പറയുന്നതു കാരണംകൂടാതെ കാൎയ്യം സംഭവിക്കുവാൻ തുടങ്ങുമെന്നു പറയുന്നതിനു തുല്യമാണു്. ഇതു പരമാബദ്ധമല്ലയോ? തന്മൂലം, ഫലമല്ലാത്ത — സംഭ്രുതമല്ലാത്ത— കാരണമാത്രമായ— ഒരു വസ്തു ഉണ്ടെന്നുള്ള അനുമാനം ഒഴിച്ചുകൂടാത്തതാകുന്നു."(1)

ഒരു ചിത്രം അതിൻെറ ചിത്രകാരനേയും, ഗ്രന്ഥം ഗ്രന്ഥകാരനേയും അനുസ്മരിപ്പിക്കുന്നതുപോലെ, അത്യത്ഭുതകരമായ ക്രമീകരണത്തോടും ഘടനാവൈചിത്ര്യത്തോടുംകൂടിയ ഈ പ്രപഞ്ചം അതിനു കാരണമായി അതിനെക്കാൾ ഉൽകൃഷ്ടമായ ഒന്നുണ്ടെന്നു ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നുണ്ടു്

---

(1) അസ്തിക്യവാദം. പുറം 17.

നാം ഓരോരുത്തരും ഉത്ഭവിച്ചതു നമ്മുടെ മാതാപിതാക്കന്മാരിൽനിന്നാണല്ലോ. എന്നാൽ, നമ്മുടെ മാതാപിതാക്കന്മാർ എങ്ങനെ ഉണ്ടായി എന്നാണ് അടുത്ത ചോദ്യം. അവർക്കും മാതാപിതാക്കന്മാർ ഉണ്ടായിരുന്നു. ഇപ്രകാരം ഭൂതകാലത്തിലേയ്ക്കു എത്രതന്നെ തിരിഞ്ഞുനോക്കിയാലും അവസാനമായി ഒരു ആദികാരണത്തിൽ ചെന്നെത്താതിരിക്കാൻ നിവ്വാഹമില്ല. ഈ ആദികാരണമാണു ദൈവം എന്ന് ഈശ്വരവിശ്വാസികൾ പറയുന്നു.

ആദികാരണത്തെ നിഷേധിച്ചുകൊണ്ട് ഒരു കാര്യകാരണശൃംഖല നിർമ്മിക്കാൻ ശ്രമിക്കുന്ന ആധുനാതന യുക്തിവാദികളുടെ വാദരീതി വിചിത്രമായിരിക്കുന്നു. ഏ, ബി, സി, ഡി, ഈ എന്ന് ഒരു കാര്യകാരണശൃംഖല ഉള്ളതായി സങ്കല്പിക്കുക. ഈ ശൃംഖലയിൽ 'ഈ'യുടെ കാരണം 'ഡീ'യും, 'ഡീ'യുടെ കാരണം 'സി'യും, 'സി'യുടെ കാരണം 'ബി'യും, 'ബി'യുടെ കാരണം 'ഏ'യുമാണെന്നു തെളിവാകുന്നുണ്ടല്ലോ. 'ഏ'യാണ് ഇവിടെ ആദികാരണം. 'ഏ' ഇല്ലെങ്കിൽ 'ബി'യോ 'സി'യോ അവസാനമായി 'ഈ'യോ ഉണ്ടാകുന്നില്ലെന്നുള്ള പ്രസ്താവം സുബോധമുള്ള ആരും നിഷേധിക്കുകയില്ല. ഇപ്രകാരം ആദികാരണമെന്നൊന്നില്ലെങ്കിൽ കാര്യകാരണശൃംഖലയിൽ ഒരു കണ്ണിപോലും ഉണ്ടാകുകയില്ലെന്നു സ്പഷ്ടം.

ഈ കാര്യകാരണബന്ധത്തെ മി. കൃഷ്ണപിള്ളയും കൂട്ടരും അഭിപ്രായപ്പെടുന്നതുപോലെ ചക്രഭ്രമണരൂപത്തിലാക്കിയാൽ 'ഏ'യുടെ കാരണം 'ഈ'യോ അതിൽനിന്നു പുറപ്പെടേണ്ട മറേറതെങ്കിലും ഒന്നോ ആ

ന്നെന്ന് ഇക്കൂട്ടർ സമ്മതിക്കേണ്ടിവരുന്നു. അതായതു്, ഭൂതകാലത്തു സ്ഥിതിചെയ്തിരുന്ന ഒരു വസ്തുവിന്റെ കാരണത്തെ ഭാവിയിൽ തേടേണ്ടതായി വന്നുകൂടും. മററു വാക്കിൽ പറഞ്ഞാൽ, ഒരു വസ്തു ഉണ്ടാകുന്നതിനു മുമ്പു തന്നെ അതു മറെറാരുവസ്തുവിന്റെ കാരണമായി എന്നു സമ്മതിക്കേണ്ടിവരും. ഇതിൽനിന്നും ആദികാരണം ഇല്ലാതെ മററു കാരണങ്ങൾ ഉണ്ടായിരിക്കുകയോ, മററു കാരണങ്ങൾ ഉണ്ടായിരിക്കെ ആദികാരണം ഉണ്ടാകാതിരിക്കുകയോ ചെയ്യുന്നതു തികച്ചും അസംഭവ്യമെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

മറെറാരുദാഹരണംകൊണ്ടു് ഈ വസ്തുത ഒന്നുകൂടി സ്പഷ്ടമാക്കാം. 'കാൎയ്യകാരണബന്ധം ഒരു വൃത്തത്തിനു തുല്യം ആദിയും അന്തവും ഇല്ലാത്തതാണെ'ന്നാണല്ലോ മി. പിള്ളയുടെ വാദം. ഈ നിയമത്തെ ആധാരമാക്കി നമുക്കൊരുത്തന്റെ വംശാവലിയൊന്നു പരിശോധിക്കാം. വംശാവലിയാകുന്ന 'വൃത്ത'ത്തിന്റെ ഒരു ഭാഗത്തു കൃഷ്ണൻ എന്ന ഒരാളെ സങ്കല്പിക്കാം. കൃഷ്ണനു കാരണമായി അതിനുപരി അവന്റെ പിതാവു. പിതാവിനു കാരണമായി പിതാമഹൻ. പിതാമഹനു കാരണം പ്രപിതാമഹൻ. ഇങ്ങനെ ആ വംശാവലീവൃത്തത്തെ ഒന്നു വട്ടം ചുററി കൃഷ്ണന്റെ സ്ഥാനത്തു വീണ്ടും വരുമ്പോൾ അവൻ തന്റെ ഒരു വലിയ മുത്തച്ഛന്റെ കാരണമായി നിലകൊള്ളുന്നെന്നു കാണാം.

"ഈ ആദികാരണത്തിനു നിലനില്പില്ലെന്നു'ള്ള തന്റെ വാദം എത്ര അൎത്ഥശൂന്യമെന്നു്, 'അല്പം ആലോചിച്ചിരുന്നെങ്കിൽ മി. പിള്ളയ്ക്കു മനസ്സിലാക്കാമായിരുന്നു.

ഇത്രയ്ക്കു യുക്തിഹീനമായ ഒരഭിപ്രായത്തിന്റെ പ്രണേതാവായി പ്രത്യക്ഷപ്പെടുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് എന്തായിരിക്കാം! 'മനുഷ്യജീവിതത്തെ ഭരിക്കുന്ന മുഖ്യഘടക'മെന്നു് അദ്ദേഹം വേറൊരദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സാമ്പത്തികതാൽപര്യമോ, ശാസ്ത്രജ്ഞന്മാരുടെ പട്ടികയിൽ എണ്ണപ്പെടാനുള്ള ആഗ്രഹമോ, മനുഷ്യന്റെ അമിതമായ ലൗകികസുഖാസക്തിയെ നിയന്ത്രിക്കുന്ന മതബോധത്തെ ഉന്മൂലനം ചെയ്യാനുള്ള ആവേശമോ?

പ്രപഞ്ചവസ്തുക്കളെ ധാതുദ്രവ്യങ്ങൾ, സസ്യങ്ങൾ, മൃഗങ്ങൾ, മനുഷ്യർ ഇങ്ങനെ നാലു വർഗ്ഗങ്ങളായിട്ടാണു ശാസ്ത്രജ്ഞന്മാർ വിഭജനംചെയ്യുന്നതു്. ധാതുദ്രവ്യങ്ങളെക്കാൾ ഒരു പടി ഉയർന്നതാണു സസ്യങ്ങൾ. സസ്യങ്ങളെക്കാൾ മൃഗങ്ങളും, മൃഗങ്ങളെക്കാൾ മനുഷ്യനും ഓരോ പടി ഉയർന്നുനില്ക്കുന്നു. ധാതുദ്രവ്യങ്ങളിൽനിന്നു സസ്യങ്ങളോ സസ്യങ്ങളിൽനിന്നു മൃഗങ്ങളോ അവസാനമായി മൃഗങ്ങളിൽനിന്നു സൃഷ്ടിമകുടമായ മനുഷ്യനോ ഉണ്ടാകാൻ നിർവ്വാഹമില്ല. ധാതുദ്രവ്യങ്ങളിൽ ഇല്ലാത്തതും അവയെക്കാൾ ഉൽകൃഷ്ടവുമായ ഒന്നു സസ്യങ്ങളിൽ കാണപ്പെടുന്നുണ്ടു്— ജീവൻ. ധാതുദ്രവ്യങ്ങളിൽനിന്നു സസ്യങ്ങളും, സസ്യങ്ങളിൽനിന്നു മൃഗങ്ങളും, മൃഗങ്ങളിൽനിന്നു മനുഷ്യനും ഉണ്ടായി എന്നു നിർവ്വിശങ്കം തട്ടിമൂളിക്കുന്ന പരിണാമവാദികൾ തങ്ങളുടെ വാദങ്ങളിൽ അന്തർലീനമായിരിക്കുന്ന ചില അബദ്ധങ്ങൾ മനസ്സിലാക്കുന്നില്ലായിരിക്കാം. കാരണത്തിനില്ലാത്ത ധർമ്മം കാര്യത്തിനുണ്ടാകുവാൻ പാടില്ലല്ലോ. എന്നാൽ, ധാതുദ്രവ്യങ്ങളുടെ പാരി

ണാമികമായ രൂപമാണ സസ്യങ്ങളെങ്കിൽ കാരണത്തിനില്ലാത്ത ധർമ്മം കാര്യത്തിൽ ഉണ്ടെന്ന സമ്മതിക്കേണ്ടിവരും.

ആദികാരണം അവശ്യാവശ്യകമാണെന്ന തെളിയിക്കാൻ ഒരു അഗാധചിന്തകർ ഉദാഹരണസഹിതം വേറൊരു മാർഗ്ഗം കാണിക്കുന്നുണ്ട്: "പ്രകൃതിയിൽ സദാപി മാററം സംഭവിച്ചുകൊണ്ടിരിക്കുന്നു. സൂര്യചന്ദ്രന്മാർപോലും പ്രതിനിമിഷം രൂപാന്തരപ്പെട്ടുകൊണ്ടാണിരിക്കുന്നത്. മാററം സംഭവിക്കുന്നില്ലെങ്കിൽത്തന്നെ, മാററം സംഭാവ്യമാണെന്ന സങ്കല്പിക്കാവുന്നതാണ്. മാററം എന്നു പറയുന്നത് എന്താണ്? പഴയ ഒരു അവസ്ഥയിൽനിന്നു പുതിയ ഒരു അവസ്ഥയെ പ്രാപിക്കുന്നതാണ മാററം. പഴയ അവസ്ഥ ശൂന്യത്തിൽ ലയിക്കുന്നു. പുതിയ അവസ്ഥയാകട്ടെ മുമ്പുണ്ടായിരുന്നില്ല. മുമ്പുണ്ടായിരുന്നുവെങ്കിൽ അതു പുതിയതാണെന്ന പറയാൻ വയ്യ. (വസ്തുക്കളെയല്ല, വസ്തുസ്ഥിതിയെയാണ് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്.) പുതിയ അവസ്ഥ വാസ്തവിക (real)മാവുന്നതിനുമുമ്പ് അതു കേവലം പ്രവർത്ത്യ (potential) മായിരുന്നു. അതിൻെറ കാരണത്തിൻെറ പ്രവർത്തമാനത (activity) യിൽ അത് അന്തർഭവിച്ചിരുന്നുവെന്നു പപറയാം.

"പ്രവർത്ത്യമാത്രമായ ഒരു അവസ്ഥയെ വാസ്തവികമാക്കുവാൻ ശക്തിയുള്ള കാരണത്തിൻെറ സ്വഭാവമാണ് ഇനി ചിന്തിക്കുവാനുള്ളത്. ഈ കാരണം വേറൊരു കാരണത്തിൽ പ്രവർത്ത്യമായി ലയിച്ചിരുന്നുവോ? ഉദാഹരണമായി, ഒരു ആവിവണ്ടിയുടെ ചക്രം തിരിയു

ന്നതു് എങ്ങനെയെന്നു നോക്കുക. ചക്രം നിശ്ചലാവസ്ഥ യിൽനിന്നു വ്യത്യാസപ്പെട്ടു ചലിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയെ പ്രാപിക്കുന്നു. ഈ വ്യത്യാസത്തിന്റെ കാരണമെന്തു്? 'ലീവർ' എന്നു പറയപ്പെടുന്ന ഉപകരണമാണു ചക്രത്തെ തിരിക്കുന്നതെന്നു പറയാം. എന്നാൽ ലീവറിന്റെ പ്രവൎത്തനം സ്വതസ്സിദ്ധമാണോ? അല്ല. അതിനെ പ്രവൎത്തിപ്പിക്കുന്നതു് അച്ചുതണ്ടാണ്. അച്ചുതണ്ടിന്റെ പ്രവൎത്തനം സ്വതസ്സിദ്ധമാണോ? അല്ല. ആവിയാണ് അച്ചുതണ്ടിനെ ഇളക്കുന്നതു്. ആവി എങ്ങനെ ഉണ്ടായി? വെള്ളത്തിൽ ഊഷ്മാവിന്റെ പ്രവൎത്തനംകൊണ്ടു്. വെള്ളമോ? ഊഷ്മാവോ? ഇങ്ങനെ നോക്കുമ്പോൾ ചക്രം, ലീവർ, അച്ചുതണ്ടു മുതലായവയുടെ ചലനം സ്വതസ്സിദ്ധമല്ലെന്നും, പ്രത്യുത, പരാസ്പദമാണെന്നും, ഈ ചലനം പ്രവൎത്തമാന (active) മാവുന്നതിനുമുമ്പു കേവലം പ്രവൎത്യമായിരുന്നുവെന്നും വിശദമാകുന്നു

". . .പ്രവൎത്യമാത്രമായ ഒരു അവസ്ഥ വാസ്തവികമാവുന്നതിനു പ്രവൎത്തമാനമായ ഒരു കാരണത്തെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ആ കാരണം മറെറാരു കാരണത്തെ ആശ്രയിച്ചിരിക്കുന്നുവെങ്കിൽ, അതും കേവലം പ്രവൎത്യമാണെന്നു സമ്മതിക്കേണ്ടിവരും. ഇങ്ങനെ പ്രവൎത്യങ്ങളായ എത്ര കാരണങ്ങൾ സങ്കല്പിച്ചാലും സ്വയം പ്രവൎത്തമാനമായ ഒരു കാരണത്തെ ആശ്രയിക്കാതെ പ്രവൎത്യത വാസ്തവികമാകയില്ല. പ്രവൎത്യമാത്രമായ കാരണങ്ങൾക്കുതമ്മിലുള്ള പരാശ്രയം അനന്തമായിരിപ്പാൻ നിവൃത്തിയില്ല. അനന്തമാണെങ്കിൽ അതു്

അനാദിയുമായിരിക്കണം, അതായത്, അത് ഒരിക്കലും ആരംഭിച്ചിട്ടുണ്ടായിരിക്കയില്ല; അതായത്, അതു യഥാർത്ഥമല്ല. യഥാർത്ഥമാണെങ്കിൽ, എതു് എപ്പോഴെങ്കിലും ഭവിക്കുവാൻ തുടങ്ങിയിട്ടുണ്ടായിരിക്കണം. പക്ഷേ, സംഭവിക്കുവാൻ തുടങ്ങണമെങ്കിൽ, പ്രവർത്ത്യമാത്രമല്ലാത്തതും സദാപി പ്രവർത്തമാനവുമായ ഒരു കാരണത്തിൽ നിന്നുമാത്രമേ അതിന് ആസ്തികതാം ലഭിക്കുകയുള്ളൂ. ഈ കാരണത്തിൻെറ പ്രവർത്തമാനത പരാപേക്ഷ കൂടാത്തതായതുകൊണ്ട് അതു സ്വയം പ്രവർത്തമാനമാണ്. അതു സ്വയം പ്രവർത്തമാനമായതുകൊണ്ട് അതിനു മാററം സംഭവിക്കുവാൻ പാടില്ല. തന്മൂലം മാററം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ പ്രപഞ്ചത്തിന്, മാററം സംഭവിക്കാത്തതും സ്വയം പ്രവർത്തമാനവുമായ ഒരു ആദിമകാരണമുണ്ടെന്നു സിദ്ധം". (1)

അടുത്തതായി നമുക്കു പരിശോധിക്കാനുള്ളതു് ഈ ആദികാരണം ബുദ്ധിശക്തിയോടും സ്വാതന്ത്ര്യമനസ്സോടുംകൂടിയ പുരുഷാത്മകമായ ഒരു സത്തയാണോ എന്നാണ് (2). പ്രപഞ്ചത്തെ നിരീക്ഷിക്കുന്ന ഒരുവന് അതിൽ ആശ്ചര്യാവഹമായ ക്രമീകരണവും, കരുതലും കാണുവാൻ കഴിയും. പക്ഷിമൃഗാദികളുടെ ശരീരഘടന, ഇരതേടുന്നതിനും കൂടുകെട്ടുന്നതിനും സന്താനങ്ങളെ സംരക്ഷിക്കുന്നതിനും മററുമുള്ള അവയുടെ ജന്മസിദ്ധമായ

(1) ആസ്തികവാദം (പുറം 20–23)

(2) പുരുഷാത്മകമായ ഒരു സത്തയുടെ അവശ്യഘടകങ്ങൾ ബുദ്ധിശക്തിയും സ്വാതന്ത്ര്യമനസ്സുമാണ്.

വാസന മുതലായവ, പ്രകൃതിയിൽ ദൃശ്യമാകുന്ന വിസ്മയാവഹമായ കരുതലുകളിൽ ഏതാനും ചിലതുമാത്രമാണു്.

മി. കൃഷ്ണപിള്ളയുടെ ആരാധ്യപുരുഷന്മാരിൽ ഒരുവനും, ഒരു തികഞ്ഞ പരിണാമവാദിയുമായ ഹെക്കൽ തന്നെ പറയുന്നതു കേൾക്കുക: "സൃഷ്ടിയിൽ കരുതലുണ്ടെന്നുള്ള വാദം ജീവലോകത്തെ സംബന്ധിച്ചു വളരെ വിലയുള്ളതും അനേകം ദൃഷ്ടാന്തങ്ങളുള്ളതുമാണു്. ജീവികളുടെ ഘടനയിലും ജീവിതരീതിയിലും നമ്മൾ ഒരു കരുതൽ കാണുന്നുണ്ടെന്നു നിഷേധിച്ചുകൂടാ. മനുഷ്യൻ കണ്ടുപിടിക്കയും നിർമ്മിക്കയും ചെയ്യുന്ന യന്ത്രങ്ങളിൽ കാണുന്നതുപോലെ അത്ര തെളിവായി സസ്യങ്ങളുടെയും ജന്തുക്കളുടേയും കാര്യത്തിൽ അവയുടെ വിവിധഭാഗങ്ങൾ വ്യക്തമായ ഒരു കരുതലോടുകൂടി സംഘടിതങ്ങളാണെന്നു കാണപ്പെടുന്നു; ഒരു യന്ത്രത്തിൻെറ വിവിധഭാഗങ്ങൾ ചെയ്യുന്ന പ്രവൃത്തികൾപോലെ ജീവികളുടെ വിവിധാവയവങ്ങൾ, അതുകൾക്കു ജീവൻ നിലനില്ക്കുന്ന കാലത്തോളം, വ്യക്തമായ ചില ലക്ഷ്യങ്ങളെ മുൻനിറുത്തി പ്രവൃത്തികൾ ചെയ്യുന്നു." (1)

സംഖ്യാതീതങ്ങളായ ആകാശഗോളങ്ങളുടെ ഭ്രമണഗതിയിൽ കാണപ്പെടുന്ന സുനിശ്ചിതനിയമങ്ങൾ, അനുക്രമമായി മാറിമാറി വന്നുകൊണ്ടിരിക്കുന്ന വിവിധ കാലാവസ്ഥകൾ, ജീവജാലങ്ങളുടെ ഉത്ഭവത്തിലും വളർച്ചയിലും ദൃശ്യമാകുന്ന നിയന്ത്രണം തുടങ്ങിയവ പ്രകൃതി

---

(1) Riddle of the Universe (p. 93)

യുടെ ക്രമീകരണത്തിന്ന മകുടോദാഹരണങ്ങളാണ്.

സുപ്രസിദ്ധശാസ്ത്രജ്ഞനായ ക്രോൾ (Croll) പറയുന്നത് ഇവിടെ ശ്രദ്ധേയമാണ്: "ഒരു വൃക്ഷം നിർമ്മിക്കപ്പെടുന്നമെങ്കിൽ ആ വൃക്ഷത്തിന്റെ യഥാർത്ഥസ്വഭാവത്തിന്നതകുന്നവിധത്തിൽ അതിന്റെ എല്ലാ അംശങ്ങളും—വേര്, കൊമ്പ്, ഇല, പൂവ്, കായ് എന്നിവയെല്ലാം— നിശ്ചിതമായ മാർഗ്ഗത്തിൽക്കൂടി പ്രവൃത്തികൾ നടത്തണം. ഇതുകൊണ്ടും ആയില്ല. അണുക്കൾ ഒന്നിന്ന മേൽ ഒന്ന ചേർന്നാണ വൃക്ഷം ഉണ്ടാകുന്നത്. ആ ഓരോ അണുവും പ്രത്യേകം പ്രത്യേകമായി നിയന്ത്രിച്ചു നടത്തപ്പെടണം. ഇതിനെല്ലാം പുറമേ, സ്വതേ നിശ്ചിതരൂപമില്ലാത്ത 'പ്രാണമൂലം' (Protoplasm) ആ വൃക്ഷത്തിന്റെ സ്വഭാവമനുസരിച്ച് പ്രത്യേകവിധത്തിൽ നയിക്കപ്പെടണം. ഇങ്ങനെ ഉദ്ദേശ്യവും ഉപകരണങ്ങളും തമ്മിലുള്ള ഈ അത്ഭുതകരമായ ക്രമീകരണം എവിടെ നിന്നുണ്ടാകുന്നു?"

ഇദ്ദേഹം വീണ്ടും പറയുന്നു: "പ്രകൃതിയിൽ കാണുന്ന ഈ നിയന്ത്രണം ഒരു ലക്ഷ്യവും കൂടാതെയല്ല, നിർദ്ദിഷ്ടമായ ഒരു പ്ലാൻ അനുസരിച്ചാണ നടക്കുന്നത്. അതിനാൽ ഇവിടെ നമുക്കറിയേണ്ട കാര്യം ഒരു വസ്തു ഏതെങ്കിലുമൊരു വഴിക്കു പ്രവർത്തിക്കുന്നതെന്തുകൊണ്ടെന്നല്ല, അതിന്ന സ്വതേ സ്വീകരിക്കാവുന്ന അസംഖ്യം മാർഗ്ഗങ്ങളുണ്ടായിരിക്കെ, എന്തുകൊണ്ടു മററുള്ളവയെല്ലാം വിട്ടു നിർദ്ദിഷ്ടമായ ലക്ഷ്യത്തിന്നതകുന്ന പ്രത്യേകമാർഗ്ഗം സ്വീകരിച്ചു പ്രവർത്തിക്കുന്നുവെന്നാണ്. ഉദാഹരണമായി, ഒരു വൃക്ഷത്തിന്റെ ഇല ഉണ്ടാകുന്ന കാര്യത്തിൽ ഒരേമാ

ഗ്ഗത്തിൽക്കൂടി ഒരേവിധം പ്രവത്തിക്കുന്ന രണ്ടുഅണുക്കളെ കാണുകയില്ല. ഉണ്ടാക്കപ്പെടേണ്ട ഇലയുടെ സ്വഭാവമനുസരിച്ച് ഓരോ അണുവും ചരിക്കേണ്ടതായിട്ടാ നിശ്ചിക്കുന്നതു്. അല്ലാത്തപക്ഷം, ഇലയേ ഉണ്ടാകുന്നതല്ല. അതിനാൽ, ഇവിടെ സർവ്വപ്രധാനമായിരിക്കുന്ന ചോദ്യം ഇതാണ്: സ്വതേ സ്വീകരിപ്പാൻ വിരോധമില്ലാത്ത അസംഖ്യം മാർഗ്ഗങ്ങളിൽനിന്ന് ഉദ്ദേശിച്ചിരിക്കുന്ന വസ്തുവിൽ എത്തിക്കാൻതക്ക മാർഗ്ഗം അതു തിരഞ്ഞെടുക്കാൻ സംഗതിയാക്കുന്ന കാരണം ഏതാണ്?" (1)

ക്രമീകരണവും കരുതലും ബുദ്ധിശക്തിയുടേയും സ്വാതന്ത്ര്യമനസ്സിന്റേയും പ്രവർത്തനങ്ങളാണല്ലോ. ഒരു നിശ്ചിതമായ ലക്ഷ്യം വയ്ക്കുകയും അതു സാധിക്കുന്നതിനുതകുന്ന മാർഗ്ഗങ്ങളെ വേണ്ടവിധം ക്രമീകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നതായി ഈലോകത്തിൽ കാണുന്ന ഏകശക്തി പ്രബുദ്ധമായ മനുഷ്യമനസ്സാണെന്നു ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. ആ വസ്തുതയെ അടിസ്ഥാനപ്പെടുത്തി ചിന്തിച്ച് പ്രകൃതിയിൽ കാണുന്ന കരുതലിനും ക്രമീകരണത്തിനും കാരണമായി, അദൃശ്യവും അപരിമേയവുമായി, പ്രബുദ്ധമായ ഒരു മഹാമനസ്സുണ്ടായിരിക്കണമെന്ന് അവർ യുക്തിപൂർവ്വം സമർത്ഥിക്കയും ചെയ്യുന്നു. തന്മൂലം, ഈ ക്രമീകരണത്തിനും കരുതലിനും നിദാനമായ ആദികാരണം ബുദ്ധിശക്തിയും സ്വാതന്ത്ര്യമനസ്സുമുള്ള—പുരുഷാത്മകമായ—ഒരു സത്തയായിരിക്കണമെന്നു തെളിയുന്നു.

---

(1) യുക്തിവാദിയുടെ യുക്തിവധം (പുറം 13)

മനുഷ്യന്നു വിശേഷബുദ്ധിയും സ്വതന്ത്രമനസ്സും ഉണ്ടെന്നു നമ്മുടെ യുക്തിവാദികളും സമ്മതിക്കുമല്ലോ. ഈ ഗുണവിശേഷങ്ങൾ മനുഷ്യന്നു പ്രദാനം ചെയ്ത ആ ആദികാരണത്തിന്നും ഇവ അവശ്യം ഉണ്ടായിരിക്കണം. കാരണം, തനിക്കില്ലാത്ത ഒരു ഗുണം മററൊന്നിന്നു നല്കുന്നതിന് ഒരു വസ്തുവിന്നും കഴിയുകയില്ല എന്നതുതന്നെ.

ധാതുദ്രവ്യങ്ങളിൽനിന്നു സസ്യങ്ങളോ, സസ്യങ്ങളിൽനിന്നു മൃഗങ്ങളോ ഉണ്ടാകാത്തതുപോലെ, മനുഷ്യന്റെ ഉൽപത്തി ഇവയൊന്നിലും സമർപ്പിക്കാൻ നിവൃത്തിയില്ല. അതിനാൽ, മനുഷ്യന്റെ ഉൽപത്തി ധാതുദ്രവ്യം, സസ്യം, മൃഗം മുതലായവയുടെ പാരിണാമികവളർച്ചയിൽനിന്നല്ലെന്നും, പ്രത്യുത, അവയിൽനിന്നു ഭിന്നമായ മറെറാരു വസ്തുവിൽനിന്നാണെന്നും തെളിയുന്നു. എന്നാൽ, ഏതൊരു വസ്തുവിൽനിന്നു മനുഷ്യനിൽ കാണുന്ന വിശേഷബുദ്ധി പ്രഥമതഃ ആവിർഭവിച്ചുവോ ആ വസ്തുവാണു മനുഷ്യന്റെ ആദികാരണം. ഈ ആദികാരണമാണ് ഈശ്വരൻ. തന്മൂലം, ബുദ്ധിശക്തി ദൈവപ്രകൃതിയുടെ അവശ്യഘടകമായിരിക്കണമെന്നും ഇവിടെ ന്യായ്യമായി അനുമാനിക്കാം. അതിനാൽ, നിത്യത്വംമുതല്ക്കേ ഈശ്വരനു വിവേചനാശക്തിയുണ്ടായിരുന്നുവെന്നു സിദ്ധിക്കുന്നു. ഏതെങ്കിലുമൊരു നിമിഷം വിവേചനാശക്തി ഈശ്വരന് ഇല്ലായിരുന്നുവെങ്കിൽ, കാലാന്തരത്തിൽ ഒരിക്കലും ബുദ്ധിശക്തി ആവിർഭവിക്കുകയില്ലായിരുന്നു. ശൂന്യാവസ്ഥയിൽനിന്നു യാതൊരു വസ്തുവും തനിയേ ഉണ്ടാകുന്നില്ലെന്നുള്ള സുസ്പഷ്ടമായ തത്ത്വംതന്നെ ഇതിന്റെ കാരണം.

ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം കേട്ട അമ്പരന്നു പോകുന്ന മി. കുററിപ്പുഴയുടെ വിചാരവിപ്ളവത്തിനു വിദഗ്ധാഭിപ്രായങ്ങൾ ഒരു പക്ഷേ ഒരു ശാന്തിനികേതനം ആയിരിക്കും. ശാസ്ത്രലോകത്തു് അഗ്രഗണ്യമായ സ്ഥാനം കരസ്ഥമാക്കിയ ഒരു സുപ്രസിദ്ധശാസ്ത്രജ്ഞനായ ന്യൂട്ടൺ പുതുതായി നിർമ്മിച്ച രണ്ടു ഗോളങ്ങൾ കാണാൻ അദ്ദേഹത്തിൻെറ സ്നേഹിതനും, സഹപ്രവൎത്തകനുമായിരുന്ന ഹാല്ലിയെ ക്ഷണിക്കുകയുണ്ടായി. മനോഹരങ്ങളായ ആ ഗോളങ്ങൾ കണ്ട ഹാല്ലിയുടെ ചോദ്യം "അതു് ആരുണ്ടാക്കിയതാണു്?" എന്നായിരുന്നു. "ആരും ഉണ്ടാക്കിയതല്ല, താനേ ഉണ്ടായതാണു്" എന്നു ന്യൂട്ടൺ നല്കിയ മറുപടിയിൽ അസംതൃപ്തനായ ഹാല്ലി ഇപ്രകാരം ഉറപ്പിച്ചു പറഞ്ഞു: "എന്തസംബന്ധം! ആരെങ്കിലും ഉണ്ടാക്കിയതായിരിക്കണം." കൃത്രിമങ്ങളായ ആ ഗോളങ്ങളുടെ അസ്തിത്വത്തിന്നു് ഒരു നിർമ്മാതാവു് അത്യന്താപേക്ഷിതമാണെങ്കിൽ പ്രപഞ്ചത്തിൻെറ ഉത്ഭവത്തിനും ഒരാദികാരണം ആവശ്യമാണെന്നു കാര്യകാരണബന്ധത്തെ ആസ്പദമാക്കി മി. ന്യൂട്ടൺ സമൎത്ഥിച്ചു.

ഗ്രാമഫോൺ, സിനിമായന്ത്രം, വൈദ്യുതദീപം മുതലായ ആശ്ചര്യാവഹങ്ങളായ അനവധി കണ്ടുപിടിത്തങ്ങളാൽ ശാസ്ത്രലോകത്തെ അഭിവൃദ്ധമാക്കിയ തോമസ് എഡിസൺ എന്ന സുപ്രസിദ്ധ ശാസ്ത്രജ്ഞൻെറ വാക്കുകൾ സ്മരണീയമാണു്: "ഏതു പ്രകൃതിപരമായ പ്രശ്നത്തിൻേറയും പഠനത്തിന്നു് അടിസ്ഥാനമായിരിക്കുന്നതു കാര്യകാരണബന്ധമാകുന്നു. ഒരു വിദ്യുദ്ദീപ

ത്തെയോ കറങ്ങിക്കൊണ്ടിരിക്കുന്ന വൈദ്യുതപങ്കയെയോ കാണുന്നവരിൽ ആരാണ് അതിൻെറ ശക്തിയുടെ ഉത്ഭവസ്ഥാനമായ 'ഡൈനമോ'യുടെ അസ്തിത്വത്തിൽ സംശയിക്കുന്നത്? ബൃഹത്തായ ഒരു ജലചക്രത്തിൻെറ 'ഇലകൾ' തിരിയുന്നതു കാണുമ്പോൾ ദൂരത്ത് എവിടെയെങ്കിലും കൽക്കരിയോ വിറകോ എണ്ണയോ പ്രസ്തുത യന്ത്രത്തിൻെറ നടത്തിപ്പിന് ആവശ്യകമായ ശക്തി ഉൽപാദിപ്പിക്കുന്നുണ്ടെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? അതുപോലെതന്നെ, പ്രപഞ്ചത്തിൻെറ മഹാവിശാലതയെ വീക്ഷിക്കുന്നതായാൽ അതിലേ ബൃഹത്തും അചഞ്ചലവുമായ ശക്തികൾക്ക പ്രഥമാരംഭമായി ഒരു സ്രഷ്ടാവ് ഉണ്ടായിരുന്നേ മതിയാവൂ എന്നു സമ്മതിക്കേണ്ടിവരുന്നു."

മേൽപ്രസ്താവിച്ച കാരണങ്ങളിൽനിന്ന്, പ്രപഞ്ചത്തിനും അതിലുൾപ്പെടുന്ന സകല വസ്തുക്കൾക്കും ഒരാദികാരണം ആവശ്യമാണെന്നും ഈ ആദികാരണം, അതായത്, ഈശ്വരൻ ആദ്യന്ത വിഹീനനാണെന്നും പ്രപഞ്ചവസ്തുക്കളിൽ കാണുന്ന എല്ലാ ഗുണങ്ങളും അനന്തമായും പരിപൂർണ്ണമായും ദൈവത്തിലുണ്ടെന്നും, അതിനാൽ അവിടുന്ന ബുദ്ധിശക്തിയോടും സ്വതന്ത്രമനസ്സോടും കൂടിയ പുരുഷാത്മകമായ ഒരു സത്തയാണെന്നും തെളിയുന്നു. ഇതാണ് ഈശ്വരവിശ്വാസികൾ ഈശ്വരാസ്തിത്വത്തെ തെളിയിക്കാൻ സ്വീകരിക്കുന്ന മാർഗ്ഗം. ഈ വാദരീതിയിൽ കാപട്യമോ വഞ്ചനയോ കടത്തിവിട്ടിട്ടില്ലെന്നും,യുക്തിയെ വളച്ചു തിരിച്ചു ചക്രഭ്രമണരൂപത്തിലാക്കാതെ തത്വശാസ്ത്രസിദ്ധാന്തങ്ങ

ളുടെ വെളിച്ചത്തിൽക്കൂടി സുനിശ്ചിത നിഗമനങ്ങളിൽ എത്തിച്ചേരുകയാണു ചെയ്തിട്ടുള്ളതെന്നും മി. കുററിപ്പുഴയും കൂട്ടരും ഗ്രഹിക്കട്ടെ. "അജ്ഞാതകാരണങ്ങളെപ്പററി അന്ധവിശ്വാസങ്ങൾ പുലത്താതെ ശാസ്ത്രജ്ഞാനത്തിൻെറ വെളിച്ചത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണു ചിന്താശീലന്മാർ ചെയ്യുണ്ടതു്" (പുറം 40) എന്നുള്ള മി. കുററിപ്പുഴയുടെ വിശിഷ്ടതത്ത്വം അദ്ദേഹംതന്നെ പ്രായോഗികമാക്കിയിരുന്നെങ്കിൽ, "സർവ്വജീവജാലങ്ങളെയും സൃഷ്ടിച്ച ഈശ്വരനെ മനുഷ്യൻ സൃഷ്ടിച്ചതാണെന്നു" (പുറം 39). പറയുവാൻ അദ്ദേഹത്തിനിടവരികയില്ലായിരുന്നു.

## 7. മന്ത്രവാദം—മതം—ശാസ്ത്രം

കാലത്തിൻെറ കട്ടിയേറിയ ധൂമികകളിലൂടെ തപ്പിത്തിരഞ്ഞു്, മനുഷ്യസമുദായത്തിൻെറ ശൈശവദശയിലെ പാദമുദ്രകൾ കണ്ടുപിടിക്കുവാൻ പല പണ്ഡിതന്മാരും പണിപ്പെട്ടിട്ടുണ്ടു്. അഭ്യൂഹങ്ങളാകുന്ന ചില ഊന്നുവടികൾ അവരെ മുന്നോട്ടു നയിച്ചിട്ടുമുണ്ടു്. എന്നാൽ, യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ചെന്നെത്തുവാൻ എത്രപേർക്കു കഴിഞ്ഞിട്ടുണ്ടു്? സത്യസന്ധതയോടുകൂടി എത്രപേർക്കു് തങ്ങളുടെ അഭിപ്രായങ്ങളെ ലോകരുടെ മുമ്പാകെ പ്രകാശിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടു്? ഇതിനു തൃപ്തികരമായ ഒരു സമാധാനം നല്കുവാൻ നമുക്കു കഴിയാതെയാണിരിക്കുന്നതു്. നരവംശോൽപത്തി, സമുദായതന്ത്രം മുതലായ ശാസ്ത്രശാഖകളിൽ എത്രയോ

അഭ്യൂഹങ്ങൾ ഉണ്ടായിരിക്കുന്നു! വിജ്ഞാനപുരോഗമനത്തിന് അഭ്യൂഹങ്ങൾ സഹായകങ്ങളാണെങ്കിലും തെളിയിക്കപ്പെട്ടിട്ടില്ലാത്ത അഭ്യൂഹങ്ങളെ യഥാർത്ഥവസ്തുതകളായി കൊട്ടിഘോഷിച്ചുകൊണ്ടു പുരോഗമനവാദികളായി പ്രത്യക്ഷപ്പെടുന്നവർ ഇന്നു വളരെയധികമുണ്ട്. പാശ്ചാത്യദേശങ്ങളിൽ ആവിർഭവിച്ചവയെങ്കിലും അവിടെ വിലയും നിലയും നശിച്ച ചില അബദ്ധ സിദ്ധാന്തങ്ങളെ നവീനത്വത്തിൻെറ 'ലേബലൊ'ട്ടിച്ചു കേരളക്കരയിൽ ഇറക്കുമതി ചെയ്യുന്നതിനു നമ്മുടെ ചില സാഹിത്യകാരന്മാർ ബദ്ധപരികരരായി കാണപ്പെടുന്നു.

ശ്രീ കുററിപ്പുഴയുടെ "മന്ത്രവാദം—മതം—ശാസ്ത്രം" എന്ന ഉപന്യാസംതന്നെ ഒന്നു വായിച്ചുനോക്കുക.

"മനുഷ്യൻ ആദ്യം ഒരു മന്ത്രവാദിയായിരുന്നു; പിന്നെ മതവിശ്വാസിയായി; ഇപ്പോൾ അവൻ ശാസ്ത്രജ്ഞനായിത്തീർന്നിരിക്കുകയാണ്. വിജ്ഞാനനിശ്രേണിയിലൂടെ മനുഷ്യൻ പടിപടിയായി ഉയർന്നു വന്നിട്ടുള്ളതു് ഏതാണ്ടിപ്രകാരമാണെന്നു സാമൂഹ്യശാസ്ത്രകാരന്മാർ (Sociologists) സമർത്ഥിക്കുന്നു" (പു. 120) എന്നാണു മി. കൃഷ്ണപിള്ള പറയുന്നതു്. ഇതു കേട്ടാൽ തോന്നിപ്പോകും സാമൂഹിക ശാസ്ത്രകാരന്മാരെല്ലാം ഈ അഭിപ്രായക്കാരാണെന്നു്; പോരാ, ഇതു സ്ഥാപിതമായ ഒരു പരമാർത്ഥമാണെന്നു്. പക്ഷേ, ഏതൊക്കെ സാമൂഹികശാസ്ത്രകാരന്മാരാണു് ഇങ്ങനെ പറഞ്ഞിട്ടുള്ളതു്, അവർ കൊണ്ടുവരുന്ന ന്യായങ്ങൾ എന്തൊക്കെയാണു്, അവരുടെ വാദങ്ങൾക്കു ദൗർബ്ബല്യം വല്ലതുമുണ്ടോ എന്നൊന്നും അദ്ദേഹം ചിന്തിക്കുന്നില്ല. സർ ജെം. ഫ്രേസരുടെ "ദി ഗോൾഡൻ ബോ" "The Golden

Bough) എന്ന ഗ്രന്ഥമാണ് അദ്ദേഹം ഏകപ്രമാണമായി സ്വീകരിച്ചിരിക്കുന്നതു്." എതു കാര്യത്തിനും പ്രമാണം തേടിപ്പോകുന്ന പോക്ക് ഏതാണ്ടൊരു പാരതന്ത്ര്യംതന്നെയാണ്" എന്ന സ്വന്തം "മാനസികമായ അടിമത്ത"ത്തിൽ മി. കൃഷ്ണപിള്ള പറയുന്നതു് ഇവിടെ ശരിക്കു പററുന്നുണ്ടു്. ഈ ഉപന്യാസത്തിൽ മി. കൃഷ്ണപിള്ള ആദ്യന്തം ഫ്രേസരിനെ അന്ധമായി അനുഗമിക്കുകയാണു ചെയ്തിരിക്കുന്നതു്.

"മനുഷ്യൻ ആദ്യം ഒരു മന്ത്രവാദിയായിരുന്നു" എന്നു കരുതുന്നതിന് എന്തെങ്കിലും ന്യായമുണ്ടോ? യുക്തി ഇതിനെ അനുകൂലിക്കുന്നുണ്ടോ? ചരിത്രം ഇതു തെളിയിക്കുന്നുണ്ടോ? യുക്തിയുടെ വെളിച്ചത്തിൽക്കൂടി പരിശോധിക്കുമ്പോഠം മന്ത്രവാദമാണ് ആദ്യമുണ്ടായതെന്ന വാദത്തിൻെറ പൊള്ള വെളിപ്പെടാതിരിക്കുകയില്ല. മി. കൃഷ്ണപിള്ളയുടെ വാക്കുകളിൽത്തന്നെ "മന്ത്രവാദി സർവ്വശക്തനത്രേ. മനുഷ്യശക്തിക്ക് അതീതമായി, അതിനു കീഴ്പ്പെടാത്തതായി ഒന്നുംതന്നെ അവൻെറ വിശ്വാസത്തിലുണ്ടായിരുന്നില്ല." "എന്നാൽ, ഇടി, മിന്നൽ, മഴ മുതലായ കാര്യങ്ങളുടെ പ്രത്യക്ഷാനുഭവം അജ്ഞനായ മനുഷ്യനെ ആദിമദശയിൽ അത്ഭുതപ്പെടുത്തുകയും അന്ധാളിപ്പിക്കുകയും ചെയ്തു. ഇവയ്ക്കെല്ലാം കാരണം കണ്ടുപിടിക്കുന്നതിനുള്ള വാസന മനനശീലനായ മനുഷ്യനു പ്രകൃത്യാ ഉള്ളതാണ്." (പുറം 36) മാത്രവുമല്ല, "പ്രകൃതിശക്തികളെ അഭിമുഖീകരിച്ച് അവയരന്നും അന്ധാളിച്ചും" നിരാശ്രയബോധത്തിൽ വർത്തിച്ചിരുന്ന ആദിമനുഷ്യർ "പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിച്ചു ഭ

രിക്കുന്ന ഒരീശ്വരനിൽ വിശ്വസിക്കുകയും ആരാധന കൊണ്ട് അദ്ദേഹത്തെ പ്രീതിപ്പെടുത്തുകയും ചെയ്യുക”യല്ലാതെ പ്രകൃതിശക്തികളെയെല്ലാം “ചൊല്പടി”ക്കു നിർത്തിക്കളയാം എന്നുള്ള മന്ത്രവാദിയുടെ തന്റേടമനോഭാവം പ്രകടിപ്പിച്ചിരിക്കാൻ ഇടയില്ല.

ഇനി ചരിത്രപക്ഷങ്ങളെത്തന്നെ ഒന്നു പരിശോധിക്കുക. ഒരു മന്ത്രവാദയുഗത്തിനു ശേഷമാണു മതവിശ്വാസം ആവിർഭവിച്ചതെന്നുള്ള ഫ്റേസരുടെ പ്രസ്താവത്തെ നിഷ്പക്ഷമതികളായ ഗവേഷകന്മാർ നിരസിച്ചിരിക്കുന്നു. ക്രിസ്റ്റഫർഡോസൻ പറയുന്നതുപോലെ, “മന്ത്രവാദം അതിന്റെ സാരാംശത്തിൽ മതത്തിനു മുൻപുള്ളതോ മതത്തിൽനിന്നു വേർവിട്ടുനില്ക്കുന്നതോ ആണെന്നുള്ള ഫ്റേസരുടെ അഭിപ്രായത്തോടു യോജിക്കുവാൻ സാധിക്കുകയില്ല.”(1) മന്ത്രവാദം മതത്തിന്റെ ഒരു ദൂഷിതരൂപമാണെന്നുള്ളതാണു പരമാർത്ഥം. ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ച കാലത്തു യാതൊരുവിധമായ മന്ത്രവാദസമ്പ്രദായങ്ങളും അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്നില്ല. ഋഗ്വേദം പരിശോധിച്ചാൽ ഇതു വ്യക്തമാകും. അതിൽ മന്ത്രവാദത്തിന്റെ യാതൊരു ലാഞ്ഛനകളും കാണ്മാനില്ല. എന്നാൽ, ക്രമേണ അവരുടെ മതവിശ്വാസം ദൂഷിക്കുവാൻ തുടങ്ങി. ഏകദൈവവിശ്വാസം പോയി ബഹുദേവതാവിശ്വാസം വന്നുചേർന്നു; ഈശ്വരോപാസനയ്ക്കിടയ്ക്കു മന്ത്രവാദസമ്പ്രദായങ്ങളും കടന്നുകൂടി. മന്ത്രവാദം അതിപുരാതനമാണെന്നുള്ളതുകൊ

(1) Progress and Religion (p. 104),

ണ്ടുമാത്രം അതു മതത്തിന്നു മുൻപുള്ളതാണെന്നു വരുന്നില്ല.

ചില കിരാതവൎഗ്ഗങ്ങളുടെ ഇടയിൽ മതത്തോടൊരുമിച്ചുതന്നെ മന്ത്രവാദവും വളർന്നുവന്നിട്ടുള്ളതായി കാണാം. എന്നാൽ, സൂക്ഷ്മമായ പരിശോധനയിൽ പ്രസ്തുത മന്ത്രവാദാനുഷ്ഠാനങ്ങൾതന്നെ മതത്തിൽ നിന്നു മുളയെടുത്തിട്ടുള്ളവയാണെന്നു വ്യക്തമാകും.

എന്നാൽ, അപരിഷ്കൃതമനുഷ്യർ കൂട്ടംകൂട്ടമായി മൃഗങ്ങളെ വേട്ടയാടി ഉപജീവിച്ചിരുന്ന കിരാതദശയെ പരാമർശിച്ചു മി. കൃഷ്ണപിള്ള പറയുന്നു:

"യാതൊരുവിധമായ മതവിശ്വാസവും അന്നു നടപ്പിലിരുന്നില്ല. ആസ്ത്രേലിയായിലെ ചില ആദിമ നിവാസികളുടെ സാമൂഹ്യജീവിതം പരിശോധിച്ചാൽ ഈ സംഗതി സ്പഷ്ടമാകുന്നതാണ്. ഒരുതരം മന്ത്രവാദമല്ലാതെ മതപരം എന്നു പറയത്തക്ക യാതൊന്നുംതന്നെ അവരുടെയിടയിൽ കാണുന്നില്ല" എന്ന് (പുറം 122–123). സൂക്ഷ്മപരിശോധന നടത്തിയിട്ടുള്ള ആധുനിക ഗവേഷകന്മാർ എന്താണു പറയുന്നത് എന്ന് അദ്ദേഹം അന്വേഷിച്ചിട്ടുണ്ടോ? ഒട്ടുംതന്നെ മതവിശ്വാസവും സന്മാൎഗ്ഗബോധവുമില്ലാത്തവരെന്ന് ഒരുകാലത്തു കരുതപ്പെട്ടിരുന്ന ആസ്ട്രേലിയായിലെ ആദിമ നിവാസികൾ വളരെ മതബോധമുള്ളവരായിരുന്നെന്നും ബഹുവിധങ്ങളായ മതകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നുവെന്നും ഇപ്പോൾ തെളിഞ്ഞു കഴിഞ്ഞിട്ടുണ്ട്(1)

---

(1) See progress and Religion (p. 73). കൂടുതൽ വിവരങ്ങൾക്കു "മതവും സന്മാൎഗ്ഗബോധവും" എന്ന ഭാഗം കാണുക.

മി. കൃഷ്ണപിള്ള മന്ത്രവാദത്തേയും ശാസ്ത്രത്തേയും തമ്മിൽ കൂട്ടിയിണക്കുന്ന ഭാഗം രസാവഹമാണ്, അദ്ദേഹം എഴുതുന്നു:

"ഒരുവിധത്തിൽ പറഞ്ഞാൽ ശാസ്ത്രത്തിൻെറ വഴിപിഴച്ച ഒരു പൂർവ്വരൂപമാണ മന്ത്രവാദം. ഏതാ ചില പ്രകൃതിനിയമങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള ബോധം, അവ കണ്ടുപിടിക്കുന്നതിലുള്ള അന്വേഷണശീലം, ചില തത്വങ്ങളെ അടിസ്ഥാനമാക്കി പ്രപഞ്ചശക്തികളെ നിയന്ത്രിക്കാമെന്ന വിശ്വാസം ഇവയെല്ലാം ശാസ്ത്രത്തിലെന്നപോലെ മന്ത്രവാദത്തിലും ഒരു നിഴലാട്ടമെന്ന മട്ടിലെങ്കിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മുൻകാലത്തിൽ മന്ത്രവാദിയുടെ ചിന്തയും അന്വേഷണശീലവുമാണ ശാസ്ത്രത്തിലേയ്ക്കുവഴി കാണിക്കുന്നതു്."

മി. കൃഷ്ണപിള്ളയുടെ ആരാദ്ധ്യപുരുഷനായ സർ ജെ. ജി. ഫ്റേസരുടെ ഈ സിദ്ധാന്തം പണ്ഡിതലോകത്തിൻെറ നിശിതമായ വിമർശത്തിനു പാത്രമായിട്ടുണ്ട്. ആദിമനിവാസികളുടെ മന്ത്രവാദസമ്പ്രദായങ്ങളെ നിഷ്കൃഷ്ടമായി പഠിച്ചു് അഭിപ്രായം പറയുവാൻ അധികാരം സിദ്ധിച്ചിട്ടുള്ള ഹ്യൂബർട്ട് (Hubert) മാററ്റ് (Dr. Marett) മലിനോസ്കി (Dr. Malinowski) തുടങ്ങിയുള്ള മഹാരഥന്മാർ സയുക്തികം സമർത്ഥിച്ചിട്ടുണ്ട്, മന്ത്രവാദത്തിനു ശാസ്ത്രവുമായി യാതൊരു ബന്ധവുമില്ലെന്നു്. വസ്തുതകളെ പരീക്ഷണനിരീക്ഷണങ്ങൾക്കു വിധേയമാക്കി അനുമാനങ്ങളിൽ എത്തിച്ചേരുകയും അവയെ അടിക്കടി പരിഷ്കരിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയുമാണു ശാസ്ത്രം ചെയ്യുന്നതു്. മന്ത്രവാദമാകട്ടെ നിഗൂഢങ്ങളും അഗ്രാഹ്യങ്ങളും അന്ധങ്ങളുമായ ചില സങ്കേതങ്ങളെ ആശ്രയിച്ചുകൊണ്ടു പരമ്പരാഗതങ്ങളായ ചില

ക്രിയകൾ അനുഷ്ഠിക്കുന്നു എന്നു മാത്രമേയുള്ളൂ. മന്ത്രവാദം പരീക്ഷണനിരീക്ഷണങ്ങൾക്കോ പരിഷ്കാരത്തിനോ വിജ്ഞാനതൃഷ്ണയ്ക്കോ വിധേയമല്ല. മന്ത്രവാദിയുടെ വിജയം സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു; അവൻ കൂടുതൽ കൂടുതൽ അജ്ഞതയിലേക്കു ജനങ്ങളെ അടിച്ചു താഴ്ത്തുന്നു. ശാസ്ത്രജ്ഞന്റെ വിജയം നിയതമായ പ്രകൃതിനിയമങ്ങളെ കണ്ടു പിടിക്കുന്നതനുസരിച്ചിരിക്കും; അയാൾ ജനതയെ വിജ്ഞാനമണ്ഡലത്തിലേയ്ക്ക് ഉപര്യുപരി ഉയർത്തിക്കൊണ്ടു വരും. മന്ത്രവാദിക്കു ചിന്തയും അന്വേഷണശീലവുമല്ല, അന്ധമായ വിശ്വാസവും സ്ഥിരമായ കൂപമണ്ഡൂകത്വവും മാത്രമാണ് ഉള്ളത്.

മന്ത്രവാദത്തെ ശാസ്ത്രത്തിന്റെ ഒരു വഴിപിഴച്ച പൂർവ്വരൂപമായി പരിഗണിക്കുവാൻ നിവൃത്തിയില്ല. ആദിമനിവാസികളുടെ ആചാരവിശേഷങ്ങൾ ശരിക്കു പഠിച്ചറിഞ്ഞിട്ടുള്ള മുൻപറഞ്ഞ പണ്ഡിതന്മാർ സമർത്ഥിക്കുന്നത്, ആദിമമനുഷ്യരുടെ ഇടയിൽ ശാസ്ത്രബോധവും മന്ത്രവാദവും രണ്ടു വിഭിന്നമാർഗ്ഗങ്ങളെ അവലംബിച്ചു നിലവിലിരുന്നിട്ടുണ്ടെന്നാണ്. എന്നാൽ, ഫ്രേസരിൽ "മാനസികമായ അടിമത്തം" അർപ്പിച്ചിരിക്കുന്ന മി. കൃഷ്ണപിള്ളയ്ക്കു സ്വതന്ത്രമായി ചിന്തിക്കുന്നതിനോ വിജ്ഞന്മാരുടെ വിലയേറിയ അഭിപ്രായങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതിനോ സാധിക്കുകയില്ലല്ലോ.

"മതത്തിലെ ഈശ്വരൻ പ്രകൃതിനിയമങ്ങൾക്കു അതീതനാണ്. യുക്തിവിരുദ്ധമായ എന്തത്ഭുതവിദ്യയും (Miracle) അദ്ദേഹത്തിനു പ്രകടിപ്പിക്കാം." ഇതാണു മി. കൃഷ്ണപിള്ളയുടെ ഒരാക്ഷേപം.

ഈശ്വരൻ പ്രകൃതിനിയമത്തിനതീതനാണെങ്കിൽ അത്ഭുതം (Miracle) എങ്ങനെ യുക്തിവിരുദ്ധമാകും? പ്രകൃതിനിയമങ്ങളുടെ കർത്താവാണു് ഈശ്വരൻ. ആവശ്യമെന്നു തോന്നുന്ന സാഹചര്യങ്ങളിലും സന്ദർഭങ്ങളിലും നിയമത്തിനു ഭേദഗതി ചെയ്യുന്നതിനോ നിയമത്തിന്റെ പ്രവർത്തനത്തെ നിർത്തിവയ്ക്കുന്നതിനോ നിയമകർത്താവിന് അധികാരമില്ലെന്നു പറയുന്നതുപോലെയാണു് അത്ഭുതങ്ങൾ യുക്തിവിരുദ്ധമെന്നു ശഠിക്കുന്നതു്. അവിശ്വാസിയായ റൂസ്സോതന്നെ പറഞ്ഞിട്ടുള്ളതു് ഈ അവസരത്തിൽ ശ്രദ്ധാർഹമാണു്: "ദൈവത്തിന് അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയുമോ? അതായതു്, താൻ ഏർപ്പെടുത്തിയിട്ടുള്ള നിയമങ്ങൾക്കു് അപവാദം പ്രയോഗിക്കുവാൻ ദൈവത്തിനു സാധിക്കുമോ? ഈ പ്രശ്നത്തെ ഗൗരവാവഹമായി പരിചിന്തനം ചെയ്യുന്നതിനു തുടങ്ങുന്നതു് അബദ്ധമല്ലെങ്കിൽ അനാദരമാണു്. അത്ഭുതങ്ങൾ ചെയ്വാൻ ദൈവത്തിനു സാധിക്കുകയില്ല എന്നു നിഷേധസ്വരത്തിൽ മറുപടി പറയുന്ന ഒരാളെ ശിക്ഷിക്കുന്നതു് അയാൾക്കു ബഹുമതി നല്കുകയാണു്. അയാളെ ഭ്രാന്താലയത്തിൽ അയയ്ക്കേണ്ടതാണു്."(1) അത്ഭുതങ്ങളിൽ യാതൊരു യുക്തിവിരുദ്ധതയുമില്ലെന്നും അവ സംഭവ്യങ്ങളാണെന്നും, ഇന്നും ലൂർദ്ദ് മുതലായ സ്ഥലങ്ങളിൽ അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നും സമ്മതിക്കുവാൻ സത്യസന്ധതയും സുബുദ്ധിയുമുള്ള ഏവനും നിർബന്ധിതനാകത്തക്കവണ്ണം അത്രയ്ക്കും സ്പഷ്ടമാ

(1) Christianity Vindicated. footnote, (p. 13)

യ തെളിവുകൾ ഉണ്ട്. എന്നാൽ, ശ്രീ കററിപ്പുഴയെ പ്പോലുള്ള "യുക്തിവാദി"കൾ വസ്തുസ്ഥിതികൾക്കു കണ്ണട യ്ക്കുകയാണല്ലോ പതിവ്. അതുകൊണ്ട് അത്തരക്കാരാ യ യുക്തിവാദികളിൽനിന്ന് ഏതുതരം യുക്തിവിരുദ്ധത യും അപ്രതീക്ഷിതമല്ല.

മി. കൃഷ്ണപിള്ള തുടരുന്നു:

**"മതം ശാസ്ത്രത്തിനു വിരുദ്ധമല്ല എന്നൊരു വാദം ചില പണ്ഡിതന്മാർ പുറപ്പെടുവിച്ചുകാണുന്നുണ്ട്. ഇവർ മതം എ ന്ന വാക്കിനു നാട്ടിൽ നടപ്പില്ലാത്തതും സാമാന്യജനങ്ങൾക്കു മനസ്സിലാകാത്തതും ആയ ഒരു പുതിയ അർത്ഥം കല്പിക്കുന്നു എന്നുമാത്രമേ ഉള്ളൂ."**

തൻെറ പ്രസ്താവത്തെ മി. കൃഷ്ണപിള്ള തെളി യിക്കുന്നില്ല. "നാട്ടിൽ നടപ്പില്ലാത്തതും സാമാന്യജന ങ്ങൾക്കു മനസ്സിലാകാത്തതുമായ" ഏതു പുതിയ അർത്ഥ മാണു കല്പിക്കപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം പറയുന്നി ല്ല. മി. കൃഷ്ണപിള്ള വിചാരിക്കുന്നതുപോലെയുള്ള നി ഗൂഢാർത്ഥങ്ങളിലൊന്നുമല്ല; മതത്തിൻെറ യഥാർത്ഥനിർവ്വ ചനമനുസരിച്ചാണ്, മതം ശാസ്ത്രത്തിനു വിരുദ്ധമല്ല എ ന്നു പല പണ്ഡിതന്മാരും സമർത്ഥിക്കുന്നത്. (പ്രപഞ്ച ത്തെ മുഴുവൻ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഒരീശ്വരനിൽ വിശ്വസിക്കുകയും ആരാധനകൊണ്ട് അദ്ദേഹത്തെ പ്രീ തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് എല്ലാ മതങ്ങ ളുടേയും മർമ്മം" എന്നു മി. കൃഷ്ണപിള്ളതന്നെ സമ്മതി ക്കുന്നുണ്ടല്ലോ.) ഒന്നു രണ്ടു ശാസ്ത്രജ്ഞന്മാരുടെ വാക്കു കൾ ഇവിടെ ഉദ്ധരിക്കാം. അണുകശാസ്ത്രത്തിൽ (Bacteriology) അതിമാത്രം വിഖ്യാതി നേടിയിട്ടുള്ള പാസ്റ്റർ പറയുന്നു: "ഞാൻ ഇത്രമാത്രം ചിന്തിക്കുകയും പഠിക്കുക

യും ചെയ്തുകൊണ്ടാണ ബ്രിട്ടനിലെ ഒരു സാധാരണ കൃഷകൻെറ വിശ്വാസം എനിക്കുള്ളതു്. ഞാൻ കുറെക്കൂടെ ചിന്തിക്കുകയും പഠിക്കുകയും ചെയ്തിരുന്നെങ്കിൽ ബ്രിട്ടനിലെ ഒരു സ്ത്രീയുടെ വിശ്വാസം എനിക്കുണ്ടാകുമായിരുന്നു."(1) വിദ്യുച്ഛക്തി സംബന്ധിച്ച പല കണ്ടുപിടിത്തങ്ങളും നടത്തി പ്രസിദ്ധി നേടിയിട്ടുള്ള വോൾട്ടാ(Volta)യുടെ വാക്കുകൾകൂടെ ശ്രദ്ധേയമാണ്: "വിവാദഗ്രന്ഥങ്ങൾ അവധാനപൂർവ്വം പാരായണം ചെയ്തും സാധകബാധകയുക്തികൾകൊണ്ടു തൂക്കിനോക്കിയും, മതവിശ്വാസത്തെ അതിൻെറ മൂലസ്ഥാനങ്ങളോളംതന്നെ ചുഴിഞ്ഞിറങ്ങി ഞാൻ പഠിച്ചിട്ടുണ്ടു്. തന്മൂലം, പാപത്താലും വികാരാവേശങ്ങളാലും വഴിപിഴപ്പിക്കപ്പെട്ടിട്ടില്ലാത്ത ഒരു ഉൽകൃഷ്ടമനസ്സിനു മതവിശ്വാസത്തെ ആശ്ലേഷിക്കാതിരിക്കുവാൻ നിവൃത്തിയില്ലെന്ന് എനിക്കു ദൃഢമായി ബോധപ്പെട്ടിരിക്കുന്നു." (2) ഏതായാലും മി. കൃഷ്ണപിള്ള, "മന്ത്രവാദവും സയൻസും ഒരു വശത്തും മതം മറുവശത്തും" ആയിട്ടാണു നിലകൊള്ളുന്നതു് എന്നു വിചാരിച്ചു സംതൃപ്തനായിക്കൊള്ളട്ടെ. പക്ഷെ, അദ്ദേഹത്തിൻെറ കൂട്ടത്തിൽ കൂടുവാൻ എത്രപേർ കാണുമെന്നു കണ്ടുതന്നെ അറിയണം.

ഫ്റേസരുടെ മറെറാരു വാദത്തെ (3) മി. കൃഷ്ണപിള്ള പരിഭാഷപ്പെടുത്തിച്ചേർക്കുന്നുണ്ടു്:

---

(1) Is there a God? (p. 213)
(2) Is there a God? (p. 210)
(3) See "Golden Bough" Vol. iii (pp. 458-461)

"മന്ത്രവാദം ഫലിക്കുന്നില്ലെന്ന് അനുഭവപ്പെട്ടപ്പോളാണു മനുഷ്യൻ അടുത്തപടിയായി മതത്തിലേയ്ക്കു കടന്നത്." (പുറം 128)

ഇതു ഫ്റേസരുടെ ഒരു ഊഹം മാത്രമാണ്; മി. കൃഷ്ണപിള്ളയുടെ അന്ധമായ അനുകരണവും. എന്നാൽ, ഫ്റേസരുടെ വാദത്തിന് എ. ബി. കുക്ക് (A. B. Cook) നല്കുന്ന മറുപടി മി. കൃഷ്ണപിള്ള ഒന്നു ശ്രദ്ധിക്കേണ്ടതാണ്: "പരാഭൂതനായ മന്ത്രവാദി, തന്റെ തോൽവിക്കു കാരണം ഭൂമുഖത്തുള്ള മറേറതെങ്കിലും എതിരാളിയായ മന്ത്രവാദിയുടെ എതിർമന്ത്രങ്ങളിൽ ആരോപിക്കുമെന്നതാണു സംഭവ്യമായിത്തോന്നുന്നതു്. അവൻ എന്തിനാണ്— അഥവാ എങ്ങനെയാണ്— ഒരു ആകാശദേവനെ സങ്കല്പിക്കുന്നതു്? അങ്ങനെ സങ്കല്പിക്കണമെങ്കിൽ, ആകാശത്തെ ഒരു ദിവ്യശക്തിയായി നേരത്തേതന്നെ സങ്കല്പിച്ചിരിക്കണം. ഇങ്ങനെയെങ്കിൽ മതം, മന്ത്രവാദത്തിനു പിൻപുള്ളതല്ല, മുൻപോ സമകാലത്തിലോ ആവിർഭവിച്ചതായിരിക്കണം.(1) ഇനിയും, "ചുരുക്കത്തിൽ മന്ത്രവാദിയുടെ ചിന്തയും അന്വേഷണശീലവുമാണു ശാസ്ത്രത്തിലേക്കു വഴി കാണിക്കുന്നതു്" (പുറം 125) എന്നു മി. പിള്ള പറയുന്നതു ശരിയാണെങ്കിൽ "മന്ത്രവാദം ഫലിക്കുന്നില്ലെന്ന് അനുഭവപ്പെട്ടപ്പോളാണ്" അടുത്തപടിയായി മതത്തിലേക്കു കടന്നതു്" (പുറം 126) എന്ന പ്രസ്താവം എങ്ങനെ ശരിയാവും? അദ്ദേഹത്തിന്റെ ആദ്യത്തേ വാദഗതിയെ അനുഗമിക്കുകയാണെങ്കിൽ മന്ത്രവാദത്തിൽനിന്ന് അടുത്തപടി

(1) Zeus, Vol i, (p. 13, note)

യായി ശാസ്ത്രത്തിലേയ്ക്കാണ കടക്കേണ്ടിയിരുന്നത്. എന്നാൽ, അങ്ങനെയല്ലെന്നല്ലേ രണ്ടാമത്തു് ഉദ്ധരിച്ച വാചകംകൊണ്ടു കാണുന്നതു്. മാത്രവുമല്ല, "മനുഷ്യൻ ആദ്യം ഒരു മന്ത്രവാദിയായിരുന്നു, പിന്നീടു മതവിശ്വാസിയായി; ഇപ്പോൾ അവൻ ശാസ്ത്രജ്ഞനായിത്തീർന്നിരിക്കുകയാണ്. വിജ്ഞാനനിഃശ്രേണിയിലൂടെ മനുഷ്യൻ പടിപടിയായി ഉയർന്നിട്ടുള്ളതു് ഏതാണ്ടിപ്രകാരമാണെന്നു സാമൂഹ്യശാസ്ത്രകാരന്മാർ സമർത്ഥിക്കുന്നു" (പുറം 121) എന്നു് അദ്ദേഹം ആദ്യംതന്നെ പറഞ്ഞിട്ടുമുണ്ടു്. പക്ഷേ, ആ "സാമൂഹ്യശാസ്ത്രകാരന്മാരെ" അന്ധമായി അനുകരിച്ചിട്ടുള്ളതല്ലാതെ യുക്തിയുക്തമായ ഒരു പ്രതിപാദനത്തിനു മി. കൃഷ്ണപിള്ള ഉദ്യമിച്ചിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

"മതത്തെസ്സംബന്ധിച്ചു് അദ്ദേഹം ചെയ്തിട്ടുള്ള പ്രസ്താവങ്ങളിൽ പലതും മതാഭാസങ്ങളെസ്സംബന്ധിച്ചു് അന്വത്ഥമാണ്. എന്നാൽ, മതമഹാസമുദ്രത്തിൽപററിപ്പിടിച്ചു നില്ക്കുന്ന ചില ക്ഷുദ്രമതങ്ങളിൽ അന്വർത്ഥമായിക്കണ്ട ചില വിശേഷധർമ്മങ്ങൾ സർവ്വമതങ്ങളുടേയും സാമാന്യധർമ്മങ്ങളാണെന്നോ പ്രസ്തുത വിശേഷധർമ്മങ്ങൾമാത്രമേ എല്ലാമതങ്ങളുടേയും ധർമ്മസർവ്വസ്വമായുള്ളുവെന്നോ അദ്ദേഹം ഭാവിക്കുന്നതിലാണ പലർക്കും ആക്ഷേപമുള്ളതു്. അദ്ദേഹത്തിൻെറ ലേഖനത്തിനു് ആധാരഭൂതന്മാരായ പാശ്ചാത്യ ചിന്തകന്മാർ അഥവാ, സാമൂഹ്യശാസ്ത്രകാരന്മാർ മതങ്ങളിൽ പ്രാകൃതികങ്ങൾ, ദിവ്യങ്ങൾ (Natural and Supernatural) എന്നു രണ്ടിനം ഉള്ളതായി പ്രസ്താവിച്ചിട്ടില്ലായിരിക്കാം.

തന്നിമിത്തം, അങ്ങനെ യാതൊരു ഇനംതിരിവും അദ്ദേഹത്തിന്റെ ശ്രദ്ധയിലുംപെട്ടിട്ടില്ല. എന്നാൽ, മതത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ വിസ്മരിക്കുവാൻ പാടില്ലാത്ത ഒരു വസ്തുതയാണത്."(1)

മതത്തോടുള്ള വിദ്വേഷവികാരത്തിന്റെ തീവ്രതയിൽ മി. കൃഷ്ണപിള്ളയുടെ വിചാരശക്തി മങ്ങിപ്പോയതായി കാണപ്പെടുന്നു. അദ്ദേഹം എഴുതുന്നു:

**"മതസ്ഥാപനങ്ങൾ ലോകമെങ്ങും നിറഞ്ഞു. ഇനി അറിയാനും അന്വേഷിക്കാനും ഒന്നുമില്ലെന്ന മട്ടിൽ മതാധികാരികൾ ഭരണം തുടങ്ങി. അവരുടെ മതാന്ധ്യവിജൃംഭണത്തിന്റെ ഫലമായ യുദ്ധങ്ങളും കലഹങ്ങളും വളർച്ച" എന്ന്.**

യഥാർത്ഥമതം സമാധാനവും രഞ്ജനയുമാണു ജനതാമദ്ധ്യത്തിൽ വ്യാപരിപ്പിക്കുന്നത്. ലൗകികഭരണാധികാരികളുടെ അധികാരപ്രമത്തതയോ ദുർമ്മോഹമോ മൂലം യുദ്ധങ്ങളും കലഹങ്ങളും ആവിർഭവിക്കുന്നെങ്കിൽ അതിനുവേണ്ടി മതത്തെ എന്തിനു പഴിക്കുന്നു? മതത്തിന്റെ അനുശാസനങ്ങളെ അനുസരിക്കാത്ത സ്വേച്ഛാധികാരികളിൽനിന്നാണു സാധാരണമായി സമരാസക്തി അങ്കുരിക്കുക. മി. കററിപ്പുഴ പ്രസ്താവിക്കുന്നുണ്ടല്ലോ, "മന്ത്രവാദയുഗം, മതയുഗം എന്ന രണ്ടു കാലഘട്ടങ്ങളെ നാം തരണം ചെയ്തുകഴിഞ്ഞു. ഇപ്പോഴത്തേതു ശാസ്ത്രയുഗമാണ്" (പുറം 121) എന്ന്. ഈ ശാസ്ത്രയുഗത്തിൽ രണ്ടു ലോകമഹായുദ്ധങ്ങൾ ഉണ്ടായില്ലേ? ഇവ മതാന്ധ്യവിജൃംഭണത്തിന്റെ ഫലമെന്നു മി. കൃഷ്ണപിള്ള വ്യാഖ്യാനിക്കുമോ ആവോ? അഥവാ, അതിനുത്തരവാ

---

(1) മംഗളോദയം, പുറം 26, (1120 മേടം—ഇടവം)

ദിയായി സയൻസിനെ സങ്കല്പിക്കുമോ? "ഇപ്പോഴത്തെ യുദ്ധസമ്പ്രദായം അതിക്രൂരമായിപ്പോയതുകൊണ്ടു സയൻസിനെ പഴിക്കുന്നവർ മനുഷ്യർ തീ കണ്ടുപിടിച്ചതും അബദ്ധമായി എന്നു വാദിച്ചേയ്ക്കാം" (പുറം 139) എന്നു പറഞ്ഞു സയൻസിൻെറ പക്ഷം പിടിച്ചു വാദിക്കുന്ന മി. കൃഷ്ണപിള്ളയുടെ വിശാലമനഃസ്ഥിതി മതത്തിൻെറ കാര്യത്തിൽമാത്രം സങ്കുചിതവും രൂക്ഷവുമായിപ്പോയതിനുള്ള കാരണമാണു കണ്ടുപിടിക്കുവാൻ വിഷമമായിരിക്കുന്നതു്.

സയൻസിൻെറ മാഹാത്മ്യത്തെ പ്രകീർത്തിച്ചുകൊണ്ടാണു മി. പിള്ള തൻെറ ഉപന്യാസം ഉപസംഹരിക്കുന്നതു്. അതു നല്ലതുതന്നെ. പക്ഷേ, മതത്തെ അകററിനിർത്തി, സയൻസുകൊണ്ടു സർവ്വവും സാധിച്ചുകളയാമെന്നു് അദ്ദേഹം ധരിച്ചുവശായിട്ടുണ്ടെങ്കിൽ അതു കേവലം മിഥ്യാഭ്രമമെന്നല്ലാതെ എന്തു പറയട്ടെ! ജനസമുദായമദ്ധ്യത്തിൽനിന്നു ഛിദ്രങ്ങളേയും കലഹങ്ങളേയും ദൂരീകരിച്ചു സമാധാനവും ഐക്യവും നിയന്ത്രണവും നല്കുന്ന ഒരു ധാർമ്മികശക്തിയെ സയൻസിനു പ്രദാനം ചെയ്യുവാൻ സാധിക്കുകയില്ല. സയൻസിൽ ഒരു ധാർമ്മികശക്തിയെയല്ല ധിഷണാത്മകമായ ഒരു സങ്കേതത്തെയാണു നാം കണ്ടെത്തുന്നതു്. ബുദ്ധിശക്തിയും സന്മാർഗ്ഗശക്തിയും ഒരുമിച്ചുപോയെങ്കിൽ മാത്രമേ ലോകശ്രേയസ്സു കൈവരുകയുള്ളു. സാന്മാർഗ്ഗികകാര്യങ്ങളിൽ അഥവാ ധാർമ്മിക വിചിന്തനങ്ങളിൽ സയൻസ് ഉദാസീനമായിമാത്രമേ വർത്തിക്കുന്നുള്ളു. ശാസ്ത്രശക്തി അതിൻെറ ഉപകരണങ്ങളെ ഉപയോഗിക്കുന്നതിനു കരുത്തുള്ള വ

ശത്തേക്ക വഴങ്ങിക്കൊടുക്കുകമാത്രമാണ ചെയ്യുന്നതു്. അറബിക്കഥകളിൽ വിവരിക്കപ്പെടുന്ന അംഗുലീയത്തിന്റെ അടിമയായ ഭൃതത്താനെപ്പോലെ അതു് "ഒരു പട്ടണം പണിയുന്നതിനോ ഒരു നഗരത്തെ നിലംപരിചാക്കുന്നതിനോ ഒരു നരാധിപനെ വധിക്കുന്നതിനോ ഒരു നദികുഴിച്ചുണ്ടാക്കുന്നതിനോ ഇതുപോലെ മറെറന്തെങ്കിലുമോ" ചെയ്യുന്നതിനു് ഒന്നുപോലെ സന്നദ്ധമാണു്.(1)

ജീവകാരുണ്യപരമായ അനേകം പ്രവൎത്തനങ്ങളിൽ സയൻസ് സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ആ പരോപകാരചൈതന്യം സയൻസിന്റെ സന്താനമല്ല, സ്പഷ്ടമായ മതപാരമ്പര്യത്തിന്റെ അവശ്യഫലംമാത്രമാണു്. മതബോധവും സന്മാൎഗ്ഗനിഷ്ഠയുമില്ലാത്ത മനുഷ്യന്റെ കൈയിൽ സയൻസ്, കുരങ്ങന്റെ കൈയിൽ കിട്ടിയ വാളുപോലെ നാശോപകരണമായിരിക്കുവാനേ മാൎഗ്ഗമുള്ളുവെന്നു് അനുഭവം പഠിപ്പിക്കുന്നു.

സമാപ്തം

(1) Progress and Religion (p. 227).

Permissu Superiorum

# വിചാരമോ

# വികാരമോ

T 55 / 1152

Indic Digital Archive Foundation
gpura.org